


ആശാന്റെ പദ്യകൃതികൾ

സ്തോത്രകൃതികൾ

1901

അവതാരിക

കെ. അയ്യപ്പൻ ബി.എ.

ഈ പുസ്തകത്തിൽ ശേഖരിച്ചിട്ടുള്ള സ്തോത്രങ്ങൾ ആശാൻെറയും ആശാൻെറ കവിതയുടെയും വളർച്ച പഠിക്കുന്നവർക്കു വളരെ പ്രയോജനപ്പെടുന്നതാണ്. ആശാൻ ആദ്ധ്യാത്മികബുദ്ധിയും അതോടൊപ്പം കവിതാകലയും സാധകം ചെയ്തുറപ്പിച്ചകാലത്തെ കൃതികളാണ് ഈ സ്തോത്രങ്ങൾ. പിൻകാലങ്ങളിലെ ആശാൻെറ പരിണതകാവ്യങ്ങളിലെല്ലാം സ്ഥായിയായിക്കാണുന്ന ആദ്ധ്യാത്മിക രസത്തിൻെറ ആഗമം ഈ സ്തോത്രങ്ങളിൽ കണ്ടെത്തുവാൻ പ്രയാസമില്ല.

മോക്ഷം അല്ലെങ്കിൽ ആത്മസാക്ഷാത്കാരമാണ് ഹിന്ദുക്കൾക്കു പരമ പുരുഷാർത്ഥം. അതു സാധിക്കാൻ ഭക്തി, കർമ്മം, യോഗം, ജ്ഞാനം ഇങ്ങനെ നാലു മാർഗ്ഗങ്ങൾ ഉണ്ട്. ഭക്തിയാണതിൽ ഏറ്റവും എളുപ്പമാർഗ്ഗം. പ്രായേണ എല്ലാവരും ഭക്തിയിൽക്കൂടി ആത്മസാക്ഷാത്കാരശ്രമം തുടങ്ങുന്നു. ആശാനും ഒരു ഭക്തനായിട്ടു ജീവിതയാത്ര തുടങ്ങി. അന്ന് ഈഴവരുടെ ഇടയിൽ ഒരു വലിയ മതഉണർവ്വിൻെറ കാലമായിരുന്നു. അത് ശ്രീനാരായണഗുരുസ്വാമിയുടെ ഉൽകൃഷ്ടവും നിർമ്മല വുമായ സന്യാസത്തിൻെറ ദൃഷ്ടാന്തം ജനങ്ങളെ ശക്തിയായി ആകർഷിച്ചുതുടങ്ങിയ കാലവുമായിരുന്നു. ആശാൻ ബാല്യത്തിലേതന്നെ സ്വാമിയുടെ ശിഷ്യനായി. സ്വാമിയുമായുള്ള ബന്ധം ആശാൻെറ ജീവിതത്തെ ആകെ സ്പർശിച്ച് അതിനു ഗതിമാറ്റംതന്നെ ഉണ്ടാക്കിയിരിക്കണമെന്നാണ് ഊഹിക്കേണ്ടത്. ഗുരുദൃഷ്ടാന്തപ്രേര ണയാലോ സ്വന്തം വാസനാബലത്താലോ വൈരാഗ്യവും സന്യാസവും ആശാന് പ്രിയമുള്ള ആദർശങ്ങളായി. ഭക്തിമാർഗ്ഗത്തിൽക്കൂടി ആരംഭിച്ച ആശാൻെറ ജീവിതം ക്രമേണ യോഗം, ജ്ഞാനം, കർമ്മം ഈ മാർഗ്ഗങ്ങളിൽക്കൂടിയും ചരിച്ചു. ഭക്തനും യോഗിയും ജ്ഞാനിയുമായി വൈരാഗ്യസമ്പന്നനായ ഒരു ആശാനെയാണ് ഈ സ്തോത്രങ്ങളിൽ കാണുന്നത്.

ആത്മസാക്ഷാത്കാരമാണ് ഹിന്ദുവിൻെറ ഭക്തിയുടെ ലക്ഷ്യമെന്നു പറഞ്ഞുവല്ലൊ. അതു പുറമേനിന്നു വരേണ്ടതല്ല. അവനവനിൽത്തന്നെയുള്ള ശക്തികൾ ആവിഷ്കരിച്ചുണ്ടാക്കേണ്ടതാണ്. അതിനു ധ്യാനം നല്ലതാണ്. മനസ്സിനെ 'ധ്യാനധാര'യിൽ നിറുത്തുവാൻ അദ്ധ്യാത്മതത്ത്വങ്ങളും ഈശ്വരമാഹാത്മ്യങ്ങളും പാഠംചെയ്യുന്നത് സഹായമായിരിക്കും. ഈ ഉദ്ദേശ്യം സാധിക്കുന്നതരത്തിലാണ് ഹിന്ദുക്കളുടെ സ്തോത്രങ്ങൾ. ഹിന്ദുക്കൾക്കു പ്രാർത്ഥനകളല്ല, ധ്യാനസഹായകങ്ങ ളായ സ്തോത്രങ്ങളാണു പ്രധാനം. അവർ പ്രാർത്ഥിക്കയല്ല, സ്തുതിപ്പു ചൊല്ലുകയും നാമം കഴിക്കയുമാണല്ലോ സാധാരണ ചെയ്യുന്നത്. ആശാൻെറ സ്തോത്രങ്ങളും ഈ ഉദ്ദേശ്യം മുൻനിറുത്തി രചിച്ചിട്ടുള്ളവയാണ്. 'ശിവസ്തോത്രമാല'യുടെ മുഖവുരയിൽ അദ്ദേഹം ഇങ്ങനെ പറയുന്നു: "ഈശ്വരൻെറ അമേയങ്ങളായ മാഹാത്മ്യങ്ങളെ ലളിതമായി ഹൃദയത്തിൽ പ്രകാശിപ്പിച്ച് നിഷ്കല്മഷമായ ഒരാന്തരാശ്വാസവും ആനന്ദവും അനുഭവിക്കുന്നതിനു മധുരങ്ങളായ സ്തോത്രങ്ങൾപോലെ വിഗ്രഹങ്ങളോ

ദേവാലയങ്ങളോ പ്രകൃതിയിൽ കാണപ്പെടുന്ന അസംഖ്യേയങ്ങളായ അത്ഭുതങ്ങൾതന്നെയുമോ അത്ര സുകരങ്ങളായ സഹായങ്ങൾ അല്ല. പാരായണത്താൽ ആന്തരാശ്വാസവും ആനന്ദവും അനുഭവിക്കുവാൻ പ്രയോജനപ്പെടണമെന്നുദ്ദേശിച്ചാണ് ഈ സ്തോത്രങ്ങൾ രചിച്ചിട്ടുള്ളത്." ദേവതാവിശ്വാസികളായ ഹിന്ദുക്കളെ സംബന്ധിച്ചിടത്തോളം ആ ഉദ്ദേശ്യം ഈ സ്തോത്രങ്ങൾ നല്ലപോലെ നിർവ്വഹിക്കുന്നുണ്ട്.

ഈ സ്തോത്രങ്ങൾ വായിക്കുന്നവർക്കു കവി ബഹുദേവാരാധകനായിരുന്നോ എന്ന സംശയം സ്വാഭാവികമായി തോന്നാവുന്നതാണ്. ഈശ്വരന്റെ അമേയങ്ങളായ മാഹാത്മ്യങ്ങളെ സ്തുതിക്കുന്നതായി കരുതിയാണ് കവി ഓരോ ദേവതകളെ സ്തോത്രംചെയ്യുന്നത്. ഹിന്ദുക്കൾ ഒരേസമയംതന്നെ ഏകദൈവവിശ്വാസികളും ബഹുദേവാരാധകന്മാരുമാണ്. അത് ഒരുതരം മാനസികച്ചെപ്പടിയായി മറ്റുള്ളവർക്കു തോന്നാം. എങ്കിലും സൂക്ഷ്മമായി നോക്കുമ്പോൾ അതിൽ ഒരു അസ്വാഭാവികതയുമില്ല. ഹിന്ദുക്കളുടെ ദേവതകൾ മറ്റു രാജ്യക്കാരുടേയും വർഗ്ഗക്കാരുടേയും ദേവതകളെപ്പോലെതന്നെ ദേശവ്യത്യാസം, വർഗ്ഗവ്യത്യാസം, തത്ത്വവ്യത്യാസം മുതലായവ അനുസരിച്ചു വെവ്വേറെ ഉണ്ടായി വളർന്നിട്ടുള്ള സങ്കല്പങ്ങളാണ്. ആ ദേവതകളെ വിവിധങ്ങളായി കരുതിത്തന്നെയാണ് ആദ്യമേ ആരാധിച്ചുപോന്നിട്ടുള്ളതും. എന്നാൽ സമുദായത്തിന്റെ പരിണാമഗതിയിൽ ഈ സങ്കല്പങ്ങൾക്കു വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. എല്ലാ ദേവതകളും ഒരേ ഈശ്വരന്റെ വിവിധഭാവങ്ങളാണെന്നും അതുകൊണ്ട് അതുകളെല്ലാം ഒന്നാണെന്നും ഒരു വിശ്വാസം ഹിന്ദുക്കളുടെ ബഹുദേവാരാധനയുടെ അടിയിൽക്കൂടിപ്പോകുന്നുണ്ട്. തത്ത്വപരമായി ആ വിശ്വാസം എല്ലാ ഹിന്ദുക്കൾക്കും ഉണ്ടെങ്കിലും ദേവതാവിശ്വാസികളായ ഹിന്ദുക്കൾക്കു പ്രായോഗികമായി ദേവതകളെപ്പറ്റിയുള്ള വിവിധത്വബോധം അനിവാര്യമാണ്. ഓരോ ദേവതയ്ക്കും പ്രത്യേകം പ്രത്യേകം രൂപങ്ങളും ഗുണങ്ങളും ഉദ്ഭവങ്ങളും അപദാനകഥകളുമാണുള്ളത്. അതുകൊണ്ടു ദേവതകളുടെ വിവിധത്വബോധം പാമരന്മാർക്കു മാത്രമല്ല പണ്ഡിതന്മാർക്കും എളുപ്പം ഒഴിക്കാൻ പാടില്ലാത്തതായിത്തീരുന്നു. ഭർത്തൃഹരിയുടെ വൈരാഗ്യശതകം അവസാനിപ്പിക്കുന്നത് 'ലീയേ പരബ്രഹ്മണി' എന്ന അനുഭൂതിപ്രഖ്യാപനത്തോടുകൂടിയാണ്. ഭർത്തൃഹരിയും വൈരാഗ്യശതകത്തിൽ ഒരിടത്ത് ഇങ്ങനെ പറയുന്നു:

"മഹേശ്വരേ വാ മഹതാമധീശ്വരേ
ജനാർദ്ദനേ വാ ജഗദന്തരാത്മനി
ന വസ്തുഭേദപ്രതിപത്തിരസ്തി മേ
തഥാപി ഭാവഃ തരുണേന്ദുശേഖരേ."

പരബ്രഹ്മസാക്ഷാത്കാരംചെയ്ത ഭർത്തൃഹരിക്കുപോലും ഈ വിഷമം നേരിടുമ്പോൾ സാധാരണക്കാരുടെ കാര്യം പറയാനില്ലല്ലോ. ഈ വിഷമത്തിനു സമാധാനമായി ഏകദൈവവിശ്വാസത്തിനു സഹായമായ ഒരു വാദം ചിലർ പറയുന്നുണ്ട്; ദേവതകൾ സാക്ഷാൽ ഈശ്വരന്റെ താഴെയുള്ള വ്യക്തികളാണെന്നും അവരെ ആരാധിക്കുന്നതു മഹത്തുകളെ ആരാധിക്കുന്നതുപോലെയാണെന്നുമാണ് ആ വാദം.

കേരളത്തിൽ ഇൻഡ്യയിലെ മറ്റു ഭാഗങ്ങളിലുള്ളമാതിരി ശൈവ-വൈഷ്ണവ വഴക്കുകൾ ഇല്ല. എങ്കിലും കവി ജനിച്ചു വളർന്ന ഈഴവസമുദായത്തിനു ശൈവവിശ്വാസമായിരുന്നു പ്രധാനം. ശ്രീനാരായണഗുരു സ്വാമികളുടെ പ്രതിഷ്ഠകളെല്ലാം ശൈവങ്ങളാണ്. സ്വാമി രചിച്ചിട്ടുള്ള സ്തോത്രങ്ങളും ശൈവങ്ങളാണ്. ഈ പുസ്തകത്തിലെ സ്തോത്രങ്ങളെല്ലാം ശൈവങ്ങളാണല്ലോ. ശിവൻ ഒരു ഈഴവ പുരാതനനായിരുന്നിരിക്കണമെന്നു സ്വാമി ചിലപ്പോൾ തമാശയായിട്ടായിരിക്കാം

പറയാറുണ്ടായിരുന്നു. ഏതായാലും ശിവൻ ഒരു ദ്രാവിഡദേവനാണ്. വേദങ്ങളിലെ രുദ്രനും പുരാണങ്ങളിലെ ശിവനും ഒന്നായതു പിന്നീടുമാത്രമാണ്. തീയ്യരുടെ പരമ്പരാഗതമായ ശൈവവിശ്വാസമാണ് ആശാന്റെ സ്തോത്രങ്ങളിൽ പ്രതിഫലിച്ചിരിക്കുന്നത് എന്നു വേണം വിചാരിക്കാൻ. പൗരാണികമതപ്രകാരം ഉള്ള ദേവതാസങ്കല്പങ്ങൾ പിൽക്കാലങ്ങളിൽ ആശാന്റെയും ശ്രീനാരായണഗുരുസ്വാമിയുടേയും സ്തോത്രങ്ങളിൽ കാണുന്നില്ല.

സകലാശ്രയമായി രാത്രിയും
പകലും നിന്നെരിയും പ്രദീപമേ!
ജഗദീശ! ജയിക്ക ശാശ്വതം
നിഗമം തേടിന നിൻപദാംബുജം

എന്നു തുടങ്ങുന്ന ആശാന്റെ പിൽകാലത്തെ സ്തോത്രവും,

ദൈവമേ! കാത്തുകൊൾകങ്ങു
കൈവിടാതിങ്ങു ഞങ്ങളെ
നാവികൻ നീ ഭവാബ്ധിക്കൊ-
രാവിവന്തോണി നിൻപദം

എന്നു തുടങ്ങുന്ന സ്വാമിയുടെ സ്തോത്രവും അതിനു ദൃഷ്ടാന്തമാണ്.

ഈ പുസ്തകത്തിലെ സ്തോത്രങ്ങളിൽ ദേവതകളുടെ ഹൃദയംഗമമായ കേശാദിപാദവർണ്ണനകളും അപദാനവിവരണങ്ങളും അടങ്ങിയിട്ടുണ്ടെങ്കിലും അതുകളല്ല പ്രധാനമായിട്ടുള്ളത്. ഭക്തനായ കവിക്ക് അദ്ധ്യാത്മചിന്തകൾ ഉരുക്കഴിച്ച് ഉറപ്പിക്കുവാനും അതുവഴി ആന്തരാശ്വാസവും ആനന്ദവും അനുഭവിക്കുവാനുമുള്ള ഒരു ആലംബമായി മാത്രമേ ദേവതാവർണ്ണനം നിൽക്കുന്നുള്ളു. ഓരോ ദേവതയേയും സർവ്വാധാരമായ സച്ചിദാനന്ദവസ്തുവായി കണ്ട് അതിന്റെ ധ്യാനത്തിലാണു ദേവതാസ്തോത്രംവഴി കവി ചെന്നുനിൽക്കുന്നത്. 'നിജാനന്ദവിലാസ'ത്തിലും 'നിജാനന്ദാനുഭൂതി'യിലും പരാവിദ്യയെത്തന്നെ പ്രതിപാദ്യദേവതയാക്കിയിരിക്കുന്നു. കവി സ്വഗുരുവിനെപ്പോലെതന്നെ തികഞ്ഞ അദ്വൈതവാദിയാണ്. അറിവ്, അറിയുന്ന വിഷയം, അറിയുന്നവൻ എന്നീ 'ത്രിപുടി' വാസ്തവത്തിൽ ഒന്നാണെന്നും അതു വെവ്വേറെ തോന്നുന്നതു മായകൊണ്ടാണെന്നും ഉള്ളതാണ് അദ്വൈത സിദ്ധാന്തം. ത്രിപുടിയുടെ നാശത്തിലുള്ള അഖണ്ഡാദ്വയജ്ഞാനത്തെത്തന്നെ അദ്വൈതി, ദൈവമായി കാണുന്നു. അതു താൻതന്നെയാണെന്നുമാണ് അദ്വൈതിയുടെ മതം. അതു കവി പ്രതിപാദിച്ചിരിക്കുന്നതു നോക്കുക:

തന്നത്താനാദരിക്കും ധരണിയിലരുമ-
ത്തമ്പുരാൻതന്റെ പാദം
തന്നിൽതാനുല്ലസിക്കും തരളതയവിടെ-
ത്തന്നെയും മുന്നിടുമ്പോൾ
തന്നിൽ തത്ത്വം പദം പോയഴിയുമസിയുമ-
റ്റപ്പുറത്താത്മബോധം
തന്നിൽ താങ്ങറ്റ തത്ത്വത്രിപുടിമുടിവിനെ-
ത്താണിതാ കൈതൊഴുന്നേൻ.

(നിജാനന്ദവിലാസം)

ഈ ഉയർന്ന അദ്വൈതനിലയിൽ കവി ബഹുദേവാരാധന മാത്രമല്ല, ഏകദൈവമായ 'ആൾദൈവ'ത്തിന്റെ ആരാധനയെക്കൂടി അതിക്രമിച്ചു പോകുന്നു.

കാണപ്പെട്ടില്ല കാണും തിറമൊടതിനു ക-
ണ്ണില്ല കയ്യില്ല, കാലി-
ല്ലാണല്ലല്ലാതെ മറ്റല്ലണുവുമളവുമി-
ല്ലാദിയില്ലന്തമില്ല

സ്ഥൂണപ്രായം ജഡത്വം ചെറുതു പറയുവാ-
നില്ല മറ്റൊന്നുമല്ലി-
ക്കാണും ബ്രഹ്മാണ്ഡകോടീകപടനടകലാ-
ശാലിയാണെൻെറ ദൈവം.

(നിജാനന്ദവിലാസം)

മണമാദിയായി വിലസുന്ന മണ്ണിലും
ഗുണചിന്തചെയ്തു ഗുണമായ് നിറഞ്ഞുടൻ
ഗുണിയറ്റുനിന്നു ഗുണവും നിരാശ്രയി-
ച്ചണയുന്നതായി വിലസുന്ന ദൈവമേ!

(ഭക്തവിലാപം)

ഈമാതിരി ശീലിച്ച ചിന്താഗതിതന്നെയാണ് പിൻകാലത്ത്,

ആകാശങ്ങളെയണ്ഡരാശികളൊടും
ഭക്ഷിക്കുമാകാശമായ്
ഈ കാണുന്ന സഹസ്രരശ്മിയെയിരു-
ട്ടാക്കും പ്രഭാസാരമായ്
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും
ദുഃഖീകരിക്കുന്നതാം
ഏകാന്താദ്വയശാന്തിഭൂവിനു നമ-
സ്കാരം നമസ്കാരമേ.

(പ്രരോദനം)

എന്നിങ്ങനെ പ്രവഹിച്ചത്.

ഈ സ്തോത്രങ്ങൾ രചിച്ച കാലത്തു കവിക്കു സന്യാസാദർശത്തിനു സഹജമായ വൈരാഗ്യം കലശലായിരുന്നു. 'കാമിനീഗർഹണ'വും മറ്റും അതിൻെറ ഫലമാണ്. ആ കാലത്തെ 'വിരാഗരൂക്ഷ'തയ്ക്കു പിൻകാലങ്ങളിൽ മാറ്റം വന്നിട്ടുണ്ട്.

ഏകാന്താച്ചം വിഷയമലമിങ്ങേതുമേ ചിത്തശുദ്ധി-
ക്കേകാ കണ്ണാടിയിലിനമയൂഖങ്ങൾ മങ്ങാ പതിഞ്ഞാൽ.

(നളിനി)

എന്നാണ് ഒടുവിൽ കവിക്കുണ്ടായിരുന്ന വിശ്വാസം.

അദ്വൈതവേദാന്തപ്രതിപാദകമാണ് ഈ പുസ്തകത്തിലെ സ്തോത്രങ്ങളെല്ലാം. സരസമായ കവിതയിൽക്കൂടി പ്രതിപാദിക്കപ്പെടുന്നതുകൊണ്ടു പ്രതിപാദ്യമായ ശാസ്ത്രത്തിൻെറ സഹജമായ ശുഷ്കത അറിയുന്നേയില്ല. ഇതിലെ കൃതികൾ ഒരേ സമയം സ്തോത്രങ്ങളും കാവ്യങ്ങളും തത്ത്വശാസ്ത്രഗ്രന്ഥങ്ങളുമാണ്. ആ മൂന്നു നിലയിലും ഈ കൃതികൾ വളരെ ഉയർന്നതരത്തിലുള്ളവയാണ്.

ശിവസ്തോത്രമാലയുടെ മുഖവുര

ഈശ്വരൻെറ അമേയങ്ങളായ മാഹാത്മ്യങ്ങളെ ലളിതമായി ഹൃദയത്തിൽ പ്രകാശിപ്പിച്ചു നിഷ്കമ്പമായ ഒരു അന്തരാശ്വാസത്തേയും ആനന്ദത്തേയും അനുഭവിക്കുന്നതിന് ആസ്തികന്മാർക്ക് മധുരങ്ങളായ സ്തോത്രങ്ങൾപോലെ വിഗ്രഹങ്ങളോ ദേവാലയങ്ങളോ പ്രകൃതിയിൽ കാണപ്പെടുന്ന അസംഖ്യേയ ങ്ങളായ അദ്ഭുതങ്ങൾതന്നെയുമോ അത്ര സുകരങ്ങളായ സഹായങ്ങൾ അല്ലെന്നു പലർക്കും അനുഭവമായിരിക്കാൻ ഇടയുണ്ട്. വിശിഷ്യ, ദേവാലയങ്ങൾ, തീർത്ഥങ്ങൾ മുതലായ ബാഹ്യാലംബനങ്ങൾക്കുപോലും ഈശ്വരവിഭൂതിക ളുടെ ഗാഢകളായ പരിചിന്തനകളാൽ വ്യാസാദികളായ ദിവ്യകവികളുടെ ഹൃദയത്തിൽനിന്നും സ്തോത്രരൂപമായി വെളിയിൽ പ്രവഹിച്ച ചൈതന്യലഹ രികളാകുന്ന സർവ്വാരാധനീയമായ ഒരു വിശേഷത്തെ ആധാനംചെയ്യുന്നു എന്നുള്ളതും വിവേകദൃഷ്ടിയിൽ പ്രത്യക്ഷമാണല്ലൊ.

നിത്യകൃത്യങ്ങളിൽ വ്യാപരിച്ചു ഖിന്നഹൃദയനായിരിക്കുന്ന ഒരുവന് ശാന്തങ്ങളായ പദ്യങ്ങളേയോ ഗാനങ്ങളേയോ കേൾക്കുമ്പോൾ ഉദ്യാനത്തിലെ മന്ദവായു ഏൽക്കുന്നതിനേക്കാൾ എത്രയോ അധികവും അപ്രതീക്ഷിതവും ആയ ഒരു ആശ്വാസവും സുഖവും അവൻെറ ഹൃദയത്തിൽ ഉടനേ ഉണ്ടാകുന്നതും ചിലപ്പോൾ മ്ലാനമായിരുന്ന അവൻെറ മുഖം ആനന്ദാശ്രുധാരകളാൽ ദർശനീയ മാകുംവണ്ണം ആപ്ലാവിതമായിപ്പോകകൂടിയും ചെയ്യുന്നതും നാം കാണാറുണ്ടല്ലോ. ദുഃഖഭൂയിഷ്ഠമായ ഈ ജീവലോകത്തിൽ അപ്രകാരം ഉള്ള ആനന്ദബാഷ്പ ത്തിൻെറ ഒരു കണംതന്നെ എത്ര ദുർല്ലഭവും അത്തർ, പനിനീർ മുതലായ സുഖോപചാരദ്രവ്യങ്ങളേക്കാൾ എത്ര വിലയേറിയതും ആയിരിക്കണം.

അതുകൊണ്ടു സപ്രയോജനമായ ഈ ശിവസ്തോത്രമാലയേ ഗ്രഥിക്കു ന്നതിൽ ഞാൻ ഈയിടെ വ്യയംചെയ്ത രണ്ടുമൂന്ന് അപരാഹ്നങ്ങൾ അവ്യവഹിതങ്ങളായി എനിക്കു കഴിഞ്ഞ ഇതര സമയങ്ങളേക്കാൾ തുലോം മംഗളകരങ്ങളും മൂല്യവത്തുകളും ആയിരുന്നു എന്നു ഞാൻ വിശ്വസിക്കയും ഈ സമുചിതമായ കൃത്യത്തിൽ എന്നെ ഉദ്യമിപ്പിച്ച അരുവിപ്പുറം ക്ഷേത്രം മാനേജർ മാ. രാ. രാ. പേട്ടയിൽ പി. പരമേശ്വരൻ അവർകളോടു ഞാൻ ഹൃദയ പൂർവ്വം നന്ദിയുള്ളവനായിരിക്കയും ചെയ്യുന്നു.

ഈ ചെറിയ കൃതിയിൽ എനിക്കുള്ള പരമമായ ചാരിതാർത്ഥ്യം, പാഠക ന്മാരുടെ ഹൃദയത്തിൽ അത്യല്പമായിട്ടെങ്കിലും സാത്ത്വികമായ സുഖത്തിൻെറ ഒരു ആവിർഭാവം ഇതിൽനിന്നും സിദ്ധിക്കുന്നപക്ഷം അതായിരിക്കും.

ഈ സ്തോത്രമാലയെ, 'നമസ്കാരപഞ്ചകം' 'ഉപക്രമപഞ്ചകം' 'ശിവധ്യാന വിംശതി' 'മിശ്രസ്തവങ്ങൾ' 'ദേവീസ്തോത്രം' 'ശിവഭക്തിപഞ്ചകം' 'വൈരാഗ്യ പഞ്ചകം' 'ശിവജ്ഞാനപഞ്ചകം' 'ശിവയോഗിപഞ്ചകം' 'ഉപസംഹാരപഞ്ചകം' എന്ന ഏതാനും ഭാഗങ്ങളായി വിഭജിക്കയും ഓരോ വിഭാഗത്തിലും അതിൻെറ നാമത്തെ അനുസരിച്ചു വിഷയം കഴിയുന്നതും സുഗമവും സാവയവവും ആയി വർണ്ണിക്കയും ചെയ്തിരിക്കുന്നു.

ഈ പുസ്തകത്തിൽ വായനക്കാർക്കുള്ള ആഭിമുഖ്യത്തിൻെറ താരത മ്യത്തെ അനുസരിച്ച് ഈമാതിരി വിഷയത്തിൽ ഞാൻ ഇനിയും പ്രവർത്തി ക്കുന്നതായിരിക്കും.

എന്ന്,

1901 ഓഗസ്ററ് 16. **കുമാരു ആശാൻ**

സ്തോത്രകൃതികളിൽ ശിവസ്തോത്രമാലയ്ക്കു മാത്രമേ ആശാൻ മുഖവുര എഴുതിയതായി കാണുന്നുള്ളു.

ഉള്ളടക്കം

നിജാനന്ദവിലാസം

ആധാരബ്രഹ്മമാരാഞ്ഞഖിലമതിലട-
ക്കിക്കളഞ്ഞങ്ങു നിൽക്കും
മേധാവിപ്രൗഢനും തന്നഴിവിലതിരഴി-
ഞ്ഞന്ധനായന്തരിക്കും;
വേധാവോതുന്ന വേദം മുഴുവനറികിലും
വേല ചെയ്താലുമെന്തേ?
ബോധാചാര്യക്കഴൽച്ചെങ്കമലമതിനടി-
ക്കാണു നിർവ്വാണലോകം. 1

ആനന്ദാരംഭമാകുന്നമൃതകലശവാ-
രാശിമദ്ധ്യത്തനന്ത-
സ്ഥാനത്തിൽ സാന്ദ്രമോദം സതതസരസസ-
ദ്യോഗനിദ്രൻ വിനിദ്രൻ
നാനാലോകാനുരൂപൻ നതജനനരകാ-
രാതി നാരായണാഖ്യൻ
ജ്ഞാനാചാര്യൻ ജയിക്കുന്നിതു മമ നിജ നി-
ർവ്വാണലക്ഷ്മീനിവാസൻ. 2

(1) ആധാരബ്രഹ്മം-ആധാരമായ ബ്രഹ്മത്തെ. ആരാഞ്ഞ്-അന്വേഷിച്ച്. അഖിലം-സർവ്വപ്രപഞ്ചവും. അതിലടക്കിക്കളഞ്ഞങ്ങുനിൽക്കും-ആ ബ്രഹ്മത്തിൽ ഉള്ളതാണെന്നു കണ്ടുകൊണ്ടിരിക്കുന്ന. മേധാവിപ്രൗഢനും -ജ്ഞാനിശ്രേഷ്ഠനും. തന്നഴിവിൽ -തന്റെ അവസാനത്തിൽ. അതിരഴിഞ്ഞ് റഅതിരില്ലാതെ. അന്ധനായ് -അജ്ഞനായ്. അന്തരിക്കും -പരിഭ്രമിക്കും, കുഴങ്ങും. വേധാവോതുന്ന വേദം മുഴുവൻ അറികിലും -ബ്രഹ്മമുഖത്തിൽനിന്നു പുറപ്പെടുന്ന (വേദങ്ങൾ അങ്ങനെ ഉണ്ടായി എന്നാണു വിശ്വാസം) വേദമെല്ലാം അറിഞ്ഞാലും. വേലചെയ്താലും - കർമ്മങ്ങൾ ചെയ്താലും. എന്തേ -എന്തു പ്രയോജനം. ജ്ഞാനംകൊണ്ടും കർമ്മം കൊണ്ടും മാത്രം പ്രയോജനമില്ലെന്നു സാരം. ബോധാചാര്യക്കഴൽച്ചെങ്കമലം അതിന ടിക്കാണു നിർവ്വാണലോകം -നിർവ്വാണം ജ്ഞാനിയായ ആചാര്യന്റെ പാദസേവ കൊണ്ടേ സിദ്ധിക്കയുള്ളു (ഗുരൂപദേശംകൊണ്ടേ സാധിക്കയുള്ളുവെന്നു സാരം). (2) ആനന്ദാരംഭമാകുന്ന -ആനന്ദത്തിന്റെ ഉൽപത്തിസ്ഥാനമായ. അമൃതകലശ വാരാശിമദ്ധ്യത്തു -അമൃതപാൽക്കടലിന്റെ നടുക്ക്. അനന്തസ്ഥാനത്തിൽ - ചിദാകാശസ്ഥാനത്ത് (വിഷ്ണുപക്ഷത്തിൽ അനന്തനാകുന്ന സ്ഥാനത്തിൽ എന്നും). ഇതു രണ്ടും യോഗശാസ്ത്രപ്രകാരമുള്ള സ്ഥാനങ്ങളെ കുറിക്കുന്ന സങ്കേത ങ്ങളാണ്. സാന്ദ്രമോദം -ഇടവിടാതെ ആനന്ദത്തോടുകൂടി. സതതസരസസദ്യോഗ നിദ്രൻ -എപ്പോഴും രസത്തോടുകൂടിയ യോഗലയം അനുഭവിക്കുന്നവനായി. വിനി ദ്രൻ -സദാ പ്രബുദ്ധനായി. നാനാലോകാനുരൂപൻ -സർവ്വജനങ്ങൾക്കും യോജിച്ചു നിൽക്കുന്ന നിർമ്മത്സരനായി (വിഷ്ണുപക്ഷത്തിൽ സർവ്വലോകങ്ങൾക്കും അനുകൂലി എന്നും). നതജനനരകാരാതി -ഭക്തജനങ്ങൾക്കു നരകം ഇല്ലാതാ ക്കുന്നവനായി (വിഷ്ണുപക്ഷത്തിൽ നരകന്റെ ശത്രുവായി എന്നും). നിജനിർവ്വാ ണലക്ഷ്മീനിവാസൻ -സ്വന്തം നിർവ്വാണശ്രീയുടെ ഇരിപ്പിടമായി (ലക്ഷ്മീദേവിക്ക് ഇരിപ്പിടമായവൻ എന്നും). നാരായണാഖ്യൻ -നാരായണൻ എന്നു പേരുള്ള. മമ - എന്റെ. ജ്ഞാനാചാര്യൻ -ജ്ഞാനോപദേഷ്ടാവായ ഗുരു. ജയിക്കുന്നു - സർവ്വോൽക്കർഷേണ വർത്തിക്കുന്നു.

മന്ദാരപ്പൂംകൊടിക്കൈമലർ മധുരമെടു-
ത്തെന്നെ മാനിച്ചു മായ-
ക്കന്ദാപായം ഭവിക്കുംപടിയുടൽ പുണരും
കൗശലത്തിൽ കലർത്തി,
മന്ദാഭാവാനുകമ്പം മമ മുകളിൽ മുകർ-
ന്നൂറുമദ്വൈതസമ്പ-
ത്സന്ദാനം ചെയ്ത സാരാമൃതലഹരിമൊഴി-
ക്കേതു ഞാനാദരിപ്പൂ! 3

മന്ദൻ ഞാനെങ്കിലും മറ്റൊരു മതി കരുതാ-
തെന്നെ നീ ഞാനതെന്നെൻ-
സന്ദേഹം വിട്ടു സാധിച്ചരുളിയൊരു സമാ-
ധാനധാമത്തിലെന്നും
നിന്ദാർഹൻ ഞാനിരുന്നീടിലുമിഹ നിയതം
നിർമ്മലബ്രഹ്മനിത്യാ-
നന്ദക്കൽപാന്തവെള്ളക്കടലു കരകവി-
ഞ്ഞെന്നെ മുക്കും പരക്കും. 4

ചിദ്വിദ്യാസമ്പ്രദായം ചിരപരിചിതമാ-
ണെങ്കിലും പങ്കജപ്പൂ-
മദ്ധ്യത്തിൽപ്പള്ളികൊള്ളുന്നവനു മതിവരു-
ന്നില്ല തെല്ലും മനോജ്ഞേ,

---

(3) മന്ദാരപ്പൂങ്കൊടിക്കൈമലർ -കല്പകതുല്യമായ കൈ. മധുരം എടുത്തു -സുഖകരമായി എടുത്തു. എന്നെ മാനിച്ചു -എന്നെ ലാളിച്ചു, അനുഗ്രഹിച്ചു. മായക്കന്ദാപായം ഭവിക്കും പടി -മായയ്ക്കു മൂലനാശം വരുന്ന വിധത്തിൽ. ഉടൽ പുണരും -എന്നെ ആലിംഗനം ചെയ്യുന്നതായ. കൗശലത്തിൽ -സമ്പ്രദായത്തിൽ കലർത്തി (കൈകലർത്തി എന്നന്വയം). മന്ദാനുഭാവാനുകമ്പം -അധികമായ അനുകമ്പയോടുകൂടി. മമ മുകളിൽ മുകർന്ന് -എൻെറ മൂർദ്ധാവിൽ ചുംബിച്ച്. ഊറും അദ്വൈതസമ്പൽസന്ദാനംചെയ്ത -സാരമായ അദ്വൈതവിദ്യ ഉപദേശിച്ചതായ. സാരാമൃതലഹരിമൊഴിക്ക് -അമൃതമയപ്രവാഹരൂപത്തിലുള്ള വാക്കിന് (ഗുരുവിൻെറ ഉപദേശവാക്കിന്). ഏതു ഞാനാദരിപ്പൂ -ഞാൻ എത്രയും ആദരംവെക്കുന്നു (വേണ്ട പോലെ ആദരിക്കാൻ എനിക്കു സാദ്ധ്യമല്ല). ശ്രീനാരായണഗുരു ഒരിക്കൽ ആശാനെ ശിരസ്സിൽ കൈവച്ച് അനുഗ്രഹിച്ചിട്ടുള്ളതിനെ ഉദ്ദേശിച്ച് എഴുതിയിട്ടുള്ളതാണ് ഈ പദ്യമെന്നു ചിലർ പറയുന്നുണ്ട്. (4) മന്ദൻ ഞാനെങ്കിലും -ഞാൻ ഒരു മൂഢനാണെങ്കിലും. മറ്റൊരു മതി കരുതാതെ -എന്നിൽ പ്രതികൂലബുദ്ധിയില്ലാതെ. നീ -ഗുരു. ഞാൻ അത് എന്നു -ഞാൻ ബ്രഹ്മമാണെന്നുള്ള. ഒരു സമാധാനധാമത്തിൽ -ഒരു ശാന്തിസ്ഥാനത്ത്. എൻസന്ദേഹംവിട്ടു സാധിച്ചരുളി -എൻെറ സംശയം തീർത്തുകൊണ്ട് എന്നെ എത്തിച്ചു. നിന്ദാർഹൻ ഞാൻ -നിന്ദ്യനായ ഞാൻ. ഇഹ നിയതം ഇരുന്നീടിലും -ഇവിടെത്തന്നെ ഇരിക്കിലും (ഇത് ആശാൻ കൽക്കത്തയിൽ പഠിച്ചു താമസിക്കുന്ന കാലത്ത് എഴുതിയതാണെന്നു ചിലർ പറയുന്നുണ്ട്.) നിർമ്മലബ്രഹ്മാനന്ദക്കൽപാന്തവെള്ളക്കടല് -ശുദ്ധമായ ബ്രഹ്മാനന്ദപ്രളയസമുദ്രം. കരകവിഞ്ഞ് എന്നെ മുക്കും പരക്കും -സർവ്വത്ര വ്യാപിച്ച് എന്നെ മുക്കും. ('മുക്കുംവരെയ്ക്കും' എന്ന പാഠം ശരിയല്ല. ചിലർ ചൊല്ലിക്കേട്ടിട്ടുണ്ട്). (5) ചിദ്വിദ്യാസമ്പ്രദായം-അദ്ധ്യാത്മവിദ്യാരീതി. ചിരപരിചിതമാണെങ്കിലും-ദീർഘകാലം

സദ്യോനിർവ്വാണസൗഖ്യപ്രദമതു സകലം
സംഗ്രഹിച്ചെൻഗൃഹത്തി-
ന്നദ്വൈതാനന്ദവാണീ! വരിക ജനനി! വ-
ന്നാടുകന്നാടകം നീ. 5

മണ്ണപ്പും തീ മരുത്തും മൂടിയുമഥ മഹാ-
ധൂളിയും ധൂളിയായി-
ക്കണ്ണിൽക്കാണാതെ ശൂന്യക്കരിയിരുൾകബളം
കൊണ്ടതും കണ്ടുനിൽക്കും
എണ്ണിക്കാണുന്നനേരത്തെരിചുടരെതിരി-
ല്ലന്ധകാരത്തരിമ്പീ-
വണ്ണം വേരറ്റു വിശ്വം നിറയുമൊരു മഹാ-
വിദ്യയെക്കൈതൊഴുന്നേൻ. 6

കാണപ്പെട്ടുള്ളതറ്റക്കണികലരുമരും
കണ്ണുമറ്റെണ്ണമറ്റ,-
പ്രാണപ്പറ്ററ്റുപറ്റിപ്പടരുമൊരു പടർ-
പ്പൊക്കെയറ്റുൾക്കുരുന്നിൽ
വാണിപ്രാതീതനൈജപ്രിയവടിവിൽ വളർ-
ന്നുള്ള വിശ്വപ്രബോധ-
പ്രാണപ്പറ്റാമപാരപ്രകൃതിപതിയെ ഞാൻ
പിന്നെയും കൈതൊഴുന്നേൻ. 7

പരിചയിച്ചിട്ടും. പങ്കജപ്പൂമദ്ധ്യത്തിൽ പള്ളികൊള്ളുന്നവന് -ബ്രഹ്മാവിന്. മതിവരുന്നില്ല തെല്ലും -(അതിലുള്ള) കൊതി ഒട്ടും തീരുന്നില്ല (ബ്രഹ്മാവിനു തൃപ്തിവന്നിട്ട് അവിടന്നു പോരാമെന്നുവച്ചാൽ സാധിക്കയില്ലെന്നു സാരം). സദ്യോനിർവ്വാണ സൗഖ്യപ്രദം -ഉടനെ മോക്ഷസുഖം ഉണ്ടാക്കുന്ന. അത് -ആ ചിദ്വിദ്യ. സകലം സംഗ്രഹിച്ചു -സർവ്വവും ചുരുക്കി എടുത്ത്. മനോജ്ഞേ അദ്വൈതാനന്ദവാണീ -മനോഹരിയായ അദ്വൈതാനന്ദരൂപിണിയായ വാഗ്ദേവതേ. എൻ ഗൃഹത്തിന്നു -എന്റെ വീട്ടിൽ (വരിക). "ഗ്രഹത്തിന് എന്നാണു പാഠമെങ്കിൽ എന്റെ ഗ്രഹണത്തിന് എനിക്കു ഗ്രഹിക്കാൻ തക്കവണ്ണം സംഗ്രഹിച്ച് എന്ന് അർത്ഥം പറയാം. ശരിയായ പാഠം അങ്ങനെയായിരിക്കാൻ ഇടയുണ്ട്." ജനനീ -അമ്മേ. വന്നാടുകന്നാടകം നീ -നീ വന്ന് ആ ചിദ്വിദ്യാനാടകം അഭിനയിക്കുക.(6) മണ്ണപ്പും തീ മരുത്തും -മണ്ണ്, വെള്ളം, തീ, കാറ്റ് ഈ നാലു ഭൂതങ്ങളും. മുടിയും -ഇല്ലാതാകും. അഥ -പിന്നെ. മഹാധൂളിയും റപരമാണുവും. ധൂളിയായി -നശിച്ചു. കണ്ണിൽക്കാണാതെ -ദൃശ്യമാകാതെ. ശൂന്യക്കരിയിരുൾ -ശൂന്യാകാശം. കബളംകൊണ്ടതും -വിഴുങ്ങിയതും. (പരമാണുവിനെ ശൂന്യത വിഴുങ്ങുന്നതും -പരമാണു ഇല്ലാതാകുന്നതും). കണ്ടുനിൽക്കും -വിദ്യ അതിനും സാക്ഷിയായി നിൽക്കുമെന്നു സാരം. എണ്ണിക്കാണുന്ന നേരത്ത് -ആലോചിച്ചുനോക്കുമ്പോൾ. എരിചുടരെതിർ -എരിതീക്കെതിരാണ്. (വിദ്യ പ്രകാശമുള്ളതാണെന്നു സാരം.) അന്ധകാരത്തരിമ്പ് ഇല്ല -അജ്ഞാനബാധ തീരെ ഇല്ല. ഈവണ്ണം -മേൽപ്പറഞ്ഞവിധത്തിൽ. വേരറ്റു -കാരണമറ്റു. നിരപേക്ഷമായ് -സ്വയമായി. വിശ്വം നിറയും -സർവ്വം വ്യാപിക്കുന്ന. മഹാവിദ്യയെ -അദ്വൈതവിദ്യയെ, കൈതൊഴുന്നേൻ. (7) കാണപ്പെട്ടുള്ളതററ്. ദൃശ്യപ്രപഞ്ചം ഇല്ലാതായി. ആ കണികലരും അരും കണ്ണുമററ്-വിഷയഗ്രഹണംചെയ്യുന്ന ഇന്ദ്രിയങ്ങളും ഇല്ലാതായി. പററിപ്പടരുമൊരു പടർപ്പൊക്കെയററ്-സർവ്വവിധ വാസനാബന്ധവും

തന്നത്താനാദരിക്കും ധരണിയിലരുമ-
ത്തമ്പുരാൻതൻെറ പാദം
തന്നിൽത്താനുല്ലസിക്കും തരളതയവിടെ-
ത്തന്നെയും മുന്നിടുമ്പോൾ
തന്നിൽ തത്ത്വം പദം പോയഴിയുമസിയുമ-
റ്റപ്പുറത്താത്മബോധം
തന്നിൽ താങ്ങറ്റ തത്ത്വത്രിപുടിമുടിവിനെ-
ത്താണിതാ കൈതൊഴുന്നേൻ. 8

ജ്ഞാനച്ചെന്തീമിഴിക്കോണിളകിയരിപുരം
ചുട്ടു നിർദ്ധൂളിയാക്കി-
ബ്ഭാനത്തിന്നന്ധകാരം പറവതു ശരിയ-
ല്ലാതെയില്ലാതെയായി
മാനംവിട്ടുല്ലസിക്കും മഹിതതമമഹാ-
മൗനമാകും മഹസ്സിൽ-
ത്താനേ ഞാനെന്നെവച്ചത്തലവനെയധികം
താണിതാ കൈതൊഴുന്നേൻ. 9

ഭാനം ഭാനം പ്രപഞ്ചപ്രകൃതി സകലവും
ഭാനുമദ്ഭാനുവിങ്കൽ
കാനൽ"ക്കേണീ" പ്രവാഹം കളവുകളവുതാ-
നെന്നു താനൊന്നറിഞ്ഞാൽ

ഇല്ലാതായി, ഉൾക്കുരുന്നിൽ-ഉള്ളിൽ. വാണീപ്രാതീത നൈജ പ്രിയവടിവിൽ വളർന്നുള്ള-പറയാൻ പാടില്ലാത്തവിധത്തിലുള്ള നിജാനന്ദരൂപത്തിൽ പരക്കുന്ന. വിശ്വപ്രബോധപ്രാണപ്പററാം-സർവ്വബോധസ്വരൂപമായ ആത്മാശ്രയമായ അപാരപ്രകൃതിപതിയെ തൊഴുന്നേൻ. (8) തന്നത്താനാദരിക്കും ധരണിയിൽ -സ്വയം നിൽക്കുന്നതിൽ. അരുമത്തമ്പുരാൻതൻെറ പാദംതന്നിൽ -വിഷ്ണുപദത്തിൽ (ചിദാകാശത്തിൽ). തന്നിൽത്താനുല്ലസിക്കും തരളത -ആത്മാനുഭൂതി പ്രകാശം. തന്നെയും മുന്നിടുമ്പോൾ -തനിക്കുണ്ടാകുമ്പോൾ. തന്നിൽ 'തത്ത്വം' പദം പോയ് -തൽത്വം (അതു നീ) എന്ന പദം പോയ്. അഴിയും -ഇല്ലാതാകും. 'അസി'യും അറ്റു -അതു നീ 'ആകുന്നു' എന്ന ബോധവും പോയ്. അപ്പുറത്ത് -സർവ്വത്തിനും അതീതമായ്. ആത്മബോധംതന്നിൽ -ആത്മ ഞ്ജാനത്തിൽ. താങ്ങറ്റ -സ്വയം നിൽക്കുന്ന. തത്ത്വത്രിപുടിമുടിവനെ -ജ്ഞാനം ജ്ഞാതാവ് ജ്ഞേയം എന്നീ ഭേദം അറ്റ് ഏകമാത്രമായിട്ടുള്ള അവസ്ഥയെ, കൈ തൊഴുന്നേൻ. (9) ജ്ഞാനച്ചെന്തീ മിഴിക്കോണിളകി-ജ്ഞാനത്തീക്കണ്ണിൻ കടാക്ഷത്താൽ. അരിപുരം -അഷ്ടരാഗത്തിൻെറ ഇരിപ്പിടമായ ദേഹം. ചുട്ടു നിർദ്ധുളിയാക്കി - നിശ്ശേഷം നശിപ്പിച്ചു. ഭാനത്തിനു -പ്രകാശത്തിന്. അന്ധകാരം പറവതു -അന്ധകാരമുണ്ടെന്നു പറയുന്നതു ശരിയല്ലാത്തതിനാൽ അജ്ഞാനം ഇല്ലാതായി. മാനംവിട്ട് -അളവറ്റ്. ഉല്ലസിക്കും -ശോഭിക്കുന്ന. മഹിതതമമഹാമൗനമാകും മഹസ്സിൽ -ഏറ്റവും ശ്രേഷ്ഠമായ മൗനരൂപമായ തേജസ്സിൽ. ഞാൻ എന്നെ താനേ വച്ചു - ഞാൻ എന്നെ അർപ്പിച്ചു. അത്തലവനെ - ആ മഹസ്സായ ദൈവത്തെ, തൊഴുന്നു. (10) പ്രപഞ്ചപ്രകൃതി സകലവും ഭാനം ഭാനം -പ്രപഞ്ചം മുഴുവനും വെറും തോന്നലാണ്. ഭാനുമൽഭാനുവിങ്കൽ -കാന്തിമാനായ സൂര്യനിൽ. കാനൽ കേണീപ്രവാഹം -മൃഗതൃഷ്ണികാപ്രവാഹം (പോലെ). കളവുകളവുതാനെന്നു റവാസ്തവത്തിൽ ഇല്ലാത്തതാണെന്ന് അറിഞ്ഞാൽ. സ്ഥാനം മറ്റില്ല -മറ്റൊരു സ്ഥാനവും ഇല്ല. താനില്ല

സ്ഥാനം മറ്റില്ല താനില്ലവിടെയൊരു തട-
സ്സങ്ങളില്ലെന്നുമല്ലാ-
താനന്ദാകാരമായ് നിന്നരുളുമതിശയം-
തന്നെയാണെൻെറ ദൈവം. 10

ഓമെന്നോതുന്നതും പോയൊലിയുമൊഴിയുമ-
ങ്ങുള്ളിനുള്ളായി നിൽക്കും
നാമം വേരറ്റു നാനാനരസുരനരക-
സ്ഥാദികൾക്കേകമായി
പ്രേമാവാസപ്രബോധപ്രഥിതവടിവൊടും
നിന്നു സർവ്വം ഭരിക്കും
സീമാതീതാനുകമ്പാമൃതമഴ പൊഴിയും
സദ്ഘനം സാധുദൈവം! 11

ഓങ്കാരത്തിന്നുമൊറ്റത്തരിയുടയ മുഴ-
ക്കത്തിനും ലക്ഷ്യമെങ്കിൽ
ഭാംകാരത്തിന്നുമേവം പദ്വതിനുമതുപോ-
ലാകുമെന്നാകുമെന്യേ
ഞാൻ കാണുന്നില്ല ചൊല്ലുന്നതിനൊരു പദവും
നാദബിന്ദുക്കളറ്റ-
ത്തേൻകാരുണ്യപ്രവാഹം ത്രിഭുവനവടിവായ്
നിന്നൊരൊന്നാണു ദൈവം. 12

കാണും ദ്രവ്യങ്ങളാകും ഘടപടമഖിലം
കാൽക്ഷണം കാലതത്ത്വ
ന്നൂണിന്നാമുമ്പർകോനും തൃണവുമൊരുകണ-
ക്കാകുമെന്നാകിലപ്പോൾ

-താനുമില്ല. എന്നും അല്ലാതെ-എന്നും ഒന്നുമല്ലാതെയായി. 'ഒന്നുമല്ലാതെ' എന്നു പാഠമാകാൻ ഇടയുണ്ട്. ആനന്ദാകാരമായ് -ആനന്ദസ്വരൂപമായ്. അതിശയം -അദ്ഭുതസംഗതി. (11) ഓമെന്ന് ഓതുന്നതും പോയ് - ഓം എന്നു പറയുന്നതും പോയി (അവാച്യമായി എന്നു സാരം). ഒലിയും ഒഴിയും - നാദവും രൂപവും ഇല്ലാതാകും. ഉള്ളിനുള്ളായി നിൽക്കും- ഉള്ളിൻെറ ഉള്ളായി നിൽക്കും. നാമം വേരറ്റു -നാമമില്ലാതായി. നരസുരനരകസ്ഥാദികൾക്ക് ഏകമായി മനുഷ്യർ സിദ്ധന്മാർ അസുരന്മാർ ഇവർക്കെല്ലാമുള്ള ഒന്നായി. പ്രേമാവാസപ്രബോധപ്രഥിതവടിവൊടും -സ്നേഹപൂർണ്ണമായ ജ്ഞാനസ്വരൂപത്തോടുകൂടിനിന്നു സർവ്വം ഭരിക്കും. സീമാതീതാനുകമ്പാമൃത മഴപൊഴിയും -അതിരറ്റ ദയാവർഷം പെയ്യുന്ന. സൽഘനം -സന്മയമായ മേഘമാണു ദൈവം. (12) ഓംകാരത്തിന്നും -നാദബ്രഹ്മത്തിനും. ഒറ്റത്തരിയുടെ ശബ്ദത്തിനും അതു ലക്ഷ്യമാണെങ്കിൽ. ഭാംകാരത്തിന്നുമേവം -പ്രകാശത്തിനും അപ്രകാരംതന്നെ അങ്ങനെ ആകുമെന്നല്ലാതെ പറവാൻ ഒന്നും കാണുന്നില്ല. നാദബിന്ദുക്കളറ്റ -നാദരൂപവും വസ്തുരൂപവും നശിച്ച. തേൻ കാരുണ്യ പ്രവാഹംതന്നെ ത്രിഭുവനരൂപമായി നിൽക്കുന്നതാണ് ദൈവം. (13) കാണും ദ്രവ്യങ്ങളാകും ഘടപടമഖിലം -ദൃശ്യദ്രവ്യങ്ങളായ ഘടപടാദി (കുടം, തുണി) സർവ്വവും. കാണിക്ഷണം -കാൽ നിമിഷത്തിൽ. കാലതത്ത്വന്ന് -കാലത്തിന്.

കാണാനില്ലെങ്കിലില്ലക്കലനമതു മഹാ-
കാളരാത്രിക്കരത്തിൽ
പ്രാണാപായം ഭവിക്കുന്നതിനുമതിനുമ-
ങ്ങപ്പുറത്തെൻെറ ദൈവം. 13

സ്ഥൂലം സൂക്ഷ്മത്തഴപ്പാണിതു സുദൃഢമുടൻ
സൂക്ഷ്മവും സൂക്ഷ്മമാകും
മൂലം മൂടുന്ന മോഹാവലിയുടെ മുളയാ-
ണെന്നു കാണുന്നശേഷം
നാലാമൻതൻെറ കണ്ണിൻനടുവിൽ അതുമുദി-
ച്ചസ്തമിച്ചേകബോധം
മേലായ് മേലായ് വളർന്നമ്മധുരമഴ പൊഴി-
ക്കുന്നതാണെൻെറ ദൈവം. 14

എണ്ണം നാണിച്ചുനില്ക്കുന്നിരവി മതി തുട-
ന്നുള്ള ഗോളങ്ങളെല്ലാ-
മുണ്ണിക്കൈകൊണ്ടുരുട്ടുന്നൊരുവിധമരുമ-
ക്കന്ദുകക്രീഡയാടി
വിണ്ണും വിണ്ണെന്നുചൊല്ലുംപടി വിരിവിൽ വള-
ന്നുള്ള വിശ്വപ്രപഞ്ച-
ക്കണ്ണിൽക്കാണായ കാന്തക്കതിരൊളിയതിനും
കാതലാണെൻെറ ദൈവം. 15

ഊണിന്നാം -ഇരയാകും, നശിക്കും. ഉമ്പർകോനും -ദേവേന്ദ്രനും. ഒരു തൃണവും -പുല്ലും. ഒരുകണക്കാകും -ഒരുപോലെയാകും, ഒരുപോലെ നശിക്കും. എന്നാകിൽ അപ്പോൾ -അങ്ങനെയാണെന്നുവന്നാൽ. കാണാൻ ഇല്ല -കാണാൻ ഒന്നും ഇല്ല; ദൃശ്യമായത് ഒന്നും വാസ്തവത്തിൽ ഇല്ല. എങ്കിൽ -ദൃശ്യമില്ലെങ്കിൽ. കലനമതും ഇല്ല -കാണലും ഇല്ല. കാളരാത്രിക്കരത്തിൽ പ്രാണാപായം ഭവിക്കുന്നതിനു മതിനുമങ്ങപ്പുറത്ത് -സർവ്വനാശങ്ങൾക്കും അതീതമായിട്ടുള്ളതാണ് എൻെറ ദൈവം. (14) സ്ഥൂലം -സ്ഥൂലപ്രപഞ്ചം. സൂക്ഷ്മത്തഴപ്പാണ് -സൂക്ഷ്മമായതിൻെറ ഘനീഭാവമാണ്. ഇതു സുദൃഢം - ഇതു തീർച്ചയാണ്. സൂക്ഷ്മവും -സൂക്ഷ്മമായതും. സൂക്ഷ്മമാകും -അതിലും സൂക്ഷ്മമായ. മൂലം മൂടുന്ന-കാരണം ആവരണം ചെയ്യുന്ന. മോഹാവലിയുടെ മുളയാണ് -അജ്ഞാനത്തിൽനിന്നുണ്ടാകുന്നതാണ് എന്നു മനസ്സിലായാൽ. നാലാമൻ തൻെറ കണ്ണിൻനടുവിൽ -തുര്യൻ എന്നു പറയുന്ന അതീതൻെറ ദൃഷ്ടിയിൽ. (15) എണ്ണം നാണിച്ചുനിൽക്കുന്ന -എണ്ണമറ്റ. ഇരവി -സൂര്യൻ. മതി -ചന്ദ്രൻ. തുടർന്നുള്ള -മുതലായ. ഉണ്ണിക്കൈകൊണ്ടുരുട്ടുന്നൊരുവിധം -ചെറിയ കൈകൊണ്ട് ഉരുട്ടുന്ന വിധത്തിലുള്ള (ബാലസഹജമായ രീതിയിൽ എന്നു സാരം). അരുമക്കന്ദുകക്രീഡയാടി -അപൂർവ്വമായ പന്തുകളി നടത്തി (ഗോളങ്ങളെ രചിച്ച് അതുകളെ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന ലീല നടത്തി). വിണ്ണും വിണ്ണെന്നു ചൊല്ലുംപടി -ആകാശത്തിനുംകൂടി ആകാശമായ വിധത്തിൽ (ആകാശങ്ങളെ അണ്ഡകോടികളോടും ഭക്ഷിക്കുമാകാശമായ് എന്നു പിന്നീടു കവി പ്രരോദനത്തിലും പ്രയോഗിച്ചിട്ടുണ്ട്). വളർന്നുള്ള -വിസ്തൃതമായ. വിശ്വപ്രപഞ്ചക്കണ്ണ് -സൂര്യൻ. കതിരൊളി -രശ്മിപ്രകാശം.

കാണപ്പെട്ടില്ല, കാണുന്തിറമൊടതിനു ക-
ണ്ണില്ല, കയ്യില്ല, കാലി-
ല്ലാണല്ല,ല്ലാതെ മററല്ല,ണുവുമളവുമി-
ല്ലാദിയില്ലന്തമില്ല;
സ്ഥൂണപ്രായം ജഡത്വം ചെറുതു പറയുവാ-
നില്ല മറെറാന്നുമല്ലി-
ക്കാണും ബ്രഹ്മാണ്ഡകോടീകപടനടകലാ-
ശാലിയാണെൻെറ ദൈവം. 16

ഭൂ, തോയം, ജാതവേദസ്സനില,നമരഭൂ-
വബ്ജനാദിത്യനേഴും
ഹോതാവും ചേർന്ന രൂപത്തിനുമമലമഹ-
സ്സാമരൂപസ്ഥിതിക്കും
ധ്യാതാവിൻ വൃത്തിമദ്ധ്യത്തുയരുമുഭയരൂ-
പത്തിലോരോന്നിയറ്റും
ധാതാവാദിക്കുമുള്ളായ് വിലസുമൊരു മഹാ-
ധാമമാണെൻെറ ദൈവം. 17

വേദം നാലിൻ മുടിക്കും വിരവിൽ വിവിധമാ-
മാഗമങ്ങൾക്കുമോരോ
ഭേദം പറ്റിപ്പിണഞ്ഞും പലപല സമയ-
ങ്ങൾക്കുമുൾക്കാതലായി
വാദംപോകും വഴിക്കിന്നധികമകലെയായ്
വാസ്തവം കണ്ട കണ്ണിൻ-
ഖേദക്കണ്ണീർ തുടച്ചക്കനിമഴ പൊഴിയും
കൊണ്ടലാണെൻെറ ദൈവം. 18

---

(16) കാണപ്പെട്ടില്ല -അതു ദൃശ്യമല്ല. കാണും -എന്നാൽ അതും കാണും. അതിന്നു കണ്ണില്ല കൈയില്ല കാലില്ല -ഇന്ദ്രിയങ്ങളും കരണങ്ങളും ഇല്ല. ആണല്ല -ആളല്ല. അല്ലാതെ മറ്റല്ല -വേറെ ഒന്നുമല്ല. അണുവും അളവുമില്ല -തീരെ അളവറ്റതാണ്. ആദിയില്ലന്തമില്ല -അതിനു തുടക്കവും അവസാനവുമില്ല. സ്ഥൂണപ്രായം -നിശ്ചേഷ്ടമാണ്. ജഡത്വം ചെറുതു പറയുവാനില്ല -എന്നാൽ ജഡത്വം ഒട്ടും ഇല്ല. മറെറാന്നുമല്ല -അത് ഒന്നുമല്ല. ഇക്കാണും ബ്രഹ്മാണ്ഡകോടീകപടനടകലാശാലിയാണ് എൻെറ ദൈവം -ഈ കാണായ അനന്തബ്രഹ്മാണ്ഡങ്ങളുടെ മായാനാടകം നടത്തുന്നവനാണ് എൻെറ ദൈവം. (17) തോയം -വെള്ളം. ജാതവേദസ്സ് -തീ. അനിലൻ -കാറ്റ്. അമരഭൂ -ആകാശം. അബ്ജൻ -ചന്ദ്രൻ. ആദിത്യൻ -സൂര്യൻ. ഏഴും -ഈ ഏഴും. ഹോതാവും -യജമാനനും. ചേർന്ന -യോജിച്ച. രൂപത്തിനും -ദൃശ്യപ്രപഞ്ചത്തിനും. (ശാകുന്തളത്തിൻെറ നാന്ദിയിൽ മേല്പറഞ്ഞ എട്ടും ഈശ്വരൻെറ അഷ്ടമൂർത്തികളായി പറഞ്ഞിട്ടുണ്ട്.) അമലമഹസ്സാം അരൂപസ്ഥിതിക്കും -രൂപമില്ലാത്ത നിർമ്മലജ്ഞാനത്തിനും. ധ്യാതാവ് -ധ്യാനിക്കുന്നവൻ. വൃത്തി -മനോവ്യാപാരം. ഇയറ്റും -തോന്നിക്കുന്ന. ധാതാവാദിക്കും -ബ്രഹ്മാദികൾക്കും. ഉള്ളായ് -സാരമായ്. (18) വേദം നാലിൻ മുടിക്കും -നാലു വേദങ്ങളുടേയും ശിരസ്സിനും, അതായത് വേദാന്തത്തിനും. വിവിധമാം ആഗമങ്ങൾ -പലവിധത്തിലുള്ള

അല്ലല്ലെന്നോതിയന്ത്യത്തമരമൊഴി മടു-
ത്തന്തരിച്ചാദരിക്കും
ചൊല്ലെത്താതൊന്നു ചൂണ്ടിത്തരുമരിയ ചിദാ-
കാശദേശാന്തരത്തിൽ
ഉല്ലോലാനന്ദബാഷ്പാമൃതമധുവൊഴുകും
യോഗിചിത്താംബുജത്തി-
ന്നല്ലില്ലാതുള്ളഹസ്സിന്നനിശശരണമാ-
മംശുമാനെൻെറ ദൈവം. 19

സത്താസാമാന്യസാക്ഷാൽകരണസരണിയിൽ
സാന്ദ്രസൗഭാഗ്യമായി-
ച്ചിത്തായിച്ചേതനാചേതനജഡനിചയം
ചെയ്ത ചൈതന്യമായി
മുത്തായ് മാണിക്യമായ് വന്മരതകമലയായ്
മോഹികൾക്കും മുനിക്കും
സത്തായ് സാനന്ദതേജോമയമഹിതമതായ്
നിന്നൊരൊന്നാണു ദൈവം. 20

ശാസ്ത്രങ്ങൾക്കും. ഓരോ ഭേദം പറ്റിപ്പിണങ്ങും -വ്യത്യാസംപിടിച്ചു തമ്മിൽ കലഹിച്ചു കൊണ്ടിരിക്കുന്ന. സമയങ്ങൾക്കും -പ്രസ്ഥാനങ്ങൾക്കും. ഉൾക്കാതലായി -സാരമായി. വാദം പോകും വഴിക്കിന്നധികം അകലെയായ് -വാദത്തിന് എത്താൻ പാടില്ലാത്ത അത്ര ദൂരെയുള്ളതായ്. വാസ്തവം കണ്ട കണ്ണിൽ -പരമാർത്ഥജ്ഞാനം ഉണ്ടായവൻെറ. ഖേദക്കണ്ണീർ തുടച്ച -ദുഃഖശാന്തി വരുത്തുന്ന. (19) അല്ലല്ലെന്ന് ഓതി -നേതി നേതി (ഇതല്ല ഇതല്ല എന്നു) പറഞ്ഞ്. അമരമൊഴി -ഗീർവ്വാണഭാഷ. അന്ത്യത്ത് -അവസാനം. മടുത്ത് -അശക്തമായിട്ട്. അന്തരിച്ച് ആദരിക്കും -പരിഭ്രമിച്ചു സ്വീകരിക്കുന്നതായ. ചൊല്ലെത്താതൊന്നു -വാക്കുകൊണ്ടു പറയാൻ പാടില്ലാത്ത ഒന്നിനെ. ചൂണ്ടിത്തരും അരിയ ചിദാകാശദേശാന്തരത്തിൽ-ചിദാകാശപ്രദേശത്തു ലക്ഷ്യമാക്കിത്തരുന്ന. ഉല്ലോലാനന്ദബാഷ്പാമൃതമധുവൊഴുകും -അധികമായ ആനന്ദാനുഭവത്തേൻ ഒലിക്കുന്ന. യോഗിചിത്താംബുജത്തിന് -യോഗിയുടെ ഹൃദയത്താമരയ്ക്ക്. അല്ലില്ലാതുള്ളഹസ്സിന്ന് അനിശശരണമാം -നിത്യമായ പകലിനു നിദാനമായ (യോഗിചിത്തമാകുന്ന താമരയെ നിത്യമായി വികസിപ്പിച്ചു കൊണ്ടിരിക്കുന്നു എന്നു സാരം). അംശുമാൻ -സൂര്യൻ. (20) സത്താസാമാന്യ സാക്ഷാത്കരണസരണിയിൽ -ഉണ്മയുടെ സാക്ഷാൽകരണത്തിൻെറ മാർഗ്ഗത്തിൽ. ശേഷം സ്പഷ്ടം.

നിജാനന്ദാനുഭൂതി

ബ്രഹ്മാദിക്കുമമന്ദസുന്ദരപരാ-
        നന്ദൈകസന്ദായിനീ!
ബ്രഹ്മശ്രീ ബഹുവേദവിസ്തരധുരാ-
        ലംബേ! ശിവാലംബികേ!
കർമ്മാകർമ്മവികർമ്മവിഭ്രമവിവാ-
        ദാമൂലവിധ്വംസിനീ!
ബ്രഹ്മധ്യാനകലേ! സമാധികുശലേ!
        ബാലേ! കടാക്ഷിക്ക നീ. 1

ജന്മാപായജയോപയോഗപദവീ-
        ജിജ്ഞാസുവിജ്ഞാപികേ!
ജിഹ്മാതീതപഥാന്ധപാന്ഥപരിഷ-
        ത്സ്വാധേയപാഥേയമേ!
ബ്രഹ്മാനന്ദരസപ്രമാണകലനാ-
        കുംഭായമാനേ! മഹാ-
നിമ്നദ്ധ്യാനകലേ! നിതാന്തസുഖദേ!
        നിത്യേ! കടാക്ഷിക്ക നീ. 2

കന്ദർപ്പാദിപിശാച നീചപടല-
        പ്രോച്ചാടനോങ്കാരിണീ!
സന്ദിഗ്ദ്ധാന്തസമസ്തസംസൃതിരുജാ-
        സഞ്ജാതസഞ്ജീവനീ!

---

(1) ബ്രഹ്മാദിക്കും -ബ്രഹ്മാവു തുടങ്ങിയവർക്കും. അമന്ദസുന്ദരപരാനന്ദൈകസന്ദായിനീ -അത്യന്തം ഹൃദ്യമായ പരമാനന്ദത്തെ മാത്രം കൊടുക്കുന്നതായി (പരമാനന്ദത്തെ കൊടുക്കുന്നതിന് ഏകമായിട്ടുള്ളത് എന്നും എടുക്കാം. വേറെ ആരുമില്ലെന്നു സാരം). ബ്രഹ്മശ്രീബഹുവേദവിസ്തരധുരാലംബേ -ബ്രഹ്മപ്രതിപാദകമായ പലവിധ വേദവിവരണങ്ങൾക്കെല്ലാം ആശ്രയമായുള്ളതായി. കർമ്മാകർമ്മവികർമ്മവിഭ്രമവിവാദാമൂലവിധ്വംസിനീ -കർമ്മം, അകർമ്മം, വിരുദ്ധകർമ്മം ഇതുകളെ സംബന്ധിച്ചുള്ള ഭ്രമജനകമായ തത്ത്വങ്ങളെ വേരോടെ നശിപ്പിക്കുന്നതായി. സമാധികുശലേ -ലയപ്രധാനമായ. ബാലേ -സുന്ദരമായ. ബ്രഹ്മധ്യാനകലേ -ബ്രഹ്മവിചാരവിദ്യേ. നീ കടാക്ഷിച്ചാലും. (2) ജന്മാപായജയോപയോഗപദവീജിജ്ഞാസുവിജ്ഞാപികേ-ജനനമരണത്തെ ജയിക്കാനുള്ള മാർഗ്ഗത്തെ ആരായുന്നവർക്ക് അത് അറിയിച്ചുകൊടുക്കുന്നതായി. ജിഹ്മാതീതപഥാന്ധപാന്ഥപരിഷത്സ്വാധേയപാഥേയമേ -നേരായമാർഗ്ഗം അറിയാത്ത വഴിപോക്കർക്ക് (മുമുക്ഷുക്കൾക്ക്) വഴിക്ക് എടുക്കേണ്ട പൊതിച്ചോറായി (രക്ഷാകരമായി). ബ്രഹ്മാനന്ദരസപ്രമാണകലനാകുംഭായമാനേ -ബ്രഹ്മാനന്ദരസം ഇത്രയെന്നു കാണിക്കുന്നതായി. നിമ്നധ്യാനകലേ -അഗാധധ്യാനവിദ്യേ. (3) കന്ദർപ്പാദിപിശാചനീചപടലപ്രോച്ചാടനോങ്കാരിണീ -കാമൻ തുടങ്ങിയ ദുർദ്ദേവതാസമൂഹത്തെ ഉച്ചാടനംചെയ്യുന്നത്. സന്ദിഗ്ദ്ധാന്തസമസ്തസംസൃതിരുജാസഞ്ജാത സഞ്ജീവനീ -അറുതിപ്രയാസമായ സർവ്വസംസാരദുഃഖത്തിനും ഔഷധമായിട്ടുള്ളത്. സന്ദർഭോദയസാര മൗനസരസാലാപ -സന്ദർഭത്തിൽ ഉദിക്കുന്ന മൗനരൂപമായി സരസമായ ഉപദേശത്തോടുകൂടിയത്.

സന്ദർഭോദയസാരമൗനസരസാ-
ലാപേ! സദാ സച്ചിദാ-
നന്ദദ്ധ്യാനകലേ! സമാധികുശലേ!
ബാലേ! കടാക്ഷിക്ക നീ. 3

അക്ഷാദിപ്രസൃതാത്മബോധകലികാ-
സന്ദോഹചന്ദ്രാത്മികേ!
വിക്ഷേപോദ്ഭവവിശ്വവൃദ്ധികലികാ-
മന്ദാരകന്ദാത്മികേ!
"അക്ഷാതീതചിദന്തരീക്ഷവിഹര-
ന്നിഷ്പക്ഷപക്ഷീ മഹാ-
വിക്ഷേപക്ഷയസൂക്ഷ്മസാക്ഷി" ന പരോ-
ക്ഷാക്ഷീ! കടാക്ഷിക്ക നീ. 4

സംസാരാമയഘോരസാഗരതരീ-
ഭൂതേ! സമസ്തേശ്വരീ!
ഹിംസാപേതഹിരണ്യഗർഭദയിതേ!
ഹീരോപലോദ്യൽപ്രഭേ!
ഹംസാരാധിതഹംസവാഹനസുതേ!
ഹംസാത്മികേ! ഹംസികേ!
ഹംസധ്യാനകലേ! ഹരാംഗനിലയേ!
അമ്മേ! കടാക്ഷിക്ക നീ. 5

പ്രേമപ്രസ്രവണപ്രസന്നവദന-
പ്രേക്ഷാപരോക്ഷപ്രദേ!
കാമക്രോധവിഘാതഗാധഹൃദയാ-
ക്രാന്താന്ധകാരോൽകരേ!

---

4) അക്ഷാദി...ചന്ദ്രാത്മിക -ഇന്ദ്രിയാദി വ്യാപകമായ ആത്മബോധങ്ങൾ വികസിപ്പിക്കുന്നത്. വിക്ഷേപോ....കന്ദാത്മികേ -വിക്ഷേപശക്തി (രജ്ജുവിൽ സർപ്പബോധംപോലെയുള്ള മിഥ്യാബോധം ഉണ്ടാക്കുന്ന മായാശക്തി)യാലുണ്ടാകുന്ന പ്രപഞ്ചത്തിനു നിദാനമായത്. അക്ഷാതീത....പക്ഷീ -ഇന്ദ്രിയാതീതമായ ചിദാകാശത്തിൽ കളിക്കുന്ന ചിറകില്ലാത്ത പക്ഷി (അദ്വയബ്രഹ്മം). മഹാവിക്ഷേപ....സാക്ഷി -പ്രപഞ്ചസൃഷ്ടിയുടേയും പ്രളയത്തിൻേറയും സാക്ഷി. ന പരോക്ഷാക്ഷീ - അപരോക്ഷദർശനത്തോടുകൂടി. (മൂന്നും മലയാളസംബോധനാരൂപങ്ങൾ.) (5) സംസാരാമയ....തരീഭൂത -സംസാരസമുദ്രം കടത്തുന്ന കപ്പലായിട്ടുള്ളവൾ. ഹിംസാപേത...ദയിത -അഹിംസാരൂപിണിയായ വിദ്യാദേവത. ഹംസാരാധിതഹംസവാഹനസുത -പരമഹംസന്മാർ ആരാധിക്കുന്ന വിദ്യാദേവത. ഹംസാത്മിക -ബ്രഹ്മസ്വരൂപിണി. ഹംസധ്യാനകല -ബ്രഹ്മധ്യാനരൂപിണി. ഹരാംഗനിലയ -അർദ്ധനാരീശ്വരി. (6) പ്രേമ...പ്രദ -പ്രേമപ്രവാഹംകൊണ്ടു പ്രസന്നമായ തിരുമുഖദർശനംകൊണ്ട് (മുഖത്തിൽനിന്നുള്ള നോട്ടംകൊണ്ട് എന്നുമെടുക്കാം) അപരോക്ഷാനുഭൂതി ഉണ്ടാക്കുന്നവൾ. കാമ....ഉൽകര -കാമക്രോധങ്ങളെ നശിപ്പിക്കുന്നവളും, അല്പഹൃദയങ്ങളിൽ അന്ധകാരത്തെ അകറ്റുന്നവളും. നേമി....പ്രൗഢ -വണ്ടിച്ചക്രംപോലെ ചുറ്റുന്ന സംസാരത്തിന് എതിരായിട്ടുള്ളവൾ.

നേമിപ്രായഭവഭ്രമപ്രതിഭട-
　　പ്രൗഢേ! ദൃഢേ! നിത്യനി-
ഷ്കാമദ്ധ്യാനകലാകലാപകലഭേ!
　　കാന്തേ! കടാക്ഷിക്ക നീ. 6

വേദാഭിജ്ഞരസജ്ഞവിജ്ഞവദനാം-
　　ഭോജാതജാതാമൃതേ!
വാദാപേതവിധാവിതർക്കജനിജ-
　　പ്രജ്ഞാനവിജ്ഞാപിതേ!
നാദാതീതപരേ! നിരങ്കുശനിരാ-
　　ലംബാത്മനിർവ്വാണനിർ-
ഭേദധ്യാനകലാധുരന്ധരകലേ!
　　കാലേ കടാക്ഷിക്ക നീ. 7

ശല്യാഘാതശതാധികക്ഷതരുജാ-
　　ഹൃദ്വേദനാനോദനാ
തുല്യാമോദതുഷാരതുന്ദിലദയാ-
　　പീയൂഷധാരാധരേ!
കല്യാണാലയകാലയാപനഘനാ-
　　സക്തേ! വിരക്തേംബ! കൈ-
വല്യധ്യാനകലാവിലാസകലിതാ-
　　നന്ദേ! കടാക്ഷിക്ക നീ. 8

മായാമാർഗ്ഗനിസർഗ്ഗനിർഗ്ഗളദഘൗ-
　　ഘാസാരദുർഗ്ഗാമുഖം
മേയാതെന്നെയെടുത്തു മൗനമണിസൗ-
　　ധത്തിൽക്കടത്തംബികേ!
നീയെന്യേ ഗതിയില്ല ഞാനൊരു നിരാ-
　　ലംബൻ നിരാലംബധൗ-
രേയധ്യാനകലേ ധരാധരകര-
　　സ്ഥൈര്യേ! കടാക്ഷിക്ക നീ. 9

(7) വേദാ...മൃത -വേദജ്ഞന്മാർ, കവികൾ, ശാസ്ത്രജ്ഞന്മാർ ഇവരുടെ മുഖത്തിൽനിന്നു വരുന്ന അമൃതരൂപിണി. വാദാപേത....വിജ്ഞാപിത -വാദമറ്റ അഭ്യൂഹത്തിൽനിന്നു ജനിച്ച ആത്മജ്ഞാനംകൊണ്ട് അറിയപ്പെടുന്നവൾ. നാദാതീതപര -നാദാതീതമായ പരബ്രഹ്മരൂപിണി. നിരംകുശ...ധുരംധരകല -തടവറ്റതും സ്വാശ്രയമായതുമായ ആത്മനിർവ്വാണമാത്രധ്യാനരൂപിണി.(8) ശല്യംഘാത... ധാരാധര -അസ്ത്രം കൊണ്ടുണ്ടായ അനവധി മുറിവുകളുടെ വേദനപോലെയുള്ള ഹൃദയവേദന അകറ്റുന്ന അതുല്യമായ സന്തോഷമഞ്ഞിൻകണം നിറഞ്ഞ ദയാമൃതുവർഷം പെയ്യുന്നവൾ. കല്യാണാലയ...വിരക്ത -മംഗളരൂപിയായ കാലാരിയിൽ ദൃഢാനുരക്തയും എന്നാൽ വിരക്തയും ആയവൾ. (9) മായാ മാർഗ്ഗ...ദുർഗ്ഗാമുഖം -മായാമാർഗ്ഗത്തിൽ സ്വതേ വരുന്ന പാപവർഷത്തോടുകൂടിയ കോട്ടവാതിൽ. മേയാതെ -അണയാതെ. മൗനമണിസൗധം -നിർവ്വികല്പസമാധിയുടെ മണിമാളിക. നിരാലംബധൗരേയം നിരാലംബങ്ങളിൽവച്ചു ശ്രേഷ്ഠം; അതായതു പരബ്രഹ്മം. ധരാധരകരസ്ഥൈര്യ ഗോവർദ്ധനം കുടയായിപ്പിടിച്ച ശ്രീകൃഷ്ണനെപ്പോലെ സുസ്ഥിര എന്നോ, പർവ്വതത്തെപ്പോലെ കരസ്ഥൈര്യമുള്ളവൾ എന്നോ.

കൈവല്യാദ്രിമഹാവിഹാരകമനീ-
യോന്നീതചേതഃപ്രിയേ!
ദൈവാഭോഗവിഭോഗദൈത്യദലനേ!
ദേവീ! ദയാവാരിധേ!
നൈവന്നൈവമിതിപ്രവൃത്തനടനേ
നാഥേ! നമസ്തേ നമ-
ശ്ശൈവധ്യാനകലേ! ശശാങ്കവിമലേ!
ശാന്തേ! കടാക്ഷിക്ക നീ.

നാരായണായ ഗുരവേ നരകാന്തകായ
നാദാന്തയോഗനഗരാന്തരനായകായ
നാകാവനീസുരനിരസ്തനിജാഭിലാഷ-
നാമാംകുരായ ഭവതേ! നതിരസ്തു നിത്യം.

ഭക്തവിലാപം*

അണകവിയുന്നഴലാഴിയാഴുമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞു പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ-
യണഗുരുനായകനെൻെറ ദൈവമല്ലോ.

വേദാഗമക്കളികളാശമുയർത്തി നിന്നി-
ളാധാരമാമലയതിൽ മകുടാഭിഷേകം
ബോധാന്ധകാരമിഹിരൻ മമ നാശകാലം
ബോധിച്ചെടുത്ത ഗുരുവിൻ കരുണാമൃതക്കൈ.

---

(10) കൈവല്യാദ്രി....പ്രിയ -കൈലാസവിഹാരിയായ ശിവനു ചേതഃ പ്രിയം കൊടുക്കുന്നവൾ എന്നും പരമഹംസന്മാർക്കു പരമാനന്ദം വരുത്തുന്നവൾ എന്നും. ദൈവാഭോഗ...ദലന -ദൈവസാമ്രാജ്യത്തിനു ശത്രുക്കളായ അസുരന്മാരെ നശിപ്പിക്കുന്നവൾ. നൈവംനൈവമിതി പ്രവൃത്തനടന -നേതി നേതി എന്ന അദ്വൈതതത്ത്വസ്വരൂപിണി.

---

*കൊല്ലം, വലിയകട കെ. രാമസ്വാമിറെഡ്ഡ്യാർ ആൻഡ് സൺസ് 'ശ്രീരാമവിലാസം' പ്രസ്സിൽനിന്ന് ഈ കൃതി പ്രസിദ്ധംചെയ്തിട്ടുണ്ട്. അവിടെ അച്ചടിച്ച രണ്ടാം പതിപ്പിൻെറ പ്രതികളേ കിട്ടിയിട്ടുള്ളു. ആ പതിപ്പിൻെറ കൊല്ലം 1098 ആണ്. 2 -ാം പതിപ്പ് 5000 പ്രതിയാണ് അടിച്ചത്. ഇതിൽനിന്ന് ഈ കൃതി അന്നു വലിയ പ്രചാരത്തിലായിരുന്നു എന്ന് ഊഹിക്കാം. ഈ കൃതിയിലെ 11 മുതൽ 52 വരെ ശ്ലോകങ്ങൾ കൊല്ലം പെരിനാടു കരുവാ കാർത്തികേയക്ഷേത്രത്തിൽവെച്ചു ദ്രുതകവിതാപരീക്ഷയിൽ ഒരു മണിക്കൂറുകൊണ്ട് എഴുതിയതാണെന്നു മേല്പറഞ്ഞ പതിപ്പിൽ പറഞ്ഞിരിക്കുന്നു. ഇതിലെ ചില ഭാഗങ്ങൾ 1073-ലെ 'വിദ്യാവിലാസിനി' മാസികയിൽ 'കുമാരകരുണാമൃതം' എന്ന പേരിൽ ചേർത്തുകാണുന്നുണ്ട്. ശ്രീരാമ

ആലമുണ്ടഴലുപോലെ മായയിൽ
മാലുകൊണ്ടു മതിയും മയങ്ങി ഞാൻ
കാലു തന്നു കനിയുന്നതെന്നു നീ
വേലുമേന്തി വിലസുന്ന ദൈവമേ! 1

സ്ഥൂലമോ പൊരുളു സൂക്ഷ്മദേഹമോ
മൂലമോ മുടിവിലുള്ളതെന്നിയേ
കാലവൈഭവമതിൽക്കലർന്നെഴും
ജാലമോ മുരുക! മൂലദൈവമേ! 2

പ്രാണനായക! ഭവൽപദാംബുജം
കാണുമാറു കരുതാതെ കശ്മലൻ
വീണനായി വളരുന്നുവെങ്കിലും
കാണി നീ കരുണചെയ്ക ദൈവമേ! 3

വിലാസംപ്രസ്സിലെ രണ്ടാംപതിപ്പിൽ 'യഹോവായുടെ വിചാരശൂന്യത' എന്ന ഒരു ഗദ്യപ്രബന്ധവും ചേർത്തിട്ടുണ്ട്. അത് ആശാൻെറ ലേഖനമല്ല. അക്കാലത്ത് മതഖണ്ഡശാസ്ത്രികളുടെയും മറ്റും നേതൃത്വത്തിൽ ഹിന്ദുമതോദ്ധാരണത്തിനുള്ള ശക്തിയായ വേല നടന്നിരുന്നു. ഈ പ്രസ്ഥാനത്തിൽ അന്യമതഖണ്ഡനം പ്രധാന സ്ഥാനം പിടിച്ചിരുന്നു. ആ പ്രസ്ഥാനക്കാരിൽ ആരുടെയോ ലേഖനമാണത്. അവരുടെ ഉത്സാഹത്തിലായിരിക്കണം ശ്രീരാമവിലാസംപ്രസ്സിലെ പതിപ്പുകൾ അച്ചടിച്ചത് എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ആദ്യത്തെ ശ്ലോകത്തിൽ ഗുരുസ്മരണ ചെയ്യുന്നു. ഈ കൃതി എഴുതിയ കാലഘട്ടത്തിലുള്ള കവിയുടെ മറ്റു കൃതികളിലും ഈമാതിരി ഗുരുസ്മരണ കാണുന്നുണ്ട്. അണ കവിയുന്ന-കരകവിയുന്ന. അഴലാഴി ആഴും എന്നിൽ -ദുഃഖസമുദ്രത്തിൽ ആഴുന്ന എന്നിൽ. പ്രണയം ഉദിച്ചുകവിഞ്ഞു - അതിയായ വാത്സല്യം തോന്നി. പാരവശ്യാൽ -പാരവശ്യത്തോടുകൂടി (വേഗത്തിൽ). അണികരം ഏകി അണഞ്ഞിടുന്ന -മനോഹരമായ കൈ തന്നുകൊണ്ടു (പിടിച്ചു കയറ്റാനായിട്ട് എന്നു സാരം) അടുത്തുവരുന്ന. നാരായണഗുരുനായകൻ എൻെറ ദൈവമല്ലോ -ശ്രീനാരായണഗുരുനാഥൻ എനിക്കു ദൈവമത്രേ. (ദൈവതുല്യനാണെന്നോ ദൈവംതന്നെ ആണെന്നോ സാരം.) ഗുരുവിനെ ദൈവമായി കരുതുന്നതു ഹിന്ദുക്കളുടെ ഇടയിൽ പതിവാണ്. 'ഗുരുർബ്രഹ്മാ ഗുരുർവിഷ്ണുഃ ഗുരുർദേവോ മഹേശ്വരഃ' ഇത്യാദി ശ്ലോകം ഇതിനു ദൃഷ്ടാന്തമാണ്. (1) ആലമുണ്ടഴലുപോലെ - വിഷംകഴിച്ചിട്ടുണ്ടാകുന്ന വേദനപോലെയുള്ള. മായയിൽ മാലുകൊണ്ടു മതിയും മയങ്ങി ഞാൻ -സംസാരദുഃഖംകൊണ്ട് എൻെറ ബുദ്ധി മയങ്ങിപ്പോയിരിക്കുന്നു. (മതിയും എന്നതിലെ ഉം സമുച്ചയമല്ല നിശ്ചയമാണു കാണിക്കുന്നത്.) വേലുമേന്തി വിലസുന്ന ദൈവമേ -അല്ലയോ വേലായുധസ്വാമി. നീ കാലു തന്നു കനിയുന്നത് എന്ന് റഎന്നാണു നിൻെറ കാലോട് എന്നെ ചേർത്തു കാരുണ്യം കാണിക്കുന്നത്. ഈ ശ്ലോകത്തിൽ ഭക്തനായ കവി തൻെറ ഇഷ്ടദേവതയോടു സായുജ്യത്തിനുവേണ്ടി കരയുന്നു.(2) മൂലദൈവമേ മുരുക -ആദിദൈവമായ മുരുക, സുബ്രഹ്മണ്യാ! പൊരുള് റപരമാർത്ഥം. സ്ഥൂലമോ സൂക്ഷ്മദേഹമോ മൂലമോ -സ്ഥൂല സൂക്ഷ്മ കാരണശരീരങ്ങളാണോ? (അല്ലെങ്കിൽ എല്ലാം). മുടിവിലുള്ളതെന്നിയേ -നാശത്തിൽ ഒന്നും ഇല്ലാതെ. കാലവൈഭവമതിൽകലർന്നെഴും ജാലമോ -കാലത്തിൻെറ വൈഭവംകൊണ്ടുണ്ടാകുന്ന ഭ്രമം (വെറും തോന്നൽ) മാത്രമാണോ? (3) കശ്മലൻറ പാപിയായ ഞാൻ. 'ഭവൽപദാംബുജം കാണുമാറു കരുതാതെ -നിൻെറ പാദദർശനം ഉണ്ടാകുന്നതിനുവേണ്ടി ശ്രമിക്കാതെ. വീണൻ ആയി വളരുന്നുവെങ്കിലും -പാപത്തിനായി ജീവിക്കുന്നു എങ്കിലും. ദൈവമേ, കാണി നീ കരുണ ചെയ്ക -നീ (എന്നിൽ) സ്വല്പം കാരുണ്യം കാണിക്കണേ.

ഏണനേർമിഴികളോടു മന്മഥൻ
ബാണവൈഭവമെടുത്തടിക്കിലും
പ്രാണനുള്ളളവണഞ്ഞിടാതെ കൺ-
കോണൊഴിഞ്ഞു കൃപചെയ്ക ദൈവമേ! 4

ആണവക്കടലിലാഴുമേഴ ഞാ-
നേണപാണിമകനെൻെറ തമ്പുരാൻ
വേണമെങ്കിലവനെന്നെയാളുമെ-
ന്നാണുറപ്പുമടിമയ്ക്കു ദൈവമേ! 5

നീറിടുന്ന മനതാരിൽ നിൻപദം
തേറിടുന്നതിനശക്തനെങ്കിലും
കൂറിടുന്ന തിരുമേനിയെന്നിയേ
വേറിനിക്കൊരുവരില്ല ദൈവമേ! 6

നാറുമീയുടലു തൻെറ മേനിയിൽ
കേറിയൻപൊടു കലർന്നുകൊള്ളുമോ
ചോറിരന്നു ചുണകെട്ടു ചീയുമോ
കൂറഴിഞ്ഞു വിലസുന്ന ദൈവമേ! 7

സൂനവാടിയിലെഴുന്ന തെന്നലേ!
പീനമാ മയിലിലേറുമോമലേ!
മാനമറ്റ മലമായ ചെയ്യുമീ
ദീനമെന്നു തുലയുന്നു ദൈവമേ! 8

---

(4) മന്മഥൻ ബാണവൈഭവം എടുത്ത് അടിക്കിലും-കാമദേവൻ അസ്ത്രവൈദഗ്ദ്ധ്യത്തോടുകൂടി (എന്നെ) പ്രഹരിക്കിലും. പ്രാണനുള്ളളവ് ഏണനേർമിഴികളോട് അണഞ്ഞിടാതെ -(ഞാൻ) ജീവകാലത്തു സുന്ദരികളോട് അടുക്കാൻ ഇടവരാത്തമാതിരി. ദൈവമേ, കൺകോണഴിഞ്ഞു കൃപചെയ്ക -നിൻെറ കൃപാകടാക്ഷം ഉണ്ടാകണേ. (5) ആണവക്കടലിലാഴും ഏഴ ഞാൻ -ഞാൻ ദുഃഖസമുദ്രത്തിൽ ആളുന്ന ഒരു പാവമാണ്. ഏണപാണിമകൻ എൻെറ തമ്പുരാൻ -എൻെറ സ്വാമിയോ ഏണപാണിയുടെ (ശ്രീപരമേശ്വരൻെറ) മകനാണ്. (ആ സ്ഥിതിക്കു) വേണമെങ്കിൽ അവൻ -ആ സ്വാമി. എന്നെ ആളും -എന്നെ കൈക്കൊള്ളും, രക്ഷിച്ചുകൊള്ളും. എന്നാണ് അടിമയ്ക്ക് ഉറപ്പ് -എന്നാണ് അടിമയായ എനിക്കുള്ള ധൈര്യം. (6) നീറിടുന്ന മനതാരതിൽ -ദുഃഖിക്കുന്നതായ എൻെറ മനസ്സിൽ. നിൻപദം തേറിടുന്നതിന് അശക്തനെങ്കിലും -നിൻെറ പദം അറിയുന്നതിനു ഞാൻ അശക്തനാണെങ്കിലും. തിരുമേനി എന്നിയെ വേറെ എനിക്ക് ഒരുവർ ഇല്ല -നിന്തിരുവടിയല്ലാതെ വേറെ ആരും എനിക്കു രക്ഷയില്ല. കൂറിടുന്നു-എന്നു ഞാൻ ഉറച്ചിരിക്കുന്നു. (7) കൂറഴിഞ്ഞു വിലസുന്ന ദൈവമേ - കാരുണ്യം നിറഞ്ഞു ശോഭിക്കുന്ന ദൈവമേ. നാറും ഈ ഉടൽ-നശ്വരമായ എൻെറ ഈ ദേഹം. തൻെറ മേനിയിൽ കേറി അൻപൊടു കലർന്നുകൊള്ളുമോ -എനിക്കു നിൻെറ സായുജ്യം ഉണ്ടാകുമോ! അതല്ല, ചോറ് ഇരന്നു ചുണകെട്ടു ചീയുമോ -ഉപജീവനത്തിനുവേണ്ടി യാചിച്ചു പൗരുഷമില്ലാതെ ജീവിച്ചു നശിക്കുമോ. ഞാൻ നിൻെറ സായുജ്യത്തിനുവേണ്ടി ശ്രമിക്കാതെ കേവലം ജീവിക്കാൻവേണ്ടിമാത്രം ശ്രമിച്ചു നശിക്കുവാൻ ഇടവരരുതെന്നു സാരം. (8) സൂനവാടിയിൽ എഴുന്ന തെന്നലേ -തണ്ടെല്ലിലെ സിരാബന്ധങ്ങളിൽക്കൂടി വ്യാപരിക്കുന്ന പ്രാണശക്തിയായുള്ളോനേ. (തണ്ടെല്ലിൻെറ അടിയിലുള്ള മൂലാധാരം സ്വാധിഷ്ഠാനം

വാനലർക്കൊടി കുലച്ച കോരകം
തേനൊലിച്ചു വിരിയുന്ന വേളയിൽ
സ്വാനമിട്ടളി മുഴക്കി മൗനമായ്
ഞാനിരിപ്പതിനിയെന്നു ദൈവമേ! 9

തീനെടുത്തിനി വെറുക്കുമെങ്കിലും
വാനടുത്ത വഴി കാണുമെങ്കിലും
കോനെടുത്തു കുടിവയ്ക്കുമങ്കിലും
ഞാനെടുത്ത ജനി നന്നു ദൈവമേ! 10

*പരമായ നിൻെറ പദപങ്കജത്തിനി-
പ്പുറമായി നിന്നു പൊതിയുന്നു സങ്കടം;
പറയാവതല്ല പലരോടുമോതിയാ-
ലറിയാവതല്ല കളവല്ല ദൈവമേ! 11

അറിയാമിതൊക്കെയവിടത്തിലെങ്കിലും
പറയാതിരിപ്പതഴകല്ല പാമരൻ;
മറനാലുമോതിയറിയാതെ നിൻപദം
പറവാനുമില്ല പരിചിന്നു ദൈവമേ! 12

ഇവ തുടങ്ങി തലച്ചോറിലെ സഹസ്രാരപത്മംവരെയുള്ള വിവിധ ആധാര സ്ഥാനങ്ങളെ യോഗശാസ്ത്രത്തിൽ പൂക്കളായിട്ടാണു രൂപകംചെയ്തിരിക്കു ന്നത്.) അതുകളെ എല്ലാം ചേർത്തു കവി സൂനവാടി (പുഷ്പവാടി) എന്നു പറയുന്നു. പീന മാമയിലിൽ ഏറും ഓമലേ -തടിച്ച വലിയ മയിൽവാഹനമായുള്ള എൻെറ പ്രേമാസ്പദമേ. മാനം അറ്റ -അളവറ്റ. മലമായ -ദുഷിച്ച മായ. ചെയ്യുമീ ദീനം -ഉണ്ടാക്കുന്നതായ എൻെറ ദുഃഖം (9) വാനലർക്കൊടി -ദിവ്യകുസുമലത (നാഡീചക്രമായിരിക്കണം ഉദ്ദേശിച്ചിരിക്കുന്നത്). കുലച്ച കോരകം -പൂത്തതായ മൊട്ട്. തേനൊലിച്ചു വിരിയുന്ന വേളയിൽ-ആനന്ദം ഒഴുകിക്കൊണ്ടു വികസിക്കുമ്പോൾ. അളി മുഴക്കി -വണ്ടിൻമുരൾച്ച ഉണ്ടാക്കി. (10) തീനെടുത്ത് ഇനി വെറുക്കുമെങ്കിലും -ഇനി തിന്നുവെറുക്കുന്നമാതിരി ജീവിച്ചാലും. വാനടുത്ത വഴി കാണുമെങ്കിലും -സ്വർഗ്ഗത്തിലേക്കുള്ള മാർഗ്ഗം കണ്ടാലും. കോൻ എടുത്തു കുടിവയ്ക്കുമെങ്കിലും -രാജാവ് എടുത്തു പാർപ്പിച്ചാലും (രാജസ്വാധീനമുണ്ടായാലും എന്നു സാരം) ഇങ്ങനെ എനിക്ക് ഏതുമാതിരി ജീവിതമായാലും. ഞാൻ എടുത്ത ജനി നന്നു -ഞാൻ എടുത്ത ജന്മം നല്ലതുതന്നെ. നിൻെറ കാരുണ്യമുണ്ടെങ്കിൽ ഏതുമാതിരി ജീവിച്ചാലും എനിക്കു ജന്മസാഫല്യം വരുമെന്നു സാരം. (11) നിൻെറ പരമായ പദപങ്കജത്തിന്ന് ഇപ്പുറമായി നിന്നു -നിൻെറ ശ്രേഷ്ഠമായ പദപങ്കജത്തിനിപ്പുറം നിന്നിട്ട് (നിൻെറ പാദപ്രാപ്തി ഇല്ലാത്തതുകൊണ്ട് എന്നു സാരം). സങ്കടം പൊതിയുന്നു -എൻെറ ദുഃഖം പൊതിയുന്നു. നീ മാത്രമേ എൻെറ സങ്കടം അറിയാനുള്ളു എന്നു സാരം. (12) ഇതൊക്കെ അവിടേക്ക് അറിയാമെങ്കിലും പാമരൻ (പഠിപ്പില്ലാ ത്തവൻ) പറയാതിരിക്കുന്നതും ഭംഗിയല്ല. മറ നാലും ഓതി അറിയാതെ -നാലു വേദവും പഠിച്ചിട്ട് അറിയാതെ. നിൻപദം പറവാനും -നിന്നെപ്പറ്റി പറയാനും. പരിച് ഇന്ന് ഇല്ല -ഇന്നു സാമർത്ഥ്യമില്ല.

---

* 11 മുതൽ 55 വരെയുള്ള പദ്യങ്ങൾ കൊല്ലം പെരിനാട്ടു തൃക്കരുവാ കാർത്തികേയ ക്ഷേത്രത്തിൽ വച്ചു ദ്രുതകവിതാപരീക്ഷയിൽ ഒരു മണിക്കൂറുകൊണ്ടുണ്ടാക്കിയതാണ്.

ഒരു വേലചെയ്യു തിരുവുള്ളമൂറുമാ-
റൊരു സമ്പ്രദായമറിയാതെ പാപി ഞാൻ
ഗുരുപാദമെന്നു കുറിയായ് നിനച്ചതിൽ-
പ്പെരുമാറുമാറു മരുവുന്നു ദൈവമേ! 13

തിരുനീറണിഞ്ഞു തിരുനാമമോതി നി-
ന്തിരുവേലകൊണ്ടു ദിവസം കഴിച്ചു ഞാൻ
സ്ഥിരമായിരുന്നു തവ പാദപങ്കജം
മരുവുന്നതെന്നു മയിലാർന്ന ദൈവമേ! 14

മരുവിൽപ്പരന്ന മൃഗതൃഷ്ണികാജലം
പരുകുന്നതിന്നു പണിചെയ്യിടാതെ ഞാൻ
സുരലോകഭോഗമതിലും വെറുത്തു നി-
ന്നരികത്തിലെന്നു മരുവുന്നു ദൈവമേ! 15

അറിയാതിരുന്നതറിയാതറിഞ്ഞു ഞാ-
നറിവാകുമിമ്പമഴിയാതഴിഞ്ഞതിൽ
മുറിയാതെ നിഷ്ഠ മുറയായുറച്ചിരു-
ന്നുറവാവതെന്നു പറയുന്നു ദൈവമേ! 16

---

(13) തിരുവുള്ളം ഊറുമാറ് -നിന്തിരുവടിയുടെ കനിവുണ്ടാകത്തക്കവണ്ണം. ഗുരുപാദമെന്നു -ഗുരുപാദംതന്നെ ആശ്രയമെന്ന്. കുറിയായ് -തിട്ടമായ്. (14) തിരുനീറണിഞ്ഞു -ഭസ്മം ധരിച്ചു. തിരുനാമം ഓതി -നിൻെറ നാമം ജപിച്ചു. നിന്തിരുവേലകൊണ്ടു ദിവസംകഴിച്ചു ഞാൻ -നിന്തിരുവടിയുടെ പൂജകൊണ്ടു ഞാൻ ദിവസം കഴിച്ചുപോന്നു (കവി ഒരുകാലം ഒരു ക്ഷേത്രത്തിൽ പൂജാരിയായിരുന്നു). സ്ഥിരമായിരുന്നു -സ്ഥിരമായി താമസിച്ചു (ഇടവിടാതെ എന്നും അർത്ഥമെടുക്കാം). തവ പാദപങ്കജം മരുവുന്നതെന്നു -എന്നാണു നിൻെറ പാദപങ്കജത്തിൽ മരുവുന്നത് (പാദപങ്കജധ്യാനത്തിൽ കഴിയുന്നത്). മരുവുക എന്നത് അധിവസിക്കുക എന്ന അർത്ഥത്തിലുള്ള സകർമ്മകക്രിയയായും പങ്കജം എന്നത് അതിൻെറ കർമ്മമായ ദ്വിതീയയായും എടുക്കണം. ഈ സംസ്കൃതശൈലി കവി വേറെയും സ്വീകരിച്ചിട്ടുണ്ട്. 'കാനനം നടുവെ' എന്നതു നോക്കുക. മയിലാർന്ന ദൈവമേ -മയിൽവാഹനനായ ദൈവമേ. (15) മൃഗതൃഷ്ണികാജലം-കാനൽവെള്ളം (ഇല്ലാത്തത് എന്നു സാരം). പരുകുന്നതിന്നു -കുടിക്കുന്നതിനു (മിഥ്യയായ ലൗകികഭോഗങ്ങൾ അനുഭവിക്കാൻ എന്നു സാരം.) പണിചെയ്യാതെ -വേലയെടുക്കാതെ. സുരലോകഭോഗമതിലും വെറുത്തു -സ്വർഗ്ഗസുഖത്തിലും വിരക്തിവന്നു. (സുരലോകഭോഗം അതിലും, അതിനെക്കാളും, മൃഗതൃഷ്ണികയെക്കാളും, അതായതു ലൗകികഭോഗത്തെക്കാളും വെറുത്തു എന്നും അന്വയിക്കാം.) (16) അറിയാതിരുന്നതു -അറിയാതിരുന്ന പൊരുൾ. അറിയാതെ അറിഞ്ഞു -ബോധാതീതമായി അറിഞ്ഞു. ഈശ്വരസാക്ഷാത്കാരം, ബോധാതീതമായ ജ്ഞാനം. അതായത് വ്യക്തിബോധം നശിച്ചുണ്ടാകുന്ന അറിവ് എന്നാണു സിദ്ധാന്തം. ('അറിവിലുമേറി അറിഞ്ഞിടുന്നവൻ' എന്നു ശ്രീനാരായണ ഗുരുസ്വാമിയുടെ ആത്മോപദേശശതകത്തിലും പറയുന്നുണ്ട്.) അറിവാകുന്ന ഇമ്പം -ജ്ഞാനസ്വരൂപമായ ആനന്ദം. അഴിയാതെ -നശിക്കാതെ. അഴിഞ്ഞു -അതിൽ ലയിച്ചു. നിഷ്ഠ മുറിയാതെ -നിഷ്ഠവിടാതെ. മുറയായ് -മുറപ്രകാരം. ഉറച്ചിരുന്നു -അചഞ്ചലമായിരുന്നു. ഉറവാവതെന്നു -നിർവ്വാണപ്രാപ്തിയുണ്ടാകുന്നത് എന്നാണ്.

തുറയായ് നടന്നു തുണയറ്റു നിൻപദം
തുറയായറിഞ്ഞു തുഴയുന്നതൊക്കെയും
കുറിയായയുണർന്നു കനിയുന്ന നീയിനി-
പ്പുറമേ വരുന്ന വരവെന്നു ദൈവമേ! 17

ചെറുതില്ല ചിത്തമതിലമ്പു നിമ്പദം
പുറമേ നിനച്ചു പുകഴുന്നു പാപി ഞാൻ
അറിവില്ല ചെയ്തതഖിലം പൊറുത്തു നീ
മറുതിപ്പെടുത്തു കനിവുള്ള ദൈവമേ! 18

സുരസിന്ധു ചൂടി വിലസുന്ന സുന്ദര-
ത്തിരുമൗലിയാറു തിരളുന്ന നിൻപദം
ഒരു നേരമുള്ളിലൊഴിയാതിരിക്കുമാ-
റരുമക്കടാക്ഷമരുളീടു ദൈവമേ! 19

പരമില്ലെനിക്കു പറവാനുമാശ്രയം
പരിപാഹി! പാഹി പരമാർത്ഥരൂപമേ!
പരിതോഷമോടു പലവാറുമാളുമെൻ
"കരുവാ"യിരുന്നു കനിയുന്ന ദൈവമേ! 20

അണുവിന്നു മൂലമറിയായ്മയായെഴു-
ന്നണുജാലജാലമഖിലാണ്ഡമണ്ഡലം
ഘൃണയോടു കാത്തു മരുവുന്ന നിൻപദം
പണിയുന്നവർക്കു പിണിയേതു ദൈവമേ! 21

---

(17) തുറയായ് നടന്നു -സർവ്വം ത്യജിച്ചു നടന്നു. (അലഞ്ഞുതിരിഞ്ഞു നടന്നു എന്നായിരിക്കണം ഇവിടെ അധികം പറ്റിയ അർത്ഥം. തുറവിക്കു സന്യാസം എന്നാണർത്ഥം.) തുണയറ്റു -സഹായമില്ലാതെ (തുണയറ്റു നടന്നു എന്നും അന്വയിക്കാം.). നിൻപദം തുണയായി അറിഞ്ഞു -നിന്നെ തുറമുഖമായി, അഭയസ്ഥാനമായി, കണ്ടു. തുഴയുന്നതൊക്കെയും കുറിയായയുണർന്നു -തുഴയുന്നതൊക്കെയും തിട്ടമായി അറിഞ്ഞു. കനിയുന്ന നീ -കാരുണ്യം കാണിക്കുന്ന നീ. ഇനി പുറമേ വരുന്ന വരവ് എന്നു -പ്രത്യക്ഷമാകുന്നത് എന്നാണ്. (18) ചെറുതില്ല ചിത്തമതിലമ്പു -എനിക്ക് ഉള്ളിൽ ഭക്തി ഒട്ടുമില്ല. നിൻപദം പുറമേ നിനച്ചു പുകഴുന്നു പാപി ഞാൻ -പാപിയായ ഞാൻ നിൻപദം ബാഹ്യമായി മാത്രം വിചാരിച്ചു വാഴ്ത്തുകയാണ്. അറിവില്ല -അത് എനിക്ക് അറിവില്ലാത്തതുകൊണ്ടാണ്. മറുതിപ്പെടുത്തുക -ആശ്വസിപ്പിക്കുക. (19) സുരസിന്ധു ചൂടി -ദേവഗംഗ ധരിച്ചു. സുന്ദരതിരുമൗലിയാറു തിരളുന്ന നിൻപദം -സുന്ദരമായ ആറുതല (മുഖമെന്നു സാരം) ഉള്ളതായ നിൻപദം. (20) പരമില്ലെനിക്കു പറവാനും ആശ്രയം -എനിക്കു നീയല്ലാതെ വേറൊരു ആശ്രയവും പറയാൻ ഇല്ല. പരിപാഹിപാഹി -രക്ഷിച്ചാലും രക്ഷിച്ചാലും. പരമാണുരൂപമേ -സൂക്ഷ്മസ്വരൂപി (അണോരണീയാൻ എന്ന് ഉപനിഷത്തിൽ പറയുന്നുണ്ട്). പരിതോഷമോടു -സന്തോഷത്തോടുകൂടി. പലവാറും ആളും -പല രൂപവും എടുക്കുന്ന. എൻ കരുവാ ഇരുന്നു കനിയുന്ന ദൈവമേ -കരുവാക്ഷേത്രത്തിൽ സന്നിധാനംചെയ്തു കാരുണ്യം കാണിച്ചുകൊണ്ടിരിക്കുന്ന എന്റെ ദൈവമേ (കരുവാക്ഷേത്രത്തിൽ കവി ഭജിച്ചുതാമസിച്ചിരുന്നു). (21) അണുവിന്നു മൂലം -പ്രപഞ്ചത്തിന്റെ സൂക്ഷ്മരൂപമായ അണുവിനു കാരണമായ. അറിയായ്മയായെഴുന്ന-അജ്ഞാനകാര്യമായ. അണുജാലജാലമഖിലാണ്ഡമണ്ഡലം -അണുക്കൂട്ടങ്ങൾ ചേർന്നുള്ള സർവ്വ ബ്രഹ്മാണ്ഡ

അണയറ്റു പൊങ്ങുമരുളാഴിതന്നിലി-
പ്പിണമൊക്കെ നിന്നു വിലസുന്നു പോളപോൽ
ഗുണമറ്റു കണ്ണു കുറിയാക്കിടുന്ന നിൻ-
ഗുണമാരറിഞ്ഞു ഗുരുവെന്നി ദൈവമേ! 22

ക്ഷണവൃത്തിയായ വിഷയാത്മകം സുഖം
തൃണതുച്ഛമെന്നു കരുതുന്ന ബുദ്ധിമാൻ
പണിചെയ്തു ഭക്തിപദവീവിലാസമോ-
ടണയുന്നപാരസുഖരൂപ! ദൈവമേ! 23

തുണയെന്നു നിന്നു പണിയും ജനത്തിന-
ങ്ങണയുന്ന താപമഖിലം കെടുത്തുടൻ
പണയപ്പെടുന്ന പരമാനുകമ്പയാർ-
ന്നണിമാദിസിദ്ധിയരുളുന്ന ദൈവമേ! 24

ക്ഷണികാദിവാദിവിപരീതവർത്തികൾ-
ക്കണുകാതെതന്നെയകലത്തിരുന്നു നീ
പ്രണയം കലർന്നു പരമാർത്ഥവിത്തുകൾ-
ക്കണികയ്യിലാർന്നു വിലസുന്ന ദൈവമേ! 25

കൂട്ടവും. ഘൃണയോടു കാത്തു മരുവുന്ന-ദയയോടുകൂടി രക്ഷിച്ചുപോരുന്ന. നിൻ പദം പണിയുന്നവർക്കു -നിന്നെ ആരാധിക്കുന്നവർക്ക്. പിണിയേതു -ദുഃഖമില്ല. (പ്രപഞ്ചം അജ്ഞാനംകൊണ്ടു തോന്നുന്നതും വാസ്തവത്തിൽ ഇല്ലാത്തതുമാണെന്നാണു സിദ്ധാന്തം.) 22. അണയറ്റു പൊങ്ങും -അണകവിഞ്ഞു പൊങ്ങുന്ന. അരുളാഴിതന്നിൽ -അറിവാകുന്ന സമുദ്രത്തിൽ. ഈ പിണമൊക്കെനിന്നു വിലസുന്നു പോളപോൽ -ഈ ജഡമെല്ലാം കുമിളകൾപോലെ പ്രത്യക്ഷപ്പെടുന്നു. (ജഡങ്ങൾ ക്ഷണികങ്ങളാണെന്നും അതുകൾക്കു ജ്ഞാനരൂപമല്ലാതെ വേറെ സത്തയില്ലെന്നും സാരം. 'എല്ലാമൊരാദിയറിവാം' എന്ന് ആത്മോപദേശശതകത്തിലും പറയുന്നുണ്ട്.) ഗുണമറ്റു കണ്ണു കുറിയാക്കിടുന്ന നിൻ -സത്വരജസ്തമോഗുണങ്ങൾ കൂടാത്തതായി കണ്ണു ലക്ഷ്യമാക്കുന്ന നിൻെറ. (23) ക്ഷണവർത്തിയായ - ക്ഷണനേരം മാത്രം. നില്ക്കുന്ന - ക്ഷണഭംഗുരമായ. വിഷയാത്മകം സുഖം -ഇന്ദ്രിയജന്യമായ സുഖം. തൃണതുച്ഛമെന്ന് - പുല്ലുപോലെ നിസ്സാരമെന്നു കരുതുന്ന ബുദ്ധിമാൻ. പണിചെയ്തു-സേവചെയ്തു. ഭക്തിപദവീവിലാസമോടു-ഭക്തിമാർഗ്ഗവിലാസംകൊണ്ട്. അപാരസുഖരൂപദൈവമേ. അഖണ്ഡാനന്ദരൂപമായ ദൈവമേ. ഈ ശ്ലോകം സംബോധനയോടുകൂടിത്തന്നെ അവസാനിക്കുന്നു. അല്ലാതെ വരണമെങ്കിൽ ഭക്തിപദവീവിലാസമോട് അണയുന്നു എന്നു പൂർണ്ണക്രിയയായി എടുക്കണം. അപ്പോൾ അതിനു ഭക്തിപദവീവിലാസത്തെ പ്രാപിക്കുന്നു എന്നർത്ഥം. (24) തുണയെന്നുനിന്നു പണിയും ജനത്തിന്-നീമാത്രം ആശ്രയമെന്നു കരുതി നിന്നു സേവചെയ്യുന്ന ജനത്തിന്. പണയപ്പെടുന്ന-അവർക്ക് അധീനപ്പെടുന്ന മാതിരി. അണിമാദി സിദ്ധിയരുളുന്ന ദൈവമേ - അണിമാദിസിദ്ധികൾ കൊടുക്കുന്ന ദൈവമേ. അണിമാദി സിദ്ധി അരുളുന്നു എന്നു പൂർണ്ണക്രിയയായി കവി എഴുതിയിരിക്കാൻ ഇടയുണ്ട്. അങ്ങനെയാണെങ്കിൽ നീ അരുളുന്നു എന്ന് അർത്ഥം പറയണം. (25) ക്ഷണികാദിവാദവിപരീതവർത്തികൾക്ക്-ക്ഷണികവാദം മുതലായ ദൈവവിപരീതമാർഗ്ഗങ്ങളിൽ നില്ക്കുന്നവർക്ക്. അണുകാതെതന്നെ അകലത്തിരുന്ന്-പ്രാപ്യമാകാതെ ദൂരെയിരുന്ന്. പ്രണയംകലർന്നു-ഭക്തിയുള്ള. പരമാർത്ഥവിത്തുകൾക്ക്-സത്യജ്ഞാനികൾക്ക്. അണികയ്യിലാർന്നു വിലസുന്ന ദൈവമേ-ഉള്ളം കൈയിലിരുന്നു ശോഭിക്കുന്ന ദൈവമേ. അത്രയ്ക്കു സാക്ഷാൽപെടുന്നതെന്നു സാരം.

മണമാദിയായി വിലസുന്ന മണ്ണിലും
തുണചിന്തചെയ്തു ഗുണമായ് നിറഞ്ഞുടൻ
ഗുണിയററു നിന്നു ഗുണവും നിരാശ്രയി-
ച്ചണയുന്നതായി വിലസുന്ന ദൈവമേ! 26

രണനാദിതോറുമനിശം ഭ്രമിച്ചുടൻ
രണമാടി നിന്നു രസമൂറുമിന്ദ്രിയം
രണനാദി പെററു രണമാടി രണ്ടുമ-
ററമരേണമെന്നിലരുളായ ദൈവമേ! 27

ഗണികാജനത്തൊടണയാതെ കേവലം
പണമോഹമോടു പതറാതെ മാനസം
ക്ഷണനേരമിങ്ങു മരുവാതെ വന്നുനി-
ന്നണിപാദപദ്മമതിലാക ദൈവമേ! 28

നിണമുണ്ടിടുന്ന നരകപ്പിശാചുതൻ
ഗണമെന്നപോലെ വരുമഷ്ടവൈരിമാർ
പ്രണവപ്രയോഗശരധാരയേററുടൻ
വ്രണമാർന്നു വീഴുമരുളേക ദൈവമേ! 29

മണമേ മലർന്ന മലരേ! മരന്ദമേ!
അണിയിട്ടു പാടുമളിയേ വസന്തമേ!
ഗുണമററു നിന്നു 'കരുവാ' വിളങ്ങുമു-
ണ്മണിയേ തുണയ്ക്ക ഗുഹദേവ! ദൈവമേ! 30

---

(26) മണമാദിയായി വിലസുന്ന മണ്ണിലും-ഗന്ധം പ്രധാനഗുണമായിട്ടുള്ള പൃഥിവിയിലും. ഗുണചിന്തചെയ്തു ഗുണമായ് നിറഞ്ഞുടൻ-ഗുണത്തെപ്പററി ചിന്തിച്ചു ഗുണംമാത്രമായി ശേഷിച്ചു. ഗുണിയററു-ഗുണിയായ ദ്രവ്യം നശിച്ചു. ഗുണവും നിരാശ്രയിച്ചു-ഗുണവും ഇല്ലാതായി. (27) രണനാദിതോറും-ശബ്ദാദിവിഷയങ്ങൾതോറും. രസമൂറും-രസിക്കുന്ന. രണനാദി പെററ്-വിഷയങ്ങളെ സൃഷ്ടിച്ച്. രണമാടി-ആസ്വദിച്ച്. രണ്ടും അററ്-വിഷയവും ഇന്ദ്രിയവും ഇല്ലാതായി. (28) ഗണികാജനത്തൊടണയാതെ കേവലം-വേശ്യകളോട് ഒട്ടും അടുക്കാതെ. ക്ഷണനേരമിങ്ങു മരുവാതെ-സ്വല്പനേരംപോലും ഇഹത്തിൽ നിൽക്കാതെ. വന്നു നിന്നണിപാദപത്മമതിലാക-വന്നു നിൻെറ പാദപങ്കജത്തിലാകട്ടെ, നിൻെറ പാദധ്യാനത്തിൽ ലയിക്കട്ടെ. (29) നിണമുണ്ടിടുന്ന നരകപ്പിശാചുപോലെ-ചോര കുടിക്കുന്ന നരകത്തിലെ പിശാചിനെപ്പോലെ. വരുമഷ്ടവൈരിമാർ-വരുന്ന അഷ്ടരാഗങ്ങൾ. പ്രണവപ്രയോഗശരധാരയേററുടൻ-ഇടവിടാത്ത ഓങ്കാരധ്യാനമാകുന്ന ശസ്ത്രമേററ്. വ്രണമാർന്നു വീഴും-വ്രണപ്പെട്ടു വീഴുമാറുള്ള. അരുൾ ഏക-അനുഗ്രഹം തരിക. (30) മണമേ മലർന്ന മലരേ-മണവും വിടർന്ന പൂവും ആയവനേ (ഗുണവും ഗുണിയും ആയവനേ എന്നു സാരം). മരന്ദമേ അണിയിട്ടു പാടും അളിയേ-പൂംപൊടിയും അതിനു ചുററും പറന്നു പാടുന്ന വണ്ടും ആയവനേ. (ഭോജ്യവും ഭോക്താവുമായവനേ എന്നു സാരം.) വസന്തമേ-വസന്തകാലമേ. കാലമായതു നീതന്നെ് എന്നു സാരം. ('നീതന്നെ വർത്തമാനവും ഭൂതവും ഭാവിയും' എന്നു ശ്രീനാരായണഗുരുസ്വാമിയുടെ ഒരു കൃതിയിലും കാണുന്നുണ്ട്.) ഗുണമററു നിന്നു-നിർഗുണമായി നിന്നു. കരുവാവിളങ്ങും-കരുവായിൽ (പെരിനാട്ടു കരുവാക്ഷേത്രത്തിൽ.) ചൈതന്യം കാട്ടുന്ന. ഉണ്മണിയേ-ഉള്ളിലെ ജ്യോതിസ്സായവനേ. ഗുഹ-സുബ്രഹ്മണ്യ! തുണ ചെയ്യാലും.

ആദിനായക! നിറഞ്ഞു നീയിരു-
ന്നാദരിക്കുകിലുമന്ധനായ ഞാൻ
ഖേദവാരിധിയതിൽ കിടന്നഹോ!
വേദനപ്പെടുവതെന്തു ദൈവമേ! 31

വേദവീഥിയിലുമില്ല നിൻപദം
വാദവാണിയിലുമില്ല ചൊല്ലുകിൽ
മോദമുററ മുനിതൻ മനക്കുരു-
ന്നാദരിച്ചടിയിരുന്ന ദൈവമേ! 32

മൂർത്തി മൂന്നുമുരുവററു നിന്നിടും
പൂർത്തിയായ പുരവൈരിപുണ്യമേ!
കാർത്തികേയ! കരുണാരസം പൊഴി-
ഞ്ഞാർത്തി തീർത്തരുളുമാദിദൈവമേ! 33

പേർത്തുപേർത്തു പരിതാപമൊക്കെ ഞാ-
നോർത്തു ചൊല്ലിയുഴലുന്നു സന്തതം
പാർത്തിരുന്നു പലകാലമെന്നെ നീ-
യോർത്തിരങ്ങിയരുളിന്നി ദൈവമേ! 34

ഉണ്ണിയാണൊരുവനില്ല നിൻപദം
നണ്ണിയാണു നടകൊണ്ടിടുന്നു ഞാൻ
ദണ്ഡമിന്നുമിയലുന്നതോർക്കിലെൻ-
കണ്ണുനീരു കവിയുന്നു ദൈവമേ! 35

---

(31) ആദിനായക നിറഞ്ഞു നീയിരുന്നാദരിക്കുകിലും-ആദിനായകനായ നീ എല്ലാം നിറഞ്ഞിരുന്നു രക്ഷചെയ്തിട്ടും. അന്ധനായ ഞാൻ ഖേദവാരിധിയതിൽ കിടന്നഹോ വേദനപ്പെടുവത്-അജ്ഞനായ ഞാൻ മഹാദുഃഖത്തിൽപ്പെട്ടു സങ്കടപ്പെടുന്നത് എന്തു കഷ്ടമാണ്. (32) മോദമുററ മുനിതൻ മനക്കുരുന്ന്-സന്തോഷമുള്ള മുനിയുടെ മനസ്സിൽ. ആദരിച്ചടിയിരുന്ന ദൈവമേ-കനിവോടുകൂടി സാന്നിധ്യം ചെയ്തതായ ദൈവമേ. (മനക്കുരുന്ന് എന്നതു കർമ്മമായും കർത്താവായും എടുക്കാം. കർമ്മമായെടുത്താൽ മനക്കുരുന്നിൽ അടിയിരുന്നു എന്നും കർത്താവായെടുത്താൽ മനക്കുരുന്നു ദൈവത്തിൽ അടിയിരുന്നു എന്നും അർത്ഥമാണ്.) നിൻപദം വേദവീഥിയിലും ഇല്ല-വേദമാർഗ്ഗത്തിലും ഇല്ല. വാദവാണിയിലും ഇല്ല-വാദവാക്കുകളിലും ഇല്ല. (വേദം പഠിച്ചാലും വാദം നടത്തിയാലും നിന്നെ അറിയുകയില്ല. മുനിയായി ധ്യാനിച്ചാൽ മാത്രമേ നീ അനുഭവപ്പെടുകയുള്ളു എന്നു സാരം). (33) മൂർത്തി മൂന്നും ഉരുവററു നിന്നിടും-ത്രിമൂർത്തികളും വ്യക്തിത്വംവിട്ട് ഒന്നിച്ചതായ. പൂർത്തിയായ പുരവൈരിപുണ്യമേ-ശിവൻെറ പൂർണ്ണമായ പുണ്യഫലമായിട്ടുള്ളവനേ. കാർത്തികേയ-സുബ്രഹ്മണ്യ. കരുണാരസം പൊഴിഞ്ഞു-കാരുണ്യവർഷംചെയ്തു. ആർത്തി തീർത്തരുളും ആദിദൈവമേ-ദുഃഖം തീർത്തുതരുന്നതായ ആദിദൈവമേ. അരുളാദി ദൈവമേ എന്നു പാഠമാകാൻ ഇടയുണ്ട്. (34) ഇരങ്ങി-കനിഞ്ഞു. ഇന്നി-ഇനി. അരുൾ-അരുളുക. (35) നണ്ണി-വിശ്വസിച്ചു. നടകൊണ്ടിടുന്നതു-നടക്കുന്നത്, ജീവിക്കുന്നത്. നണ്ണിയാണു നടകൊണ്ടിടുന്നു എന്നതിനു നടകൊണ്ടിടുന്നത് എന്നെടുത്താലേ അർത്ഥപൂർത്തിയാകയുള്ളു. ദണ്ഡം-ദുഃഖം.

കണ്ണിൽ നിന്നു കളിയാടിടുന്ന നിൻ-
പുണ്യപാദമറിയാതെ പാപി ഞാൻ
മണ്ണുതൊട്ടു മഷിയോളവും കിട-
ന്നെണ്ണിയെണ്ണിയുഴലുന്നു ദൈവമേ! 36

ഉണ്ണുമൂഴകളശേഷമൂഴിയിൽ-
ക്കണ്ണിൽ നിന്നു കലരുന്ന കാരണം
നണ്ണിനണ്ണി നരകിച്ചു നെഞ്ചകം
പുണ്ണുപോലെ പിളരുന്നു ദൈവമേ! 37

ദണ്ഡധാരി ദയയെന്നി നിത്യമെൻ-
മണ്ഡപത്തിൽ മരുവുന്നമൂലമായ്
ദണ്ഡഭീതി പെരുകുന്നു സന്തതം
ദണ്ഡുമേന്തി വിലസുന്ന ദൈവമേ! 38

പുണ്ഡരീകനയനൻ പുരാരിയും
പുണ്ഡരീകഭവനും പുലർത്തിടും
പുണ്ഡരീകമൃദുപാദമെൻ മനഃ-
പുണ്ഡരീകമതിലാക്ക ദൈവമേ! 39

വിണ്ണിൽ നിന്നു വിലസുന്ന കാർത്തികാ-
പുണ്യമേ ഭുവനമാളുമേകമേ
കണ്ണടുത്തു 'കരുവാ' വിളങ്ങുമെ-
ന്നുണ്ണിവേല! വരികാശു ദൈവമേ! 40

---

(36) കണ്ണിൽ നിന്നു കളിയാടുന്ന-പ്രത്യക്ഷമായി വിലസുന്ന. നിൻ പുണ്യപാദം-നിൻെറ പുണ്യപ്പെട്ട പാദത്തെ. മണ്ണുതൊട്ടു മഷിയോളവും-ഭൂമിതൊട്ട് ആകാശംവരെ. എണ്ണിയെണ്ണി-അന്വേഷിച്ച് അന്വേഷിച്ച്. (37) ഉണ്ണുമൂഴകള ശേഷം-ഇന്ദ്രിയങ്ങൾവഴി ഗ്രഹിക്കുന്ന വിഷയജ്ഞാനങ്ങളെല്ലാം. കണ്ണിൽ നിന്നു കലരുന്നകാരണം-മനസ്സിനു ദൃശ്യങ്ങളായിരിക്കുക നിമിത്തം. നണ്ണിനണ്ണി-ഉള്ളതാണെന്നു വിശ്വസിച്ചു. മിഥ്യാജ്ഞാനംകൊണ്ടുള്ള ദുഃഖത്തെ ഈ ശ്ലോകത്തിൽ പറയുന്നു. (38) ദണ്ഡാരി-കാലൻ. ദയയെന്നി-ദയവെന്യേ. എൻമണ്ഡപത്തിൽ- ഞാൻ താമസിക്കുന്നിടത്ത്. ദണ്ഡഭീതി-ദണ്ഡിപ്പിക്കുമെന്നുള്ള ഭയം. ദണ്ഡുമേന്തി വിലസുന്ന ദൈവമേ-ദണ്ഡായുധപാണിയായ ദൈവമേ. (39) പുണ്ഡരീകനയനൻ-വിഷ്ണു. പുരാരി-ശിവൻ. പുണ്ഡരീകഭവൻ-ബ്രഹ്മാവ്. പുലർത്തിടും-വാഴ്ത്തുന്നതായ. പുണ്ഡരീകമൃദുപാദം-താമരപ്പൂവുപോലെ മൃദുവായ നിൻെറ പാദം. എൻമനപ്പുണ്ഡരീകമതിലാക-എൻെറ മാനസപങ്കജത്തിൽ വരട്ടെ, ഞാൻ ധ്യാനിക്കട്ടെ എന്നു സാരം. (40) വിണ്ണിൽ നിന്നു വിലസുന്ന-സ്വർഗ്ഗത്തിൽ നിന്നു ശോഭിക്കുന്ന. കാർത്തികാപുണ്യമേ-കാർത്തികാനന്ദനാ. ഭുവനം ആളുമേകമേ-സർവ്വലോകവും വ്യാപിക്കുന്ന അദ്വയബ്രഹ്മമേ. കണ്ണടുത്തു-കണ്ണിൻെറ അരികെ (എളുപ്പം കാണാവുന്ന വിധത്തിൽ.) കരുവാ വിളങ്ങും-കരുവാക്ഷേത്രത്തിൽ സന്നിധാനംചെയ്യുന്ന. ഉണ്ണിവേലവ-ബാലസുബ്രഹ്മണ്യ.

അന്തരായനിരയായ മായത-
ന്നന്തരാളമതിലായ പാപി ഞാൻ
അന്തരംഗമറിയാതനാരതം
വെന്തെരിഞ്ഞു വിരളുന്നു ദൈവമേ! 41

നൊന്തിരുന്നു നുതിചെയ്തു നിത്യവും
നിന്തിരുപ്പദനിലീനമാനസൻ
സന്തരിച്ച ജനിസാഗരത്തിൽ വീ-
ണന്തരിച്ചടിയനെൻെറ ദൈവമേ! 42

എന്തുചെയ്യെളിയ ഞാനിനി പ്രിയം
സന്തതം വളരുമാറു ചെയ്യണം
പന്തു വിട്ട കരമന്നുതൊട്ടു നിൻ-
ചെന്തളിർപ്പദമിരന്നു ദൈവമേ! 43

ബന്ധമുക്തി വിഭജിച്ചു വിഭ്രമി-
ച്ചന്ധകൂപമതിലാണു സന്തതം
ബന്ധമററ തവ പാദതാരതിൻ-
ബന്ധമാരറിയുമാദിദൈവമേ! 44

അന്ധകാരമതിനാദിയില്ല പി-
ന്നന്ധകാരമതുമില്ല ചൊല്ലുകിൽ
അന്ധനായടിയനാഴുവാനിതിൽ
ബന്ധമെന്തരുളുകെൻെറ ദൈവമേ! 45

---

(41) അന്തരായനിരയായ മായതൻ അന്തരാളമതിലായ- വ്യാമോഹങ്ങളുടെ കൂട്ടമായ മായയുടെ ഉള്ളിൽ അകപ്പെട്ട പാപിയായ ഞാൻ. അന്തരംഗം അറിയാതെ-നിൻെറ ഇച്ഛ അറിയാതെ. വെന്തെരിഞ്ഞു-ആധിയിൽ പെട്ടു. വിരളുന്നു-ഭയപ്പെടുന്നു. (42) നൊന്തിരുന്നു നുതിചെയ്തു-ആർത്തിയോടുകൂടിയിരുന്നു സ്തോത്രംചെയ്തു. നിന്തിരുപ്പദനിലീനമാനസർ(ൻ?)-നിന്നിൽ മനസ്സു ലയിച്ചവർ. സന്തരിച്ച-കടന്ന. ജനിസാഗരത്തിൽ-സംസാരസമുദ്രത്തിൽ. അന്തരിച്ചു-വിഷമിച്ചു. (43) എളിയ ഞാൻ എന്തുചെയ്തു-എന്തുചെയ്തിട്ടാണ്. ഇനി പ്രിയം വരുമാറു-നിനക്കു പ്രീതി വർദ്ധിക്കുമാറ്. ചെയ്യണം-പ്രവർത്തിക്കേണ്ടത്. പന്തു വിട്ട കരം-ബാല്യക്രീഡ നിറുത്തിയ എൻെറ കയ്യ്. അന്നുതൊട്ടു-ബാല്യകാലം കഴിഞ്ഞതു മുതല്ക്കുതന്നെ. നിൻ ചെന്തളിർപദം ഇരന്നു-നിൻെറ പാദം പൂജിച്ചുവന്നു. ഇതില്പരം ഇനി എന്താണു ചെയ്യേണ്ടതെന്നു സാരം. (44) ബന്ധമുക്തി വിഭജിച്ചു-ബന്ധത്തേയും മുക്തിയേയും വിവേചിച്ചു (വാസ്തവത്തിൽ ബന്ധവും മുക്തിയും ഇല്ല; അതുണ്ടെന്നു വിചാരിച്ചു എന്നു സാരം.) വിഭ്രമിച്ചു-വിമോഹിച്ചു. അന്ധകൂപമതിൽ ആണു-അജ്ഞാനത്തിൽ ആണ്ടിട്ട്. സന്തതം ബന്ധമററ തവ പാദതാരതിൻ ബന്ധം-നിത്യമുക്തനായ നിൻെറ യഥാർത്ഥസ്ഥിതി. ആരറിയും-ആർക്കും അറിയാൻ സാധിക്കയില്ല. ബന്ധമുക്തികളററവനാണ് നീയെന്ന് അറിയാത്ത അജ്ഞർക്കു നിന്നെ അറിയാൻ സാധിക്കയില്ലെന്നു സാരം. (45) അന്ധകാരമതിനാദിയില്ല-അജ്ഞാനത്തിനു തുടക്കം ഇല്ല. അന്ധകാരമതുമില്ല-അതുകൊണ്ട് അത് ഇല്ലാത്തതുമാണ്. പറയുകിൽ-പരമാർത്ഥം പറയുകിൽ. പിന്നെ ഞാൻ അന്ധനായി ഇതിൽ ആഴുവാൻ-അന്ധകാരത്തിൽ ആഴുവാൻ. ബന്ധമെന്ത്-കാരണമെന്താണ്.

പന്തിയായ പലതും പരന്നിരു-
ന്നന്തകാനനമതിങ്കലാകവേ
അന്തികത്തിലരശററ ഞാനിരു-
ന്നെന്തുചെയ്യുമിനിയെൻെറ ദൈവമേ! 46

ബന്ധുവായ തവ പാദപങ്കജം
ചിന്തിയാതെ മരുവുന്ന ദുർജ്ജനം
അന്തമററ നരകാബ്ധിയേറുവാ-
നെന്തുപായമറിയുന്നു ദൈവമേ! 47

കാലവാഹിനി വഹിച്ച കാഷ്ടമായ്
കാളരാത്രിയിലുഴന്നു നിത്യവും
ബാലനാമടിമ വാടി വീഴുമ-
ന്നീലമാമയിലിൽ നിന്ന ദൈവമേ! 48

മൂലമേ മുരുകദൈവമേ! മുഴു-
സ്ഥൂലമേ സുഖപയഃപയോനിധേ
കാലണഞ്ഞ കരണം കലർന്നുടൻ
മൂലമാമയിലിൽ നിന്ന ദൈവമേ! 49

നൂലറിഞ്ഞു നുതിചെയ്തുകൊള്ളുവാൻ
കാലമില്ല കനിവില്ല പാടുവാൻ
വേലയററ 'കരുവാ' വിളങ്ങുമെൻ-
വേലവാ! വരിക വിശ്വദൈവമേ! 50

അടലാടിടുന്ന വിഷയങ്ങളന്വഹം
തുടരാതൊഴിഞ്ഞു തുലയായിരുന്നു ഞാൻ
അടയാളമററൊരരുളംബരത്തിലായ്
നടമാടിടുന്ന നലമെന്നു ദൈവമേ! 51

---

(46) പന്തിയായ പലതും-വരിയായുള്ള പല കരുക്കളും. അന്തകാനനമതിൽ നിരന്നിരുന്നു-കാലമുഖത്തിൽ നിരന്നിരുന്നു (നശിക്കാറായിരുന്നു എന്നു സാരം). അരശററ-നില്ക്കക്കള്ളിയില്ലാതായ. (47) ദുർജ്ജനം-ദുഷ്ടജനം. അന്തമററ നരകാബ്ധിയേറുവാൻ-അവസാനമില്ലാത്ത ദുരിതസമുദ്രത്തിൽനിന്നു കരകയറുവാൻ. എന്തുപായം അറിയുന്നു-ഒരു ഉപായവും അറിയുന്നില്ല. നിൻെറ പാദപങ്കജ ചിന്തകൊണ്ടേ നരകത്തിൽനിന്നു കരകയറുവാൻ സാധിക്കയുള്ളുവെന്നു സാരം. (48) കാലവാഹിനി വഹിച്ച കാഷ്ടമായ്-കാലപ്രവാഹത്തിൽ ഒഴുകുന്ന വിറകായ്. കാളരാത്രിയിലുഴന്നു നിത്യവും- നിത്യവും മരണം ഭയന്നു കഴിച്ചുകൂട്ടി. ബാലനാം അടിമ-അജ്ഞനായ നിൻെറ ഈ അടിമ. വാടി വീഴും-തളർന്നു വീഴും. നീലമാമയിലിൽ നിന്ന ദൈവമേ-നീലനിറമുള്ളതും മഹത്വമുള്ളതുമായ മയിലിൽ ഏറിയ ദേവതേ. (49) മൂലം-കാരണമായത്. സ്ഥൂലം-കാര്യം. സുഖപയഃപയോനിധി-സച്ചിദാനന്ദസാഗരം. കാലണഞ്ഞ കരണം കലർന്നു-തൻെറ കാൽ ആശ്രയിച്ചു എന്ന വിചാരംകൊണ്ട്. മൂലമാമയിലിൽ-ആദിമഹാമയിലിൽ. (50) നൂലറിഞ്ഞു നുതിചെയ്തുകൊള്ളുവാൻ-ശാസ്ത്രം അറിഞ്ഞു സ്തോത്രം ചെയ്യുവാൻ. പാടുവാൻ കനിവില്ല-പാടുവാൻ അലിവില്ല. 'കഴിവില്ല' എന്നു പാഠമാകാൻ ഇടയുണ്ട്. (51) അന്വഹം-ദിവസംതോറും. അടൽ ആടിടുന്ന-ദുഃഖം നിറഞ്ഞതായ. വിഷയങ്ങൾ-

മൃഡസൂനുവിൻെറ മഹിമാവുകൊണ്ടുടൻ
ജഡവാതമൊക്കെ ജവമേ ജയിച്ചു ഞാൻ
ഗുഡമേ ജയിക്ക ഗുഹനേ! നമുക്കിനി-
യിഡനിന്നിറങ്ങുമമൃതായ ദൈവമേ! 52

പടമാദിതൊട്ടു പലരും പറഞ്ഞിടും
പടുവാദമൊക്കെയഴിയുന്ന പാതയിൽ
വിടകൊണ്ടുചെന്നു വിരിവുള്ളെടത്തു ഞാ-
നടയുന്നവാറുമരുളീടു ദൈവമേ! 53

അടിയോ നിനയ്ക്കിലതിനില്ലനാദിയായ്
വടിവോടിരുന്നു വിലസുന്നു വിശ്വവും
ഇടയൂടിരിക്കുമിവനീ വഴക്കൊഴി-
ഞ്ഞിടരററിരിപ്പതിനിയെന്നു ദൈവമേ! 54

അടി കണ്ടുകൊള്ളുവതിനെന്നുതൊട്ടു വ-
ന്നടിയൻ കിടന്നു വലയുന്നനാരതം
പൊടിപോലുമില്ല സുഖമിന്നു മാനസം
പിടകായമാനമതിലെൻെറ ദൈവമേ! 55

കാളാംഭോദക്കരിംകോമളതരകബരീ
ഭാരമാരോഹണംചെ-
യ്തോളംതല്ലുന്ന ഗംഗാനദിയുമൊളി ചൊരി-
ക്കുന്ന ചന്ദ്രക്കിടാവും
മാളും മാരൻ മദിച്ചാലിനിയുമിനിയുമെ-
ന്നങ്ങു ചെന്നെററിയിൽ തീ-
കാളും കണ്ണും കലർന്നെൻ കരുണമുരുകനെ-
ക്കാണുവാൻ കാലമായോ! 56

ഇന്ദ്രിയസുഖങ്ങൾ. ഇന്ദ്രിയസുഖങ്ങളിൽ മുഴുകാതെ എന്നു സാരം. ഒഴിഞ്ഞു-വിട്ടു മാറി. വിരക്തനായി എന്നു സാരം. തുലയായിരുന്ന്-സുഖദുഃഖങ്ങളിൽ സമചിത്തനായിരുന്നു (തുല-തുലാസ്). അടയാളമറെറാരു-നിർഗുണമായ. അരുളംബരത്തിൽ-ചിദാകാശത്തിൽ. നടമാടിടുന്ന-നൃത്തമാടുന്നതായ. നലം-നന്മ; നല്ല സ്ഥിതി. എന്നു-എനിക്ക് എന്നു വരും. (52) മൃഡസൂനു-സുബ്രഹ്മണ്യൻ. മഹിമാവ്-മാഹാത്മ്യം. ജഡവാതം-ശരീരത്തിലെ കാററുകളെയെല്ലാം. ('ജഡവാദം' എന്ന പാഠമാണ് ഏററവും ശരി. ജളന്മാരുടെ യുക്തിവികലങ്ങളായ വാദങ്ങൾ എന്ന് അർത്ഥവും കിട്ടും.) ജവമേ-വേഗത്തിൽ. ഗുഡമേ-ചിദാകാശമേ. (53) പദമാദി തൊട്ടു പലരും പറഞ്ഞിട്ടും പടുവാദമൊക്കെ-ഘടപടാദി ഭൗതികവാദങ്ങളെല്ലാം. അഴിയുന്ന-ഇല്ലാതാകുന്ന. പാതയിൽ-മാർഗ്ഗത്തിൽ. വിരിവുള്ളെടത്ത്-ചിദാകാശത്തിൽ (വിരിവ്-ആകാശം). അടയുന്നവാറും-പ്രാപിക്കത്തക്കവണ്ണം. അരുളീടു-അനുഗ്രഹിക്ക. (54) അടി ഇല്ല-പാദമില്ല. അനാദിയായ്-ആദ്യമില്ലാത്തതായ്. വിശ്വം ആദ്യന്തരഹിതമായി വിലസുന്നു. ഇടയൂടിരിക്കും-ആദ്യന്തങ്ങളുടെ മദ്ധ്യത്തിലുള്ള ഒരു പ്രപഞ്ചത്തിൽ കിടക്കുന്ന. ഈ വഴക്കൊഴിഞ്ഞു-ഈ വാദങ്ങളെല്ലാം ഒഴിഞ്ഞു. (55) അടി കണ്ടുകൊള്ളുവതിനു-നിൻെറ പാദം കണ്ടുകൊള്ളുവാൻ. അനാരതം-എപ്പോഴും. വലയുന്നു-വിഷമിക്കുന്നു. പൊടിപോലും-അല്പംപോലും. അതിൽ-ആ കാര്യത്തിൽ. പിടകായമാനം- വേദനയുള്ളതായിരിക്കുന്നു. (56) കാളാംഭോദക്കരിംകോമളതര

കന്ദർപ്പൻതന്നെ വെന്നക്കൊടിയൊരു കുലവി-
ല്ലിങ്ങു കൈക്കൊണ്ടപോലെ -
സ്സന്ദർഭം ചേർന്നിണങ്ങും സരസതരലസ-
ച്ചില്ലിതൻ തെല്ലിഴിപ്പും
മന്ദസ്മേരംപൊഴിക്കും മധുരമൊഴിവിലാ-
സങ്ങളും ചേർന്ന ബാല-
സ്കന്ദൻതാൻ കാലകാലന്നരുളുമാ-
യ്ക്കാണുവാൻ കാലമായോ! 57

ആലം കൈക്കൊണ്ട മർത്ത്യർക്കമൃതമഴ ചൊരി-
ഞ്ഞോരു താതാംശഭൂത-
ക്കാലക്കംബുക്കഴുത്തിൽ കലിതരസമെഴും
ഭസ്മരുദ്രാക്ഷനൂലും
ആലസ്യം വിട്ടുദിക്കുന്നഭയമമലചിൻ-
മുദ്രയുന്നിദ്രഭാവം
കോലും വേലും ധരിച്ചും കുശലമുരുകനെ-
ക്കാണുവാൻ കാലമായോ! 58

പാലൊക്കും ഭൂതി പൂശിപ്പരിമളമിളകും
പദ്മരാഗപ്രദേശം-
പോലൊക്കും വിസ്തൃതോരഃസ്ഥലമതിലണയ-
പ്പൂണുമപ്പൂണുനൂലും

കബരീഭാരം ആരോഹണംചെയ്തു-കറുത്ത മേഘത്തെപ്പോലെ കറുത്ത് അതിയായ ഭംഗിയുള്ള നിറമുള്ളതായ മുടിക്കെട്ടിൽ കയറി ഓളംതല്ലുന്ന ഗംഗാനദിയും. ഒളിചൊരിക്കുന്ന-വെളിച്ചം ചൊരിയുന്ന. ചന്ദ്രക്കിടാവും-ബാലചന്ദ്രനും (ചന്ദ്രക്കലയും). മാളും-മാഴ്കുന്ന; ക്ഷീണിച്ചതായ (ആദ്യത്തെ ദഹനംകൊണ്ടെന്നു സാരം). ഇനിയുമെന്നങ്ങു-ഇനിയും ദഹിപ്പിക്കുമെന്നവിധത്തിൽ ഇരിക്കുന്ന. ചെന്നെററിയിൽ തീ കാളും കണ്ണു- ചുവന്ന നെററിയിൽ തീ ജ്വലിക്കുന്ന കണ്ണും. കലർന്നു-മേല്പറഞ്ഞതെല്ലാം ചേർന്നു. എൻകരുണമുരുകനെ-കാരുണ്യമുള്ള സുബ്രഹ്മണ്യനെ, കാണുവാൻ കാലമായോ. (57) കന്ദർപ്പൻതന്നെ വെന്നു- കാമദേവനെ ജയിച്ചതായ. ആ കൊടിയൊരു കുലവില്ലിങ്ങു കൈക്കൊണ്ടപോലെ (കുലവില്ലുപോലെയുള്ള എന്നു സാരം). ആ സന്ദർഭം ചേർന്നിണങ്ങും സരസതരലസൽച്ചില്ലിതൻ- സരസമായി ശോഭിക്കുന്ന പുരികക്കൊടിയുടെ. തെല്ലിഴപ്പും- അല്പമായ ചാച്ചലും. മന്ദസ്മേരം-പുഞ്ചിരി. മധുരമുഖവിലാസങ്ങളും- സുഖകരമായ മുഖഭാവങ്ങളും ചേർന്ന. ബാലസ്കന്ദൻതാൻ-ബാലസുബ്രഹ്മണ്യൻ. കാലകാലന്നു-ശിവനു. അരുളും-നല്കുന്ന. അരുളമായ്- അരുളോടുകൂടി, സൗഭാഗ്യത്തോടുകൂടി. ബാലസുബ്രഹ്മണ്യന്റെ അരുൾ ശിവനും അരുളാണെന്നു സാരം. (58) ആലം കൈക്കൊണ്ടു- വിഷം എടുത്തു. അമർത്ത്യർക്ക് അമൃതമഴ ചൊരിഞ്ഞോരു- ദേവന്മാർക്ക് അമൃത് നേടിക്കൊടുത്തതായ (ശിവൻ, പാലാഴിമഥനത്തിൽ കാളകൂടം എടുത്തു ഭക്ഷിച്ചതിനെ കുറിക്കുന്നു). താതാംശഭൂതക്കാലക്കംബുക്കഴുത്തിൽ- (അങ്ങനെയുള്ള) അച്ഛന്റെ അംശമായി ഉണ്ടായിട്ടുള്ള ശംഖുപോലുള്ള കറുത്ത കഴുത്തിൽ. കലിതരസമെഴും- രസത്തോടുകൂടി ധരിക്കുന്ന. ആലസ്യംവിട്ടുദിക്കുന്ന- എപ്പോഴും താൽപര്യത്തോടുകൂടിയ. അഭയം- അഭയമായ. അമലചിന്മുദ്ര- അമലമായ ആശീർവാദമുദ്ര. (59) പാലൊക്കും ഭൂതി പൂശി- പാലുപോലെ വെളുത്ത ഭസ്മം ധരിച്ചു. പരിമളമിളകും- സൗരഭ്യം പൊങ്ങുന്നതായി. പദ്മരാഗപ്രദേശംപോലൊക്കും വിസ്തൃ

മേലിൽ പൊൻകാഞ്ചി പൂട്ടിക്കലിതരസമര-
ക്കെട്ടു കെട്ടുന്ന വേങ്ങ-
ത്തോലും തൊങ്ങുന്നൊരുണ്ണിത്തിരുവടിയെയിനി-
ക്കാണുവാൻ കാലമായോ! 59

ആടും മൈലേറിയാടുന്നമരമുരുകനെ-
പ്പാടുവാനൂഢമോദം
കൂടും കൗമാരകർണ്ണാമൃതമിതു കരുതി-
ക്കേവലം ഭാവമെന്നാൽ
ഗാഢം തൃക്കൈ തലോടിക്കരുണയൊടു വളർ-
ത്തുന്ന കുഞ്ജാസനശ്രീ
തേടും നാരായണശ്രീപരമഗുരുവിനെ-
ച്ചൊല്ലി നീ ചൊല്ലു വാണീ! 60

ആത്മാതീതപ്പരപ്പിൽ പരയുമരുളുമായ്
പററിനിൽക്കും പരത്തിൽ
സ്വാത്മാനന്ദാനുഭൂതിപ്രചുരിമ വടിവാ-
യാർന്നു നേർന്നോരു ദേവൻ
ആത്മൗഘൈശ്വര്യമുക്തിപ്രദനചലനനാ-
ദീശ്വരൻ വിശ്രുതൻ മാ-
ഹാത്മ്യാംഭോരാശിയെന്നെന്നരുമമുരുകനെ-
പ്പാടു നീ ഗൂഢവാണീ! 61

തോരഃസ്ഥലമതിൽ- പത്മരാഗപ്രദേശം പോലെയുള്ള വിശാലമായ മാർവ്വിൽ. അണയപ്പൂണും- പററിക്കിടക്കുന്ന. മേലിൽ-പുറമേ (മേൽഭാഗത്ത്). പൊൻകാഞ്ചി കെട്ടി-പൊന്നരഞ്ഞാൺ കെട്ടി. കലിതരസം-രസത്തോടുകൂടി. അരക്കെട്ടു കെട്ടുന്ന വേങ്ങത്തോൽ -വേങ്ങമരത്തിൻെറ തോലും. തൊങ്ങുന്ന -തൂങ്ങിക്കിടക്കുന്ന. ഉണ്ണിത്തിരുവടിയെ -ബാലസുബ്രഹ്മണ്യനെ. (60) ആടുംമയിലേറി -ആടുന്ന അമരമുരുകനെ (സുബ്രഹ്മണ്യനെ)പ്പററി. ഊഢമോദം -സന്തോഷത്തോടുകൂടി പാടുവാനായിട്ട്. കൂടും -കഴിയുന്നതായ. കൗമാരകർണ്ണാമൃതമിതു -ഈ കൗമാര കർണ്ണാമൃതത്തെ (കുമാരനെ- സുബ്രഹ്മണ്യനെപ്പററിയുള്ള കീർത്തനം; അല്ലെങ്കിൽ കുമാരരചിതമായ കീർത്തനം). കരുതി കേവലം ഭാവമെങ്കിൽ -ഉദ്ദേശിച്ചുമാത്രമാണ് നിൻെറ ഭാവമെങ്കിൽ. ഗാഢം തൃക്കൈ തലോടി -മുറുകെ തൃക്കൈകൊണ്ടു തലോടി (ലാളിച്ചു). വളർത്തുന്ന -എന്നെ അഭിവൃദ്ധിപ്പെടുത്തുന്ന. ശ്രീ തേടും -ശ്രീമാനായ. നാരായണശ്രീപരമഗുരുവിനെ -ശ്രീനാരായണപരമഗുരുവിനെ. ചൊല്ലി -സ്തോത്രംചെയ്തിട്ട്. വാണീ നീ ചൊല്ലു -നീ ഈ കർണ്ണാമൃതം പാടുക. (61) ആത്മാതീതപ്പരപ്പ് -ജീവാത്മാവിനും അതീതമായുള്ള സഗുണബ്രഹ്മം. പരയും അരുളും-പരാവിദ്യയും അപരാവിദ്യയും. പററിനില്ക്കും -ഒന്നിച്ചുനില്ക്കുന്ന. പരത്തിൽ -പരബ്രഹ്മത്തിൽ. സ്വാത്മാനന്ദാനുഭൂതിപ്രചുരിമ -തൻെറ ആത്മീയാനന്ദാനുഭവവായ്പുതന്നെ. വടിവായാർന്നു നേർന്നോരു ദേവൻ -രൂപമായി നിൽക്കുന്ന ദേവൻ. ആത്മൗഘൈശ്വര്യമുക്തിപ്രദൻ -ആത്മരാശിക്ക് ഐശ്വര്യവും മുക്തിയും കൊടുക്കുന്നവൻ. അചലൻ -നിത്യൻ. അനാദീശ്വരൻ- ആദിയില്ലാത്ത ഈശ്വരൻ. വിശ്രുതൻ -പ്രസിദ്ധൻ. മാഹാത്മ്യാംഭോരാശി -മാഹാത്മ്യക്കടലായുള്ളവൻ. അരുമ മുരുകനെ -പ്രിയപ്പെട്ട സുബ്രഹ്മണ്യനെ. ഗൂഢവാണീ -ശബ്ദരൂപമായി വെളിക്കു വരാത്ത ചിത്തേ.

കുന്നിൻമാതോടുകൂടിക്കുവലയശരവൈ-
രിക്കുടുംബിക്കുമെന്നും
മൂന്നായ്മൂളുന്ന മൂലക്കനലിനുമൊളിവിൽ-
പ്രാണനും പ്രാണനാകും
പുന്നാമം നാരകം തീർത്തരുളുമരുളിനെ-
പ്പെററു പോററാതിരുന്നാ-
ലെന്നാനന്ദം ലഭിക്കുന്നമലമുരുകനെ-
പ്പാടു നീ ഗൂഢവാണീ! 62

സാംഗംനിന്നുള്ള സാക്ഷാലറുസമയസമൻ
സാമരസ്യസ്വരൂപൻ
ഗാംഗേയൻ കാർത്തികേയൻ ഗഗനപദവിയേ-
റിക്കളിക്കും കുമാരൻ
മംഗല്യംപൂണ്ടു മാതാമടിയിലറുമുഖം-
കൊണ്ടു പാലുണ്ടു ലോലാ-
പാംഗപ്രക്ഷേപണോൽകപൃഥുകമുരുകനെ-
ന്നോതു നീ സാധുവാണീ! 63

ആവിർമ്മോദം വളർന്നച്യുതനരികിലണ-
ഞ്ഞണ്ടർകോൻ കല്പകപ്പൂ-
ങ്കാവിൽ കൈവച്ചു കാളും കലഹമുടയ കാ-
രുണ്യതാരുണ്യരൂപൻ
ദേവാനീകാധിനാഥൻ ദനുസുതരിപു ദി-
വ്യാജവാഹൻ ഗുഹൻ ധാ-
താവിൻ ധാർഷ്ട്യം തടുക്കുന്തരുണമുരുകനെ-
ന്നോതു നീ സാധുവാണീ! 64

---

(62) കുന്നിൻമാതോടുകൂടി -പാർവ്വതിയോടുകൂടി. കുവലയപുരവൈരിക്കുടുംബിക്കും -കാമശത്രുവായിട്ടും കുടുംബബന്ധത്തോടുകൂടിയ ശിവനും. എന്നും മൂന്നാമത്തതായ മൂലക്കനലിനു -ശിവൻെറ ഫാലനേത്രാഗ്നിക്കും (ഭ്രൂമദ്ധ്യത്തിൽ യോഗികൾ കാണുന്ന സ്വയംപ്രകാശവസ്തുവിനും,) ഒളിവിൽ -മറവിൽ. (അതിനും അപ്പുറത്ത് എന്നു സാരം). പുന്നാമം നാരകം തീർത്തരുളും -പുന്നാമനരകത്തെ ഇല്ലാതാക്കുന്ന. അരുളിനെ -അറിവിനെ. പെററു പോററാതിരുന്നാൽ -സമ്പാദിച്ചു വർദ്ധിപ്പിക്കാതിരുന്നാൽ. എന്ന് ആനന്ദം ലഭിക്കും-ഒരിക്കലും ആനന്ദം ലഭിക്കയില്ല. ലഭിക്കണമെങ്കിൽ അമലമുരുകനെ പാടുക. (63) സാംഗം നിന്നുള്ള -ഉപാംഗങ്ങളോടുകൂടിയ. സാക്ഷാൽ അറുസമയസമൻ -സാക്ഷാൽ സംഖ്യാദി ദർശനങ്ങൾക്കു തുല്യൻ. സാമരസ്യസ്വരൂപൻ-സമരസസ്വരൂപൻ. ഗാംഗേയൻ-ഗംഗാനന്ദനൻ. ഗഗനപദവി -സ്വർഗ്ഗം. മാതാമടിയിൽ -അമ്മയുടെ മടിയിൽ. ലോലാപാംഗപ്രക്ഷേപണോല്ക്കപൃഥുകമുരുകൻ -ലോലമായ കടാക്ഷവീക്ഷണതൽപരനായ ശിശുവായ സുബ്രഹ്മണ്യൻ. (64) ആവിർമോദം വളർന്നു -സന്തോഷത്തോടെ ശൈശവം വിട്ടു വളർന്നുവന്നു. അച്യുതനരികിൽ-ഇന്ദ്രാനുജനായ വിഷ്ണുവിൻെറ അടുത്ത്. അണ്ടർകോൻ -ദേവേന്ദ്രൻ. കൈവച്ചു -പൂങ്കാവിനെ ആക്രമിച്ചു. കലഹമുടയ-യുദ്ധമുണ്ടാക്കിയ. കാരുണ്യതാരുണ്യരൂപൻ-കാരുണ്യത്തിൻെറയും താരുണ്യത്തിൻെറയും മൂർത്തി. ദനുസുതരിപു-അസുരശത്രു. ദിവ്യാജവാഹൻ-ദിവ്യയോദ്ധാവ്. ധാതാവിൻ ധാർഷ്ട്യം തടുക്കും-ബ്രഹ്മാവിൻെറ ധിക്കാരത്തെ എതിർത്തു.

സുബ്രഹ്മണ്യശതകം

അണകവിയുന്നഴലാഴിയാഴുമെന്നിൽ
പ്രണയമുദിച്ചു കവിഞ്ഞ പാരവശ്യാൽ
അണികരമേകിയണഞ്ഞിടുന്ന നാരാ-
യണഗുരുനായകനെൻെറ ദൈവമല്ലോ. 1

നരകനലം നലമാടിയാടലേറും
നരരെ നതിക്കു കനിഞ്ഞു നാടിയാളും
സ്മരഹരമാമലയീന്നിറങ്ങി മേയും
കരികളഭം കരുണാസമുദ്രമല്ലോ. 2

പനിമലമങ്ക പിടിച്ചു പാലു നല്കും
കനിവുരുവെന്നു കനിഞ്ഞു നില്ക്കുമെന്നിൽ
കനകനിറം കലരുന്ന കുഞ്ജരക്കു-
ഞ്ഞിനിയുമിണങ്ങിയിരങ്ങി നില്ക്കുമല്ലോ 3

പര പശ്യന്തി പടർന്ന മദ്ധ്യമാവൈ-
ഖരിയായും കളിയാടിടുന്ന ദേവീ!
പരിചിൽപ്പാമരനാകുമെന്നെയും നീ
പരിപാലിക്കുക പൈതലല്ലയോ ഞാൻ. 4

ഇത് 1090ൽ കൊല്ലം ശ്രീകൃഷ്ണവിലാസം പ്രസ്സിൽ അച്ചടിച്ചതായി കാണുന്നുണ്ട്. ഇതിൽ "അനീകിനീനായകനാദിനായകൻ" എന്നു തുടങ്ങുന്ന 10 ശ്ലോകങ്ങൾ കുമാരകർണ്ണാമൃതം എന്ന പേരിൽ 1073 മീനത്തിലെ വിദ്യാവിലാസിനിമാസികയിൽ ചേർത്തുകാണുന്നു. കുമാരകർണ്ണാമൃതം എന്ന പേരിൽ 1073 കുംഭത്തിലെ വിദ്യാവിലാസിനിയിൽ "കാലാരിനന്ദനകഴൽകമലംവെടിഞ്ഞു" എന്നു തുടങ്ങുന്ന 10 ശ്ലോകങ്ങൾ ചേർത്തിട്ടുണ്ട്. അതു ഭക്തവിലാപത്തിലോ ഈ ശതകത്തിലോ ഉൾപ്പെടുത്തിയിട്ടില്ല. (1) ഈ ശ്ലോകം ഭക്തവിലാപത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. (2) നരകൻ -നരകം. അലം -ഏററവും. നലം -നന്നായി. ആടി -നൃത്തമാടി. നരകം ബാധിച്ചു എന്നു സാരം. നടമാടി എന്നു പാഠമാകാൻ ഇടയുണ്ട്. ആടൽ-ദുഃഖം. നരകൻ നൃത്തമാടി ആടലേറും നരരെ (നരകബാധിതരായ മനുഷ്യരെ)എന്ന് അന്വയം. നതിക്കു കനിഞ്ഞു-നമസ്ക്കരിക്കുകമൂലം ദയ തോന്നി. നാടിയാളും -കാത്തുരക്ഷിക്കുന്ന. സ്മരഹരമാമലയീന്ന് -ശിവനാകുന്ന മഹാമലയിൽനിന്ന് എന്നോ, ശിവൻെറ മലയിൽ (കൈലാസത്തിൽ)നിന്ന് എന്നോ എടുക്കാം. ശിവനാകും മലയെന്നെടുത്താൽ ശിവനിൽനിന്നു ജനിച്ച എന്നർത്ഥം. ഇറങ്ങി മേയും-ഇറങ്ങി മേഞ്ഞുനടക്കുന്ന., കരികളഭം -ആനക്കുട്ടി(ഗണപതി). (3) പനിമലമങ്ക -ഹിമവൽ പുത്രിയായ പാർവ്വതീദേവി. പിടിച്ചു പാലു നല്കും -പിടിച്ചു മുലകൊടുക്കുന്ന. (പാർവ്വതിയുടെ മകനായ എന്നു സാരം). കനിവുരുവ് -കനിവിൻെറ ഉരുവ് -കാരുണ്യമൂർത്തി. എന്നു കനിഞ്ഞുനിൽക്കുമെന്നിൽ -ആ കനിവുരുവേ ശരണമെന്നു ഭക്തിപൂണ്ടു നില്ക്കുന്ന എന്നിൽ. കുഞ്ജരക്കുഞ്ഞ് -ആ ആനക്കുട്ടി (ഗണപതി). ഇനിയും, ഇണങ്ങി ഇരങ്ങി നില്ക്കുമല്ലോ -കനിഞ്ഞുനിൽക്കുമല്ലോ. (4) പര, പശ്യന്തി, പടർന്ന മധ്യമ, വൈഖരി ഇങ്ങനെയുള്ള ശബ്ദരൂപങ്ങളായി കളിയാടീടുന്ന ദേവി (സരസ്വതി). പാമരൻ -മൂഢൻ.

അടിമുടിയററഖിലാണ്ഡകോടിയും ത-
ന്നടിയിലടക്കിയകന്നിടാതെ നിത്യം
നടനമിടും നഗസൂനുവായ പൊന്നിൻ-
കൊടി പടരും കുലദൈവമെന്നെയാളും. 5

അരുമറയുമറിഞ്ഞീടാതെയാനന്ദവെള്ളം
പെരുകുമമരരാറിൻ പൈതലേ! കൈതൊഴുന്നേൻ
പെരുമയൊടു പുകഴ്ത്തിപ്പാടി നിൻ പ്രീതി നേടാൻ
വരുമൊരു വഴിമേലീ വാണി നാണിച്ചിടുന്നു. 6

മുരുക! പരമബന്ധോ! പോററി! മൂവാണ്ടു മുന്നം
വിരഹവിവശനായ് വാഴിച്ചതിൽപ്പററി മുററും
പരിഭവമൊടുതാനോ നിന്നെ ഞാൻ പാടുവാനായ്-
വരുമൊരു വഴിമേലീ വാണി നാണിച്ചിടുന്നു. 7

കരികടലൊടു കല്പക്കാററുമക്കൊണ്ടലേഴും
പെരിയ മലകളെട്ടും പിന്നെ മററുള്ളതേതും
അരമടിയിലടക്കിക്കൂത്തിടുന്നെങ്കിലും നിൻ-
പെരുമ പറയുവാനീ വാണി നാണിച്ചിടുന്നു 8

പനിമതിമകുടാലങ്കാര! നീയേ സഹായം
ജനിമൃതിഭയമയ്യോ! നൊന്തിടുന്നന്തരംഗം
ഘനചരിതരസാബ്ധേ! നിന്നെയുന്നി സ്തുതിപ്പാൻ
തുനിയുമളവു തോന്നും വാണി നാണിച്ചിടുന്നു. 9

---

(5) അടിമുടിയററ് -ആദ്യന്തമില്ലാതെ. അഖിലാണ്ഡകോടിയും -സർവ്വബ്രഹ്മാണ്ഡങ്ങളെയും. തന്നടിയിൽ അടക്കി -തൻെറ പാദത്തിൻകീഴിൽ ഒതുക്കി. അകന്നിടാതെ-തെററിപ്പോകാതെ. നടനമിടും -നൃത്തംചെയ്യുന്ന. നഗസൂനുവായ -പർവ്വതപുത്രിയായ. പൊന്നിൻകൊടി-പൊന്നിൻലത. പാർവ്വതീദേവി എന്നു സാരം. പടരും കുലദൈവം -പരമശിവൻ. ആളും -രക്ഷിക്കും. (6) അരുമറയും -ഉൽകൃഷ്ടമായ വേദംപോലും. അറിഞ്ഞിടാതെ -വേദപ്രതിപാദിതമായ ആനന്ദത്തിലും കടന്ന. ആനന്ദവെള്ളം -ആനന്ദമാകുന്ന വെള്ളം. അമരരാറിൻപൈതൽ -ഗംഗയുടെ പുത്രൻ(സുബ്രഹ്മണ്യൻ). പെരുമയൊടു -വിസ്താരമായി(നിൻെറ മാഹാത്മ്യം വർണ്ണിച്ചു എന്നും എടുക്കാം.) പാടുവാനായ് വരുമൊരു വഴി -പാടുവാൻ തുടങ്ങുന്നതിനിടയിൽ. ഈ വാണി -എൻെറ വാക്ക്. നാണിച്ചിടുന്നു -മടിക്കുന്നു. പ്രയാസംകൊണ്ടെന്നു സാരം. (7) മുരുക -സുബ്രഹ്മണ്യ. പോററി -രക്ഷിതാവേ. വിരഹവിവശനായ് വാഴിച്ചതിൽ -സുബ്രഹ്മണ്യനെ വാണിയിൽനിന്നു പിരിഞ്ഞവനാക്കി. (സ്തോത്രം ചെയ്യാതെ കഴിച്ചു എന്നു സാരം.) പററിമുററും പരിഭവമൊടുതാനോ -അതുമൂലം വാണിക്കുണ്ടായിട്ടുള്ള വലിയ പരിഭവംമൂലമാണോ. വിരഹവിവശയായ് എന്നാണ് പാഠമെങ്കിൽ വാണിയെ വിരഹവിവശയാക്കി എന്ന് അർത്ഥമെടുക്കാം. മൂന്നുകൊല്ലം സുബ്രഹ്മണ്യപൂജയ്ക്കു സാധിക്കാതെ ഇരുന്നതായ വല്ല ജീവിതസംഭവത്തേയും ഉദ്ദേശിച്ചായിരിക്കണം ഈ ശ്ലോകം. (8) കരികടലൊടു -മഹാസമുദ്രത്തോടുകൂടി. കല്പക്കാററും -പ്രളയക്കാററും. കൊണ്ടലേഴും -ഏഴു മേഘങ്ങളും. പെരിയ മലകളെട്ടും -എട്ടു കുലപർവ്വതങ്ങളും. പിന്നെ മററുള്ളതേതും -ബാക്കിയെല്ലാവും. അരം -വേഗം. അടിയിലടക്കി -കാൽച്ചുവട്ടിലാക്കി. കൂത്തിടുന്നെങ്കിലും -നീ നൃത്തമാടുന്നു എങ്കിലും. നിൻെറ പെരുമ-മഹിമ. (9) പനിമതിമകുടാലങ്കാര -ചന്ദ്രൻ തലയിൽ ആഭരണമായിട്ടുള്ളവനേ (ചന്ദ്രക്കലാധര!).

കരുമന കരണത്തിൽക്കാഞ്ഞു കേഴും ജനത്തിൽ-
ക്കരുണമഴ പൊഴിക്കും കൊണ്ടലേ! കൈവിടൊല്ലേ
പരവശത പൊലിപ്പാൻ നിൻപദം പാടിനില്പാൻ
വരവരെയരുതെന്നീ വാണി നാണിച്ചിടുന്നു. 10

അരിയ മുരുകനേയെന്നാദിയേയാദിതേയ-
പ്പരിഷയുമറിയാ നിൻ പാദമാം ദുർഗ്ഗമാർഗ്ഗേ
വരുമവരെ വിഴുങ്ങും വായുമായ് വാണിടും നിൻ-
തിരുവുരുവതു തീണ്ടാൻ നെഞ്ചമിന്നഞ്ചിടുന്നു. 11

കുലഗിരിമകളേന്തും കോമളപ്പൈതലേ! നിൻ-
തലകളരിയതാറും തള്ളിയഞ്ചും തകർത്തോ
നിലയിലഖിലമായും നിന്നിതോ നിന്നെയും ഞാ-
നലമലമലമെന്നെൻ നെഞ്ചമിന്നഞ്ചിടുന്നു. 12

കലശഭവഗുരോ! മൽ കാർത്തികേയപ്രഭോ! നിൻ-
കുലിശധരനെയാളും കൗശലം കാണുമോ ഞാൻ
കലിയകലെയൊഴിപ്പാൻ കണ്ടതെല്ലാം കരേറി-
പ്പലപലവഴി പായും നെഞ്ചമിന്നഞ്ചിടുന്നു. 13

ഗതിയരുളുകെനിക്കും ഗായകൻതാനുമല്ലെൻ-
മതിമകുടമണേ! ഞാൻ മാതപം ചെയ്കുമില്ലേ
ശിതിഗളശിശുവാം നീ ചെററു ചുമ്മാ കനിഞ്ഞാൽ
മതിമതി മതിയെന്നെൻ നെഞ്ചമിന്നഞ്ചിടുന്നു. 14

ജനിമൃതിഭയം -സംസാരഭയം. നൊന്തിടുന്നന്തരംഗം -മനസ്സിനു വേദനയുണ്ടാ ക്കുന്നു. ഘനചരിതരസാബ്ധേ-സരളമായ ചരിതത്തിൻെറ രസം സമുദ്രംപോലെയു ള്ളവനേ. ഉന്നി -പററി. (10) കരുമന -ദുഃഖം. കരണത്തിൽ -മനസ്സിൽ. കാഞ്ഞു -വെന്തിട്ട്. പരവശത -പാരവശ്യം. പൊലിപ്പാൻ -നശിപ്പിക്കുവാൻവേണ്ടി. നിമ്പദം പാടിനില്പാൻ -നിൻെറ പാദത്തെ സ്തുതിക്കുന്നതിന്. വരവരെ -വരുമ്പോൾ. അരുതെന്നു -പാടില്ലെന്നു പറഞ്ഞു. (11) അരിയ -അപൂർവ്വ. മുരുകനേ -സുബ്രഹ്മണ്യ. എൻ ആദിയേ -എൻെറ സർവ്വത്തിനും ആദിയായുള്ളവനേ. ആദിതേയപ്പരിഷ -ദേവവർഗ്ഗം. അറിയാ -അറിയാത്തതായ. നിൻപാദമാം ദുർഗ്ഗമാർഗ്ഗേ -നിൻെറ കാലാകുന്ന കടക്കാൻ പ്രയാസമുള്ള വഴിയിൽ. വരുമവരെ -വരുന്നവരെ. തിരുവുരു -തിരു സ്വരൂപത്തെ. തീണ്ടുവാൻ -തടയുവാൻ. അഞ്ചിടുന്നു-ഭയപ്പെടുന്നു. (13) കലശഭവ ഗുരോ - അഗസ്ത്യൻെറ ഗുരുവായുള്ളവനേ. മൽ കാർത്തികേയപ്രഭോ -കാർത്തി കേയനായ എൻെറ പ്രഭുവേ. കുലിശധരനെ ആളും -ഇന്ദ്രനെ രക്ഷിക്കുന്ന. നിൻ കൗശലം -നിൻെറ യുദ്ധസാമർത്ഥ്യം. കണ്ടതെല്ലാം കരേറിപ്പലവഴി പായുന്ന -ഏകാഗ്രതയില്ലാതെ ഭ്രമിച്ചുകൊണ്ടിരിക്കുന്ന. കലി -തിന്മ. (14) എനിക്കും ഗതിയരുളുക -ഗതി തന്നാലും. ഗായകൻ താനുമല്ല -ഞാൻ പാട്ടുകാരനുമല്ല. മതിമകുടമണേ -ചന്ദ്രൻ കിരീടത്തിൽ രത്നമായുള്ളവനേ. മാതപം -വലിയ തപസ്സ്. ശിതിഗളശിശു -ശിവപുത്രൻ. മതിമതി മതിയെന്നു -തീർച്ചയായും മതിയെന്ന്.

മതി മതി ഗുഹമാഹാത്മ്യം മതിക്കുന്ന നേരം
മതിയിൽ മഹിതമൗനം വന്നു താനേ കരേറും
പതിതനഗതി ഞാനോ പാപി നീയല്ലയോയെൻ-
പതി പരമദയാലോ! പാഹിമാം ബാഹുലേയ! 15

അരുമപ്പൊൻകൊടിയെന്റെ ബാഹുലേയൻ
തിരുവുള്ളം കനിയാതിരിക്കിലും നീ
വരുമാറൊന്നു തുണയ്ക്ക വല്ലവണ്ണം
കരുണാശാലി കരേറിടുന്ന മൈലേ! 16

ചിറകും ചെററു വിരിച്ചു ചാരുപീലി-
പ്പുറവും പൊക്കി നടിച്ചിടുന്ന നേരം
മറതേടും പൊരുളോടിവന്നു കേറും
തിറമോടപ്പൊഴുതിങ്ങു പോരെ മൈലേ! 17

പരിപാകം പരിചോടു പാർത്തിരിക്കും
പരമാനന്ദനെയൊന്നു കണ്ടുകൊൾവാൻ
വരുമാശയ്ക്കളവില്ല ബാഹുലേയ-
പ്പെരുമാളേറി വരുന്ന പൊന്നുമൈലേ! 18

തകരുന്നുള്ളമെനിക്കു താപമയ്യോ!
നികരില്ലാതെ നമുക്കു നീ തുണച്ചാൽ
പകരം പാമരനെന്തു ചെയ്തിടുന്നെൻ-
മകരന്ദക്കടലേറിടുന്ന മൈലേ! 19

---

(15) ഗുഹമാഹാത്മ്യം -സുബ്രഹ്മണ്യന്റെ മഹിമ. മതിക്കുന്നനേരം - കണക്കാക്കുമ്പോൾ. മഹിതമൗനം -വലിയമൗനം. അഗതി ഞാനോ -ഗതിയില്ലാത്ത ഞാനാകട്ടെ. പതിതൻ പാപി -പതിതനും പാപിയുമാണ്. എൻപതി -എന്റെ രക്ഷിതാവ്, നീയല്ലയോ. മാം പാഹി -എന്നെ രക്ഷിച്ചാലും. ബാഹുലേയ -സുബ്രഹ്മണ്യ! (16) അരുമപ്പൊൻകൊടിയായ എന്റെ ബാഹുലേയൻ തിരുവുള്ളം കനിയാതിരിക്കിലും -ഉള്ളിൽ കാരുണ്യം കാണിക്കാതിരുന്നാലും. കരുണാശാലി കരേറിടുന്ന മയിലേ -ആ കരുണാശാലിയുടെ വാഹനമായ മയിലേ. വല്ലവണ്ണം വരുമാറ് - അവൻ വല്ലവിധവും എന്റെ അടുത്തു വരുമാറ് നീ ഒന്നു തുണയ്ക്ക. (17) ചാരുപീലിപ്പുറം - മനോഹരമായ പീലിയുടെ പുറം. നടിച്ചിടുന്നനേരം - നീ നൃത്തമാടുമ്പോൾ. മറതേടും പൊരുൾ -വേദത്തിന്റെ പൊരുളായ (സുബ്രഹ്മണ്യൻ). തിറമോടു -സാമർത്ഥ്യത്തോടുകൂടി. ഇങ്ങു പോരെ -എന്റെ അടുക്കലേക്കു പോരിക. (18) പരിപാകം പരിചോടു പാർത്തിരിക്കും -എനിക്കു പരിപാകത വരാൻ കാത്തുകൊണ്ടിരിക്കുന്ന, അല്ലെങ്കിൽ എന്റെ ദുഃഖം അറിഞ്ഞുകൊണ്ടിരിക്കുന്ന. പരമാനന്ദനെ -പരമാനന്ദസ്വരൂപിയെ. വരുമാശയ്ക്കളവില്ല -ഉണ്ടാകുന്ന ആഗ്രഹത്തിന് ഒരു അളവുമില്ല. ബാഹുലേയപ്പെരുമാൾ -സുബ്രഹ്മണ്യൻതിരുവടി. (19) തകരുന്നുള്ളം എനിക്കു -എന്റെ ഉള്ളു പൊടിയുന്നു. നികരില്ലാതെ താപം- എനിക്ക് അതിരില്ലാത്ത ദുഃഖമാണ്. എൻമകരന്ദക്കടൽ -എന്റെ തേൻകടൽ (സുബ്രഹ്മണ്യൻ.)

പരിതാപം വളരുന്ന പൈതലീ ഞാൻ
പരമാർത്ഥത്തിലെനിക്കു ബന്ധു നീയേ
തരവും താമസിയാതെയിന്നു തന്നെൻ-
നിരയാരാതി വരുന്ന നീലമൈലേ! 20

അടിയൻ നിന്തിരുമേനിയെത്തൊഴുന്നേ-
നടിയോടെന്നെയുമർപ്പണം തരുന്നേൻ
മുടിയിൽത്തിങ്കളണിഞ്ഞ താമ്രചൂഡ-
ക്കൊടിയൻ കേറിവരുന്ന കോലമൈലേ! 21

കുറമാതിന്നതികൗതുകം കൊടുക്കും
ചെറുഹാസം ചിതറുന്ന ചാരുശീലൻ
പറയാതുള്ളമറിഞ്ഞു നീ പറന്നെ-
ന്നിരുകണ്ണേ! വരികിന്ദ്രനീലമൈലേ! 22

തിരുനീറൻതിരുമേനികൊണ്ടിറക്കി-
ച്ചിറകും ചഞ്ചുവിനാൽ ചൊറിഞ്ഞു നീയും
അരികേതന്നെ വസിച്ചു വിശ്രമിക്കെ-
ന്നരയന്നം വരുമാദിമൂലമൈലേ! 23

പിടി മററില്ല പെടുന്ന പാടിതെല്ലാ-
മടിയററീടണമെന്നെയാളണം നീ
കൊടിയുംകുത്തിയിറങ്ങിയംബരത്തെൻ
വടിവേലൻ വിളയാടിടുന്ന മൈലേ! 24

---

(20) തരവും താമസിയാതെ -ഒട്ടും താമസിക്കാതെ. ഇന്നുതന്നെൻ -ഇന്നുതന്നെ എൻെറ. നിരയാരാതി -നരകശത്രു. വരുന്ന -കയറിവരുന്ന. (21) അടിയോടെന്നെയും അർപ്പണം തരുന്നേൻ -എന്നെ മുഴുവനെ നിനക്ക് അർപ്പണമായി തരുന്നു (നിനക്കായി ഉഴിഞ്ഞിടുന്നു.) മുടിയിൽ -കിരീടത്തിൽ അല്ലെങ്കിൽ ജടയിൽ. തിങ്കൾ -ചന്ദ്രനെ. അണിഞ്ഞ -ധരിച്ച. താമ്രചൂഡക്കൊടിയൻ -കോഴി കൊടിയടയാളമായു-ള്ളവൻ (സുബ്രഹ്മണ്യൻ). കോലമൈലേ-നീലമയിലേ. കോളം-കറുത്തത്. (22) കുറമാതിന്നു -കുറവപ്പെണ്ണിനു (ശ്രീവള്ളിദേവിക്ക്). ചെറുഹാസം-മന്ദഹാസം. പറയാതുള്ളമറിഞ്ഞു -പറയാതെതന്നെ അന്തർഗ്ഗതമറിഞ്ഞു. എൻ ഇരുകണ്ണേ - എൻെറ ഓമനേ (കണ്ണിലുണ്ണി). ഇന്ദ്രനീലമൈലേ റഇന്ദ്രനീലനിറമുള്ള മയിലേ. (23) തിരുനീറൻ -തിരുനീർ (ഭസ്മം) അണിയുന്നവൻ. തിരുമേനി -തിരുമേനിയെ. കൊണ്ടിറക്കി -എൻെറ അടുത്തു കൊണ്ടുവന്നിറക്കി. ചഞ്ചുവിനാൽ -കൊക്കു കൊണ്ട്. എന്നരയന്നം -എൻെറ അരയന്നം. (സുബ്രഹ്മണ്യൻ) വരും -കയറിവരുന്ന. ആദിമൂലമൈലേ-ആദികാരണമായ മയിലേ. (24) പിടി മററില്ല -മറെറാരാശ്രയം ഇല്ല. പെടുന്ന പാടിതെല്ലാം അടിയററീടണം-ഈ കഷ്ടപ്പാടെല്ലാം നശിക്കണം. ആളണം-രക്ഷിക്കണം. വടിവേലൻ - വേലായുധസ്വാമി. അംബരത്ത് -ആകാശ ത്തിൽ.

അവലംബം മമ നീ ഗുഹൻ ദിദൃക്ഷാ-
വിവശൻ ഞാൻ വിനയേറിടുന്ന ബാലൻ
ഭവപാശത്തിനസിസ്വരൂപനാകും
ഭവസൂനുപ്രിയവാഹമായ മൈലേ! 25

മുരുക വിഭോ! മുഴുമൂലമേ മുകുന്ദൻ
തിരുവടിയും തൊഴുമാദിതേയമൗലേ
കരുതരുതാതൊരു നിൻെറ കേളിയെല്ലാ-
മൊരുകുറിയെങ്കിലുമൊന്നു കാണുമോ ഞാൻ. 26

കുറമകൾ പൂശിയ കുങ്കുമക്കുഴമ്പിൻ-
പരിമളകാന്തി പരന്നിടുന്നു പൂമെയ്
കരളു കനിഞ്ഞു കവിഞ്ഞ കണ്ണുനീരോ-
ടൊരുകുറിയെങ്കിലുമൊന്നു കാണുമോ ഞാൻ. 27

കനിമധുരക്കടലീന്നു കാന്തിതേടും
മുനിവരർ മുങ്ങിയെടുത്തിടുന്ന മുത്തേ!
പനിമതി ചൂടിയ പൈതലെപ്പറന്നെൻ-
കനിവുരുവിൻ കഴലെന്നു കാണുമീ ഞാൻ. 28

കലിവലയിൽക്കലരാതെ കൈതൊഴുന്നെൻ-
കലുഷമകററിയെടുത്തു കാത്തുകൊൾവാൻ
കലമൃദുവാണി മൊഴിഞ്ഞ കയ്യുമായെൻ-
കുലഗുരുവെന്നു വരുന്നു കാണുമോ ഞാൻ. 29

ഘടപടമേറി വരുന്ന കാലചക്ര-
ക്കടവു കടന്നു കലർന്നു നിന്നുകൊൾവാൻ
അടിമപെടും തുയരോർത്തു കാലകാലൻ
തടവിവിടും തിരുമേനിയെന്നു കാണാം. 30

---

(25) അവലംബം-ആശ്രയം. ഗുഹദിദൃക്ഷാവിവശൻ -സുബ്രഹ്മണ്യനെ കാണാനുള്ള ആഗ്രഹംകൊണ്ടു വിവശനായവൻ. വിന -പാപം. ബാലൻ-പാമരൻ. ഭവപാശത്തിന് -സംസാരപാശത്തിന്. അസിസ്വരൂപൻ-വാളായിട്ടുള്ളവൻ. ഭവസൂനുപ്രിയവാഹമായ -സുബ്രഹ്മണ്യൻെറ പ്രിയവാഹനമായ. അസിസ്വരൂപനാകും എന്നതു 'ഭവസൂനു'വിൻെറയോ 'മൈലേ' എന്നതിൻെറയോ വിശേഷണമായി എടുക്കാം. (26) മുരുകാ -സുബ്രഹ്മണ്യാ. വിഭോ-ഈശ്വരാ. മുഴുമൂലമേ -സർവ്വത്തിനും കാരണമായുള്ളോനേ. മുകുന്ദൻ -വിഷ്ണു. ആദിതേയമൗലേ -ദേവനായക. കരുതാതൊരു -അചിന്ത്യമായ. കേളി -ലീല. ഒരുകുറി എങ്കിലും -ഒരിക്കലെങ്കിലും. (27) കുറമകൾ -കുറവൻെറ മകൾ(വള്ളി.) (28) കടലീന്നു -കടലിൽനിന്നു. പറന്നു -നീ പറന്നുവന്നു. കനിവുരുവ് -കാരുണ്യസ്വരൂപൻ. (29) കലിവല-തിന്മയുടെ വല. കലുഷം -പാപം. കലമൃദുവാണി മൊഴിഞ്ഞ കയ്യുമായ് റആശിസ്സരുളുന്ന കയ്യുമായി. (30) ഘടപടമേറിവരുന്ന -ഘടപടാദിരൂപമായ. കലർന്നു -നിന്നോടു ചോദിച്ചു. തുയരെതിർത്തു -ദുഃഖത്തെ എതിർത്തു. കാലകാലൻ തടവിടും -ശിവൻ ലാളിക്കുന്ന.

സുരതടിനീസുത! സങ്കടം സഹിപ്പാ-
നരുതരുതെന്തു വിളംബമേവമയ്യോ!
ദുരിതമറുത്തിനി ദൈവമേ! കനിഞ്ഞെ-
ന്നിരുമിഴിമുമ്പെഴുനള്ളുകില്ലയോ നീ. 31

സഗണമഹോ സനകാദി സിദ്ധരോടും
നഗസുതനാഗവിഭൂഷണാദിയോടും
ഖഗമതിലേറിവരുന്ന കാർത്തികേയൻ
ഗഗനവിലാസവുമെന്നു കാണുമീ ഞാൻ. 32

ഗഗനസരസ്സിൽ വിരിഞ്ഞ പൂവിറുപ്പാ-
നഗസുത പെററവനോടിവന്നിടുമ്പോൾ
ഭഗവനനന്ത! ജയിക്കയെന്നുമോതീ-
ട്ടഗണിതമഞ്ജലിചെയ്തു നില്ക്കുമോ ഞാൻ. 33

കുറിയ മുനിക്കു കനിഞ്ഞ കൗശലക്കൈ-
യറിയണമെന്നകതാരിലാശയോടും
അറുമുഖദേവനിലാർന്ന ഭക്തി പാരം
മുറുകി മുതിർന്നു മുതിർന്നു നില്ക്കുമോ ഞാൻ. 34

കലിമലദൂഷിതനിന്നു കഷ്ടമീ ഞാൻ
വിലപിടിയാതവനെങ്കിലും വിലാപം
അലിവുരുവിന്നവകർണ്ണനക്ഷണത്തിൽ-
ത്തലവിധിയും തകരാറുചെയ്യുമല്ലോ. 35

അനീകിനീനായകനാദിനായകൻ
മനീഷിവന്ദ്യൻ മതിമാൻ മനോഹരൻ
മുനീശ്വരൻ മൂഷികവാഹനാനുജൻ
ധുനീസുതൻ വാഴുക സുന്ദരൻ ഗുഹൻ 36

---

(31) സുരതടിനീസുത! -സുബ്രഹ്മണ്യാ. വിളംബം -താമസം. (32) സഗണം -ഭൂതഗണത്തോടുകൂടി. സനകാദിസിദ്ധരോടും -സനകാദിമഹർഷിമാരോടുംകൂടി. നഗസുത -പാർവ്വതി. നാടും -തിളങ്ങുന്ന. ഗഗനവിലാസം -സ്വർഗ്ഗത്തിലുള്ള കളി. (33) ഗഗനസരസ്സിൽ -ആകാശപ്പൊയ്കയിൽ. നഗസുത പെററവൻ -പാർവ്വതീപുത്രൻ. ഭഗവൻ -ഭഗവാനേ. അനന്ത! -അവസാനമററവനേ. അഗണിതം -കണക്കില്ലാതെ. (34) കുറിയ മുനിക്ക് -അഗസ്ത്യന്. കനിഞ്ഞ -ദയവായി ഉപദേശിച്ച. കൗശലക്കൈ -കൗശലം. (പൊടിക്കൈ.) അഗസ്ത്യമഹർഷിക്കു കൊടുത്ത ഉപദേശം അറിയണമെന്ന ആഗ്രഹത്തോടുകൂടി. (35) കലിമലദൂഷിതൻ -കലിദോഷത്താൽ ദുഷിച്ചവൻ. വിലപിടിയാത്തവൻ -നിസ്സാരൻ. വിലാപം -കരച്ചിൽ. അലിവുരു വിന്നവകർണ്ണനക്ഷണത്തിൽ -കാരുണ്യമൂർത്തി കേൾക്കുന്നമാത്രയിൽ. തല വിധിയും തകരാറുചെയ്യുമല്ലോ -ശിരോലിഖിതംകൂടി മാററുമല്ലോ. (36) അനീകിനീ നായകൻ -ദേവസേനാപതി. മനീഷിവന്ദ്യൻ -ബുദ്ധിമാന്മാർക്ക് ആരാധ്യൻ. മൂഷികവാഹനാനുജൻ -ഗണപതിയുടെ അനുജൻ. ധുനീസുതൻ -നദീപുത്രൻ.

ദുരന്തസംസാരസമുദ്രമേറുവാൻ
കരന്തരും കൺമണി കൃത്തികാസുതൻ
പരന്തപൻ പങ്കജയോനിവന്ദിതൻ
ചിരന്തനൻ വാഴുക ചിന്മയൻ ഗുഹൻ. 37

അരിന്ദമൻ ദേവനഖണ്ഡനച്യുതൻ
പുരന്ദരപ്രാഞ്ജലിപാത്രപാദുകൻ
ഇരന്നിടുന്നോരെയെടുക്കുവാനുടൻ
വരുന്നവൻ വാഴുക വാഹിനീസുതൻ! 38

പയോദമേ പങ്കജമേ പരാഗമേ!
വിയോഗമേ വേദവിശിഷ്ടയോഗമേ!
നിയോഗമേ നിർമ്മലനീതിസാരമേ!
ദയോദധേ വാഴുക ദേവ ദൈവമേ! 39

മലർന്ന പൂവേ മലമററ മേരുവേ!
പുലമ്പിടുന്നോർക്കു നിലിമ്പദാരുവേ!
കലങ്ങിടുന്നെൻകരണം കൃപാനിധേ!
കലേശമൗലേ! ഗുഹ! വാഴ്ക ദൈവമേ! 40

വിയന്നദീനന്ദന! വായുസാരമേ!
സ്വയംപ്രഭോ! സുന്ദരസോമശേഖരാ!
ദയാനിധേ! ദിവ്യമയൂരവാഹനാ!
ജയിക്ക നീ ജന്മവിനാശനാശനാ! 41

കലാപിയേറിക്കളിയാടുമോമന-
ക്കലാപമേ! യോഗകലാകലാപമേ!
കലേശകോടീരമണേ! കലർന്നു ചി-
ദ്വിലാസമേ! വാഴുക വേദദീപമേ! 42

---

(37) ദുരന്തം -എളുപ്പം അവസാനിക്കാത്ത. കൺമണി-ഓമന. കൃത്തികാസുതൻ റകാർത്തികേയൻ. പരന്തപൻ -ശത്രുക്കളെ ദുഃഖിപ്പിക്കുന്നവൻ. പങ്കജ യോനിവന്ദിതൻ - ബ്രഹ്മാവു വന്ദിച്ചവൻ. ചിരന്തനൻ -വളരെക്കാലമായിട്ടുള്ളവൻ. (38) അരിന്ദമൻ -ശത്രുക്കളെ അടക്കുന്നവൻ. അഖണ്ഡൻ -ഏകൻ. അച്യുതൻ -നാശമററവൻ. പുരന്ദരപ്രാഞ്ജലിപാത്രപാദുകൻ -ദേവേന്ദ്രൻെറ തൊഴുവലിനു പാത്രമായ ചെരിപ്പോടുകൂടിയവൻ (ഇന്ദ്രൻ കാലടി കൂപ്പുന്നവൻ). ഇരന്നീടുന്നോരെ -ഭക്തന്മാരെ. (39) വിയോഗം -പിരിവ്. വേദവിശിഷ്ടയോഗം -വേദവർണ്ണിതമായ ലയം. നിയോഗം -വിധി. (40) പുലമ്പിടുന്നോർക്ക് -ഇരക്കുന്നവർക്ക്. നിലിമ്പദാരു -കല്പകവൃക്ഷം. കരണം -മനസ്സ്. (41) വിയന്നദീനന്ദന! -ഗംഗാപുത്രാ. വായുസാരമേ -പ്രാണസാരമായുള്ളോനേ. സ്വയംപ്രഭോ! -താനേ ഉണ്ടായവനേ. സോമശേഖരാ! -തലയിൽ ചന്ദ്രക്കലധരിച്ചവനേ. മയൂരവാഹനാ! -മയിൽവാഹനാ. ജന്മവിനാശ നാശനാ! -സംസാരത്തെ നശിപ്പിക്കുന്നവനേ. (42) കലാപി -മയിൽ. ഓമനക്കലാ പമേ! -വാത്സല്യസൂചകമായ ഒരു വിളി. (കലാപം -ആഭരണം) യോഗകലാകലാപമേ റയോഗകലാവിലാസമേ. കലേശകോടീരമണേ -ജടയിൽ ചന്ദ്രനെ ധരിച്ചവനേ. കലർന്ന -ലയിച്ച.

പുരാരിയെന്നും പുണരുന്ന പൈതലേ!
പുരാണമുള്ളിൽപ്പുലരുന്ന കാതലേ!
വിരാമമെന്യേ വിലസുന്ന ദീപമേ!
പുരാതനപ്പൂങ്കൊടിയേ! ജയിക്ക നീ. 43

അപാരസൗഭാഗ്യനിദാനഹേതുവേ!
കൃപാംബു പായും കൃകവാകകേതുവേ!
ഉപാധിയും വിട്ടുയരുന്ന ദൈവമേ!
ജപാപ്രസൂനപ്രഭയേ! ജയിക്ക നീ. 44

ഇരക്കിലും നിന്നടിതാനിരക്കണം
മരിക്കിലും ഞാൻ മറവാതിരിക്കണം
ഭരിക്കണം നിന്തിരുമേനിയേഴമേ-
ലിരക്കമേറും ഗുഹനേ! ജയിക്ക നീ. 45

ആലമുണ്ടഴലുപോലെ മായയിൽ
മാലുകൊണ്ടു മതിയും മയങ്ങി ഞാൻ
കാലു തന്നു കനിയുന്നതെന്നു നീ
വേലുമേന്തി വിലസുന്ന ദൈവമേ! 46

സൂനവാടിയിലെഴുന്ന തെന്നലേ!
പീനമാമയിലിലേറുമോമലേ!
മാനമററമലമായ ചെയ്യുമീ
ദീനമെന്നു തുലയുന്നു ദൈവമേ! 47

വാനലർക്കൊടി കുലച്ച കോരകം
തേനൊലിച്ചു വിരിയുന്ന വേളയിൽ
സ്വാനമിട്ടളി മുഴക്കി മൗനമായ്
ഞാനിരിപ്പതിനിയെന്നു ദൈവമേ! 48

തീനെടുത്തിനി വെറുക്കുമെങ്കിലും
വാനടുത്ത വഴി കാണുമെങ്കിലും
കോനെടുത്തു കുടിവയ്ക്കുമെങ്കിലും
ഞാനെടുത്ത ജനി നന്നു ദൈവമേ! 49

---

(43) പുരാരി -ശിവൻ. പുരാണമുള്ളിൽ പുലരുന്ന കാതലേ -പുരാണത്തിനുള്ളിലെ സാരതത്വമായുള്ളവനേ. വിരാമമെന്യേ -നിറുത്തില്ലാതെ. പുരാതനപ്പൂങ്കൊടിയേ-ആദിപ്പൂങ്കൊടിയേ. (44) അപാരസൗഭാഗ്യനിദാനഹേതുവേ-അധിക മായ സൗഭാഗ്യത്തിന് അടിസ്ഥാനകാരണമായുള്ളവനേ. കൃപാംബു പായും -ദയാജലം പായുന്ന. കൃകവാകകേതുവേ - കോഴി കൊടിയടയാളമുള്ളവനേ. ഉപാധി മുറ വിട്ടുയരുന്ന -ഉപാധി അതിക്രമിച്ച. ജപാപ്രസൂനപ്രഭയേ -ചെമ്പരത്തിപ്പൂവിന്റെ നിറമുള്ളവനേ. (45) ഇരക്കിലും -യാചിക്കാൻ ഇടവരികയാണെങ്കിൽ. നിന്നടിതാനിരക്കണം -നിന്റെ അടിതന്നെ ഇരക്കണം. മറവാതിരിക്കണം-മറക്കാതിരിക്കണം. നിന്തിരുമേനി ഭരിക്കണം-നീ ഭരിക്കണം. ഇരക്കം-കനിവ്. തുടർന്നുള്ള പത്തു ശ്ലോകങ്ങൾ ഭക്തവിലാപത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്.

സ്ഥൂലമോ പൊരുളു സൂക്ഷ്മദേഹമോ
മൂലമോ മുടിവിലുള്ളതെന്നിയേ
കാലവൈഭവമതിൽക്കലർന്നെഴും
ജാലമോ മുരുക! മൂലദൈവമേ! 50

പ്രാണനായക! ഭവൽപദാംബുജം
കാണുമാറു കരുതാതെ കശ്മലൻ
വീണനായി വളരുന്നുവെങ്കിലും
കാണി നീ കരുണചെയ്ക ദൈവമേ! 51

ഏണനേർമിഴികളോടു, മന്മഥൻ
ബാണവൈഭവമെടുത്തടിക്കിലും
പ്രാണനുള്ളളവണഞ്ഞിടാതെ കൺ-
കോണഴിഞ്ഞു കൃപചെയ്ക ദൈവമേ! 52

ആണവക്കടലിലാഴുമേഴ ഞാ-
നേണപാണിമകനെൻെറ തമ്പുരാൻ
വേണമെങ്കിലവനെന്നെയാളുമെ-
ന്നാണുറപ്പുമടിമയ്ക്കു ദൈവമേ! 53

നാറുമീയുടലു നിൻെറ മേനിയിൽ
കേറിയൻപൊടു കലർന്നുകൊള്ളുമോ?
ചോറിരന്നു ചുണകെട്ടു ചീയുമോ?
കുറഴിഞ്ഞു കവിയുന്ന ദൈവമേ! 54

നീറിടുന്ന മനതാരു നിൻ പദം
തേറിടുന്നതിനശക്തമെങ്കിലും
കൂറിടുന്നു തിരുമേനിയെന്നിയേ
വേറെനിക്കൊരുവരില്ല ദൈവമേ! 55

അടിയേ നമുക്കു ഗതിയെന്നു നിന്നിടു-
ന്നടിമയ്ക്കടുക്കുമഴലററു നീറവേ
പിടിപെട്ടണച്ചു പുണരുന്നതെൻെറ കു-
ക്കുടകേതുവിൻെറ കുളിർമേനിയല്ലയോ? 56

ഇടരററെഴുന്നൊരിടമേകിടുന്നതും
പിടിവിട്ടവർക്കു പിടിയായിടുന്നതും
പടുയോഗസിദ്ധി പലതും കടന്നതും
പടനായകൻെറ പടികാവലല്ലയോ? 57

---

(56) അടിയേ -നിൻെറ പാദമേ. എന്നു നിന്നിടും -എന്നു കരുതി നില്ക്കുന്ന. അടിമയ്ക്കടുക്കും -അടിമയ്ക്കുണ്ടാകുന്ന. അഴലററു നീറവേ -ദുഃഖം നശിച്ചു ഭസ്മമാകുമാറ്. പിടിപെട്ടണച്ചു -പിടിച്ച് അടുപ്പിച്ച. കുക്കുടകേതു -സുബ്രഹ്മണ്യൻ. (57) ഇടരററെഴുന്നൊരിടം-ദുഃഖരഹിതമായ സ്ഥാനം. പിടിവിട്ടവർക്ക് -ആശ്രയമില്ലാതായവർക്ക്. പിടിയായിടുന്നതും -ആശ്രയമാകുന്നതും. പടുയോഗസിദ്ധി

അടലിന്നിറങ്ങുമളവംബരാന്തരം
പടഹം ധ്വനിച്ചു ഭടരങ്ങു ചൂഴവേ
പടവേലെടുത്തു പരിചിൽപ്പുറപ്പെടും-
പടി കണ്ടുകണ്ടു പടിയേറുമെന്നു ഞാൻ 58

തണലാകുമെൻെറ മുരുകൻെറ ചാരു ക-
ങ്കണമാർന്നിടുന്ന കരപാരിജാതകം
കണികണ്ടവർക്കു കനിവുള്ള കല്പക-
ത്തണലിന്നു നട്ട തരുവൃന്ദമല്ലയോ? 59

ഹരദേവി വാരിയലിവോടു മുത്തിടും
ഹരിചന്ദനപ്രചുരമഞ്ജരീകമേ!
കരയുന്ന കണ്ണിനൊരുപോതു കാണുവാൻ
വരികിന്നു വേല! വടിവേല! വൈകൊലാ. 60

കരുതുന്നനേരമിഹ കണ്ടുകൊള്ളുവാൻ
പെരുകുന്നു മോഹഭരമെൻെറ ദൈവമേ!
തിരുമേനി തീയനൊരുവേള കാണുവാൻ
വരികില്ലയോ വരദ,നെന്തു താമസം? 61

വെറുതേ വിളിച്ച വിളിയെന്നുവച്ചു നീ
കുറമാതിനോടു കുഴയുന്ന വേളയോ?
പറവാനെനിക്കു പലതുണ്ടു തങ്ങളിൽ-
പ്പരിഹാസമല്ല വരികാശു ദൈവമേ! 62

അറിവററ മൂഢനിവനോടു ചെന്നടു-
ത്തുറുതിപ്രസംഗമരുതെന്നുവയ്ക്കിലും
കുറവല്ലി കണ്ട കുളിർമേനി കാണുവാൻ
കറയില്ലെനിക്കു കുറയററ ദൈവമേ! 63

പലതും കടന്നതും -പടുയോഗസിദ്ധികൾ ഓരോന്നു കടന്നുപോയതും. പടനായകൻെറ പടികാവൽ -സുബ്രഹ്മണ്യൻ കാത്തുരക്ഷിച്ചത് അല്ലെങ്കിൽ സുബ്രഹ്മണ്യൻെറ ക്ഷേത്രത്തിൽ പൂജചെയ്തു പാർത്തത്. (58) അടലിന്നു - യുദ്ധത്തിനു. ഇറങ്ങുമളവ് -ഇറങ്ങുമ്പോൾ. അംബരാന്തരം -ആകാശം. പടഹം - പടഹവാദ്യം. ചൂഴവെ -ചുററും കൂടവെ. പടവേലെടുത്തു പരിചിൽ പുറപ്പെടുംപടി - സുബ്രഹ്മണ്യൻ വേലെടുത്തു പുറപ്പെടുന്ന മട്ട്. പടിയേറും -ബന്ധങ്ങൾ കടന്ന് ഉൽഗതി പ്രാപിക്കും. (59) തണലാകും-അഭയസ്ഥാനമായ. ചാരുകങ്കണം -ഭംഗി യുള്ള വള. കരപാരിജാതകം -കയ്യാകുന്ന കല്പവൃക്ഷം. കണികണ്ടവർക്ക് -കണ്ട വർക്ക്. കനിവുള്ള കല്പകത്തണലിന് -കാരുണ്യമുള്ള കല്പകവൃക്ഷത്തിൻെറ മാതിരി തണലിനുവേണ്ടി. കരപാരിജാതം തരുവൃന്ദമല്ലയോ എന്നന്വയം. (60) ഹര ദേവി -പാർവ്വതി. വാരി -എടുത്തു. ഹരിചന്ദനപ്രചുരമഞ്ജരീകമേ -കല്പക വൃക്ഷത്തിൻെറ തഴച്ച പൂങ്കുലയായവനേ. (61) തീയൻ -പാപി. (62) കുഴയുന്ന -കളി ക്കുന്ന. (63) അറിവററ മൂഢനിവനോട് -മൂഢനായ ഇവനോട് (എന്നോട്). അടുത്തു ചെന്നു. ഉറുതിപ്രസംഗം -സമാധാനോപദേശം. അരുതെന്നുവച്ചാലും -പാടില്ലെന്നു നീ വച്ചാലും. കുറവല്ലി -കുറത്തിയായ വല്ലി(ആനന്ദവല്ലി). കറ -ദോഷം. കുറ - കുറവ്.

കുറയററ നിൻെറ കരുണാരസക്കടൽ-
ക്കരകണ്ടതാരു കമനീയരൂപമേ!
മുരുകൻ നമുക്കു മുതലെന്നുവച്ചു ഞാൻ
വരികെൻെറ മുമ്പിലിനി ബാഹുലേയ! നീ. 64

അറിവോതിവന്ന മുനിമാരെയാളുമ-
പ്പിറവാലു ചൂടി വിലസും പിതാവിനും
മറയോതിടുന്ന മധുവാരിവാമലർ-
ത്തിറമോടുമെൻെറ മുരുകൻ വരുന്നിതോ! 65

സഞ്ചിതസാഗരമെന്നാൽ
വഞ്ചിക്കപ്പെടുവതിന്നു വടിവേലൻ
അഞ്ചിതനമലനമേയൻ
കുഞ്ചിതപാദൻ വരുന്നതെന്നയ്യോ! 66

പിഞ്ഛമയിൽപ്രിയനോടും
പഞ്ചാമൃതവാരിരാശിതൻ കരയിൽ
പഞ്ചാരപ്പുതുമണലിൽ
കൊഞ്ചിക്കളിയാടിടുന്നതെന്നയ്യോ! 67

ചേലാർന്ന നീലമയിലിൽ
കോലാഹലമാർന്ന കോമളസ്കന്ദൻ
വേലായുധനെന്നു വരും
താലോലിക്കുന്നതെന്നു ഞാനയ്യോ! 68

ബാലേന്ദുകലാചൂഡൻ
ബാലസഖൻ ബാഹുലേയനതിസുമുഖൻ
ഫാലാന്തരപടുനയനൻ
നീലസ്കന്ദൻ വരുന്നതെന്നയ്യോ! 69

---

(64) മുതലെന്ന് -സർവ്വസ്വമെന്ന്. വെച്ചു -ഉറച്ചു. (65) വന്ന മുനിമാരെ -ഉപദേശം വാങ്ങാൻവന്ന മുനിമാരെ. (സനകാദികളെ). അറിവോതി -ജ്ഞാനോപദേശം ചെയ്തു. ആളും -കൈക്കൊണ്ടിരിക്കുന്ന('മുനിമാരെ' എന്നത് 'ആളും' എന്നതിൻെറ കർമ്മം). താൻ ജ്ഞാനോപദേശം ചെയ്യുന്ന മുനിമാരോടുകൂടിയിരിക്കുന്ന. പിറവാലു - ചന്ദ്രക്കല. പിതാവിന്ന് -അച്ഛന്. (ശ്രീദക്ഷിണാമൂർത്തിക്കുപോലും.) മറയോതിടുന്ന -വേദം ഉപദേശിക്കുന്ന. മധുവാരിവാമലർ തിറമൊടും -തേൻ വർഷിക്കുന്ന വായ്പ്പൂവിൻെറ സാമർത്ഥ്യത്തോടുംകൂടി. (66) സഞ്ചിതസാഗരം - പൂർവ്വകർമ്മ സമുദ്രം. വഞ്ചിക്കപ്പെടുവതിന്ന് -കടക്കപ്പെടുവതിന്. അഞ്ചിതൻ - സുന്ദരൻ. അമേയൻ -അളക്കപ്പെടാൻ പാടില്ലാത്തവൻ. കുഞ്ചിതപാദൻ -വളഞ്ഞ പാദത്തോടുകൂടിയവൻ. (67) പിഞ്ഛമയിൽപ്രിയനോടും -പീലിയുള്ള മയിലിൽ പ്രിയമുള്ളവനായ സുബ്രഹ്മണ്യനോടുകൂടി. പഞ്ചാമൃതക്കടലിൻെറ പഞ്ചാര ക്കരയിൽ -മാധുര്യമയമായ അവസ്ഥയിൽ. (68) കോമളസ്കന്ദൻ -സുന്ദരനായ സുബ്രഹ്മണ്യൻ. താലോലിക്കുന്നതെന്നു ഞാൻ -ഞാൻ എന്ന് അവനെ താലോ ലിക്കുവാൻ ഇടവരും. (69) ബാലേന്ദുകലാചൂഡൻ -ചന്ദ്രക്കല തലയിൽ ധരിക്കു ന്നവൻ. ബാലസഖൻ -ബാലന്മാർക്കു സഖിയായുള്ളവൻ, കുട്ടികളുടെ കൂട്ടോടു കൂടിയവൻ. ഫാലാന്തരപടുനയനൻ -നെററിത്തടത്തിൽ തീക്കണ്ണുള്ളവൻ. നീല സ്കന്ദൻ -കറുത്ത കഴുത്തോടുകൂടിയവൻ.

സിന്ദൂരരുചിരഗാത്രൻ
വൃന്ദാരകവൃന്ദവന്ദിതൻ വരദൻ
മന്ദാരമൃദുലമാലാ-
സുന്ദരവക്ഷസ്കനെന്നു വരുമയ്യോ! 70

കുന്ദദതീകുചകലശീ-
കന്ദുകലീലാവിനോദവിവശനവൻ
മന്ദസ്മിതമുഖമുരുകൻ
മന്ദം മന്ദം വരുന്നതെന്നയ്യോ! 71

ഉൾപ്പൂന്തേനൊലി നുകരും
ഷഡ്പദമായെൻെറ മുമ്പിലൊരു കയ്യിൽ
കല്പാന്തക്കനലേന്തും
ചിൽപൂരുഷനെന്നു വന്നിടുന്നയ്യോ! 72

കല്പവികല്പവിഹീനൻ
കല്പിതശില്പൻ ഹരിൽപതിപ്രണുതൻ
കല്പകകല്പനനല്പൻ
തല്പരമുരുകൻ വരുന്നതെന്നയ്യോ! 73

ഞാനില്ലാതെ ഞെരുങ്ങി-
ത്താനേ നിന്നാടിടുന്ന തനിമുരുകൻ
ഭാനൈകമാനനമലൻ
മാനാതീതൻ വരുന്നതെന്നയ്യോ! 74

ആനന്ദവല്ലി പടരും
ജ്ഞാനമരം ഞാൻ കുറിച്ചിടും ജ്ഞേയം
മൗനത്തേൻകനി ചൊരിയും
വേനത്തണലെന്നു വന്നിടുന്നയ്യോ! 75

---

(70) സിന്ദൂരരുചിരഗാത്രൻ -സിന്ദൂരംകൊണ്ടു മനോഹരമായ ദേഹത്തോടുകൂടിയവൻ. വൃന്ദാരകവൃന്ദവന്ദിതൻ -ദേവഗണങ്ങളാൽ വന്ദിക്കപ്പെട്ടവൻ. മന്ദാരമൃദുലമാലാസുന്ദരവക്ഷസ്കൻ -കല്പകവൃക്ഷത്തിൻെറ മൃദുവായ മാല അണിഞ്ഞു മനോഹരമായ മാർവ്വിടത്തോടുകൂടിയവൻ. (71) കുന്ദദതീകുചകലശീകന്ദുകലീലാവിനോദവിവശൻ -കുരുക്കുത്തിമുല്ലമൊട്ടുപോലെയുള്ള പല്ലോടുകൂടിയവളും കുടംപോലെയുള്ള മുലയോടുകൂടിയവളും ആയ സുന്ദരിയോടുകൂടി (വള്ളിയോടുകൂടി) പന്തുകളിച്ചു നേരം പോക്കുന്നതിൽ വിവശനായവൻ. (72) ഉൾപ്പൂന്തേനൊലി നുകരും -മനസ്സാകുന്ന പൂവിൻെറ ഒഴുകുന്ന തേൻ കുടിക്കുന്ന. ഷഡ്പദമായി -വണ്ടായി. കല്പാന്തക്കനൽ -പ്രളയാഗ്നി. (73) കല്പവികല്പവിഹീനൻ -നാശവും സംശയവുമില്ലാത്തവൻ. കല്പിതശില്പൻ -സങ്കല്പസ്വരൂപി. ഹരിൽപതിപ്രണുതൻ -ഇന്ദ്രസേവിതൻ. കല്പകകല്പൻ -കല്പകവൃക്ഷതുല്യൻ. അനല്പൻ -മഹാൻ. തല്പരൻ-താല്പര്യമുള്ളവൻ. (74) ഞാനില്ലാതെ -അഹം ബുദ്ധിയില്ലാതെ. ഞെരുങ്ങി -അടങ്ങി. താനേ നിന്നാടിടുന്ന തനിമുരുകൻ -ശുദ്ധബ്രഹ്മമായി വിലസുന്ന അദ്വൈതമൂർത്തി. ഭാനൈകമാനൻ -അനുഭവൈകവേദ്യൻ. മാനാതീതൻ -അളവററവൻ. (75) ആനന്ദവല്ലി പടരും ജ്ഞാനമരമായി. ഞാൻ കുറിച്ചിടും -എൻെറ ലക്ഷ്യമായ. ജ്ഞേയമായി -അറിയേണ്ട വസ്തുവായി.

സേനാമുഖത്തിലുയരുന്നൊരു വാദ്യഭേദം
നാനാവിധം മധുരമിന്നു മുഴങ്ങിടുന്നു
ആനന്ദമാമയിലിലേറിയലങ്കരിച്ചു
വാനാളുമെൻെറ വടിവേലനിതാ വരുന്നു! 76

ഓംകാരവാദമതിലാത്മഭവന്നുദിച്ചൊ-
രാങ്കാരശൈലശതകോടിയമർത്ത്യനാഥൻ
സാങ്കേതികം സകലവും നിജ താതനോതു-
മോംകാരമാകുമൊളിവേലനിതാ വരുന്നു! 77

മോദിച്ചുനിന്നു മയിലേറിയ മാമരുന്നിൻ-
പാദം നിനച്ചു പലനാൾ പണിചെയ്തിവണ്ണം
ഖേദിച്ചിടേണ്ട മനമേ! കരയേണ്ട നിൻെറ
വേദാന്തമൂലവടിവേലനിതാ വരുന്നു! 78

മാതാവെടുത്തു മടിമേലിരിയെന്നണച്ചു
കോതിത്തുടച്ചു കുചകുംഭമഴിച്ചിടുമ്പോൾ
മീതെ മറിഞ്ഞു മുറയിട്ടമൃതാസ്വദിക്കും
ചേതോഹരൻ ചെറിയ വേലനിതാ വരുന്നു! 79

വാമാക്ഷി വല്ലിയൊടണഞ്ഞു വിനോദമോതി
പ്രേമപ്പെടുത്തുമളവിൽപ്പുലയൻ വരുമ്പോൾ
പൂമേനി പണ്ടു പുലർമാമരമായ കള്ള-
ക്കാമാതുരൻ കനകവേലനിതാ വരുന്നു1 80

മൗനത്തേൻകനി ചൊരിയും -മൗനാവസ്ഥയിലുള്ള ആനന്ദം പൊഴിയുന്ന. വേനത്തണൽ -സന്താപത്തിൽ ആശ്രയമായുള്ളവൻ. ജ്ഞാനമായും ജ്ഞേയമായും ജ്ഞാനജ്ഞേയഭേദംവിട്ട് അനുഭൂതിയായുമുള്ളവൻ എന്നു സാരം. (76) സേനാമുഖത്തിൽ- ദേവസേനയുടെ മുമ്പിൽ. വാനാളും -സ്വർഗ്ഗം വാഴുന്ന, അല്ലെങ്കിൽ ആകാശത്തിൽ എത്തിയിരിക്കുന്ന.(77) ആത്മഭവന്ന് -ബ്രഹ്മാവിന്. ആങ്കാരശൈലശതകോടി -അഹങ്കാരശൈലത്തിന് ഇടിത്തീയായ. നിജതാതൻ -ശിവൻ. ഓതുന്ന സാങ്കേതികം സകലവും ശാസ്ത്രസർവ്വസ്വമായ ഓങ്കാരമാകുന്നു. ഒളിവേലൻ -ജ്ഞാനസ്വരൂപനായ സുബ്രഹ്മണ്യൻ. നിജതാതന് ഓതുന്ന (ശിവന് ഉപദേശിക്കുന്ന) എന്നും പദച്ഛേദം ആകാം. (78) മാമരുന്നിൻ -വലിയ ഔഷധത്തിൻെറ (ദുഃഖനാശകമായ വസ്തുവിൻെറ). വേദാന്തമൂലവടിവേലൻ -വേദാന്തത്തിൻെറ വേരായ വേലായുധൻ. (79) ചെറിയ വേലൻ -ശിശുവായ വേലായുധൻ. (80) വാമാക്ഷി വല്ലിയൊടു -സുന്ദരിയായ വള്ളിദേവിയോട്. പുലയൻ -വല്ലിയുടെ അച്ഛനായ പുലയൻ. പുലർമാമരമായ -രക്ഷയ്ക്കുള്ള മഹാവൃക്ഷമായിത്തീർന്ന. (കല്യാണത്തിനുമുമ്പു വള്ളിയുമായി സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ വള്ളിയുടെ അച്ഛൻ വന്ന ഉടനെ സുബ്രഹ്മണ്യൻ മരമായി എന്നു തമിഴുപുരാണം). കള്ളക്കാമാതുരൻ -കപടശാലിയായ കാമാർത്തൻ.

പേടിച്ചിടേണ്ട മനമേ! പരിപന്ഥിവർഗ്ഗം
ചാടിപ്പിടിക്കുമിനിയെന്നു ചലിച്ചിടേണ്ട
ഓടിപ്പിടിച്ചമരരെപ്രതി ദൈത്യയൂഥം
പാടേ മുടിച്ച പടവേലനിതാ വരുന്നു! 81

വീചീഭയങ്കരസമുദ്രമെടുത്തു മോന്തി
പ്രാചീനകീർത്തിപെറുമമ്മുനിതൻെറ മുമ്പിൽ
ശ്രീചിദ്വിലാസകരമുദ്രയുമായടുക്കു-
മാചാര്യനാദിയരുൾവേലനിതാ വരുന്നു! 82

ഹിംസാദിദോഷമകലത്തു കളഞ്ഞു തൻെറ
സംസേവികൾക്കു സതതം സകലം കനിഞ്ഞു
സംസാരസാഗരമെടുത്തു കടത്തിടുന്ന
ഹംസാധിപപ്രബലവേലനിതാ വരുന്നു 83

എന്താവതാധികളറുപ്പതിനെന്നു നിന്നു
ചിന്താവശേന മനമേയിനി മേവിടേണ്ടാ
എന്തമ്പുരാനെളിയവർക്കലിയുന്നൊരെൻെറ
സന്താനസാരസുരവേലനിതാ വരുന്നു! 84

പററററുനിന്നു പണിയും പണിയാളർതന്നി-
ലിററിററഴിഞ്ഞ മിഴിനീരിഴിയുന്നനേരം
പററിപ്പിടിച്ചു പുണരും പരമാർത്ഥമായ
പറററ പള്ളിവടിവേലനിതാ വരുന്നു! 85

---

(81) പരിപന്ഥിവർഗ്ഗം -ശത്രുസമൂഹം. എന്നു ചലിച്ചിടേണ്ട -എന്നുവച്ച് ഇളകേണ്ട. അമരരെപ്രതി -ദേവന്മാർക്കുവേണ്ടി. ദൈത്യയൂഥം -അസുരക്കൂട്ടത്തെ. ഓടിപ്പിടിച്ചു എന്ന് അന്വയം. പടവേലൻ -യോദ്ധാവായ വേലായുധൻ. (82) വീചീഭയങ്കരസമുദ്രം -തിരകളാൽ ഭയങ്കരമായ കടൽ. പ്രാചീനകീർത്തിപെറും -പുരാതനകീർത്തിയുള്ള. അമ്മുനി -ആ മുനി (അഗസ്ത്യൻ). ശ്രീചിദ്വിലാസകരമുദ്രയുമായ് -ജ്ഞാനം പ്രകാശിപ്പിക്കുന്ന കൈമുദ്രയോടുകൂടി. ആദിയരുൾവേലൻ -ആദിജ്ഞാനവേലവൻ. (83) തൻെറ സംസേവികൾക്കു -തന്നെ സേവിക്കുന്നവർക്കു. ഹിംസാദിദോഷം സതതം സകലം കളഞ്ഞു -ഹിംസാദിദോഷമെല്ലാം എപ്പോഴും ഇല്ലാതാക്കി. കടത്തിടുന്ന -അക്കരകടത്തുന്ന. ഹംസദീപപ്രബലവേലൻ -പരമഹംസോത്തമനായ വേലവൻ. (84) എളിയവർക്കലിയുന്ന -എളിയവരോടു കാരുണ്യം കാണിക്കുന്ന. സന്താനസാരസുരവേലൻ -കല്പവൃക്ഷസാരമായ ദേവവേലൻ. (85) പററററുനിന്നു -നിസ്സംഗരായി നിന്നു. പണിയും -ഭജിക്കുന്ന., പണിയാളർ -ഭക്തന്മാർ. ഇററിററഴിഞ്ഞ മിഴിനീരിഴിയുന്നനേരം -കാരുണ്യാശ്രുധാരയോടുകൂടി. പരമാർത്ഥമായ -പരമാർത്ഥവസ്തുവായ. പറററ -സ്വയം നില്ക്കുന്ന. പള്ളിവടിവേലൻ -ശ്രീസുബ്രഹ്മണ്യൻ.

ശിവസ്തോത്രമാല

നമസ്കാരപഞ്ചകം

കുമ്പിട്ടിടുന്നവനു കൂറു കവിഞ്ഞു കൊച്ചു-
തുമ്പിക്കരം സപദി പൊക്കിയനുഗ്രഹിച്ചു
കൊമ്പിൽ ധരിച്ചു ഗുണസിന്ധുവിനക്കരയ്ക്ക-
ലമ്പിക്കുമാനമുഖമാർന്നവനാശ്രയം മേ. 1

തേനുൾച്ചുരന്ന മൊഴി നൽത്തിരമാലപോലെ
ഞാനുച്ചരിക്കുകിലുദിക്കണമാദിവാണീ!
മാനിച്ചിരപ്പവനു നീ മനസാ കനിഞ്ഞു
കാണിച്ചിടുന്നു കൃപ കൽപകവല്ലിപോലെ 2

എന്നല്ല നീ ചൊരിയുമിക്കരുണാകടാക്ഷ-
മൊന്നല്ലയോ ഗതിയെനിക്കജദേവജായേ!
എന്നാവിൽനിന്നുഡുപചൂഡനെയും ഹരിക്കു-
മെന്നാകിലമ്മയൊടുനേരിനിയാരെനിക്കു? 3

കാലേ തുണയ്ക്കണമിനിക്കിനിയും കനിഞ്ഞു
ഫാലേക്ഷണൻെറ തനയൻ പരനാദിദേവൻ
മാലേന്തിടാതെ മനതാരിലുദിച്ചു മൈലിൻ
വേലേന്തി നിന്നു വിളയാടിയ ബാഹുലേയൻ. 4

---

(1) കുമ്പിട്ടിടുന്നവനു -വണങ്ങുന്നവന്, ആശ്രയിക്കുന്നവന്. കൂറുകവിഞ്ഞു - അധികമായ വാത്സല്യത്തോടുകൂടി. സപദി - ഉടനെ. കൊച്ചു തുമ്പിക്കരം - ചെറിയ തുമ്പിക്കൈ (ബാലഗണപതിയെയായിരിക്കും ഉദ്ദേശിക്കുന്നത്). കുമ്പിട്ടിടുന്നവന് അനുഗ്രഹിച്ചു എന്ന് അന്വയം. കൊമ്പിൽ ധരിച്ചു -കൊമ്പിൽ എടുത്തു. അവനെ എന്നു ചേർക്കണം. ഗുണസിന്ധുവിനക്കരയ്ക്കൽ -സംസാരസമുദ്രത്തിൻെറ മറുകരയിൽ. അമ്പിക്കും -എത്തിക്കുന്ന. ആനമുഖമാർന്നവൻ -ഗണപതി. മേ - എനിക്ക്. (2) ആദിവാണീ -സരസ്വതീദേവി. ഞാൻ ഉച്ചരിക്കുകിൽ -ഞാൻ സംസാരിച്ചാൽ. തേൻ ഉൾ ചുരന്ന മൊഴി - അകത്തു തേൻ നിറഞ്ഞ വാക്ക്. നൽ തിരമാലപോലെ ഉദിക്കണം -പൊങ്ങിവരണം. മാനിച്ചിരിപ്പവനു -നിന്നെ ആരാധിക്കുന്നവന്. നീ മനസാ കനിഞ്ഞു-നീ അകമലിഞ്ഞു. കല്പകവല്ലിപോലെ -കല്പകവൃക്ഷംപോലെ. കൃപ കാണിക്കുന്നു -കൃപകാണിക്കുന്നവളാണല്ലോ. (3) എന്നുതന്നെയല്ല, അല്ലയോ അജദേവജായേ -ബ്രഹ്മാവിൻെറ ഭാര്യയായവളേ. നീ ചൊരിയുന്ന കരുണാകടാക്ഷം ഒന്നുമാത്രമാണല്ലോ എനിക്കു ഗതി (രക്ഷാമാർഗ്ഗം). വേറെ രക്ഷയില്ലെന്നു സാരം. എന്നാവിൽ നിന്നു -നീ എൻെറ നാവിൽ ഇരുന്നുകൊണ്ട്. ഉഡുപചൂഡനെയും -ചന്ദ്രക്കലാധരനായ ശിവനെയും. ഹരിക്കുമെന്നാകിൽ -ആകർഷിക്കുമെങ്കിൽ. ശിവനെ ആകർഷിക്കത്തക്ക സ്തോത്രം രചിക്കുവാൻ എനിക്കു സഹായമാകുന്നപക്ഷം എന്നു സാരം. അമ്മയോടു നേരിനി ആരെനിക്കു -പിന്നെ എൻെറ അമ്മയായ നിന്നോളം രക്ഷയായി വേറെ ആരും എനിക്കില്ല. (4) ഫാലേക്ഷണൻെറ തനയൻ -ശിവൻെറ പുത്രനായി. പരൻ -ഏററവും ഉയർന്നവനായി. ആദിദേവൻ-ഒന്നാമത്തെ ദേവനായി. വേലേന്തി -വേൽ ധരിച്ചു. മയിലിൽ നിന്നു വിളയാടിയ -കളിയാടിയവനായ. ബാഹുലേയൻ -സുബ്രഹ്മണ്യൻ. (എൻെറ) മനതാരിൽ മാലേന്തിടാതെ -മനസ്സിൽ ദുഃഖമുണ്ടാകാത്തവിധം. എനിക്കു കാലേ - കാലത്തിൽ.

ചേരായുവാൻ ജനനമിന്നിയുമെൻെറ പാപ-
നാരായവേരുകളറുത്തു കനിഞ്ഞു നിൽക്കും
നാരായണാഭിധയെഴും ഗുരുനായകൻെറ
പേരായതെൻ പ്രണമനീയപദാർത്ഥമല്ലോ. 5

ഉപക്രമപഞ്ചകം

ആദ്യന്തവത്തുകൾ ജഗത്തുകളെന്നു കണ്ടി-
ട്ടാദ്യം മനസ്സിലുളവായെഴുമത്തലോടും
സ്വാദ്യങ്ങളായ വിഷയങ്ങൾ വെടിഞ്ഞു വേദ-
വേദ്യൻെറ പാദകമലം വിരയുന്നിതാ ഞാൻ. 1

ഓരോന്നു പണ്ടറിവിയന്നവരോതിയുള്ള-
തോരാതെകണ്ടുറുതിയററു കയററമെന്യേ
പാരാതുഴന്നു തിരിയുന്ന പശുക്കളോടു
ചേരാതെ ചെല്ലുമവിടെശ്ശിവനുണ്ടെനിക്ക്. 2

ഓർത്തീടുമെന്നെയുമൊരുത്തനിതെന്നു ദേവൻ
തീർത്തീടുമാശു തണലായ് മമ താപമെല്ലാം
പാർത്തീടുമെന്നെയഥ ഭക്തിലതയ്ക്കു തണ്ണീർ
വാർത്തീടുമാറു വിതറും കരുണാകടാക്ഷം. 3

---

(5) ജനനം ചേരായുവാൻ -ജനനം ഉണ്ടാകാതിരിക്കാൻവേണ്ടി, സംസാരദുഃഖം വരാതിരിക്കാൻവേണ്ടി. എൻെറ പാപനാരായവേരുകളറുത്തു-എൻെറ പാപത്തിൻെറ അടിസ്ഥാനങ്ങൾ ഇല്ലാതാക്കി. കനിഞ്ഞുനില്ക്കും -എന്നിൽ കാരുണ്യം കാണിച്ചു നില്ക്കുന്നതായ. നാരായണാഭിധയെഴും ഗുരുനായകൻെറ -ശ്രീനാരായണ ഗുരുനാഥൻെറ. പേരായതു-പേര്. എൻ പ്രണമനീയപദാർത്ഥമല്ലോ -എനിക്ക് ആരാധ്യസാധനമാണ്.

(1) ജഗത്തുകൾ -ലോകങ്ങൾ. ആദ്യന്തവത്തുകൾ എന്ന് -തുടക്കവും അവസാനവും ഉള്ളവയെന്ന് (നശ്വരങ്ങളെന്ന്) കണ്ടിട്ട് -മനസ്സിലാക്കിയിട്ട്. ആദ്യം മനസ്സിലുളവായെഴുമത്തലോടു -ആദ്യമേതന്നെ ഉള്ളിൽ ദുഃഖം തോന്നിയിട്ട്. സ്വാദ്യങ്ങളായ -അനുഭവയോഗ്യങ്ങളായ. വിഷയങ്ങൾ വെടിഞ്ഞു-വിഷയസുഖങ്ങൾ ഉപേക്ഷിച്ചു. വേദവേദ്യൻെറ -വേദങ്ങളാൽ അറിയപ്പെടുന്നവനായ ഈശ്വരൻെറ. പാദകമലം വിരയുന്നിതാ ഞാൻ -പാദസേവ ഞാൻ ചെയ്തുവരുന്നു. (2) അറിവിയന്നവർ -ജ്ഞാനികൾ. പണ്ട് ഓരോന്ന് ഓതിയുള്ളത് -ഉപദേശിച്ചത്. ഓരാതെ -അറിയാതെ. ഉറുതിയററു -സ്ഥിരതയില്ലാതെ. കയററ മെന്യേ -ഉൽഗതി കിട്ടാതെ. പാരാതെ ഉഴന്നു തിരിയുന്ന -ഏററവും അലഞ്ഞു തിരിയുന്ന. പശുക്കളോട് -മൃഗപ്രായരായ ജനങ്ങളോട്. ചേരാതെ -കൂട്ടുകൂടാതെ. ഞാൻ അവിടെ -ആ പാദകമലത്തിൽ. ചെല്ലും -ചെന്നുചേരും. ശിവനുണ്ടെനിക്കു -എനിക്കു തീർച്ചയായും ശിവൻ രക്ഷയായി ഉണ്ടായിരിക്കും. (3) ദേവൻ എന്നേയും ഒരുത്തനിതെന്നു -രക്ഷ്യരായവരിൽ ഒരുത്തനായി ഓർത്തിടും. അഥ -പിന്നെ. എന്നെ പാർത്തീടും -എന്നെ കണ്ടീടും. ഭക്തിലതയ്ക്കു -എൻെറ ഭക്തിലതയ്ക്കു. തണ്ണീർ വാർത്തീടുമാറ് -വെള്ളം ഒഴിക്കുന്നതുമാതിരി. കരുണാകടാക്ഷം വിതറും -എന്നിൽ കാരുണ്യമുള്ള കടാക്ഷങ്ങൾ ചൊരിയും.

തുല്യംകഥിപ്പതിനു ദൈവതമില്ലഹോ വാ-
ത്സല്യം നിനയ്ക്കിലിതുപോലൊരുവർക്കുമില്ല
ചൊല്ലാം നിജാശ്രിതജനത്തിനു ഭോഗമോക്ഷ-
മെല്ലാം കൊടുക്കുവതിനീശ്വരനേകനത്രേ. 4

ഇന്നെന്തിനിങ്ങനെ കിടന്നുഴലുന്നു ഞാനി-
ങ്ങെന്നെഞ്ചിലേറുമഴലൊക്കെയുമങ്ങണഞ്ഞാൽ
കുന്നിൻകുമാരിയുടെ കോമളമേനിമുല്ല
മന്ദം പടർന്ന മധുമാന്നിഴൽ മാററുമല്ലോ. 5

ശിവദ്ധ്യാനവിംശതി

ശംഭോ! ഭവൽ കടമിഴിപ്രഭ പാപശൈല-
ദംഭോളിയായ് വരികെനിക്കു ദയാപയോധേ!
കുമ്പിട്ടിടുന്നതിനെഴും കുതുകം കുറച്ചു
മുമ്പിട്ടിടും വിനയെരിക്കുക മുപ്പുരാരേ! 1

തണ്ണീരിൽ മുങ്ങിയനിശം തവ പാദമോർത്തു
വെണ്ണീറണിഞ്ഞു ഹൃദി വേറൊരു ചിന്തയെന്യേ
ഉണ്ണീറിയങ്ങനെയിരുന്നുരുകിക്കനിഞ്ഞു
കണ്ണീരു തൂവുമിനിയേതൊരു കാലമോ ഞാൻ. 2

---

(4) തുല്യം കഥിപ്പതിനു ദൈവതമില്ലഹോ -ഇതുപോലെ വേറെ ഒരു ദൈവത്തെ പറയാനില്ലതന്നെ. വാത്സല്യം ഇതുപോലെ ഒരുവർക്കും ഇല്ല. നിജാശ്രിതജനത്തിനു -തൻെറ സേവകർക്കു. ഭോഗമോക്ഷമെല്ലാം കൊടുപ്പതിനു -ഭോഗവും മോക്ഷവും ഒക്കെ കൊടുപ്പതിന്നു. ഈശ്വരനേകനത്രേ -ശിവൻ മാത്രമേയുള്ളൂ. (5) ഞാൻ ഇന്നു -ഇപ്പോൾ. ഇങ്ങു -ഇവിടെ. ഇങ്ങനെ കിടന്നുഴലുന്നത് എന്തിനാണ് (ഉഴലേണ്ട ആവശ്യമില്ലെന്നു സാരം). അങ്ങ് അണഞ്ഞാൽ -അവിടെ എത്തിയാൽ. കുന്നിൻകുമാരിയുടെ -ശ്രീപാർവ്വതീദേവിയുടെ. മേനിമുല്ല -ദേഹമാകുന്ന മുല്ല. മധുമാന്നിഴൽ -തേന്മാവിൻെറ തണൽ (ശ്രീപാർവ്വതി ആശ്ലേഷിക്കുന്ന ശ്രീപരമേശ്വരനെന്നു സാരം). എന്നെഞ്ചിൽ ഏറും അഴൽ ഒക്കെയും -എൻെറ ഉള്ളിൽ ഉള്ള വലിയ ദുഃഖമെല്ലാം.

ഇതിൽ കവി ശിവൻെറ കേശാദിപാദവർണ്ണന ചെയ്യുന്നു. (1) ദയാപയോധേ -ദയാസമുദ്രമായ. ശംഭോ -പരമശിവ. ഭവൽ കടമിഴിപ്രഭ -നിൻെറ കടാക്ഷത്തിൻെറ കാന്തി. എനിക്കു പാപശൈലദംഭോളിയായ്‌വരിക -പാപമാകുന്ന പാറ പിളർക്കുന്ന ഇടിവാളായിത്തീരട്ടെ. കുമ്പിട്ടിടുന്നതിനെഴും കുതുകം കുറച്ചു-നിന്നെ നമസ്കരിക്കുന്നതിനുള്ള ആഗ്രഹത്തെ കുറച്ചു. മുമ്പിട്ടിടും-എതിരിടുന്നതായ (നിൻെറ ഭക്തി ഇല്ലാതാക്കുന്നതായ എന്നു സാരം). വിന-പാപത്തെ. മുപ്പുരാരേ -ത്രിപുരം ദഹിപ്പിച്ചുള്ളവനേ! എരിയുക -കത്തിച്ചുകളയുക, നശിപ്പിച്ചാലും. (2) വെണ്ണീറണിഞ്ഞു -ഭസ്മം ധരിച്ചു. ഹൃദി വേറൊരു ചിന്തയെന്യേ -ഉള്ളിൽ വേറൊരു വിചാരവും കൂടാതെ. അനിശംതവ പാദമോർത്തു -എപ്പോഴും നിൻെറ പാദംതന്നെ ധ്യാനംചെയ്തു. ഉണ്ണീറി -ഉള്ളുനീറി അങ്ങനെയിരുന്നു. ഉരുകിക്കനിഞ്ഞു -ഉരുകിയലിഞ്ഞു. ഇനി ഏതൊരു കാലം ഞാൻ, കണ്ണീരുതൂവും -കണ്ണീർ പൊഴിക്കുമാറാകും.

ചൊല്ലാർന്ന ചെഞ്ചിട പിരിച്ചതിനുള്ളിലോളം-
തല്ലീടുമാ ത്രിദശവാഹിനി ദീനബന്ധോ!
വല്ലാതെ വാടി വലയും മമ ചിത്തതാപ-
മെല്ലാം കെടുത്തരുളുമാററരുളീടണം നീ. 3

ഓളത്തിലാഞ്ഞുലയുമാജ്ജടതന്നിടയ്ക്കു
മേളത്തിലാർന്ന മുറിയമ്പിളിയമ്പിനോടും
ചീളെന്നു മുക്തിപരിപന്ഥികൾനേരെയോങ്ങും
വാളെന്നു ഞാൻ കരുതിടുന്നിഹ വിശ്വബന്ധോ! 4

ഞാൻ പാരമാശയൊടു നിൻജടതന്നെയെന്നുൾ-
ക്കാമ്പിൽ കരേററിയതിനമ്പൊടു കുമ്പിടുമ്പോൾ
പാമ്പിൻ പടങ്ങളുയരുന്നിഹ കൈപ്പടങ്ങൾ
താൻ പൊങ്ങിടുന്നരുൾ തരുന്നതിനെന്നപോലെ. 5

ചേലൊത്തൊരാച്ചെറു പിറയ്ക്കെതിരായ ചാരു-
ഫാലത്തിലാർന്ന തവ പാവകപൂർണ്ണനേത്രം
നൂലെത്തിടാതെ കുഴിയാർന്നൊരു മോഹസിന്ധു-
കൂലത്തിലേക്കു കുറിദീപമെനിക്കു ശംഭോ! 6

---

(3) ദീനബന്ധോ -ദീനന്മാർക്കു ബന്ധുവായുള്ളവനേ. ചെഞ്ചിട പിരിച്ചതിനുള്ളിൽ -ചെമ്പൻജട പിരിച്ചുകെട്ടിയതിനുള്ളിൽ. ത്രിദശവാഹിനി - ദേവഗംഗ. ചിത്തതാപമെല്ലാം -ഉള്ളിലെ ചൂടെല്ലാം. കെടുന്നരുളുമാറ് - ഇല്ലാതാക്കിത്തീർക്കത്തക്കവിധം. അരുളീടണം നീ -നീ അനുഗ്രഹിക്കുമാറാകണം. (4) ഓളത്തിലാഞ്ഞുലയുമാ ജടതന്നിടയ്ക്കു -ശിരസ്സിലുള്ള ഗംഗാനദിയുടെ ഓളത്തിൽക്കിടന്നിളകുന്നതായ നിൻെറ ജടയുടെ ഇടയ്ക്ക്. മേളത്തിൽ ആർന്ന - മേല്പറഞ്ഞ മേളത്തിൽ യോജിച്ചുനില്ക്കുന്ന. മുറിയമ്പിളി -ചന്ദ്രക്കല. അമ്പിനൊടും -(ഭക്തരിലുള്ള)ദയവോടുകൂടി. മുക്തിപരിപന്ഥികൾനേരെ -മുക്തിവിരോധികളുടെ (പാപാദികളുടെ)നേരേ. ചീളെന്നു -വേഗത്തിൽ. വിശ്വബന്ധോ - ലോകത്തിനു ബന്ധുവായുള്ളവനേ! (5) ജടതന്നെ -ജടയെ. എന്നുൾക്കാമ്പിൽ കരേററി -എൻെറ ഉള്ളിൽ ധ്യാനിച്ച്. പാമ്പിൻപടങ്ങൾ ഉയർന്നു -പാമ്പിൻെറ (ജടയിലുള്ള വാസുകിയുടെ) പത്തികൾ പൊങ്ങിവരുന്നു (ജടയെ ധ്യാനിക്കുമ്പോൾ വാസുകിയും ഓർമ്മവരുന്നു എന്നു സാരം). അരുൾ തരുന്നതിനു കൈപ്പടങ്ങൾ എന്നപോലെ -അനുഗ്രഹിക്കുന്നതിനു കൈപ്പടങ്ങൾ പൊങ്ങുന്നതുപോലെ എന്നു തോന്നുമാറ്. (6) ചേലൊത്തൊരാ ചെറുപിറയ്ക്കെതിരായ -ഭംഗിയുള്ള നിൻെറ ചന്ദ്രക്കലയ്ക്കു തുല്യമായ. ചാരുഫാലത്തിൽ -മനോഹരമായ നെററിത്തടത്തിൽ. പാവകപൂർണ്ണനേത്രം -തീക്കണ്ണ്. നൂലെത്തിടാതെ കുഴിയാർന്നൊരു -നൂലെത്താത്തമാതിരി ആഴമുള്ള. മോഹസിന്ധുകൂലത്തിലേക്ക് -അജ്ഞാനസമുദ്രത്തിൻെറ കരയ്ക്കലെത്താനുള്ള. കുറിദീപം എനിക്കു -അടയാളവിളക്കാണ് എനിക്ക്.

അല്പം ചുളിക്കിലുടനപ്പൊഴുതിജ്ജഗത്തി-
നുൽപ്പത്തിനാശമരുളുന്നരുളേന്തിനില്ക്കും
മൽപ്രേമരാശിയുടെയാപ്പുരികങ്ങൾ രണ്ടി-
ന്നൊപ്പം കഥിപ്പതിനെനിക്കൊരു വസ്തുവില്ല. 7

നീ സാമ്പ്രതം നിജ സമാധിയിലാർന്ന നിൻെറ
നാസാഗ്രചാരികളതാം നയനങ്ങൾ ശംഭോ!
കൂസൽപ്പെടുന്ന കുസുമായുധനാശു താഴ്ത്തും
വൈസാരിണപ്രഥിതവാർകൊടിയെന്നു തോന്നും 8

ചേലൊത്ത താടി ചുഴലും തവ വക്ത്രകാന്തി
മൂലത്തൊടും മമ ഹരിക്കണമന്ധകാരം
കാലത്തു നീലനിറമാമുദയാചലത്തിൻ
മേലെത്തിടും മിഹിരമണ്ഡലമെന്നപോലെ. 9

ചിത്തം കുളുർപ്പതിനു കൈ പണിയുന്നു നിൻെറ
നിസ്തുല്യമാമധരപല്ലവസീമ്നി ശംഭോ!
കത്തും രസാലരിയ കോകനദത്തിൽ വീണ
പുത്തൻനിലാവിനെതിരാകിയ പുഞ്ചിരിക്ക്. 10

(7) അല്പം ചുളിക്കിൽ -ഒന്നു ചുളിച്ചാൽ. ഉടനപ്പൊഴുതു -ഉടനെ ആ നിമിഷത്തിൽ. ഉൽപ്പത്തിനാശമരുളും -സൃഷ്ടിസംഹാരങ്ങൾ വരുത്തിക്കൂട്ടുന്ന. അരുൾ ഏന്തിനില്ക്കും -മഹിമയുള്ളതായ. മൽ പ്രേമരാശിയുടെ -എൻെറ പ്രേമമൂർത്തിയായ ശിവൻെറ. ആ പുരികങ്ങൾ രണ്ടിന്നു -മേൽ പറഞ്ഞവിധത്തിൽ പ്രസിദ്ധമായിട്ടുള്ള രണ്ടു പുരികങ്ങൾക്ക്. ഒപ്പം കഥിപ്പാൻ-തുല്യമായി പറയുവാൻ. എനിക്ക് ഒരു വസ്തുവുമില്ല - ഞാൻ ഒന്നും കാണുന്നില്ല. ശിവൻ പുരികക്കൊടിയുടെ ചലനംകൊണ്ട്; അതായത് കേവലം ഇച്ഛാശക്തികൊണ്ട് സൃഷ്ടിയും സംഹാരവും നടത്തുന്നു എന്നുള്ള ആശയം സ്തോത്രങ്ങളിൽ സാധാരണയാണ്. (8) നാസാഗ്രചാരികളതാം നിൻെറ നയനങ്ങൾ -മൂക്കിൻെറ അററത്തു വീഴുന്ന (നോക്കുന്ന) നിൻെറ കണ്ണുകൾ. കൂസൽപ്പെടുന്ന കുസുമായുധനാശു താഴ്ത്തും -നിന്നെ ഭയന്നിട്ടു കാമദേവൻ പെട്ടെന്നു താഴ്ത്തുന്നതായ. വൈസാരിണപ്രഥിതവാർകൊടി -മീനാകുന്ന പ്രസിദ്ധമായി, മനോഹരമായ കൊടിയാണെന്നു തോന്നും (നീ സമാധിയിൽ നോട്ടം നാസാഗ്രത്തിൽ ഉറപ്പിച്ചുകൊണ്ടിരിക്കുമ്പോൾ മീനാകൃതിയിലുള്ള നിൻെറ കണ്ണുകൾ കണ്ടാൽ കാമദേവൻ നിന്നെ ഭയന്നു തൻെറ കൊടി താഴ്ത്തിയോ എന്നു തോന്നും. കാമദേവൻെറ കൊടി മീനാണ്). (9) ചേലൊത്ത താടി ചുഴലും -ഭംഗിയുള്ള താടിമീശ ചുഴലെയുള്ളതായ. തവ വക്ത്രകാന്തി -നിൻെറ മുഖത്തിൻെറ ശോഭ. മൂലത്തൊടും ഹരിക്കണം -വേരോടെ നശിപ്പിക്കുമാറാകണം. നീലനിറമാം ഉദയാചലത്തിൻ മേലെത്തിടും -നീലനിറമുള്ള ഉദയപർവ്വതത്തിൻെറ മുകളിൽ വരുന്നതായ. മിഹിരമണ്ഡലം എന്നപോലെ -സൂര്യബിംബംപോലെ. (സൂര്യമണ്ഡലത്തോടു മുഖത്തെ ഉപമിച്ചിരിക്കുന്നു. നീലപർവ്വതത്തിൻെറ സ്ഥാനത്തു ശിവൻെറ നീലനിറമായ കഴുത്തിനെ ഊഹിക്കണം. സൂര്യൻ അന്ധകാരം നീക്കുന്നതുപോലെ മുഖകാന്തി അജ്ഞാനത്തെയും നീക്കുന്നു എന്നും എടുക്കണം.) (10) നിൻെറ നിസ്തുല്യമാമധരപല്ലവസീമ്നി - പല്ലവംപോലുള്ള എതിരററ ചുണ്ടിൻസമീപത്തു (ചുണ്ടിനെ ഉദ്ദേശിച്ച് എന്നു സാരം). കൈ പണിയുന്നു -ഞാൻ കൈകൂപ്പുന്നു. ചിത്തം കുളിർപ്പതിനു -ചിത്തത്തിന് ആശ്വാസം കിട്ടാൻ. കത്തും രസാൽ -വർദ്ധിച്ച രസത്തോടുകൂടി. അരിയ -ശ്രേഷ്ഠമായ. കോകനദത്തിൽ -താമരപ്പൂവിൽ. പുത്തൻ നിലാവിന് എതിരായ -പുതിയ നിലാവിനു സമമായ. പുഞ്ചിരിക്ക് -നിൻെറ പുഞ്ചിരി അനുഭവിക്കാൻവേണ്ടി (നിലാവു വീണാൽ താമര കൂമ്പും, അപ്പോൾ അതു കൂപ്പുകൈയ്ക്കു തുല്യമായിരിക്കും).

ശോണാചലത്തിനുടെ ശോഭ കലർന്ന പാട്ടിൽ
വീണോരു വാർമുകിലിനുള്ളൊരു വിഭ്രമത്താൽ
കാണുന്നവർക്കമൃതമോഹമുടൻ കൊടുക്കും
ചേണുററ നിൻെറ ഗളനാളമിതാ തൊഴുന്നേൻ! 11

മാണിക്കമാമരരഭിത്തിയിലിന്ദ്രനീല-
മാണിക്കുവച്ചു പണിചെയ്തഴകാർന്നപോലെ
കാണുന്നു മുക്തിഭവനത്തിനു നിൻെറ ബാഹു-
സ്ഥൂണങ്ങൾതൻ നടുവിൽ മാറിടമാം കവാടം! 12

ഭോഗത്തിലാശകൾ വെറുത്തു പുറത്തു സർവ-
ഭോഗത്തെ ഹാരലതയാക്കിയലങ്കരിച്ചു
യോഗസ്ഥനായരുളിടുന്നൊരു നിൻെറ ഭക്തി-
യോഗത്തെയെന്നരുളിടുന്നഗതിക്കു ശംഭോ! 13

അംഗാരലോചനമതിങ്കലെരിഞ്ഞുപോയ
ശൃംഗാരയോനിയുടെ ചാരു ശരീരഭൂതി
സംഗിച്ചു സത്ത്വസിതിമാവു പരന്ന ദേഹ-
രംഗത്തിൽനീക്കി തവ രാജസരാഗമെല്ലാം. 14

---

(11) ശോണാചലത്തിനുടെ -ചുമന്ന മലയുടെ. ശോഭ കലർന്ന പാട്ടിൽ - ശോഭയുള്ള പഴുതിൽ. വീണൊരു -പതിഞ്ഞതായ. വാർമുകിലിനുള്ളൊരു വിഭ്രമത്താൽ -നല്ല മേഘത്തിൻെറ ശോഭമാതിരിയുള്ള ശോഭയാൽ, അല്ലെങ്കിൽ മേഘമാണെന്നുള്ള ഭ്രമത്താൽ. കാണുന്നവർക്ക് അമൃതമോഹമുടൻ കൊടുക്കും - അമൃതത്തിൽ (അമൃതിൽ, വെള്ളത്തിൽ എന്നും). ആഗ്രഹം ജനിപ്പിക്കുന്നതായ.) ഇതാ തൊഴുന്നേൻ. (കഴുത്തിനു ചുമന്ന മലയോടും കഴുത്തിലെ കറുപ്പിനു മേഘത്തോടും സാദൃശ്യം.) (12) മാണിക്കമാം-മാണിക്യമയമായ ഭിത്തിയിൽ (ചുമന്ന ദേഹത്തെ സൂചിപ്പിക്കുന്നു) ആണിക്കുവെച്ചു പണിചെയ്ത - വിലങ്ങനെവച്ചു പണിതിട്ട. അഴകാർന്നപോലെ -അഴകു വന്നപോലെ (ഇന്ദ്രനീലം രോമങ്ങളെ കുറിക്കുന്നു). നിൻെറ ബാഹുസ്ഥൂണങ്ങൾ തൻ നടുവിൽ -കൈകളാകുന്ന തൂണുകളുടെ മദ്ധ്യേ. മുക്തിഭവനത്തിനു - മോക്ഷഗൃഹത്തിലേക്കു പോകാൻ. മാറിടമായ കവാടം -നിൻെറ മാറിടമാകുന്ന വാതിൽ, കാണുന്നു. (13) ഭോഗത്തിൽ ആശകൾ വെറുത്തു -ഇന്ദ്രിയസുഖങ്ങളിലുള്ള ആഗ്രഹങ്ങൾ വെറുത്തു. പുറത്തു - പുറമേ. സർവ്വഭോഗത്തെ -സർവ്വശരീരത്തെ. ഹാരലതയാക്കി അലങ്കരിച്ചു - മുത്തുമാലയാക്കി അണിഞ്ഞു. യോഗസ്ഥനായരുളിടുന്നൊരു -യോഗനിഷ്ഠനായിരിക്കുന്നതായ നിൻെറ ഭക്തിയോഗത്തെ. അഗതിക്കു -ഈ അഗതിയായ എനിക്ക്. എന്ന് അരുളിടുന്നു -തരുമാറാകും. എനിക്കു നിൻെറ ഭക്തികൊണ്ടുള്ള സിദ്ധി എന്നു വരുമെന്നു ഭാവം. (14) അംഗാരലോചനമതിങ്കൽ എരിഞ്ഞുപോയ -നിൻെറ തീക്കണ്ണിൽ വെന്തുപോയ. ശൃംഗാരയോനിയുടെ -കാമദേവൻെറ. ചാരു ശരീരഭൂതി - സുന്ദരമായ ശരീരത്തിൻെറ ഭസ്മം. സംഗിച്ചു -പററി. സത്ത്വസിതിമാവ് -സാത്വികമായ ശുഭ്രത. പരന്ന ദേഹരംഗത്തിൽ-നിൻെറ ദേഹത്തിലെ. തവ രാജസരാഗമെല്ലാം -രജോഗുണമയമായ. രാഗമെല്ലാം -ചുമപ്പെല്ലാം. നീക്കി -മാററിയിരിക്കുന്നു.

നൂനന്തദേതദിതി ഭേദമൊഴിഞ്ഞ വൃത്ത-
മാനത്തിൽ മുക്തി പറയും തവ ഹസ്തമുദ്ര
ജ്ഞാനം തികഞ്ഞവരറിഞ്ഞതിനുള്ളൊരർത്ഥം
ഞാനെന്തറിഞ്ഞു പുനരെന്തരുളാമെനിക്ക്. 15

തെണ്ടാതെയന്യവിഷയങ്ങളിലിങ്ങു വന്നാ-
ലുണ്ടാശ്രയം വരികയെന്നു രസം കലർന്നു
മിണ്ടുന്നു നിൻ വരദമുദ്രയെനിക്കു ഹൃത്താം
വണ്ടിന്നുനേരെ വിടരുന്നൊരു വാരിജംപോൽ. 16

എന്തിന്നു നീയൊരുകരത്തിലെടുത്തു മാനു-
മേന്തുന്നു മററതിൽ മഹാമഴുവും? പുരാരേ!
സന്ധിക്കുമോർക്കിലലയും മനമാം മൃഗം ക-
ണ്ടന്ധിക്കുവാനതിവിരാഗതയാക്കുഠാരം! 17

ശോഭിച്ചിടും ജട മുതൽച്ചലിയാതെ ഭക്തി-
ഗോപിച്ചു കണ്ടുടനിറങ്ങിയിറങ്ങി മെല്ലെ
പ്രാപിച്ചിടും നയനപാന്ഥനു നിൻെറ ചാരു-
നാഭിസ്ഥലം നടുവഴിക്കമൃതാന്ധുവല്ലോ. 18

പുള്ളിപ്പുലിത്തുകലു നൽത്തുകിലായുടുത്തു
കൊള്ളിച്ചു നീയുരഗമാക്കടിഞ്ഞാണുമാക്കി
കൊള്ളാത്ത കോപവിഷയേച്ഛകളുള്ളിൽനിന്നു
തള്ളാതെനിക്കറിയുവാൻ തരമില്ല തെല്ലും. 19

---

(15) നൂനം തദ് ഏതദ് ഇതി -അത് (ബ്രഹ്മം) ഇത് (ആത്മാവ്) തന്നെ എന്നു. ഭേദമൊഴിഞ്ഞു -അദ്വൈതരൂപമായ. വൃത്തമാനത്തിൽ -വൃത്താകൃതിയിൽ. മുക്തി പറയും -മുക്തി ഉപദേശിക്കുന്നു. ജ്ഞാനം തികഞ്ഞവർ -പരിപൂർണ്ണജ്ഞാനികൾ. അതിന്നുള്ളൊരർത്ഥം-ആ മുദ്രയ്ക്കുള്ള അർത്ഥം അറിഞ്ഞു. ഞാൻ എന്തറിഞ്ഞു - എനിക്ക് അതിൽ ഒന്നും അറിഞ്ഞുകൂടാ. എന്തരുളാമെനിക്കു ററഎനിക്കു പിന്നെ എന്തു പറയാൻകഴിയും, അല്ലെങ്കിൽ എനിക്ക് എന്തറിവാണു പിന്നെയുള്ളത്. (16) അന്യവിഷയങ്ങളിൽ തെണ്ടാതെ റഅലയാതെ. ഇങ്ങുവന്നാൽ റതന്നിലേക്കു ചെന്നാൽ. ഉണ്ടാശ്രയം റആശ്രയംകിട്ടും എന്ന്. രസംകലർന്നു റസരസമായി. നിൻ വരദമുദ്ര റനിൻെറ അനുഗ്രഹമുദ്ര. എനിക്കു മിണ്ടുന്നു റഉപദേശിക്കുന്നു. ഹൃത്തായ വണ്ടിന്നുനേരെ റമനസ്സാകുന്ന വണ്ടിന് അഭിമുഖമായി. വിടരുന്ന വാരിജംപോൽ റ താമരപ്പൂപോലെ. (17) പുരാരേ റത്രിപുരം ദഹിപ്പിച്ചവനേ. ഒരു കരത്തിൽ റഒരു കയ്യിൽ മാനും. മററതിൽ റമറേറക്കരത്തിൽ മഴുവും. എന്തിന് എടുത്ത് ഏന്തുന്നു-ധരിച്ചിരിക്കുന്നു. ഓർക്കിൽ റ ഇതേപ്പററി ആലോചിച്ചാൽ.അലയും മനമാം റ സ്ഥിരമായി നിൽക്കാതെ അലഞ്ഞുകൊണ്ടിരിക്കുന്ന മനസ്സാകുന്ന മുഖം കണ്ട്. അന്ധിക്കുവാൻ- അമ്പരക്കുവാൻ. അതിവിരാഗതയാക്കുഠാരം - പരമവൈരാഗ്യമാണ് ആ മഴു. എന്നതു സന്ധിക്കും- യോജിക്കുന്നുണ്ട്. (18) ഭക്തി ഗോപിച്ചു- ഭക്തി വിടാതെ. നയനപാന്ഥന്- എൻെറ (അഥവാ ഭക്തൻെറ) കണ്ണാകുന്ന വഴിപോക്കന്. നിൻെറ ചാരുനാഭിസ്ഥലം- നിൻെറ മനോഹരമായ നാഭിപ്രദേശം. നടുവഴിക്ക്- മാർഗ്ഗമദ്ധ്യത്തിൽ. അമൃതാന്ധുവല്ലോ- അമൃതകൂപമായിത്തീരുന്നു. (19) നൽ തുകിലായുടുത്തു- നല്ല വസ്ത്രമായി ധരിച്ചു. ഉരഗത്തെ- സർപ്പത്തെ. കൊള്ളിച്ചു- അതിൽ കൊള്ളിച്ചു. കടിഞ്ഞാണുമാക്കി- അതു കെട്ടാനുള്ള അരഞ്ഞാണമാക്കി. കൊള്ളാ

വീരാസനത്തിലമരുംപൊഴുതീശ നിന്റെ-
യൂരൂപരിസ്ഥിതമതാമൊരു പാദപത്മം
ചേരുന്നു ഭക്തിമയചെങ്കദളീദളത്തിൽ
നേരായ്‌വിളമ്പിയൊരു നിർവൃതിയാം പഴംപോൽ. 20

മിശ്രസ്തവങ്ങൾ

ആശാനുരൂപമഴലാറുവതിന്നു നിന്നെ-
ക്കേശാദിപാദകമലം കരളിങ്കലോർക്കിൽ
പാശാനുബന്ധവുമൊഴിഞ്ഞു സുഖം ഭവിക്കു-
മേശാ നിനയ്ക്കിലൊരു താപമെനിക്കു ശംഭോ! 1

പോകട്ടെ വല്ലവിധവും പൊഴുതങ്ങു ചത്തു-
പോകട്ടെ ഞാൻ തവപദം നിനയാതെയെന്നാൽ
ഹാ! കെട്ട ജന്മമിതിനാലടിയന്നു വന്ന-
താകട്ടെയെന്തു ഫലമെന്തിനിതന്തകാരേ! 2

നീയെന്നിയേ നിഖിലനായക! മററൊരുത്ത-
നീയേഴയിൽക്കരുണചെയ്യുവതിനില്ല ശംഭോ!
മെയ്യേതുമേ പറക നമ്മതിയില്ലിനിക്കു
വയ്യേ വിഷാദനദി നീന്തി വശംകെടുന്നേൻ. 3

ത്ത- ചീത്തയായ. കോപവിഷയേച്ഛകൾ- കോപവും വിഷയാഗ്രഹങ്ങളും. ഉള്ളിൽനിന്നു തള്ളാതെ- മനസ്സിൽ നിന്ന് ഒഴിക്കാതെ. അതെല്ലാം- മുമ്പറഞ്ഞതിന്റെയൊക്കെ അർത്ഥം അറിയുവാൻ എനിക്കു തരമില്ല. (20) ഈശ-നാഥനായുള്ളവനേ. വീരാസനത്തിലമരുംപൊഴുതു- നീ വീരാസനത്തിലിരിക്കുമ്പോൾ. നിന്റെ ഊരുപരിസ്ഥിതമതാം ഒരു പാദപത്മം- നിന്റെ തുടയുടെ മുകളിൽ ഇരിക്കുന്ന താമരപ്പൂവുപോലെയുള്ള പാദം. ഭക്തിമയചെങ്കദളീദളത്തിൽ- ഭക്തിയാകുന്ന ചെങ്കദളിവാഴയിലയിൽ. വിളമ്പിയ നിർവൃതിയാം- ആനന്ദമാകുന്ന പഴംപോലെ ചേരുന്നു.

(1) ആശാനുരൂപം- ആഗ്രഹിക്കുന്നവിധം. അഴലാറുവതിന്- ദുഃഖം തീരാൻ. നിന്നെ കേശാദിപാദകമലം- നിന്നെ മുടിമുതൽ കാലുവരെ. എനിക്കു പാശാനുബന്ധവും ഒഴിഞ്ഞു- കാലന്റെ പാശം കൊണ്ടുള്ള കെട്ടും (അല്ലെങ്കിൽ കർമ്മപാശത്തിന്റെ കെട്ട്) മാറി. ഒരു താപവും ഏശാ- ഒരു ദുഃഖവും ഏൽക്കയുമില്ല. (2) തവപാദം നിനയാതെയെന്നാൽ- നിന്നെ ഓർക്കാതിരിക്കുകയാണെങ്കിൽ. പോകട്ടെ വല്ലവിധവും പൊഴുതങ്ങു-എന്റെ കാലം എങ്ങിനെയെങ്കിലും കഴിഞ്ഞുകൊള്ളട്ടെ. ഞാൻ ചത്തുപോകട്ടെ- ഞാൻ പശുപ്രായം ചത്തുപോകട്ടെ. ഹാ കഷ്ടം! കെട്ട ജന്മമതിനാൽ- ഈ കെട്ട ജന്മത്താൽ. വന്നതാകട്ടെ- വരുന്നതു വന്നോട്ടെ. എന്തു ഫലം- എന്തു പ്രയോജനം. ഇത് എന്തിന്- ഈ ജന്മം എന്തിന് . അന്തകാരേ-കാലശത്രുവായുള്ളവനേ. നിന്നെ ഓർക്കാത്തപക്ഷം എന്റെ ജന്മംകൊണ്ട് ഒരു ഫലവുമില്ലെന്നു സാരം. (3) സ്പഷ്ടം.

ഖേദത്തെ നീക്കുവതിനെന്നിലുടൻ കനിഞ്ഞു
മോദത്തൊടിങ്ങിനിയെഴുന്നരുളുന്നതോർക്കിൽ
നാദത്തിലോ നലമൊടററ ലയത്തിലോ നീ
വേദത്തിലോ വലിയ വെള്ളെരുതിൻപുറത്തോ? 4

പാകാരിതൊട്ടവരെയോക്കെയകററിനിർത്തി-
യാകാശമാർഗ്ഗമിഹ നീയെരുതിൽക്കരേറി
വേഗേന വന്നു മമ വേദന തീർപ്പതിന്നി
യോഗേശ! കാണുവതുമേതൊരു കാലമോ ഞാൻ. 5

അല്പത്വമാർന്നൊരണുവിങ്കലുമെങ്കലും നിൻ
തൃപ്പാദമബ്ജഭവകോശമതിങ്കലും ഞാൻ
ഒപ്പം വിളങ്ങുവതു കണ്ടുരുകിക്കളിക്കു-
മപ്പൂർണ്ണബോധമുളവാവതുമെന്നു ശംഭോ! 6

ഒന്നെന്നു കാണുമൊരു ബോധമുദിച്ചതിങ്കൽ
നന്ദിച്ചെഴുന്ന മകരന്ദരസം നുകർന്നു
മന്ദിച്ചു മാനസമഴിഞ്ഞു കുഴഞ്ഞെഴുന്നു
നിന്നെന്നു നൃത്തമിടുമീ നിലമൊക്കെയും ഞാൻ. 7

---

(4) നാദത്തിലോ- (യോഗസിദ്ധിയായുണ്ടാകുന്ന) നാദത്തിലോ. നലമൊട്-നന്മയോടുകൂടി. അററ ലയത്തിലോ - പൂർണ്ണമായ ലയാനുഭൂതിയിലോ. വേദത്തിലോ- വേദത്തിൽ പ്രതിപാദിക്കപ്പെട്ടോ. വെള്ളെരുതിൻ പുറത്തോ- കാളപ്പുറത്തു കയറിവരുന്ന രൂപം എടുത്തോ എങ്ങനെയാണ്. ഇനി ഇന്നു നീ, ഇങ്ങെഴുന്നരുളുന്നത്- എഴുന്നള്ളുന്നത്, പ്രത്യക്ഷമാകുന്നത്. ഇങ്ങനെയെല്ലാം തന്നെ അനുഭവപ്പെടാമെന്നു സാരം. (5) പാകാരിതൊട്ടവരെയൊക്കെ അകററിനിർത്തി- നിന്നെ കാണാൻ നിൽക്കുന്ന ഇന്ദ്രാദികളെയെല്ലാം നീക്കിനിറുത്തി. നീ എരുതിൽ കരേറി-കാളപ്പുറത്തുകയറി. കാണുവത് ഏതൊരുകാലമോ ഞാൻ- ഞാൻ കാണുവാൻ ഇടയാകുന്നത് ഏതൊരുകാലത്താണ്. യോഗേശനായതുകൊണ്ട് എരുതിൽക്കയറി ആകാശത്തിൽ കൂടി വരാൻ നിനക്കു കഴിയും. ഇന്ദ്രാദികളെക്കൂടി നീക്കിനിറുത്തി തൻെറ അടുത്തു വരുമെന്നുള്ള പ്രതീക്ഷ ശിവൻെറ ഭക്തിവാത്സല്യ ത്തിൽ തനിക്കുള്ള വിശ്വാസത്തെ കാണിക്കുന്നു. (6) അല്പത്വമാർന്നൊരണു വിങ്കലും- സൂക്ഷ്മമായ അണുവിലും. എങ്കലും-എന്നിലും. അബ്ജഭവകോശമതി ങ്കലും-ബ്രഹ്മാണ്ഡത്തിലും. (നിൻ തൃപ്പാദം ഇതിലെല്ലാം) ഒപ്പം- തുല്യമായി. വിള ങ്ങുവത്- പ്രകാശിക്കുന്നത്. ഉരുകിക്കളിക്കും- ലയിച്ചുവിലസുന്ന. ആ പൂർണ്ണബോധം- അങ്ങനെയുള്ള (എല്ലാത്തിലും നിൻെറ സാമർത്ഥ്യം കാണുന്നതായ) പൂർണ്ണബോധം. ഉളവാവതും എന്ന്- എനിക്ക് ഉണ്ടാകുന്നതും എന്നാണ്. ആ ബോധം എനിക്കുണ്ടാക ണമെന്നു സാരം. (7) ഒന്നെന്നു കാണുമൊരു ബോധമുദിച്ച് അതിങ്കൽ- എല്ലാം ഒന്നെന്നു കാണുന്നതായ അദ്വൈതബോധം ഉണ്ടായി ആ ബോധത്തിൽ. നന്ദി ച്ചെഴുന്ന- സന്തോഷിച്ചുണ്ടാകുന്നതായ. മകരന്ദരസം- തേൻ(മാധുര്യം). മന്ദിച്ചു- മയങ്ങി. മാനസം അഴിഞ്ഞുകുഴഞ്ഞു- മനസ്സു സന്തോഷപരവശമായി. ഞാൻ എഴുന്നു നിന്നു- എഴുന്നേററു നിന്നു. ഈ നിലമൊക്കെയും എന്നു നൃത്തമാടിടും. അദ്വൈയ തബോധം ഉണ്ടാകുന്ന അതീതാവസ്ഥയിൽ ഭ്രാന്തുപോലെ മററുള്ളവർക്കു തോന്നുന്ന ചേഷ്ടകളുണ്ടാകുമെന്നു പറയുന്നുണ്ട്.

നിമ്പത്തുതന്നെ നിരുപിക്കിലെനിക്കു സർവ്വ-
സമ്പത്തുമെന്നു കരുതിസ്സതതം ഭജിച്ചു
വെമ്പിത്തളർന്നു വരുമീയഗതിക്കു നിൻെറ-
യമ്പെത്തിടായ്കിലിനിയാരൊരു ബന്ധുവുള്ളൂ? 8

ഉൾക്കാമ്പിൽ നിൻെറ പദപങ്കജമൊന്നണച്ചു
ചിൽക്കാതലേ! ചിരമിരുന്നു തപസ്സുചെയ്തു
പിൽക്കാലമൂറിവരുമാപ്പരമാമൃതത്തെ-
യെക്കാലമേഴ നുകരുന്നരുളീടുമോ നീ? 9

കൽക്കണ്ടമേ! കദളിതൻ പഴമേ! പഴത്തിൻ-
മുക്കും മതൃത്ത മധുവേ! മമ തമ്പുരാനേ!
ചൊൽക്കൊണ്ട ചാരു മറയാം കൊടിമുന്തിരിക്കൊ-
മ്പൊക്കെക്കുലച്ച കനിയേ! കനിയേണമെന്നിൽ. 10

നോക്കീടുകൊന്നു നയനങ്ങൾ കുളുർക്കുമാറു
പോക്കീടുകെൻെറ പരിതാപമശേഷവും നീ
നീക്കീടൊലാ പദമതിൻ നിഴലീന്നുമെന്നെ-
യാക്കീടൊലാ നരകസിന്ധുവിൽ നീന്തുവാനും. 11

എന്താപമൊക്കെയുമറിഞ്ഞരുളുന്നെനിക്കു
പിന്താങ്ങുവാനൊരുവനില്ലരുൾചെയ്യണം നീ
സന്താനമേ! സുരഭിയേ! സമവസ്തുവററ
ചിന്താമണേ! ശിവ! ചിദൈകരസാംബുരാശേ! 12

---

(8) നിമ്പത്തുതന്നെ- നിൻെറ പാദത്തെ (പത്തു പത്തു വിരലുകളെയും അതുകൊണ്ടു പാദത്തെയും കുറിക്കുന്നു.) നിരുപിക്കിൽ- ധ്യാനിക്കുന്നപക്ഷം. എനിക്കു സർവ്വസമ്പത്തുമെന്ന്- എനിക്കു സർവ്വ ഐശ്വര്യവും സിദ്ധിക്കുമെന്നു കരുതി ഭജിച്ചു. വെമ്പിത്തളർന്നു- പരിഭ്രമിച്ചു ക്ഷീണിച്ചു. നിൻെറ അമ്പെത്തിടായ്കിൽ-നിൻെറ കാരുണ്യം കിട്ടാതായാൽ. ഇനി ആരൊരു ബന്ധുവുള്ളു- പിന്നെ വേറെ ആരാണ് ഒരു ബന്ധുവായിട്ടുള്ളത്. നീതന്നെ എനിക്ക് ആശ്രയം എന്നു സാരം. (9) ചിൽക്കാതലേ- ചിൽസാരമായവനേ! ഉൾക്കാമ്പിൽ നിൻെറ പദപങ്കജ മൊന്നണച്ചു- നിൻെറ പാദത്തെ മനസ്സിൽ ധ്യാനിച്ചു. ചിരം- വളരെക്കാലം ഇരുന്നു തപസ്സുചെയ്തു. പിൽക്കാലം- അതിൻെറശേഷം. ഊറിവരുമാ പരമാമൃതത്തെ, എന്നു നുകരുന്നു-എന്നു ഞാൻ ആസ്വദിക്കും. അരുളീടുമോ നീ- നീ അതിനനുഗ്രഹി ക്കുമോ, നീ അതു നല്കുമോ. (10) സ്പഷ്ടം. (11) പരിതാപമശേഷവും-ദുഃഖമെല്ലാം. പദമതിൻ നിഴലീന്നു- നിൻെറ പാദത്തണലിൽനിന്ന്. നരകസിന്ധുവിൽ- നരക സമുദ്രത്തിൽ. (12) അരുൾചെയ്യണം നീ- നീ അനുഗ്രഹിക്കുമാറാകണം. സന്താനമേ- എനിക്ക് അഭീഷ്ടമെല്ലാം തരുന്ന കല്പവൃക്ഷമായുള്ളവനേ. സുരഭിയേ- അതു പോലെയുള്ള കാമധേനുവായവനേ. ചിന്താമണേ-വിചാരിക്കുന്നതെല്ലാം തരുന്ന ചിന്താമണിയായുള്ളവനേ. ചിദൈകരസാംബുരാശേ- ചിദാനന്ദസമുദ്രമേ.

എന്നോ ശിവൻെറ കഴൽ കണ്ടുടൽ കോൾമയിർക്കൊ-
ണ്ടൊന്നുണ്ടു ഗദ്ഗദമുരച്ചു നമിച്ചിടുന്നു?
എന്നാപ്പദം കനിവിനോടു തുടച്ചുടൻ ഞാൻ
നിന്നശ്രുധാരമഴപെയ്തു നനച്ചിടുന്നു? 13

വേകുന്നു ചിത്തമലരെങ്കിലുമുണ്ടെനിക്കു
നീ കൈവിടില്ല നിജഭക്തനെയെന്ന ബോധം
പോകില്ല പാമരരൊടൊത്തിനിയിന്നു ചത്തു-
പോകുന്നുവെങ്കിലുമെനിക്കൊരു ഭീതിയില്ല. 14

ശംഭോ! ജയിക്ക ശശിചൂഡ! ജയിക്ക ദേവ!
കുംഭീന്ദ്രചർമ്മവസനാ! കുസുമായുധാരേ!
ജംഭാരിവന്ദ്യപദപങ്കജ! നീ ജയിക്ക
ദംഭാദിനാശന! ദയാപര! ദേവദേവ! 15

ദേവീസ്തോത്രങ്ങൾ

മായാതൊരദ്വയവിളക്കിതിനിന്നു മായാ-
വായുപ്രയോഗമതിനാലിതളുണ്ടു രണ്ട്
ആയാസമററതുവശാലിനിയപ്പുറത്തെൻ-
പീയൂഷവല്ലി പരമേശ്വരിയെത്തൊഴുന്നേൻ. 1

---

(13) എന്നോ- എന്നാണ്. കഴൽ- പാദം. ഉടൽ കോൾമയിർക്കൊണ്ടു-രോമാഞ്ചം ഉണ്ടായി. ഒന്നുണ്ടു ഗദ്ഗദമുദിച്ചു നമിച്ചിടുന്നു- ഭക്തിപാരവശ്യംകൊണ്ട് ഗദ്ഗദത്തോടുകൂടി പറഞ്ഞ് ഒരിക്കൽ നമസ്ക്കരിക്കാൻ ഇടവരുന്നത്. എന്നാപ്പദം കനിവിനോടു തുടച്ചുടൻ ഞാൻ- എന്നാണ് ആ കഴൽ ആദരവോടുകൂടി ഞാൻ ഉടനെ തുടച്ചിട്ട്. നിന്നശ്രുധാര മഴപെയ്തു നനച്ചിടുന്നു- നീ വാത്സല്യാശ്രുപൊഴിച്ചു നനയ്ക്കാൻ ഇടയാകുന്നത്. (14) വേകുന്നു ചിത്തമലരെങ്കിലും- എൻെറ മനസ്സു വേകുന്നുണ്ടെങ്കിലും. നീ കൈവിടില്ല നിജ ഭക്തനെയെന്ന ബോധം എനിക്കുണ്ട്- നീ നിൻെറ ഭക്തനെ ഉപേക്ഷിക്കുകയില്ല എന്ന വിശ്വാസം എനിക്കുണ്ട്. ഇനി പാമരരോടൊത്തു പോകില്ല- ഇനി ഞാൻ മൂഢന്മാരുടെമാതിരി ജീവിക്കയില്ല. ഇന്നു ചത്തുപോകുന്നുവെങ്കിലും എനിക്ക് ഒരു ഭീതിയില്ല- ഒരു ഭയം ഇല്ല. (15) ശംഭോ- സുഖസ്വരൂപിൻ. ശശിചൂഡ- ചന്ദ്രക്കലാധര. കുംഭീന്ദ്രചർമ്മവസനാ- ആനത്തോലുടുക്കുന്നവനേ. കുസുമായുധാരേ- കാമദേവൻെറ ശത്രുവായവനേ. ജംഭാരിവന്ദ്യ പദപങ്കജ!- ഇന്ദ്രൻപോലും പാദാരാധനചെയ്യുന്നവനേ. ദംഭാദിനാശന-ദംഭൻ തുടങ്ങിയ അസുരന്മാരെ നശിപ്പിച്ചവനേ. ദയാപര!-കാരുണ്യശാലിൻ. ജയ- നീ ജയിച്ചാലും.

(1) മായാതൊരദ്വയവിളക്കിതിനു-നാശമററ ബ്രഹ്മമാകുന്ന വിളക്കിന്. മായാവായുപ്രയോഗമതിനാൽ- മായയുടെ പ്രേരണവശാൽ. രണ്ടിതളുണ്ടു- കർമ്മജ്ഞാനങ്ങളാകുന്ന രണ്ടു ദളങ്ങൾ ഉണ്ട്. അതുവശാൽ- അതുവഴി. അപ്പുറത്ത്- അതീതമായുള്ള. പീയൂഷവല്ലി- അമൃതസ്വരൂപിണിയായ പരമേശ്വരിയെ തൊഴുന്നേൻ. (കർമ്മം കൊണ്ടു മൃത്യുവിനെ ജയിച്ചു ജ്ഞാനംകൊണ്ട് അമൃതത്തെ അനുഭവിക്കുന്നു എന്ന് ഉപനിഷത്തുണ്ട്.)

എന്നംബികേ! കരുണചെയ്യുകിനിക്കു നിൻെറ
പൊന്നംബുജത്തൊടെതിരായ പദങ്ങളെന്യേ
അന്യം നിനയ്ക്കുകിലൊരാശ്രയമില്ല ദേവി!
ധന്യത്വമേകി മയി തൂകുക തൃക്കടാക്ഷം. 2

പാലൊത്ത ഭൂതി തടവും പരമേശ്വരൻെറ
ചേലൊത്ത മേനിയതിൽ നിൻെറ ശരീരവല്ലി
മാലൊത്തിടാ വിമലമാം ഹൃദയാംബരത്തിൻ
മേലെത്തി വെൺമുകിലിൽ മിന്നിയ മിന്നൽ ദേവി! 3

വാക്കിന്നുമർത്ഥമതിനും വരദേ! കലർന്നു
ചേർക്കുന്നു ശോഭയുമശോഭയുമൊക്കെയും നീ
ആർക്കിന്നു നിന്നെയഖിലേശ്വരി! വാഴ്ത്തിടാവൂ?
വാർക്കുന്നു വിസ്മയവശാലിഹ കണ്ണുനീർ ഞാൻ. 4

നിന്നെ സ്തുതിപ്പതിനു ഞാൻ തുനിയുമ്പൊഴെൻെറ
പിന്നിൽ സ്ഫുരിക്കുമൊരു മാനസശക്തിയായും
പൊന്നംബികേ! ഭവതി നിൽപതു കണ്ടു നിന്നു
പിന്നെന്തിനെന്നു പരമേശ്വരി! ഞാനുഴന്നു. 5

ആകാശമായുമതിലണ്ഡശതങ്ങളായും
വ്യാകോചമാർന്നുമഥ സങ്കുചിതത്വമാർന്നും
പോകാതെനിന്നു വിലസും പുനരുക്തശക്തി
ലോകൈകനായികയെനിക്കു തുണയ്ക്കണം നീ. 6

മാറാതെ നിന്ന രവിയും മതിയും നഭസ്സിൽ
വേറായിരം ഭഗണവും മഹിയും വരുമ്പോൾ
കൂറാർന്ന നിൻെറ കരവൈഭവമോർത്തു മൂക്കി-
ലേറാത്തതാർക്കു വിരലീശ്വരി! വിശ്വനാഥേ! 7

---

(2) നിൻെറ പൊന്നംബുജത്തൊടെതിരായ പദങ്ങളെന്യേ- പൊൻതാമരപ്പൂ പോലെയുള്ള നിൻെറ പദങ്ങളൊഴിച്ച്. ദേവീ അന്യം ഒരു ആശ്രയം എനിക്കില്ല- മററൊരാശ്രയവുമെനിക്കില്ല. ധന്യത്വമേകി മയി തൂകുക തൃക്കടാക്ഷം- എനിക്കു ധന്യത ഉണ്ടാകുമാറ് എന്നിൽ നീ കടാക്ഷം തൂകിയാലും. (3) പാലൊത്ത ഭൂതി തടവും- പാലുപോലെ വെളുത്ത ഭസ്മം പൂശുന്ന. നിൻെറ ശരീരവല്ലി-നിൻെറ ശ്രേഷ്ഠമായ ശരീരം. മാലേന്തിടാ വിമലമാം ഹൃദയാംബരത്തിൽ- ദുഃഖബാധയില്ലാത്ത ശുദ്ധമായ ഹൃദയാകാശത്തിൻെറ. മേലെത്തി- മേൽ പ്രാപിച്ചു. വെൺമുകിലിൽ മിന്നിയ മിന്നൽ- വെളുത്ത മേഘത്തിൽ മിന്നുന്ന മിന്നൽ പോലെ ശോഭിക്കുന്നു. (4) അഖിലേശ്വരി- സർവ്വത്തിനും നാഥയായുള്ളവളേ. നിന്നെ ഇന്ന് ആർക്കു വാഴ്ത്തിടാവു- ആർക്കും വാഴ്ത്തുവാൻ കഴിയുകയില്ല. വിസ്മയവശാൽ-അത്ഭുതംമൂലം ഞാൻ കണ്ണുനീർ വാർക്കുന്നു. (5) പിന്നെന്തിനെന്നു- പിന്നെ എന്തിനു സ്തുതിക്കുന്നു എന്ന്. (6) വ്യാകോചം- വിസ്താരം. സങ്കുചിതത്വം-ചുരുങ്ങൽ. പുനരുക്തശക്തി- അപരാപ്രകൃതി. (7) നഭസ്സിൽ- ആകാശത്തിൽ. വേറായിരം ഭഗണവും- വേറെ അനവധി നക്ഷത്രസമൂഹങ്ങളും. മഹിയും- ഭൂമിയും. വരുമ്പോൾ മാറാതെ നിന്നു- അനങ്ങാതെ നിന്നു. കൂറാർന്ന നിൻെറ വൈഭവം ഓർത്തു- ദയവുകൊണ്ട് ഇതെല്ലാം സൃഷ്ടിച്ച നിൻെറ സാമർത്ഥ്യം ഓർത്ത്. ആർക്കു മൂക്കിൽ വിരലേറാത്തതു-ആർക്കാണു ആശ്ചര്യം തോന്നാത്തത്. ഈശ്വരി വിശ്വനാഥേ- ലോകനാഥേ.

ചിത്തത്തിലോർക്കുമതു വൻപൊടുഖണ്ഡയായു-
മെത്തുന്നു നീ ജനനി! പിന്നെയഖണ്ഡയായും
നിസ്തുല്യയാം തവ വിഭൂതി നിനച്ചുകാൺകി-
ലത്യത്ഭുതം ധ്രുവമിതംഗജവൈരിജായേ! 8

ഒന്നിങ്കൽനിന്നുമൊരുപോതുമൊഴിഞ്ഞിടാതെ
നിന്നുല്ലസിക്കുമൊരു നിന്നെയറിഞ്ഞു നിത്യം
നന്ദിച്ചു നിൻ മഹിമ കണ്ടു നമിച്ചിടാത്ത
സന്ദിഗ്ദ്ധതത്ത്വജനസന്തതി കെട്ടു ദേവീ! 9

ഏകുന്നു നീ ജനനിയെൻെറയഭീഷ്ടമെല്ലാം
മാകുന്നവണ്ണമിഹ ഞാനറിയുന്നതെല്ലാം
ശോകം തഥാപി വളരുന്നഥവാ ചുഴന്നു-
പോകുന്നൊരീജ്ജനനവാഹിനിയേവമല്ലോ. 10

മാതാവുതൻെറ മകനായ കൃതജ്ഞനും ശ്രീ-
മോദാൽ കൊടുക്കുമതുപോലെ കൃതഘ്നകന്നും
ചേതസ്സലിഞ്ഞു കരയും സുതനുണ്ടു പാലെ-
ന്നോതുന്നു പിന്നെയുമുമേയിഹ മാതൃധർമ്മം. 11

പ്രത്യേകമെന്നിലഗജേ, ലിയേണമെങ്ങു-
മെത്താതെകണ്ടുമുഴലുന്നവനല്ലയോ ഞാൻ!
ചിത്താഭിലാഷമിനിയും ശുഭമായി നല്കി
മത്താപമൊക്കെയുമൊഴിക്കണമാദിനാഥേ! 12

ഐശ്വര്യദേ! ഭവതിതൻ കൃപയോർത്തിടുമ്പോ-
ളാശ്വാസമാണടിയനേതഴലെത്തിയാലും
വിശ്വാസമാർന്ന ഹൃദയേ വിലസീടുമെൻെറ
വിശ്വാലയൈകജനനീ! ജനനീ! തുണ്ക്ക. 13

---

(8) സ്പഷ്ടം. (9) ഒന്നിങ്കൽനിന്നുമൊരു പോതുംമൊഴിഞ്ഞിടാതെ നിന്നു.- ഒന്നിലും ഒരിക്കലും ഒഴിയാതെനിന്നു. ഉല്ലസിക്കുമൊരു നിന്നെയറിഞ്ഞു -പ്രകാശിക്കുന്ന നിന്നെ അറിഞ്ഞു. നിത്യം നന്ദിച്ചു നിൻ മഹിമ കണ്ടു നമിച്ചിടാത്തതായ- എന്നും നിൻെറ മഹിമ മനസ്സിലാക്കി സന്തോഷിച്ചു നമസ്കരിക്കാത്ത. സന്ദിഗ്ദ്ധതത്വജനസന്തതി- സംശയവാദികളായ ജനങ്ങൾ. കെടും- നശിക്കുമെന്നതു തീർച്ചയാണ്. (10) തഥാപി- എന്നാലും. ചുഴന്നുപോകുന്നൊരു- ചുററിക്കൊണ്ടു പോകുന്നതായ. ഈ ജനനവാഹിനി- ഈ സംസാരപ്രവാഹം. ഏവമല്ലോ- ഇപ്രകാരം ദുഃഖമുണ്ടാക്കുന്നതുതന്നെയാണ്. (11) തൻെറ മകനായ കൃതജ്ഞനും- തൻെറ നന്ദിയുള്ള മകനും. അതുപോലെ കൃതഘ്നകന്നും- നന്ദിയില്ലാത്ത മകനും. മോദാൽ- സന്തോഷത്തോടുകൂടി. ശ്രീ- സമ്പത്തുകൊടുക്കും. പിന്നെയും- അതിനുംപുറമേ. ചേതസ്സലിഞ്ഞു- മനസ്സലിഞ്ഞു. കരയും- കരയുന്ന. സുതന്ന്- മകന് (കുട്ടിക്ക്). പാലുണ്ട- പാലുകിട്ടും. എന്ന് ഇഹ-ഇവിടെ. മാതൃധർമ്മം ഓതുന്നു- പറയപ്പെടുന്നു. ഉമേ- പാർവ്വതീ. (12) അഗജേ- പർവ്വതപുത്രി. പ്രത്യേകം എന്നിൽ അലിയേണം- എന്നിൽ പ്രത്യേകിച്ചും കാരുണ്യം കാണിക്കണം. എന്തെന്നാൽ, ഞാൻ എങ്ങുമെത്താതെ കണ്ടും (എത്താത്തമാതിരിയിലും) ഉഴലുന്നവനല്ലയോ. ചിത്താഭിലാഷം- എൻെറ ഉള്ളിലെ ആഗ്രഹം. ഇനിയും ശുഭമായി (നന്നായി) നല്കി മത്താപമൊക്കെയും (എൻെറ ദുഃഖമെല്ലാം) ഒഴിക്കണം. (13) ഐശ്വര്യദേ -അഷ്ടൈശ്വര്യങ്ങൾ കൊടുക്കുന്നവളേ. വിശ്വാസമാർന്ന ഹൃദയേ വിലസീടും -വിശ്വാസികളുടെ ഹൃദയത്തിൽ വിളങ്ങുന്ന. വിശ്വാല യൈകജനനീ-ലോകമാകുന്ന വീടിന് ഏക അമ്മയായുള്ള എൻെറ ജനനീ.

തിയ്യാറിലിങ്ങനെ കിടന്നു തപിക്കുമെൻെറ
മെയ്യാറുമാറുമയി നീ കരുണാകടാക്ഷം
പെയ്യാറുമായ്‌വരിക നിൻ പദസേവചെയ്‌വാൻ
തയ്യാറുമായ്‌വരിക ദേവി! ദിനേ ദിനേ ഞാൻ. 14

അൻപോടു നിൻെറ പദമാശ്രയമെന്നണഞ്ഞു
വെമ്പീടുമീ വിധി ഹതാശയനാകുമെന്നിൽ
വൻപ്രേമമാർന്നു വരമേകുവതിന്നി ദേവീ!
നിൻ ഭാരമെൻെറ നിഖിലേശ്വരസാർവ്വഭൗമീ! 15

മിശ്രസ്തോത്രങ്ങൾ

ചിത്തത്തിലാധികളൊഴിച്ചു ചിദംബരത്തു
നൃത്തത്തിൽ നിൽക്കുമൊരു നിൻ പദപങ്കജങ്ങൾ
എത്തിപ്പിടിക്കുവതുമെന്നു വിഭോ! പിടിച്ചു
മുത്തുന്നതും പൊടികൾ മൂർധ്നി ധരിപ്പതും ഞാൻ! 1

വിശ്വൈകമോഹിനി നിജപ്രിയതന്നെയും വേ-
റൈശ്വര്യമൊക്കെയുമുമേശ വെടിഞ്ഞിരിപ്പാൻ
നിശ്ശങ്കമോടു കരതാരിലെടുത്ത നിന്നെ
നിഃശ്രേയസാർത്ഥികൾ തൊഴും നിയതം പുരാരേ! 2

---

(14) തിയ്യാറിലിങ്ങനെ കിടന്നു തപിക്കും -തീപ്പുഴയിൽ (ദുഃഖത്തിൽ) കിടന്നു വേകുന്ന. എൻെറ മെയ്യാറുമാറു -എൻെറ ദേഹം തണുക്കത്തക്കവിധം. മയി -എന്നിൽ. നീ കരുണാകടാക്ഷം പെയ്യാറുമായ് വരിക -പെയ്യാൻ ഇടവരട്ടെ. ഞാൻ ദിനേദിനേ -ദിവസേന ഞാൻ. നിൻപദസേവ ചെയ്യാൻ തയ്യാറുമായ് വരിക (ഒരുക്കമുള്ളവനായും വരട്ടെ.) (15) അമ്പോടു നിൻെറ പദമാശ്രയമെന്നണഞ്ഞു -ഭക്തിയോടുകൂടി നിൻെറ കാൽതന്നെ ആശ്രയമെന്നുവച്ച് അടുത്തു വന്നു. വെമ്പിടും -പരിഭ്രമമുള്ള. വിധിഹതാശയനാകും -ഭാഗ്യംകെട്ടവനായ ഈ എന്നിൽ. വൻപ്രേമമാർന്നു വരമേകുവതു ഇനി -വലിയ വാത്സല്യംവച്ച് അനുഗ്രഹം തരേണ്ടത് ഇനി. നിൻ ഭാരം -നിൻെറ ചുമതലയാണ്. നിഖിലേശ്വരസാർവ്വഭൗമി -എല്ലാ ഈശ്വരന്മാർക്കും ചക്രവർത്തിനിയായുള്ളവളേ!

(1) ചിത്തത്തിലാധികളൊഴിച്ചു റമനസ്സിലെ വ്യസനങ്ങളെ നീക്കിക്കൊണ്ട്. ചിദംബരത്തു -ചിദാകാശത്തിൽ. നൃത്തത്തിൽ നിൽക്കുമൊരു -നൃത്തംചെയ്യുന്നതായ. നിൻപദപങ്കജങ്ങൾ -നിൻെറ താമരപ്പൂപോലെയുള്ള പാദങ്ങൾ. ഞാൻ എത്തിപ്പിടിക്കുവതും പിടിച്ചിട്ട് (അതുകളെ) മുത്തുന്നതും (ആ കാലുകളുടെ) പൊടികൾ (എൻെറ) മൂർദ്ധനി -നെറുകയിൽ. ധരിപ്പതും -ചൂടുന്നതും എന്നാണ്. ഇതിനെല്ലാം എനിക്ക് എന്നു സാധിക്കും. വിഭോ -സർവ്വവ്യാപിയായുള്ളവനേ. (2) ഉമേശ -പാർവ്വതീപതിയായോനേ. വിശ്വൈകമോഹിനി -ഭുവനൈകസുന്ദരിയായ. നിജപ്രിയതന്നെയും -തൻെറ ഭാര്യയെയും. വേറൈശ്വര്യമൊക്കെയും -മറ്റ് എല്ലാ ഐശ്വര്യങ്ങളും. വെടിഞ്ഞിരിപ്പാൻ -വിട്ട് ഒഴിഞ്ഞിരിപ്പാൻവേണ്ടി. നിശ്ശങ്കം -ശങ്കകൂടാതെ. ഓടു കരതാരിൽ എടുത്ത -കയ്യിൽ ഇരക്കാനുള്ള ഓട് എടുത്ത നിന്നെ. നിഃശ്രേയസാർത്ഥികൾ -മുമുക്ഷുക്കൾ. നിയതം തൊഴും -എപ്പോഴും വണങ്ങും. പുരാരേ -ത്രിപുരങ്ങൾ ദഹിപ്പിച്ചവനേ.

കാമാദിദുഃഖപടലം കരളിന്നൊഴിഞ്ഞു
സാമോദമിന്നടിയനാത്മസുഖം ലഭിപ്പാൻ
കാമാരിദേവനുടെ കാന്തകളേബരത്തിൻ-
വാമാംഗമേ! വരിക മേ വരമേകുകമ്മേ! 3

അംഭോജബാന്ധവനിലാതപരാജിപോലെ
ജൃംഭൽസുധാകരനു ചന്ദ്രികയെന്നപോലെ
ശംഭുപ്രിയേ! ജനനി! നീ ശിവനിൽക്കലർന്നു
ജൃംഭിച്ചിടുന്നു ജഗദേകവിഭാവനീയേ! 4

അംഭോജനേത്രനഖിലേശവരാഹമായി
നിൻപാദമൂലമറിവാൻ നിരവേ തിരഞ്ഞു
ദംഭം വെടിഞ്ഞു മരുവുന്നതു ദൈവമേ! ക-
ണ്ടമ്പേറി നിൽപതിനിയെന്നഖിലാകൃതേ ഞാൻ. 5

ശിവഭക്തിപഞ്ചകം

ത്വൽപാദചിന്തനകൾ ദേവ,യിനിക്കു യോഗ-
ശിൽപങ്ങളായ് വരിക നിൻ ചരിതാമൃതങ്ങൾ
കൽപങ്ങളായ്‌വരികയെൻ കരണേന്ദ്രിയങ്ങൾ
പുഷ്പങ്ങളായ് വരിക നിൻ പദപൂജചെയ്‌വാൻ. 1

അത്യന്തമത്ഭുതമതായറിവുള്ള ലോകം
നിത്യം പുകഴ്ത്തുമൊരു നിൻെറ കഥാമൃതങ്ങൾ
ബദ്ധാദരം ബഹു നുകർന്നിനിയെന്നു ശംഭോ!
ചിത്തം കുളുർത്തു ചൊരിയുന്നിഹ കണ്ണുനീർ ഞാൻ. 2

---

(3) കാമാദി ദുഃഖപടലം -കാമം തുടങ്ങിയ ദുഃഖങ്ങളുടെ സമൂഹം. കാന്തകളേബരത്തിൻ -സുന്ദരശരീരത്തിൻെറ. വാമാംഗമേ -ഇടത്തെ ഭാഗമായുള്ളവളേ (ശിവൻെറ പകുതി പാർവ്വതിയെന്നാണ് പുരാണം. അർദ്ധനാരീശ്വരൻ എന്നാണ് ശിവനെ പറയുന്നത്). അമ്മേ വരിക, മേ വരമേകുക -എനിക്കു വരം തരിക. (4) അംഭോജബാന്ധവനിൽ -സൂര്യനിൽ. ആതപം എന്നപോലെ -വെയിലുപോലെയും. ജൃംഭൽസുധാകരനു -കലകൾ കൂടിയ ചന്ദ്രന്. ചന്ദ്രിക -നിലാവ് എന്നപോലെയും. ശംഭുപ്രിയേ -ശംഭുവിൻെറ പ്രിയയായുള്ള. നീ ശിവനിൽ കലർന്നു ജൃംഭിച്ചിടുന്നു- ശിവനിൽ അഭേദമായി യോജിച്ചു ശോഭിച്ചിടുന്നു. ജഗദേകവിഭാവനീയേ- ലോകത്തിനാകെയുള്ള ഏകയായ ആരാധ്യേ. (5) അംഭോജനേത്രൻ -വിഷ്ണു. വരാഹമായി -പന്നിയായി. നിൻെറ പാദമൂലം അറിയാൻ-നിൻെറ പാദത്തിൻെറ ചോടു കാണാൻവേണ്ടി. നിരവേ തിരഞ്ഞു-നിരക്കെ തിരഞ്ഞു. ദംഭം വെടിഞ്ഞു മരുവുന്നതു -ഉദ്ദേശം സാധിക്കാത്തതുകൊണ്ടു ഗർവു വെടിഞ്ഞ് അടങ്ങിപ്പാർക്കുന്നതു കണ്ട്. ഞാൻ അമ്പേറി -ഭക്തിയേറി. നിൽപത് ഇനി എന്ന് -ഇനി എന്നാണ് നിൽക്കുവാൻ ഇടവരുന്നത്. അഖിലാകൃതേ -വിശ്വരൂപിൻ!

(1) ത്വൽപാദചിന്തനകൾ -നിൻെറ പാദത്തെക്കുറിച്ചുള്ള വിചാരങ്ങൾ. എനിക്കു യോഗശിൽപങ്ങളായ് വരിക -യോഗാൽഭുതങ്ങളായിത്തീരട്ടെ. നിൻെറ ചരിതാമൃതങ്ങൾ -അമൃതമയമായ കഥകൾ. കൽപങ്ങളായ് വരിക -രസായനങ്ങളായിത്തീരട്ടെ. എൻെറ കരണേന്ദ്രിയങ്ങൾ -മനസ്സും ഇന്ദ്രിയങ്ങളും നിൻെറ പദപൂജചെയ്‌വാൻ പുഷ്പങ്ങളായിത്തീരട്ടെ. (2) അത്യന്തം അത്ഭുതമതായ അറിവുള്ള ലോകം-അത്യത്ഭുതജ്ഞാനമുള്ളവർ. ബദ്ധാദരം -ഭക്തിയോടുകൂടി. ബഹു നുകർന്ന് -വളരെ ആസ്വദിച്ച്.

രുദ്രാക്ഷവും രജതകാന്തികലർന്ന നീറും
ഭദ്രം ധരിച്ചു ഭവദാലയപാർശ്വമാർന്നു
ചിദ്രൂപ! നിൻ ചരണസേവയിലെന്നു നിന്നു
നിദ്രാദിയും നിശി മറന്നു നയിക്കുമീ ഞാൻ. 3

ചിന്തിച്ചു നിൻെറ പദമേറെയലിഞ്ഞു ചിത്തം
വെന്തേറിടുന്ന വിരഹാർത്തി പൊറുത്തിടാതെ
അന്തസ്സിടിഞ്ഞു കരയുംപൊഴുതശ്രുധാര
ചിന്തി സ്വയം ശിശിരമാവതുമെന്നിനിക്ക്? 4

ഇദ്ദേഹമിന്ദ്രിയവുമർത്ഥവുമേകമാക്കു-
മുദ്ദാമമായറിവെഴുന്നറിവും വെടിഞ്ഞു
അദ്വൈതമായൊഴുകുമമ്പതിലാഴ്ന്നഴിഞ്ഞെൻ
ചിദ്ദേവതേ! ചിരമിരിപ്പതുമെന്നഹോ! ഞാൻ. 5

വൈരാഗ്യപഞ്ചകം

കൂലത്തിൽനിന്നു വളരുന്ന കൊഴുത്ത വൃക്ഷ-
മൂലത്തെ മുട്ടിയൊഴുകും നദിപോലെയയ്യോ!
കാലത്തിനുള്ള കടുവേഗമനുക്രമിച്ചി-
സ്ഥൂലത്തിൽനിന്നടി തുരന്നു വരുന്നു ശംഭോ! 1

കെട്ടിബ്ഭരിച്ച കചവും കുചവും ധരിച്ചു
പൊട്ടാർന്ന പൂപ്പുടവയൊക്കെയിരിക്കുമപ്പോൾ
പെട്ടെന്നു പെൺകൊടി ചിതയ്ക്കിരയായ്‌വരുന്നു
പട്ടിക്കുമാശയിവളിൽ പതിയാ പുരാരേ! 2

---

(3) രജതകാന്തി കലർന്ന -വെള്ളിപോലെ വെളുത്ത. നീറും -ഭസ്മവും. ഭദ്രം ധരിച്ചു -ശരിക്കു ധരിച്ചു. ഭവദാലയപാർശ്വമാർന്നു -നിൻെറ ക്ഷേത്രത്തിൽ ചെന്നു. ചിദ്രൂപ -ചിന്മയ! നിൻചരണസേവയിൽ നിന്നു -നിന്നെ സ്ഥിരമായി ധ്യാനിച്ചു. (4) നിൻെറ പദം ഏറെ ചിന്തിച്ച് അലിഞ്ഞു വെന്തേറിടുന്ന വിരഹാർത്തി പൊറുത്തിടാതെ -വെന്തു വർദ്ധിക്കുന്ന നിൻെറ വേർപാടു സഹിക്കാതെ. അന്തസ്സിടിഞ്ഞു -ഗർവ്വം നശിച്ചു. അശ്രുധാര ചിന്തി സ്വയം ശിശിരമാവതു -സ്വയം കുളിർക്കുന്നത് എന്നാണ്. (5) ഇദ്ദേഹം ഇന്ദ്രിയവും അർത്ഥവും -ഈ ദേഹവും ഇന്ദ്രിയവും വിഷയവും. ഏകമായും -ഒന്നായി കാണിക്കുന്ന. ഉദ്ദാമമാം -ബന്ധമറ്റ. അറിവെഴുന്നറിവും വെടിഞ്ഞു -അറിവും അതിക്രമിച്ചു. അദ്വൈതമായ് -അദ്വൈതരൂപമായ് ഒഴുകുന്നു. അമ്പതിൽ -ആനന്ദത്തിൽ. ആഴ്ന്നഴിഞ്ഞു -ലയിച്ചു.

(1) കൂലത്തിൽറതീരത്തിൽ. വൃക്ഷമൂലത്തെ മുട്ടി -മരത്തിൻെറ ചുവടിനെ തട്ടി. കാലത്തിനുള്ള കടുവേഗം -കാലത്തിൻെറ വലിയ വേഗം. സ്ഥൂലത്തെ -ശരീരത്തെ. തുരന്നു -അടി തുരന്നു. (2) ഇനി രണ്ടു ശ്ലോകങ്ങളാൽ പെണ്ണാശ പാടില്ലെന്നു പറയുന്നു. കെട്ടിബ്ഭരിച്ച -കെട്ടിച്ചുമന്ന കചവും -മുടിയും. പൊട്ടാർന്നു -പൊട്ടിട്ടു. പൂപ്പുടവയൊക്കെ -പൂഞ്ചേലയെല്ലാം. ചിതയ്ക്കു -പട്ടടയ്ക്ക്. പട്ടിക്കുമാശ പതിയാ -പട്ടിക്കുപോലും ആശയുണ്ടാകയില്ല. പുരാരേ -ത്രിപുരം ദഹിപ്പിച്ചവനേ. സംസാര സുഖം ക്ഷണഭംഗുരമെന്നു സാരം.

കുട്ടിക്കുരംഗനയനാന്തമിഴച്ചു കണ്ണേ-
റിട്ടൊന്നു നോക്കി ഹൃദയത്തെയിടിച്ചു ശംഭോ!
വട്ടംചുഴറ്റി വിഷയഭ്രമണത്തിലിട്ടു
നട്ടംതിരിപ്പവളെ നോക്കി നടത്തൊലാ നീ. 3

ധന്യത്വമാർന്ന ധനദൻ തരസാ നമിക്കും
സംന്യസ്തസർവവിഭവൻ സകലേശ്വരൻ നീ
അന്യപ്രഭുക്കളരികിൽ ദ്രവിണാശയാർന്നു
ദൈന്യപ്രകാശനമതിന്നു മയക്കൊലാ മാം. 4

ഈ വാടിപോലെയെതിരറ്റ പുരന്ദരൻെറ
പൂവാടിപൂണ്ട പുരവും സ്ഥിരമല്ലയെന്നാൽ
ദേവാധിദേവ! തവ പാദസരോരുഹത്തി-
ലാവാതെയാശ്വാസനമേതടിയന്നു ശംഭോ! 5

ശിവജ്ഞാനപഞ്ചകം

ചൊല്ലേറുമെൻെറ ഗുരു ചിത്തമലിഞ്ഞു ചൊന്ന
ചൊല്ലേറെയാശയൊടു ചിന്ത തുടർന്നു ശംഭോ!
അല്ലാതെയുള്ള മറയോടനുഭൂതിയും ചേ-
ർന്നുല്ലാസമാർന്നുരുകി നിൽപതുമെന്നഹോ! ഞാൻ. 1

ഉത്തുംഗമാമുപനിഷത്തുകളോതിടുന്ന
തത്ത്വങ്ങളെത്തടവകന്നനുചിന്തചെയ്തു
ചിത്തം വെടിഞ്ഞു ശിവ! ബോധമുദിപ്പതെന്നെ-
ന്നുൾത്താപമെന്നൊഴിയു?മോതുക ദേവദേവ! 2

---

(3) കുട്ടിക്കുരംഗനയനാന്തം -മാൻകുട്ടിയുടെ കണ്ണുപോലുള്ള കണ്ണിൻെറ അറ്റം. ഇഴച്ചു -മന്ദമായി ആഞ്ഞു. കണ്ണേറിട്ട് ഒന്നു നോക്കി ഹൃദയത്തെ ഇടിച്ചു -താഴ്ത്തി. വട്ടം ചുഴറ്റി -ഭ്രമിപ്പിച്ചു. വിഷയഭ്രമണത്തിൽ -വിഷയാസക്തിയിൽ. ഇട്ടു നട്ടം തിരിപ്പവളെ -കഷ്ടപ്പെടുത്തുന്ന സ്ത്രീയെ. നോക്കി നടത്തൊലാ -നോക്കി നടക്കാൻ (സ്ത്രീകാമുകനായി കാലം കഴിപ്പാൻ) ഇടയാക്കാതിരിക്കണേ. (4) ഈ ശ്ലോകത്തിൽ പൊന്നാശ പാടില്ലെന്നു പറയുന്നു. ധന്യത്വമാർന്ന ധനദൻ -മഹാഭാഗ്യവാനായ വൈശ്രവണൻ. സംന്യസ്തസർവ്വവിഭവൻ സകലേശ്വരൻ നീ -സർവ്വസമ്പത്തുകളും ത്യജിച്ച സർവ്വത്തിൻെറയും ഈശ്വരനാണ് നീ. ദ്രവിണാശയാർന്നു-ദ്രവ്യാഗ്രഹത്താൽ. ദൈന്യപ്രകാശനമതിന്നും-ദീനത്വം കാണിക്കുവാനും. നിന്നെവിട്ട് ആരെയും ആശ്രയിക്കാൻ എനിക്ക് ഇടവരരുത്. (5) പൂവാട -പൂമണം. ആവാതെ -ചേരാതെ.

(1) ചൊല്ലേറുമെൻെറ ഗുരു -പ്രസിദ്ധനായ എൻെറ ഗുരു. ചിത്തമലിഞ്ഞു ചൊന്ന -കാരുണ്യത്തോടുകൂടി പറഞ്ഞ. ചൊല്ല് -ഉപദേശം. ഏറെ ആശയോടു ചിന്ത തുടർന്നു-ഏറ്റവും ആഗ്രഹത്തോടും വിശ്വാസത്തോടുംകൂടി സ്ഥിരമായി ചിന്തിച്ചു. അല്ലാതെയുള്ള -മറ്റു. മറയോടു -വേദത്തോട്. അനുഭൂതിയും -അനുഭവവും വന്നു. ഉരുകിനിൽപത് -ലയിച്ചിരിപ്പത്. (2) ഉത്തുംഗമാം ഉപനിഷത്തുകൾ ഓതിടുന്ന -ഉൽകൃഷ്ടങ്ങളായ ഉപനിഷത്തുകളിൽ പറയുന്ന തത്ത്വങ്ങളെ. അനു ചിന്തചെയ്തു -ചിന്തിച്ചു. ചിത്തം വെടിഞ്ഞു -ചിത്തനിഗ്രഹംചെയ്തു. ശിവബോധം ഉദിക്കുന്നത് എന്നാണ്. ഉൾത്താപം -ദുഃഖം.

കാണപ്പെടുന്നു വിഷയങ്ങൾ കലർന്നുനിന്നു
കാണുന്ന കാഴ്ചയതിലായ് കണവും വെടിഞ്ഞു
ചേണുറ്റ ചിദ്യുതിയൊടും ശിവ! ചന്ദ്രബിംബം
കാണുന്ന കൗമുദി പരന്നിനിയെന്നഹോ! ഞാൻ. 3

കാലം കടന്നഥ കരുംകടലിന്നെഴുന്ന
കൂലം കടന്നു ഗുണവാരിധിയും കടന്നു
പാലംബുരാശിയതിൽ മുങ്ങിയെഴുന്ന നിന്റെ
കാലെന്നു വന്നഗതി കാണുമഹോ മഹേശാ! 4

ഖേദത്തെ നീക്കുമൊരു കൗമുദിപോലെഴുന്ന
പാദത്തെയും പരയെയും പരിചിൽക്കടന്നു
ബോധത്തെയും പണയമിട്ടു ബുഭുക്ഷയറ്റു
മോദത്തൊടെന്നമൃതവാരിധി മുങ്ങുമോ ഞാൻ. 5

ശിവയോഗിപഞ്ചകം

*വ്യോമാദിയും വിവിധ വിശ്വവുമൊക്കെ നിന്റെ
ഭൂമാവിലെന്ന പുനരുക്തമിരുന്നു കണ്ട്
കാമാദിയും കരളിലറ്റു കരം കുടഞ്ഞു
സാമോദമങ്ങനെ നടപ്പതുമെന്നഹോ! ഞാൻ. 1

ഞാനും ജഗദ്ഗുരുവതാം ഭഗവാനുമന്തർ-
ജ്ഞാനത്തിലേകരസമാമൊരു ശുദ്ധബോധം
മാനംവെടിഞ്ഞ മനതാരിലുദിച്ചു പൊങ്ങു-
മാനന്ദവാരിധിയിലാഴുവതെന്നഹോ! ഞാൻ. 2

---

(3) കാണപ്പെടുന്നു വിഷയങ്ങൾ കലർന്നുനിന്നു കാണുന്ന കാഴ്ചയതിലായ് കണവും വെടിഞ്ഞു -ദൃശ്യമായ വിഷയങ്ങളിൽ പരമാണുകൂടി ഇല്ലെന്നുള്ള ജ്ഞാനം ഉദിച്ച്. (4) കരുംകടൽ-അജ്ഞാനം. ഗുണവാരിധിയും -സത്വരജസ്തമോഗുണങ്ങൾ. പാലംബുരാശിയിൽ -ചിൽപ്പരപ്പിൽ. (5) പരയെയും -പരാശക്തിയെയും. പണയമിട്ടു -ഉപേക്ഷിച്ചു. ബുഭുക്ഷയറ്റു -ഭോഗാസക്തി വിട്ടു.

(1) *വ്യോമാദിയും -ആകാശം മുതലായതും. വിവിധവിശ്വവും -നാനാപ്രകാരേണയുള്ള ലോകങ്ങളും. നിന്റെ ഭൂമാവിൽ എന്ന -നിന്റെ മഹിമയിൽ ഉള്ളതാണെന്നുള്ള. പുനരുക്തം -അപരാവിദ്യ. ഇരുന്നു കണ്ടു -ഇരുന്നു മനസ്സിലാക്കി. കാമാദിയും കരളിൽ അറ്റു -മനസ്സിൽ കാമാദികൾ ഇല്ലാതായി. കരം കുടഞ്ഞു -സർവ്വം ഉപേക്ഷിച്ചു. നടപ്പതുമെന്നഹോ ഞാൻ -ഞീൻ എന്നാണു തുറവിയാകുന്നത്. (2) ഞാനും ജഗൽഗുരുവതാം ഭഗവാനും -ജഗത്തിന്റെ ഗുരുവായ അങ്ങും. അന്തർജ്ഞാനത്തിൽ -അതീന്ദ്രിയജ്ഞാനത്തിൽ. ഏകരസമാം -ഒന്നായി അറിയുന്ന. ശുദ്ധബോധം -കലർപ്പില്ലാത്ത ജ്ഞാനം. മാനം വെടിഞ്ഞു -അഹങ്കാരം വിട്ടു. മനസ്സിൽ ഉദിച്ചുപൊങ്ങും -ഉദിച്ചുപൊങ്ങുമ്പോഴുണ്ടാകുന്ന. ആനന്ദവാരിധിയിൽ -പരമാനന്ദത്തിൽ.

നിന്നെബ്ഭജിച്ചു ശിവ! നിൻവടിവാമെനിക്കു
പിന്നെ പ്രവൃത്തികൾ നിരങ്കുരഭാവമാർന്നു
ഭിന്നിക്കയാലജനുമന്തകനും പ്രമാണ-
മെന്നെപ്പിരിച്ചെഴുതിവയ്പതുമെന്നു ശംഭോ! 3

തുല്യത്വദർശനസുഖത്തെ മറന്നിടാതെ
കല്യത്വമാർന്നു മരുവും ശിവകോവിദന്മാർ
ഇല്ലത്തിൽ വാഴുമഥവാ വിപിനത്തിൽ വാഴു-
മില്ലത്തലും ഭയവുമൊന്നുമവർക്കു ശംഭോ! 4

വായുക്കൾപോലെ വളരുന്ന ശിശുക്കൾപോലെ
പേയെന്നപോലെ പടുപാമരനെന്നപോലെ
മായങ്ങളറ്റു മതിയറ്റഭിമാനമറ്റൊ-
രായാസമറ്റിഹ നടന്നിടുമാത്മയോഗി. 5

ഉപസംഹാരം

ദൈവം ഭവൽപദമതെന്നമരുന്ന ദിവ്യ-
ശൈവോത്തമന്നു ശിവചിന്മയ ചാരുമൂർത്തേ!
കൈവന്നിടുന്നഖിലകാമിതവും വിദേഹ-
കൈവല്യവും കരതലാമലകം പുരാരേ! 1

ഭൂതേശ! നിൻെറ പദകന്ദളമൊന്നൊഴിഞ്ഞൊ-
രാധാരമില്ലടിയനാശ്രയമാരുമില്ല
ചെയ്തീടുകെൻെറ പരിതാപമറും കടാക്ഷം
കൈതാങ്ങിനിന്നു കരുണാലയ! കാത്തുകൊൾക. 2

---

(3) ശിവ! നിന്നെ ഭജിച്ചു നിൻവടിവാമെനിക്കു -നീയായിത്തീർന്ന എനിക്ക്. പിന്നെ പ്രവൃത്തികൾ നിരങ്കുരഭാവമാർന്നു -കർമ്മങ്ങൾ മുളയില്ലാതായി, ജന്മമില്ലാതായി ബ്രഹ്മാവും കാലനും എന്നെ കണക്കിൽനിന്ന് എടുത്തുകളയുന്നത് എന്നാണ്. (4) തുല്യത്വദർശനസുഖത്തെ മറന്നിടാതെ-എല്ലാം സമമായി കാണുന്നതിലുള്ള സുഖത്തെ വിടാതെ. കല്യത്വമാർന്നു മരുവും ശിവകോവിദന്മാർ -ശുഭശാലികളായി കഴിയുന്ന ശിവജ്ഞാനികൾ. ഇല്ലത്തിൽ വാഴും അഥവാ വിപിനത്തിൽ വാഴും -ഒന്നുകിൽ ഗൃഹസ്ഥരായി വാഴും അല്ലെങ്കിൽ എല്ലാം വിട്ടു കാട്ടിൽ പോകും. ഏത് ആശ്രമത്തിലിരുന്നാലും അവർക്ക് അത്തലും ഭയവും ഇല്ല. (5) വായുക്കൾപോലെ -കാറ്റുകളെപ്പോലെ. തടസ്സമില്ലാതെയും. പേയെന്നപോലെ - പിശാചിനെപ്പോലെ. പടുപാമരനെന്നപോലെ -വെറും മൂഢനെപ്പോലെയും. മായങ്ങളറ്റു -കപടങ്ങൾ ഇല്ലാതെ. മതിയറ്റു -മനസ്സു നശിച്ചു. അഭിമാനം അറ്റു - അഹങ്കാരമില്ലാതായി. ആയാസമറ്റ് -നിഷ്ക്രിയനായി, ആത്മയോഗി നടന്നിടും.

(1) ഭവൽ പദമതെന്ന് അമരുന്ന -നിൻെറ പാദമാണെന്നു വിചാരിച്ചു ജീവിക്കുന്ന. ശൈവോത്തമൻ -ശിവഭക്തൻ. കാമിതം -ആഗ്രഹം. കരതലാമലകം -കയ്യിലിരിക്കുന്ന നെല്ലിക്ക.

കന്നെത്തിടാതുഴലുകിൽക്കനിവാർന്നു ഗോവു-
ചെന്നെത്തിയും മുല ചുരന്നരുളുന്നപോലെ
എന്നിത്തരം പരിതപിക്കുമെനിക്കലിഞ്ഞു
വന്നെത്തുമെൻെറ വരദായിനി വിശ്വമാതാ! 3

ചേതോവിഷാദമകലാൻ മമ ചെറ്റു നിൻെറ
കാതോളമുള്ള നയനം ഗിരിജേ! കുനിക്ക
ഏതാകിലും പിഴകൾ ചെയ്കിലതും പൊറുക്കെൻ
മാതാവിലും കരുണയുള്ള മദംബികേ! നീ. 4

ശിവാസഹായായ നമഃശിവായ തേ
ഭവായ ഭവ്യായ നമഃ പരാത്മനേ
ഭവാധിദൂനശ്രിതചാതകാവലീ-
നവാംബുവാഹായ നമോ നമോ നമഃ. 5

ശാംകരശതകം*

ഭാവനീയഭഗവാൻ ഭവാംബുധൗ
നാവികൻ നിപുണ'നാണു'നാമകൻ
ഭാവിഭവ്യഭയനാശമൂലമെൻ-
ജീവദേശികനെനിക്കു ദൈവമേ!

ആനന്ദമാനതജനത്തിനരം കൊടുക്കും
കോനെന്നു കോടി മറ കൊട്ടി മുഴക്കി നിൽക്കും
മാനിക്കുവോരു മടിയിൽക്കളിയാടി മിന്നു-
മാനക്കിശോരമടിമയ്ക്കഭയപ്രദേശം. 1

(5) ശിവാസഹായായ ശിവായ തേ നമഃ -പാർവ്വതീവല്ലഭനായി ശിവനായ നിന്തിരുവടിക്കു നമസ്കാരം. പരാത്മനേ ഭവ്യായ ഭവായ നമഃ -പരമാത്മാവും ശുഭരൂപനുമായ ശിവനു നമസ്കാരം. ഭവാധിദൂനശ്രിതചാതകാവലീനവാംബുവാഹായ നമോ നമഃ -സംസാരദുഃഖംകൊണ്ടു വേദനപ്പെടുന്ന ഭക്തരാകുന്ന വേഴാമ്പലുകൾക്കു പുതിയ മേഘമായുള്ളവനു വീണ്ടും വീണ്ടും നമസ്കാരം.

ഇത് 1097 -ൽ അടിച്ച ഒരു പതിപ്പിൽനിന്ന് എടുത്തതാണ്. അതിൽ 'ശ്രീനാരായണ ഗുരുസ്വാമി ശിഷ്യൻ എൻ. കുമാരനാശാൻ അവർകളാൽ ഉണ്ടാക്കപ്പെട്ടത്' എന്നാണു പറഞ്ഞിരിക്കുന്നത്. ഭാവനീയഭഗവാൻ -ആരാധ്യനായ അഷ്ടൈശ്വര്യസിദ്ധികളുള്ള മഹാത്മാവ്. ഭവാംബുധൗ-സംസാരസമുദ്രത്തിൽ. നിപുണനാണു നാമകൻ - സമർത്ഥനായനാണു എന്നു പേരുള്ളവൻ. ഭാവിഭവ്യഭയനാശമൂലം -ഭാവിശുഭത്തിനുള്ള ഭയത്തെ നശിപ്പിക്കുകകാരണത്താൽ. ജീവദേശികൻ-ജീവഗുരു.

(1) ആനതജനത്തിന്നു-നമസ്കരിക്കുന്ന ജനങ്ങൾക്ക്, ഭക്തർക്ക്. അരം റവേഗം. കോടിമറ -കോടി വേദങ്ങൾ. കോനെന്നു -തമ്പുരാൻ (നാഥൻ) ആണെന്ന്. കൊട്ടി മുഴക്കി നിൽക്കും -ഘോഷിക്കുന്നതായ. (വേദങ്ങളിൽ ഗണപതി സർവ്വർക്കും നാഥനെന്നു പറഞ്ഞിരിക്കുന്നു എന്നു സാരം.) മാനിക്കുവോരു മടിയിൽ-പാർവ്വതീപരമേശ്വരന്മാരുടെ മടിയിൽ. ആനക്കിശോരം-ആനക്കുട്ടി (ഉണ്ണിഗ്ഗണപതി). അഭയപ്രദേശം- അഭയസ്ഥാനം.

നാദത്തിൽനിന്നു നലമോടുലകങ്ങൾ ജാതം
വേദത്തിലും മതമതോ തവ രൂപമല്ലോ
മാതാവിതൊക്കവെ നിനയ്ക്കിലിനിക്കു നീയേ
വാ തിങ്ങുമാറു കരുണാമൃതമേകുകംബാ! 2

ശീലം കലർന്ന ശിവശക്തിയിൽനിന്നെഴുന്നു
മാലാറുമാറു മിഴിതന്മുനയേകി മെല്ലേ
ആളായിനിന്നടിമകൾക്കഭയം കൊടുക്കും
വേലായുധൻ വരദനെന്നെ വളർത്തിടേണം. 3

കൂടും മുദാ ജനിമൃതിച്ചുടുകാടുതന്നി-
ലാടിത്തിരിഞ്ഞു തിരുനീറുമണിഞ്ഞു നിത്യം
വേടന്നുമാരണനുമാർക്കുമലിഞ്ഞു നിൽക്കു-
മീടാർന്ന ദൈവതമിനിക്കരുമപ്പദാർത്ഥം. 4

നിൻകാലുതന്നെ ശരണം ശിവനേ! മലപ്പെൺ-
പങ്കാർന്ന ദേവ! മമ മറ്റൊരു പറ്റുമില്ലേ
പങ്കം കെടുത്തു പരബോധമതും കെടുത്തെൻ-
തങ്കക്കുടം തടവിയേഴയെയാണ്ടുകൊള്ളേ. 5

കണ്ണാട്ടമിട്ടുലകിടം കലയന്തിയാകും
പെണ്ണാട്ടമുറ്റ പകുതിത്തിരുമേനി കാണ്മാൻ
വിണ്ണാട്ടുകാർക്കുമെളുതോ വെറുതേ കിടന്നു
മണ്ണാട്ടെയെന്നുവരുമോ തരുമോ പദം മേ. 6

പാരം പുകഴ്ന്നൊരരിമത്തിരുനീറണിഞ്ഞു
ധാരാധരാന്തരിതസൂര്യനതെന്നപോലെ
ചാരം മറച്ച കനൽപോലെയുമുല്ലസിക്കു-
മാരോമൽമേനിയഴകെന്നടിമയ്ക്കു കാണാം. 7

---

(2) നാദത്തിൽനിന്നു -ഓങ്കാരത്തിൽനിന്ന്. ഉലകങ്ങൾ ജാതം -ലോകങ്ങൾ ഉണ്ടായി. വേദത്തിലും മതം -അതു വേദത്തിലും സമ്മതമാണ്. അതോ-ഓങ്കാരമാകട്ടെ. തവ രൂപമല്ലോ -നിൻെറ രൂപമാണ് (നീ ഓങ്കാരസ്വരൂപിണിയാണ്.) ഇതൊക്കവെ നിനയ്ക്കിൽ എനിക്കു നീയേ മാതാവ് (അമ്മ). വാതിങ്ങുമാറ് -വായ് നിറയുമാറ്, കരുണാമൃതം ഏകുക. അംബാ -അമ്മേ. (3) ശീലം കലർന്ന -ശീലമുള്ള. മാലാറുമാറു -ദുഃഖം നീങ്ങുമാറ്. മിഴിതൻ മുന -കടാക്ഷം. ആളായി നിന്നു -തുണയായി നിന്നു. വളർത്തിടേണം -രക്ഷിക്കണം. (4) കൂടും മുദാ -അധികമായ സന്തോഷത്തോടുകൂടി. ജനിമൃതിച്ചുടുകാടുതന്നിൽ -സംസാരച്ചുടുകാട്ടിൽ. ആടിത്തിരിഞ്ഞു -നൃത്തംചെയ്തു ചുറ്റി. തിരുനീർ -ഭസ്മം. ആരണൻ -ബ്രാഹ്മണൻ. അരുമപ്പദാർത്ഥം -അപൂർവ്വവസ്തു. (5) മലപ്പെൺ പങ്കാർന്ന -പാർവ്വതി പങ്കെടുത്ത, അല്ലെങ്കിൽ പാർവ്വതിയായ പങ്കുള്ള (അർദ്ധനാരീശ്വരൻ എന്നു സാരം). പറ്റു-സഹായം. തങ്കക്കുടം -എൻെറ ഓമനയായ നീ. ആണ്ടുകൊള്ളേ-എടുത്തുകൊള്ളണം, രക്ഷിക്കണം. (6) കണ്ണാട്ടമിട്ടു -കണ്ണു ചലിപ്പിച്ചു. കലയന്തിയാകും -സൃഷ്ടിക്കുന്ന. പെണ്ണ്-ശ്രീപാർവ്വതി. ആട്ടമുറ്റ -ആടിക്കൊണ്ടിരിക്കുന്ന. വിണ്ണാട്ടുകാർ -ദേവന്മാർ. മണ്ണാട്ടെ റമണ്ണാകട്ടെ. എന്നു വരുമോ -വെറുതെ കിടന്നു നശിക്കട്ടെ എന്നു വന്നുകൂടുമോ; അതോ നിൻെറ പദം തരുമോ. (7) അരുമത്തിരുനീറ് -അപൂർവ്വഭസ്മം. ധാരാധ

ചോരപ്പുതുക്കമലശോഭ കലർന്ന പാദ-
മോരോന്നുയർത്തിയരിമക്കളിയാടിയെന്നും
പാരേഴുരണ്ടുമിഹ പെറ്റുടനാണ്ടഴിക്കും
നാരീശരീരമുരസുന്നുരുവെന്നു കാണാം. 8

പങ്കേരുഹപ്രഭ പതിഞ്ഞ പദത്തിലന്തി-
ച്ചെങ്കൊണ്ടലിൽച്ചിതറിടും ശലഭങ്ങൾപോലെ
വെൺകാന്തിയാർന്ന വിമലത്തിരുനീറണിഞ്ഞ
നിൻകാലിണാത്തിരുനഖങ്ങളുമെന്നു കാണാം. 9

അഞ്ചമ്പനാത്തകുതുകം പനിനീർ തളിച്ച
പൂഞ്ചോലതന്നടുവിൽ നട്ടു കുലച്ചു തൂങ്ങും
തേഞ്ചോരുമച്ചെറിയ കേതകിതന്റെ പൂവിൻ-
നെഞ്ചഞ്ചുമഞ്ചിതമുഴംകഴലെന്നു കാണാം. 10

ഉന്മാദമോടുലകിദന്തയഹന്തയാകും
വന്മായതൻ വഴിയിൽ വീണുഴലും ജനാനാം
ജന്മാതപത്തിനകലുന്നഭയപ്രദേശം
പൊന്മണ്ഡപപ്പുതിയ തൂൺതുടയെന്നു കാണാം. 11

ആ ശേഷനും തവ ചരിത്രമറിഞ്ഞതെല്ലാം
പേശാവതോ പെരിയ പേയനുമിന്നു ശംഭോ!
ആശീവിഷച്ചരടു കെട്ടിയണഞ്ഞു മിന്നു-
മാശാപടം തടവിടുന്നരയെന്നു കാണാം. 12

രാന്തരിതസൂര്യനതെന്നപോലെ -മേഘംകൊണ്ടു മറഞ്ഞ സൂര്യനെന്നപോലെ. ചാരം മറച്ച -ചാരംകൊണ്ടു മൂടിയ. (8) ചോരപ്പുതുക്കമലം-പുതിയ ചെന്താമര. അരിമക്കളിയാടി -നൃത്തമാടി. പെറ്റുടനാണ്ടഴിക്കും -ഉടനെ സൃഷ്ടിച്ചു കാത്തു സംഹരിക്കും. നാരീശരീരം ഉരസുന്ന ഉരു -സ്ത്രീദേഹം ചേർന്ന രൂപം. (9) പങ്കേരുഹം -താമരപ്പൂവ്. പദത്തിൽ -പാദത്തിൽ. അന്തിച്ചെങ്കൊണ്ടൽ-സന്ധ്യാസമയത്തെ ചുവന്നമേഘം. താമരപ്പൂവുപോലെയുള്ള പാദത്തിൽ ഭസ്മം പൂശിയ രണ്ടു കാലിലുമുള്ള നഖങ്ങളെ സന്ധ്യാമേഘത്തിൽ ചിതറിയ തുമ്പികളോടുപമി ച്ചിരിക്കുന്നു. (10) അഞ്ചമ്പൻ -കാമദേവൻ. ആത്തകുതുകം -കുതുകത്തോടുകൂടി. പൂഞ്ചോല -പൂന്തോട്ടം. ചെറിയ കേതകി -പൂക്കൈത. പൂവിൻ നെഞ്ചഞ്ചും -പൂവിന്റെ നെഞ്ചു ഭയപ്പെടുന്ന, പൂവിനെ തോല്പിക്കുന്ന. അഞ്ചിതം -ഭംഗിയുള്ള. മുഴംകഴൽ -മുഴംകാൽ. മുഴംകാലിനെ കൈതപ്പൂവിനോടുപമിക്കുന്നു. കാമദേവൻ നട്ടു കുലപ്പിച്ച കൈതപ്പൂവെന്നു പറയുന്നതു ഭംഗിയുടെ ആധിക്യം കാണിക്കാൻ. (11) ഉന്മാദമോടു -ഭ്രമത്തോടുകൂടി. ഇദന്തയഹന്തയാകും -ഇതു താനെന്നുള്ള ബോധമാകുന്ന. ജന്മാതപത്തിന്-ജന്മവെയിലിന് (സംസാരദുഃഖമെന്നു സാരം). അകലുന്ന-അകലെ യുള്ള. പൊന്മണ്ഡപപ്പുതിയതൂൺതുട-പൊന്മണ്ഡപത്തിന്റെ തൂണുപോലെയുള്ള തുട. (12) ശേഷൻ -അനന്തൻ. പേശാവതോ -പറയുവാൻ സാധിക്കയില്ല. പെരിയ പേയൻ -മഹാഭ്രാന്തൻ. ആശീവിഷച്ചരട്-സർപ്പമാകുന്ന ചരട്. ആശാപടം-ദിക്കാ കുന്ന വസ്ത്രം. തടവിടും -ധരിക്കുന്ന.

പണ്ടുണ്ട നഞ്ചതു കവിട്ടിയൊലിച്ചു കച്ചി-
ക്കുണ്ടൊത്ത പൊക്കിളിൽ നിറഞ്ഞുകവിഞ്ഞപോലെ
കണ്ടാലുടൻ കരളിൽ വന്നു മുളച്ചു മോദം-
തെണ്ടുന്ന ലോമവലിയെന്നടിമയ്ക്കു കാണാം. 13

ഏണക്കിടാവു വരദാഭയമാദിപൂണ്ട
ചേണാർന്ന ചെങ്കരപുടപ്രഭയും മനസ്സിൽ
പൂണുന്ന മോദമൊടു പൊൻനിറമാണ്ട സർപ്പ-
പ്പൂണൂലണിഞ്ഞ ഭുജമൂലവുമെന്നു കാണാം. 14

കണ്ണൻ പരൻ കമലജൻ മുതലായി മററു
വിണ്ണോരുമോടിയുഴലുംപടി കണ്ടലിഞ്ഞു
തിണ്ണെന്നു മോന്തിയ വിഷം വിലസുന്ന കണ്ഠം
കണ്ണീരുമേ മിഴി മറയ്ക്കിലുമെന്നു കാണാം. 15

വെഞ്ചാമരം വിരവിൽ വന്നു വണങ്ങി മേവും
നിഞ്ചാരുതാടിയഴകും പവിഴം മടങ്ങും
ചെഞ്ചുണ്ടുമച്ചതുമറപ്പൊരുളായ പുത്തൻ
തേഞ്ചോരുമാ വദനപദ്മവുമെന്നു കാണാം. 16

കാരുണ്യവാരിധി കടഞ്ഞമൃതം വഹിച്ചു
ചോരുന്ന പാത്രമതിൽ വച്ചതുപോലെ തോന്നും
ആരും നുകർന്നു സുഖമാർന്നിടുമാ കടക്കൺ-
ചേരുന്നൊരച്ചടുലചില്ലികളെന്നു കാണാം. 17

ചെന്താർശരച്ചുടലയായ്പിറതൻ കിടാവിൻ
ചന്തം കലർന്ന നിടിലം നടുവിൽ ജ്വലിക്കും
ചെന്തീമിഴിപ്രഭവമെൻ പരിതാപജാലം
വെന്തററിടുംപടിയെനിക്കിനിയെന്നു കാണാം 18

---

(13) പണ്ട് -(പാലാഴിമഥനകാലത്ത്). കവിട്ടി -തേട്ടി. കച്ചിക്കുണ്ട് -ചവറുകുഴി. മോദം തെണ്ടുന്ന -മോദമുണ്ടാകുന്ന. ലോമവലി -രോമനിര. തേട്ടിയ വിഷം ഒലിച്ചു പൊക്കിളാകുന്ന കച്ചിക്കുണ്ടിൽ ചെന്നു നിറഞ്ഞിട്ടു കവിഞ്ഞുവരുന്നതായി രോമ നിരയെ ഉൽപ്രേക്ഷിച്ചിരിക്കുന്നു. (14) ഏണക്കിടാവ് -മാൻകുട്ടി. വരദാഭയം - വരദാഭയമുദ്ര. പൂണ്ട -ധരിച്ച. ചെങ്കരപുടം -ചുവന്ന കൈപ്പടം. പൂണുന്ന -ഗാഢമായ. ഭുജമൂലം -തോൾ. (15) കണ്ണൻ -വിഷ്ണു. പരൻ -ശ്രേഷ്ഠൻ, ഉയർന്നവൻ. കമലജൻ -ബ്രഹ്മാവ്. വിഷ്ണു മുതലായവരെല്ലാം ഭയപ്പെട്ടോടത്തക്കവിധത്തിൽ കണ്ടിട്ട്. അലിഞ്ഞു -ലോകത്തിൽ ദയ തോന്നി (വിഷം സംഹരിച്ചില്ലെങ്കിൽ ലോകം നശിക്കു മെന്നുള്ളതുകൊണ്ട്). കണ്ണീര് എന്റെ മിഴി മറയ്ക്കിലും -കണ്ഠം കാണുമ്പോൾ ഉണ്ടാകുന്ന സന്തോഷാശ്രുകൊണ്ടു മിഴി മറയുമെന്നു സാരം. (16) വെഞ്ചാമരം വണങ്ങി മേവും -വെഞ്ചാമരം തോൽക്കുന്ന, വെഞ്ചാമരംപോലെയുള്ള എന്നു സാരം. പവിഴം മടങ്ങും -പവിഴം തോൽക്കുന്ന, പവിഴംപോലുള്ള. ചതുമറ-ചതുർവ്വേദം. നാലു വേദത്തിന്റെയും പൊരുൾ ഉപദേശിക്കുന്ന മുഖമെന്നു സാരം. (17) കാരുണ്യ വാരിധി -കരുണാസമുദ്രം. കടഞ്ഞമൃതംവഹിച്ചു -കടഞ്ഞ് അമൃതമെടുത്തു എന്നോ കടഞ്ഞ അമൃതമെടുത്തു എന്നോ അർത്ഥം. കാരുണ്യാമൃതമൊഴുകുന്ന കടക്കണ്ണ് എന്നു സാരം. (18) ചെന്താർശരച്ചുടലയായ്-കാമദേവനെ ദഹിപ്പിച്ച പട്ടടയായി.

വെൺതിങ്കളിൻകുളുർനിലാവു പരന്നു പൊങ്ങി-
ച്ചിന്തുന്ന വിൺതടിനിതൻ തിരമാലയോടും
ചന്തംകലർന്നു വിലസുന്നൊരു ചെഞ്ചിടക്കെ-
ട്ടെന്താപമറ്റമലനാവതിനെന്നു കാണാം. 19

കൈലാസശൈലമതിലുള്ള കളിസ്ഥലത്തോ
ചേലാർന്നൊരാൽത്തറയിലല്ല ചിദംബരത്തോ
മാലാറുമാറു മുനിമാരുടെ നെഞ്ചകത്തോ
നീ ലാസ്യമിട്ടു നിതരാം നിവസിച്ചിടുന്നു. 20

അയ്യോ! ഭവക്കടലുതൻ നടുവിൽക്കിടന്നു
മെയ്യോ തളർന്നു കരവും കഴലും കുഴഞ്ഞോ
വയ്യെങ്കിലാരഗതിയെക്കരയേറ്റിടുന്നു
കയ്യേകണേ കനിയണേ കരുണാംബുരാശേ! 21

പോകുന്നു കാലമരമാരറിയുന്നു ലോകം
ചാകുന്നുഴന്നു മരുവുന്നു പിറന്നിടുന്നു
ശോകം കലർന്നു ചുഴലുന്നനിശം നിനച്ചാൽ
വേകുന്നു നെഞ്ചു പിടിയെന്തടിമയ്ക്കു ശംഭോ! 22

ഉണ്ടോ ജഗത്തുകളിതിന്നൊരു നാഥനുണ്ടോ
കൊണ്ടാടിയാരണമുരപ്പവനേകനുണ്ടോ
ഉണ്ടെന്നുരപ്പതിഹ നിന്നെയിവന്നു പിന്നെ
രണ്ടാമനില്ല ശരണം കരുണാംബുരാശേ! 23

വാഴാത ലോകവിഷയാതപമേറ്റുഴന്നു
കേഴുമ്പൊഴശ്രുതിഘനധ്വനിയുംശ്രവിച്ചു
പാഴല്ല കാമമിനി നീ വരുമാളുമെന്ന
വേഴാമ്പലിന്നറിക മറ്റൊരു പറ്റുമില്ലേ. 24

നടുവിൽ ജ്വലിക്കും ചെന്തീമിഴിപ്രഭവം -മധ്യേ ആളുന്ന ചെന്തീക്കണ്ണിൻെറ ഉൽപത്തിസ്ഥാനമായി. പിറതൻ കിടാവിൻ -ചന്ദ്രക്കലയുടെ. നിടിലം -നെറ്റി. എൻപരിതാപജാലം വെന്തറ്റിടുംപടി -എൻെറ ദുഃഖമെല്ലാം ദഹിച്ച് ഇല്ലാതാകുന്നവിധത്തിൽ. (19) വിൺതടിനി -വിണ്ണാറ് (ഗംഗ). (20) കൈലാസത്തിലുള്ള കളിസ്ഥലത്തോ ആൽത്തറയിലോ (ദക്ഷിണാമൂർത്തിയായി ആൽത്തറയിൽ ഇരുന്നു എന്നു പുരാണം.) അല്ലെങ്കിൽ ചിദാകാശത്തിലോ മുനിമാരുടെ ഹൃദയത്തിലോ നീ നൃത്തം ചെയ്യുന്നു. (21) ഭവകടൽ -സംസാരസമുദ്രം. (22) അരം -വേഗം. പിടിയെന്ത് -എന്താശ്രയം. (23) ഉണ്ടോ ജഗത്തുകൾ -ലോകങ്ങൾ വാസ്തവത്തിൽ ഉള്ളതാണോ (സത്യങ്ങളാണോ). ഇതിന്ന് -ഈ ലോകങ്ങൾക്ക്. ആരണം -വേദം. വേദം പ്രതിപാദിക്കുന്ന ഒരുത്തൻ ഉണ്ടോ; ഉണ്ടെന്നു പറയുന്നതെല്ലാം നിന്നെയാണ്; നീയല്ലാതെ ഒന്നുമില്ലെന്നു സാരം. (24) വാഴാത -വാഴാത്ത, നശ്വരമായ. ലോകവിഷയാതപം -ലോകവിഷയച്ചൂട്. ശ്രുതിഘനധ്വനി -വേദമാകുന്ന മേഘത്തിൻെറ ഇടിമുഴക്കം. കാമം ഇനി പാഴല്ല -ആഗ്രഹം ഇനി സാധിക്കും. നീ വരും -നീ പ്രത്യക്ഷനാകും. ആളും-എന്നെ കൈക്കൊള്ളും, രക്ഷിക്കും. എന്ന -എന്നു വിശ്വസിക്കുന്ന. വേഴാമ്പലിന്നു -ഞാനാകുന്ന വേഴാമ്പലിന്. പറ്റു -സഹായം, ബന്ധു.

കൈകൊട്ടി ലോകരു പഴിച്ചു ചിരിച്ചിടുന്നൂ
മെയ്കണ്ടിടാതിടയിൽ നിന്നുഴലുന്നു ഞാനും
പൈകൊണ്ടലച്ചു കരയും ശിശുവിന്നു മാതാ
കൈകണ്ടവിദ്യ കരുണാകര! കാത്തുകൊള്ളേ. 25

നിന്മേനിതന്നിൽ നിയതം മനതാരിരുത്തി-
സ്സമ്മോദമോടു സുതരാം ഗതി പെറ്റുകൊൾവാൻ
വന്മായയോടടിമ മല്ലുപിടിപ്പതോർത്തു
ചുമ്മായിരിപ്പതഴകോ ശിവ! സാംബമൂർത്തേ! 26

തായേ തണുത്ത കരുണാമൃതമേകുകമ്മാ!
കായേ പിടിച്ച പിണിയും കഠിനം മനോജ്ഞേ
നീയേ നമുക്കു ശരണം നിടിലാക്ഷജായേ!
മായേ! മയക്കി മനതാരു മറിച്ചിടല്ലേ. 27

ചിന്തിക്കിലീയുലകു തന്തു ചിലന്തിപോലെ
ബന്ധിച്ചു നീ സകലസാക്ഷിയതായിരുന്നും
അന്ധത്വമേകിയതിലിട്ടിവരേ വലപ്പ-
തെന്തിന്ദ്രജാലമിതു സാംബ! കൃപാംബുരാശേ! 28

നിന്നെത്തിരഞ്ഞു മരുവാതെ മനക്കുരങ്ങിൻ-
പിന്നാലെ പോവതിനുമെന്നെയയച്ചിടല്ലേ
കന്നത്തനിത്തെളിയിലാശ വെടിഞ്ഞു നഞ്ചി-
ലിന്നും കൊതിപ്പതിന്നുമെന്നെയയച്ചിടല്ലേ. 29

ഇന്നോ വരുന്നു ശിവനല്ലിഹ നാളെയോ വ-
ന്നെന്നോ തരുന്നഭയമെന്നു നിനച്ചു നിത്യം
നന്നായുഴന്നിവിടെ നിന്നു വശംകെടുന്നേൻ
വന്നാളുമോ വരദനെന്നെ മറന്നുപോമോ. 30

---

(25) മെയ് കണ്ടിടാതെ -നിൻെറ മേനി കാണാതെ അല്ല, സത്യത്തെ അറിയാതെ. പൈ -വിശപ്പ്. അലച്ചു -അടിച്ചു (മാറത്തടിച്ചു). ശിശുവിന്നു മാതാവ് കൈകണ്ട വിദ്യയാണ്. (സിദ്ധമായ വിദ്യയാണ്.) (26) നിയതം -എപ്പോഴും. സുതരാം -ഏറ്റവും. ഗതി പെറ്റുകൊൾവാൻ -ഗതി വരുത്തുവാൻ. സാംബമൂർത്തി -അംബ (പാർവ്വതി)യോടുകൂടിയ ശരീരമുള്ളവൻ. (27) കായേ -ദേഹത്തിൽ. പിടിച്ച -ബാധിച്ച. പിണി -രോഗം. നിടിലാക്ഷജായേ -ശിവൻെറ ഭാര്യേ. മായേ -മായയായുള്ളവളേ. ഈ ശ്ലോകത്തിൽ ശ്രീപാർവ്വതിയെയാണു സംബോധനം ചെയ്യുന്നത്. (28) തന്തുപോലെ -നൂലുപോലെ. നീ ഈ ഉലകു ബന്ധിച്ചു - ഈ ലോകം കെട്ടിയുണ്ടാക്കി. അന്ധത്വമേകി -മായ ബാധിപ്പിച്ചു. ഇതിലിട്ടു -ഈ ലോകത്തിലിട്ടു. വലപ്പത് എന്ത് ഇന്ദ്രജാലമാണ്. സാംബൻ -അംബയോടുകൂടിയവൻ (അർദ്ധനാരീശ്വരൻ). (29) കന്നത്തനിത്തെളി -പൂന്തേൻ. (30) തരുന്നഭയമെന്നു -തരുന്നു അഭയം എന്ന്.

സർവ്വജ്ഞനെന്നുമൊരു വിസ്മൃതിയില്ല തെല്ലും
നിർവ്വാദമിന്നതു നിനച്ചുഴലേണ്ട നെഞ്ചേ!
ഗർവ്വാദിദോഷമകലത്തു കളഞ്ഞുവെന്നാൽ
ശർവ്വൻ ശിവൻ! ശരണമാമൊരു കില്ലുമില്ലേ. 31

കാരൂടുറക്കനിവിൽ വന്നൊരു കണ്ണുനീരിൽ
നീരാടിനിന്നടിമവേലയതിന്നടുത്താൽ
പോരാടി നേർവ്വഴി തരാത്ത പറക്കുലത്തെ-
യാരോടുരപ്പഗതിയിങ്കലമാന്തമെന്തേ. 32

മാലും മയങ്ങ മനതാരിനു മാലുകോലും
കോലും ധരിച്ചു കടുകാലനണഞ്ഞിടുമ്പോൾ
കാലാരിയായി വിലസുന്ന നിലാവെളിച്ച-
ത്തോലുന്ന മോദമൊടു നിന്നു കളിപ്പതെന്നോ. 33

നഞ്ചുണ്ട നായകനിൽ നാവതി നോമ്പു നോറ്റു
തഞ്ചുന്ന തന്നരുൾ നുകർന്നു തഴച്ച ലോകം
കൊഞ്ചുന്ന കോമളവിളക്കൊളിയിൽ പതിഞ്ഞെൻ
പിഞ്ചുള്ളമെന്നു പൊരുളായി വിളങ്ങിടുന്നോ. 34

ശീലക്കുറിപ്പു ചപലം ശിവ! നിൻെറ പാദ-
മൂലക്കുറിപ്പുമതുപോലലയാതെയിന്നും
ബാലക്കുരങ്ങടിപെടാതരുളെൻെറ പൊന്നു
മാലറ്റ മൗനപദമേ മധുരക്കരിമ്പേ! 35

കാർകൊണ്ടു നിന്നടി മറന്നു കുഴന്ത വെന്തു
നീർകൊണ്ടിടുന്നതിനുമുമ്പു നിറഞ്ഞ മോദാൽ
കൂർകൊണ്ടവർക്കമൃതധാര ചൊരിഞ്ഞടുക്കും
കാർകൊണ്ടലേ! കരുണചെയ്ക മടിച്ചിടല്ലേ. 36

---

(31) സർവ്വജ്ഞന് -എല്ലാം അറിയുന്നവന്. വിസ്മൃതി ഇല്ല -മറവി ഇല്ല. അഴലേണ്ട -അഴലാതിരിക്കുക. (33) മാലും മയങ്ങ -വ്യസനംപോലും ഭയപ്പെടുന്നമാതിരി. (അത്ര അധികമായി എന്നർത്ഥം.) മാലു കോലും -വ്യസനം ഉണ്ടാക്കുന്ന. കോല് -ദണ്ഡ്. കാലാരിയായി വിലസുന്ന നിലാവെളിച്ചത്തു -കാലശത്രുവായ നിലാവിൽ (ശിവപ്രകാശത്തിൽ). (34) നഞ്ചുണ്ട നായകൻ -ശിവൻ. നാവതി നോമ്പുനോറ്റു -നാക്ക് അധികം സ്തോത്രംചെയ്തു. തഞ്ചുന്ന -കിട്ടുന്ന. തന്നരുൾ -അവൻെറ അനുഗ്രഹം. നുകർന്നു -അനുഭവിച്ചു. തഴച്ച -അഭിവൃദ്ധി പ്രാപിച്ച. ലോകം -ജനം. കൊഞ്ചുന്ന -കൊതിക്കുന്ന അല്ലെങ്കിൽ നിറയുന്ന. കോമളവിളക്കൊളിയിൽ -കോമള ജ്യോതിസ്സിൽ. പിഞ്ചുള്ളം -ഇളയ ഹൃദയം. പൊരുളായ് -സാരമുള്ളതായി. (35) ശീലക്കുറിപ്പ് -ഉറച്ച ശീലം. ചപലം -ചപലമാണ്. നിൻെറ പാദമൂലക്കുറിപ്പ് -പാദ മൂലധ്യാനവും. അതുപോലെ അലയാതെ -ചപലമാകാതെ. ഇന്നും -ഇനിയും. ബാലക്കുരങ്ങ് -ചപലനായ ഈ ബാലൻ (ഞാൻ). (36) കാർകൊണ്ടു -അന്ധത ബാധിച്ചു. നീർകൊണ്ടിടുക -ചാരമാകുക. കൂർകൊണ്ട വർക്ക് -ഭക്തന്മാർക്ക്.

കണ്ടേൻ ഭവൽക്കപടനാടകപാടവം പേ-
കൊണ്ടേൻ കൊടുംപിണിപിണഞ്ഞു പിണഞ്ഞണഞ്ഞേൻ
കൊണ്ടാടി വേദമുടി ചൂടിയ നാടകം ഞാൻ
കണ്ടീലടുക്കലൊരുനാളതുമാടുമോ നീ. 37

കാരുണ്യമേ കരകവിഞ്ഞുരുവായ്ത്തഴച്ച
താരുണ്യമേനി തടവും തിരുമേനി കാണ്മാൻ
പാരം കൊതിച്ചു പതറുന്നൊരു പൈതലിന്മേൽ
ചേരാത്ത ചെയ്ക ചിതമോ ശിവ! ജീവബന്ധോ! 38

എന്നമ്മയേഴകളിലേറിയ കൂറെഴുന്ന
കുന്നിൻകുമാരിയൊടുമെൻ ഗുഹദേവരോടും
മന്നിദ്രയിൽ കളികളിച്ചു മറഞ്ഞ ദന്തി-
ക്കന്നോടുമെന്നടിമ നിന്നടി കണ്ടിടുന്നു. 39

കണ്ണർപ്പണം തവ കഴിച്ചു വരിച്ച കണ്ണൻ
കണ്ണപ്പനും കരുണചെയ്കതിലെന്തു ചിത്രം
വർണ്ണിക്കുവാനുമതിലൻപണയാതെ വാടു-
മുണ്ണിക്കലിഞ്ഞരുളുകിൽ കരുണാകരൻ നീ. 40

പൊന്നപ്പനേ പൊതുവനേ പൊരുളേ പിരാനേ
പൊന്നിൽപ്പൊതിഞ്ഞ പവിഴപ്പൊടിയേ തൊഴുന്നേൻ
എന്നെപ്പിരിഞ്ഞവിടെയങ്ങെഴുനള്ളിയാലും
നിന്നെപ്പിരിഞ്ഞരവിനാഴിക വാഴുമോ ഞാൻ. 41

---

(37) ഭവൽ കപടനാടകപാടവം -കപടനാടകത്തിലുള്ള നിന്റെ സാമർത്ഥ്യം (പ്രപഞ്ചത്തിലെ മായാവിലാസം). പേകൊണ്ടേൻ -ഭ്രാന്തുപിടിച്ചു. കൊടുംപിണി -വലിയ ദുഃഖം. അണഞ്ഞേൻ -നിന്റെ അടുത്തു വന്നിരിക്കുന്നു. വേദമുടി -വേദാന്തം. ചൂടിയ -ധരിച്ച. നാടകം-നിന്റെ സാക്ഷാൽ വിദ്യയുടെ പ്രകാശനം. (38) കാരുണ്യമേ -കാരുണ്യമൂർത്തേ. ഉരുവായ് തഴച്ച -വളരെ വർദ്ധിച്ച. താരുണ്യമേനി -താരുണ്യഭംഗി. തടവും-ഉള്ള. പതറുന്ന -വെമ്പുന്ന. ചേരാത്ത -ഒക്കാത്തത് (ചീത്ത). (39) ഏഴകളിലേറിയ കൂറെഴുന്ന എന്നമ്മയായ കുന്നിൻകുമാരി (പാർവ്വതി)യോടും എന്റെ സുബ്രഹ്മണ്യദേവനോടും. മന്നിദ്രയിൽ കളി കളിച്ചു മറഞ്ഞ -കളി കളിക്കുന്നതായി ഞാൻ സ്വപ്നം കണ്ട. ദന്തിക്കന്നോടും -ആനക്കുട്ടി (ഗണപതി) യോടുംകൂടി നിന്നടി അടിമ എന്നു കണ്ടിടുന്നു. (40) കണ്ണർപ്പണം കഴിച്ചു -കണ്ണു നല്കി. കണ്ണൻ കണ്ണപ്പനും കരുണചെയ്കതിൽ എന്തു ചിത്രം (എന്തദ്ഭുതം). വർണ്ണിക്കുവാനും അതിൽ എന്തുണ്ട്. (കണ്ണപ്പൻ എന്ന ഒരു വേടനായ ശിവഭക്തൻ ഉണ്ടായിരുന്നു. അയാൾ ശിവബിംബത്തിൽ കണ്ണു കാണാതായപ്പോൾ സ്വന്തം കണ്ണു കുത്തിയെടുത്തു ബിംബത്തിൽ വെച്ചു. ഉടനെ ശിവൻ പ്രത്യക്ഷനായി അനുഗ്രഹിച്ചു എന്നു പെരിയപുരാണത്തിൽ ഒരു കഥയുണ്ട്.) അമ്പണയാതെ വാടും -നിന്റെ കാരുണ്യം കിട്ടാതെ തളരുന്ന. ഉണ്ണിക്ക് അലിഞ്ഞരുളുകിൽ -ഉണ്ണിയിൽ കാരുണ്യം കാണിച്ചാൽ, നീ കരുണാകരനെന്നു പറയാം.

ചുറ്റിച്ചുഴന്നു ചരണങ്ങൾ കുഴഞ്ഞു മറ്റു
പറ്റില്ലയെന്നടിമ നിന്നടി കണ്ടുകൊണ്ടേൻ
കുറ്റം പൊറുത്തു കുളുർമേനിയിലൊന്നണച്ചു
'കുറ്റാല'നായക! 'കുമാരനെ'യാണ്ടുകൊള്ളേ. 42

കോലാഹലധ്വനി കലർന്നഴകാർന്ന മൂല-
കൈലാസമോ കനകനാടകശാലതാനോ
മേലാം പദം വിളയുമാകരമോ തിരുക്കു-
റ്റാലം കുമാരനുടെ പാതകനാശദേശം. 43

പ്രാരബ്ധവിഘ്നമണയാതെ തുണയ്ക്കുമോ നി-
ഞ്ചാരുത്വമാർന്ന തിരുമേനി ലഭിക്കുമോ മേ
പ്രാരബ്ധപിണ്ഡമുടയുന്നതിനുള്ളിലെൻെറ
ചാരത്തു വന്നൊരുദിനം കളിയാടുമോ നീ. 44

കായം കൊഴുപ്പതിനു കണ്ടതു കൊന്നു തിന്നു
നായെന്നപോലെ നെറികെട്ടു നടക്കിലും ഞാൻ
വായാടിയായ് വഷളനാകിലുമെൻെറ പൂർവ്വ-
നായാടിനായകനിനിക്കു തുണയ്ക്കുമല്ലോ. 45

സൃഷ്ടിക്കുമോ സരസിജാത്മജനെന്നെയിന്നും
ദൃഷ്ടിക്കുമുമ്പു ദിവസംപ്രതി നിൽക്കുമോ ഞാൻ
ദുഷ്ടക്കൊടുംപിണി പിടിച്ചു ചടച്ചു വീണു
കഷ്ടിക്കുമോ കരുണചെയ്തുടനാളുമോ നീ. 46

അഷ്ടിക്കു മുട്ടിയഴകാർന്നുമിരന്നുമയ്യോ!
കഷ്ടിക്കുമാറടിമ വീഥിയിൽ വീണുപോമോ
ദുഷ്ടക്കുതർക്കികളിടയ്ക്കു പതിച്ചു ഗാത്ര-
പുഷ്ടിക്കു ജന്മമിദമെന്നുമുറച്ചുപോമോ. 47

---

(41) പൊതുവൻ -പൊതുവേയുള്ളവൻ. പിരാൻ -തമ്പുരാൻ. പൊന്നിൽ പൊതിഞ്ഞ പവിഴക്കൊടി -വാത്സല്യദ്യോതകമായ സംബോധന. (42) പറ്റ് -സഹായം. കുറ്റാലനായകൻ -കുറ്റാലത്തെ ഈശ്വരൻ (കുറ്റാലം ക്ഷേത്രത്തിലെ പ്രതിഷ്ഠ ശിവനാണ്). കുമാരനെ -ബാലനായ (കുമാരൻ എന്നു പേരുള്ള എന്നും) എന്നെ. ആണ്ടുകൊള്ളേ -രക്ഷിക്കുക. (43) കോലാഹലദ്ധ്വനി-വെള്ളച്ചാട്ടത്തിൻെറ കോലാഹലമായ ശബ്ദം. മേലാംപദം -മേലായ സ്ഥാനം, മോക്ഷം. ആകരം -ഖനി. (44) പ്രാരബ്ധവിഘ്നം -പൂർവ്വകർമ്മഫലംകൊണ്ടു തടസ്സം. പ്രാരബ്ധപിണ്ഡം ഉടയുന്നതിന്നുള്ളിൽ -ശരീരം നശിക്കുംമുമ്പ്, മരിക്കുംമുമ്പ്. (45) കായം കൊഴുപ്പതിന്നു -ശരീരം പോഷിക്കാൻ. പൂർവ്വനായാടിനായകൻ -പുരാതന വേടനായകൻ. (അർജ്ജുനനെ പരീക്ഷിക്കാൻ ശിവൻ പണ്ടു നായാടിരൂപം എടുത്തു പ്രത്യക്ഷനായിട്ടുണ്ട്.) ഞാൻ കണ്ടതു കൊന്നുതിന്നു നായെന്നപോലെ നടന്നാലും അതുപോലെ പണ്ടു നടന്നിട്ടുള്ള നീ എന്നെ സഹായിക്കാതിരിക്കയില്ലല്ലോ എന്നു ഭാവം. (46) സരസിജാത്മജൻ -ബ്രഹ്മാവ്. ദൃഷ്ടിക്കുമുമ്പ് റനിൻെറ കൺമുമ്പിൽ. കഷ്ടിക്കുമോ -കഷ്ടപ്പെടുമോ. ആളുമോ -രക്ഷിക്കുമോ. (47) അഷ്ടിക്കു മുട്ടി -ഭക്ഷണത്തിനു മുട്ടി. ഗാത്രപുഷ്ടിക്കു മാത്രം -ശരീരധാരണത്തിനുമാത്രം. ജന്മമിദം -ഈ ജന്മം.

ത്വൽപാദമേ ശരണമെന്നനിശം നിനച്ചു
പിൽപ്പാടു തള്ളുമൊരു പേയിലമർന്നുഴന്നു
ഇപ്പാടുപെട്ടിരവിലും പകലും ഭ്രമിക്കു-
മിപ്പാമരപ്പിറവിയെബ്ഭഗവാൻ വിടല്ലേ. 48

ബാലൻ മുനീന്ദ്രനു വരങ്ങൾ വിളമ്പിനിന്നൊ-
രാലംനുകർന്ന കരുണാകരനേ! പിരാനേ!
മാലുംപിടിച്ചടിമ നിന്നടിയും മറന്നു
കാലൻ തുറന്ന കടിവായിലകപ്പെടല്ലേ. 49

പൂവിന്മകന്റെ തലയോട്ടിലിരന്നു തിന്നു
ഭൂവെങ്ങുമോടിയൊരു യാചകദേശികൻ നീ
ഈവണ്ണമേഴയുമിരന്നിടിയുന്ന ചേതോ-
ഭാവങ്ങളൊക്കെയവിടേക്കറിയാവതല്ലോ. 50

നീയല്ലയോ നിഖിലനായകനിപ്രപഞ്ചം
പേയല്ലയോ പൊരുളു നിൻപദമല്ലയോവാൻ
തീയല്ലയോ കഠിനമീ ദുരിതം കൃപാംബു
പായില്ലയോ പരവശപ്പെടുമേഴയിന്മേൽ. 51

എന്നേ ഭവാനെളിയവന്നു തുണച്ചുനിന്നു
മിന്നുന്ന മൗനവടിവായിദമാരറിഞ്ഞു
നിന്നെപ്പിരിഞ്ഞണുവുമെങ്ങുമൊരിക്കലും വാ-
ഴ്കെന്നുള്ളതില്ലരിയ 'തില്ല' യിലാടുമീശാ! 52

തെണ്ടിത്തിരിഞ്ഞുഴലുവാനരുതെന്നു നിന്നു
കുണ്ഠത്വമാർന്നു കുഴയേണ്ട മനക്കുരങ്ങേ,
തണ്ടാർമകന്റെ തലയോട്ടിലിരന്നു തിന്നു
പണ്ടേ നടന്ന പരദേശി തുണയ്ക്കുമല്ലോ. 53

ഏവം കിടന്നു ചുഴലുന്നൊരു പമ്പരംപോൽ
ഭാവം കുലുക്കി മരുവല്ലിനി നെഞ്ചമേ നീ
പൂവങ്കവില്ലനെയെരിച്ച ചിദംബരേശ-
ച്ചേവങ്കി മേനിയിലമർന്നു കലർന്നു നില്ലേ. 54

---

(48) പേയിൽ -ഭ്രാന്തിൽ. പാമരപ്പിറവിയെ -മൂഢജന്മമെടുത്ത എന്നെ. (49) ബാലൻ മുനീന്ദ്രന്-അഗസ്ത്യമുനിക്ക്(?). ആലം -വിഷം. കാലൻ തുറന്ന കടിവായിൽ -കാലൻ കടിക്കാൻ തുറന്ന വായിൽ. (50) പൂവിൻമകൻ-ബ്രഹ്മാവ്. യാചകദേശികൻ-യാചകന്മാരുടെ ആശാൻ. ഇടിയുന്നു -താഴുന്നു. (51) പേയല്ലയോ-ഭ്രാന്തിയല്ലയോ. തീയല്ലയോ -തീപോലെ അല്ലയോ. (52) എന്നേ -എപ്പോഴെ. മിന്നുന്ന മൗനവടിവായ് -സ്പഷ്ടമായ മൗനരൂപത്തിൽ. തില്ല-ഒരു സ്ഥലത്തിന്റെ പേര്. (53) അരുതെന്നു നിന്നു -വയ്യെന്നുവച്ചു നിന്നു. കുണ്ഠത്വം -വ്യസനം. മനക്കുരങ്ങെ -ചപലമനസ്സേ. പരദേശി -പരിവ്രാജകൻ. (54) മരുവല്ലി -മരുവുക പാടില്ല. പൂവങ്കവില്ലൻ-പൂകൊണ്ടു യുദ്ധംചെയ്യുന്ന വില്ലാളി (കാമൻ). ചേവങ്കി-ചെങ്കുപ്പായം.

തുമ്പത്തിരുൾച്ചിടയനേ ശിവനേ! ഭവാനെൻ
തുമ്പന്തുരത്തുവതിനെന്തു വിളംബമീശാ!
ചെമ്പൊൻ പദാംബുജരസം തരികിന്നു നിന്നി-
ലൻപുള്ളവർക്കടിമ ഞാനരിമക്കൊഴുന്നേ! 55

ശൈലത്തിലാർന്നൊരു ശിവക്കൊടിതൻ ഭുജാഗ്ര-
മാലംബിയാകുമഭയക്കനിയേ! തൊഴുന്നേൻ
കാലം പൊറുക്കരുതിനിക്കൃപചെയ്യുവാനെൻ-
മാലേകിടുന്ന മലബന്ധമറും മരുന്നേ! 56

ലീലാവിലോലഹൃദയം ലലനാലലാമ-
മാലോലലോചനനിപാതശതങ്ങളാലേ
മാലേകിടൊല്ല മമ കാമകലാവിലാസ-
മാലോചനയ്ക്കു വിഷയത്തിലുമെത്തിടൊല്ലാ. 57

കുമ്പിട്ടവർക്കു കുഴയാതെ മനക്കുരുന്നി-
ലിമ്പം തരുന്നവനിരന്നവനിന്ദുചൂഡൻ
അമ്പാർന്നു തത്ത്വമഖിലത്തിനുമാശു കത്തും
കുമ്പയ്ക്കു നാഥനടിമയ്ക്കു തുണയ്ക്കുമെന്നും. 58

കമ്പംപിടിച്ചു കുഴയേണ്ട കരം കുവിക്ക
ചെമ്പൊൻപദം തരുമരം ദുരിതം കെടുക്കും
അൻപുറ്റവൻ പെരിയവൻ ശിവനോർക്ക ചിത്ത-
ക്കാമ്പേ കരഞ്ഞു പറകിൽക്കരളും കൊടുക്കും. 59

---

(55) തുമ്പത്തിരുച്ചിടയനെ -തുമ്പ ജടയിലുള്ളവനെ. തുമ്പം -ദുഃഖം. വിളംബം -താമസം. നിന്നിലമ്പുള്ളവർക്കടിമ ഞാൻ -ഞാൻ നിന്റെ ഭക്തന്മാർക്കു ദാസനാണ്. അരിമക്കൊഴുന്നേ -വാത്സല്യരൂപമായ സംബോധന. (56) ശൈലത്തിലാർന്നൊരു ശിവക്കൊടിതൻ ഭുജാഗ്രം ആലംബിയാകും -പർവ്വതത്തിൽ ഉണ്ടായ ശിവലതയുടെ ശാഖയിൽ തൂങ്ങുന്ന. അഭയക്കനിയേ-അഭയരൂപമായ പഴമേ (ശ്രീപാർവ്വതി ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നവനേ എന്നു സാരം). പൊറുക്കരുത് -വൈകരുത്. മാലേകിടുന്ന മലബന്ധമറും -ദുഃഖകാരണമായ മായാബന്ധത്തെ നശിപ്പിക്കുന്ന. (57) ലീലാവിലോലഹൃദയം -രമിപ്പാൻ താത്പര്യമുള്ള ഹൃദയത്തോടുകൂടി. ലലനാലലാമം -ശ്രേഷ്ഠയായ സ്ത്രീ. ആലോലലോചനനിപാതശതങ്ങളാലെ -ചഞ്ചലമായ കണ്ണേറുകളാൽ. മാലേകിടൊല്ല -ദുഃഖം ഉണ്ടാകുവാൻ ഇടവരുത്തല്ലെ. ആലോചനയ്ക്കു വിഷയത്തിലും എത്തിടൊല്ല -ചിന്തിക്കുവാൻകൂടി ഇടവരരുത്. (58) കുമ്പിട്ടവർക്കു -ഭക്തന്മാർക്കു. കുഴയാതെ -ബുദ്ധിമുട്ടു വരാതെ. ഇമ്പം തരുന്നവൻ -ആനന്ദം ഉണ്ടാക്കുന്നവൻ. ഇരന്നവൻ -ഇരന്നു നടന്നവൻ (ശിവൻ ഇരന്നുനടന്നു എന്നു പുരാണം ഉണ്ട്). തത്ത്വമഖിലത്തിന്നുമാശു കത്തും കുമ്പയ്ക്ക് -തത്ത്വമെല്ലാം അറിയാൻ ആഗ്രഹിക്കുന്ന ആശയത്തിന് (മനസ്സിന്). (59) കരം കുവിക്ക -കൈ കൂപ്പുക. ചെമ്പൊൻപദം -ചുവന്ന പൊന്നുകാല്. അരം-വേഗം.

ഭവ്യം പെറുന്ന തിരുനീറുമണിഞ്ഞു ചിന്തി-
തവ്യം പെറും പിണിയറും പരമൻചരിത്രം
ദൈവാഗമപ്പെരുവഴിത്തണലായിടുന്ന
ശൈവാഗമം ശരണമോർക്ക നിനക്കു നെഞ്ചേ. 60

സാമോദമങ്ങു സമയംപ്രതി മിന്നിടുന്ന
പൂമേനിമേനി മുറുകെപ്പുണരാനൊരുന്നാൾ
ഈ മാനുഷപ്പുഴുവിനെന്നിടയായിടുന്നൂ
കാമാരിദാസവരരേ! പറവിൻ ക്ഷണം മേ. 61

താനറ്റിടത്തു തനിയേ സുഖമായിരിക്കും
മൗനം മഹേശനുടെ മംഗലമാർന്ന കോലം
നാനാജനത്തിനുമതുള്ളൊരു നാലുപേർക്കു-
മാനന്ദമേകിയതുമിത്തിരുവേഷമല്ലീ? 62

കൈവല്യമാം ദശയിലും കനവറ്റുറങ്ങും
തവ്വിങ്കലങ്ങതിലുമിയ്യുണർവുള്ളിടത്തും
ഇവ്വണ്ണമെവ്വുയിരിനുള്ളുമിരുന്നു കാക്കു-
മിവ്വാറു നിൻെറ കളിയോ പൊളിയോ ജഗത്തും. 63

ആരായുവോളമമൃതക്കടലായിടുന്ന
പേരായിരം പറയുമെൻ പെരുമാളെയെന്നും
നേരായി നിന്നു നിനവിങ്കലിരുത്തിടുന്ന
പേരാരു പേനരകവീഥിയിൽ വീണിടുന്നു. 64

അന്തിക്കനന്തശയനൻെറ മൃദംഗഘോഷം
സ്വാന്തത്തിലോർത്തു സരസം നിജ കാന്തയോടും
ചിന്തുന്ന മോദമൊടു നിന്നു കളിച്ചിടുന്നോ-
രെന്തമ്പുരാൻെറ വടിവെന്നിഹ കണ്ടിടുന്നൂ. 65

---

(60) ഭവ്യം പെറും -ശുഭകരമായ. തിരുനീറുമണിഞ്ഞു -ഭസ്മം ധരിച്ചുകൊണ്ടു. ചിന്തിതവ്യം -ധ്യാനിക്കേണ്ടതായ. പിണിയറും -പീഡ മാറ്റുന്ന. പരമൻചരിത്രം -പരമൻെറ ചരിത്രം. ശൈവാഗമം -ശൈവശാസ്ത്രം. (61) പൂമേനിമേനി -പൂവിൻെറ ഭംഗിയുള്ള ശരീരം. കാമാരിദാസവരരെ -ശിവഭക്തശ്രേഷ്ഠരെ. (62) താനറ്റിടത്തു -അഹംബുദ്ധിയില്ലാതായി. തനിയെ സുഖമായിരിക്കും-സുഖമാത്രമായിരിക്കും. മൗനം -മൗനാവസ്ഥ. മഹേശനുടെ മംഗളമാർന്ന കോലം -മഹേശൻെറ മംഗളമുള്ള രൂപം. അതുള്ളൊരു -മൗനമുള്ള, മുനികളായ. (63) കൈവല്യമാം ദശയിലും, കൈവല്യാവസ്ഥയിലും. കനവറ്റുറങ്ങും തവ്വിങ്കൽ അങ്ങതിലും -സുഷുപ്തിയിലും. ഇയ്യുണർവുള്ളിടത്തും -ജാഗ്രത്തിലും. എവ്വുയിരിനും -ഏതു ജീവനും. ഉള്ളുമിരുന്നു കാക്കും -അകത്തിരുന്നു രക്ഷിക്കും. ഇവ്വാറു -ഇപ്രകാരം. ജഗത്തു നിൻെറ കളിയോ -ലീലയോ. പൊളിയോ-ഇല്ലാത്തതോ. (64) ആരായുവോളം-ആരായുന്തോറും. പേരായിരം പറയും-അനവധി പേരുകൾ ഉള്ള. നിനവിങ്കലിരുന്നിടുന്ന പേരാര് -ധ്യാനിക്കുന്നവരാര്. പേനരകവീഥിയിൽ-മായാനരകമാർഗ്ഗത്തിൽ. (65) വിഷ്ണുവും വന്നു പരിചര്യചെയ്യുന്നു എന്നു സാരം

ആലുംചുവട്ടിലമരും ഗുരുനാഥനോ പ-
ണ്ടാലം നുകർന്ന പതിയോ പുരവൈരിതാനോ
കാലാരിയോ കമലജാദികൾ കണ്ടിടാതെ
മേലായി നിന്ന നെറിയോ നടനാഥനോ നീ. 66

നീലക്കഴുത്തനമലൻ നിജ ദേവിയോടു-
മാലംബമെന്നു കരുതുന്നവനെന്നുമോർത്താൽ
കൂലംകവിഞ്ഞ ദുരിതാംബുധിയും കടന്നു
മേലായ മംഗലപദം കരതാരിലല്ലോ. 67

ഈ ലോകമീശമയമെന്നറിയുന്നതിന്നീ
ബാലൻ മനം ബലമഴിഞ്ഞു വലഞ്ഞിടുന്നു
മൂലം മുടിഞ്ഞ മുഴുമൗനമതെന്നറിഞ്ഞ
മാലോകരുള്ളിലൊളികൊണ്ടുയരും വിളക്കേ! 68

കർമ്മക്കരുംകടൽകടന്നു കലക്കമറ്റു
മർമ്മം ഗ്രഹിപ്പതിനുമാർക്കുമറിഞ്ഞുകൊൾവാൻ
ചർമ്മാംബരൻചരണസേവയൊഴിഞ്ഞു മറ്റു
ധർമ്മങ്ങളെന്തു മറയും മുറയിട്ടിടുന്നു. 69

അംബാ തുണയ്ക്കുകരിമക്കൊടിയേ! പുരാരി-
തന്മേനി പാതി വശമാക്കിയ തമ്പുരാട്ടീ!
ഇമ്മൗനമേഴയൊടു കാട്ടിയിരുന്നിടുന്ന
നിന്മംഗലാംഗനൊടു തെല്ലറിവിക്ക തായേ! 70

നിരയാംബുധി നീന്തി നിറഞ്ഞഴലെ-
ന്നിരുപാധിക നിന്നെ നിനച്ചടിയൻ
കുരുമോദമിനിക്കരുണാംബുരസം
കരവിട്ടു കവിഞ്ഞൊഴുകും കടലേ! 71

---

(66) ആലുംചുവട്ടിലമരും ഗുരുനാഥാ -ദക്ഷിണാമൂർത്തി. ആലം -വിഷം. കമലജാദികൾ -ബ്രഹ്മാദികൾ. നെറി -സത്യം. (67) നീലക്കഴുത്തൻ -കറുത്ത കഴുത്തുള്ളവൻ. നിജ ദേവിയോടു -സ്വന്തം ദേവിയോടുകൂടി. നീലക്കഴുത്തനും നിജദേവിയുമെന്നു സാരം. (68) ഈശമയമെന്നു -ശിവൻ നിറഞ്ഞതാണെന്ന്, ശിവൻ മാത്രമാണെന്ന്. ബാലൻമനം -ബാലൻെറ മനം. ബലമഴിഞ്ഞു -ബലമില്ലാതെ. മൂലം മുടിഞ്ഞു -അനാദിയായ. മുഴുമൗനമത് -പൂർണ്ണമായ മൗനാവസ്ഥ. മാലോ കരുള്ളിൽ -മഹത്തുക്കളുടെ ഉള്ളിൽ. ഒളികൊണ്ടു -പ്രകാശിച്ചു (69) കർമ്മക്കരുംകടൽ- കർമ്മമാകുന്ന കറുത്ത കടൽ. കലക്കമറ്റു -തെളിവായി. മർമ്മം -സാരമായത്. ചർമ്മാംബരൻ ചരണസേവ -ആനത്തോലുടുക്കുന്നവൻെറ (ശിവൻെറ) പാദസേവ. മറയും -വേദവും. മുറയിടുന്നു -പറയുന്നു. മറ്റു ധർമ്മങ്ങൾ വേദവും പറയുന്നില്ലെന്നു സാരം. (70) അംബാ -അമ്മേ! അരിമക്കൊടിയേ -ഓമനയായുള്ളോളേ. പുരാരിമേനി -ശിവൻെറ ശരീരം. ഏഴയോടു -ഏഴയായ എന്നോടു. മൗനം കാട്ടിയിരുന്നിടുന്നു-മൗനം അവലംബിച്ചിരിക്കുന്ന. നിന്മംഗലാംഗൻ -നിൻെറ ഭർത്താവ്. (71) നിരയം-നരകം. അംബുധി-സമുദ്രം. നിരുപാധിക -മായാരഹിതനായോനേ. മോദം കുരു-സന്തോഷമുണ്ടാക്കിയാലും. അല്ലെങ്കിൽ സന്തോഷം കാണിച്ചാലും.

കടലിൽ തിരയും നുരയും കുമിഴി-
ക്കുടയും കുതികൊണ്ടഴിയുന്നതുപോൽ
ഇടയറ്റൊരു നിന്നിലിതൊക്കെയുദി-
ച്ചടയുന്നതുമാരറിയുന്നു വിഭോ! 72

കരുണാകര! വാനൊടു കാനുമിരു-
ന്നെരിയും കനലും പുനലും മണലും
കരണേന യജിപ്പവനിന്ദു വിഭാ-
കരനും തിരുവംഗമതിങ്ങിവയോ. 73

ഇവയൊക്കെയസജ്ജഡദുഃഖമതെ-
ന്നവനിമ്പമുടൻ പെരുകും പരമം
ഭവയോഗഭരങ്ങളൊഴിഞ്ഞു വരും
ഭവയോഗമിരക്കുക നീ മനമേ! 74

മനമെന്നുമിരന്നു കരഞ്ഞു കര-
ഞ്ഞനഘംപ്രതി നിന്നു മുതിർന്ന ജനം
വിനയറ്റു വിഴുങ്ങി വിടർന്ന സുഖം
കനലുണ്ട കണക്കയി ചന്ദ്രഭരം. 75

ഭരമോ പശുപാശമറുത്തരുളും
പരമേശ! നിനക്കുമെനിക്കരുൾവാൻ
പരമാരൊരു ബന്ധു നിനയ്ക്കുകിലെൻ-
പരമാമൃതമേ! ശിവമേ! സുഖമേ! 76

---

(72) കുമിഴിക്കുടയും -കുമളയും(?). കുതികൊണ്ട് അഴിയുന്നതുപോൽ -ഉണ്ടായി നശിക്കുന്നതുപോലെ. ഇടയറ്റ -പരിപൂർണ്ണനായ, നിറഞ്ഞിരിക്കുന്ന. ഉദിച്ചുടയുന്നതു -ഉണ്ടായി ലയിക്കുന്നത്. (73) വാൻ -ആകാശം. കാൻ -വായു. കനൽ -അഗ്നി. പുനൽ -വെള്ളം. മണൽ -ഭൂമി. കരണേന -കരണംകൊണ്ട്. യജിപ്പവൻ -ഹോതാവ്. ഇന്ദു -ചന്ദ്രൻ. വിഭാകരൻ-സൂര്യൻ. ഇവയാണോ നിന്റെ അവയവങ്ങൾ. (ശാകുന്തളത്തിലെ നാന്ദിശ്ലോകത്തിലെ ആശയമാണിത്.) (74) ഇവയൊക്കെ അസജ്ജഡദുഃഖമതെന്നവനു -ഇതെല്ലാം അസത്തും (ഇല്ലാത്തത്) ജഡവും ദുഃഖവുമാണെന്നു വിചാരിക്കുന്നവന്. ഉടൻ പരമം ഇമ്പം പെരുകും -പരമാനന്ദം വർദ്ധിക്കും. ഭവയോഗഭരങ്ങൾ ഒഴിഞ്ഞു വരും -സംസാരബന്ധഭാരങ്ങൾ പോയിട്ടുണ്ടാകുന്ന. ഭവയോഗം -ശിവസായുജ്യത്തെ. ഇരക്കുക -അർത്ഥിക്കുക. (75) ഇരന്നു -യാചിച്ചു. അനഘംപ്രതി -ശിവനെ ഉദ്ദേശിച്ച്. മുതിർന്ന ജനം -അഭിവൃദ്ധി പ്രാപിച്ച, തുനിഞ്ഞ ആളുകൾ (ശിവഭക്തന്മാർ). വിനയററു -പാപമില്ലാതെ. വിഴുങ്ങി വിടർന്ന സുഖം -ഉൾക്കൊണ്ടു വികസിച്ചതായ സുഖം. ചന്ദ്രഭരം - കർപ്പൂരക്കട്ട. കനലുണ്ടകണക്ക്-തീ ഉൾക്കൊണ്ടതുപോലെയാണ്. (76) ഭരമോ- ഭാരമാണോ, പ്രയാസമാണോ. പശുപാശമറുത്തരുളും- പശുവിന്റെ കയറ് അറുത്ത. (അതായത് ദക്ഷയാഗം മുടക്കിയ എന്നുസാരം.) പശുപാശം- ജീവന്റെ ബന്ധം (സംസാരബന്ധം) അറുന്നു എന്ന് അർത്ഥം.

സുഖമറ്റ സുവിസ്തരസംസൃതിയീ-
ന്നഘമോചന! മാമവ മാമവ നീ
നിഖിലം നിജരൂപമതെന്നു നിന-
ച്ചകലുന്നിടമെന്നു തരുന്നു വിഭോ! 77

വിഭുവെൻ വിമലൻ വികസൽക്കമല-
പ്രഭചേർന്ന പദങ്ങൾ ചിദംബരകേ
സഭയിൽ സരസം സതതം തുടരു-
ന്നഭയക്കളി കാട്ടുവതെന്നു ശിവൻ. 78

ശിവനേ! ശിഖിവാഹനസേവിതനേ!
ഭവനേ! ഭവബന്ധമൊഴിപ്പവനേ!
ഇവനേഴ കൊതിച്ചു ചമച്ചിടുമി-
ക്കവനേ കളി നീ കരുണാനടനേ! 79

നടയററു നിറഞ്ഞ നഭോമയമേ
കുടിയയ്യമിയന്നൊരു കണ്മണിയേ!
അടിയത്തിനു നീ ഗതിയേ ബത വ-
ന്നടി തന്നരുളെന്നരിമക്കൊടിയേ! 80

അരുളിലൂന്നിയമർന്നിടുമിജ്ജഗ-
ത്തിരുളുകൊണ്ടു മയങ്ങി മയങ്ങി ഞാൻ
കുരളയല്ല കുഴഞ്ഞതു കോമള-
പ്പൊരുളു സർവ്വമറിഞ്ഞതുമില്ലയോ. 81

വരളുമാറുരുതാപമതിൽപ്പരം
വിരളുമെൻ വികൃതിത്തരമൊക്കെയും
കരളിലോർത്തു കനിഞ്ഞു കൃപാംബുധേ!
തരളഭാവമൊഴിച്ചുതരേണമേ. 82

---

(77) സുവിസ്തൃതസംസൃതിയീന്നു- പരന്ന സംസാരത്തിൽനിന്ന്. അഘമോചന- പാപമോചന. മാം അവ മാം അവ നീ-നീ എന്നെ രക്ഷിച്ചാലും, എന്നെ രക്ഷിച്ചാലും. നിഖിലം നിജരൂപമതെന്നു- എല്ലാം തൻെറ രൂപംതന്നെയെന്ന്. അകലുന്നിടം- മുക്തിസ്ഥാനം. (78) വിഭു-പ്രഭു (നാഥൻ). വികസൽകമലപ്രഭചേർന്ന- വിരിഞ്ഞ താമരപ്പൂവിൻെറ ശോഭയുളള. പദങ്ങൾ- അടികൾ. ചിദംബരകേ സഭയിൽ- ചിദാകാശസ്സഭയിൽ. സതതം- എപ്പോഴും. തുടരും- നടത്തിക്കൊണ്ടിരിക്കുന്ന. കളി- നൃത്തം. (79) ശിഖിവാഹനസേവിതനേ- സുബ്രഹ്മണ്യനാൽ സേവിക്കപ്പെട്ടവനേ. ഭവനേ- ശുഭസ്വരൂപനേ. ഭവബന്ധം-സംസാരബന്ധം. ഇവൻ ഏഴ- ഏഴയായ ഞാൻ. കൊതിച്ചുചമച്ചിടുമിക്കവനേ- ആഗ്രഹത്തോടുകൂടി രചിക്കുന്ന ഈ കവിതയിൽ. കളി- കളിക്കുക. കരുണാനടനേ- കാരുണ്യനൃത്തം ചെയ്യുന്നവനേ. (80) നടയററു- വാതിൽ ഇല്ലാതെ. നിറഞ്ഞ നഭോമയമേ- പൂർണ്ണമായ ചിദാകാശസ്വരൂപമേ. കുടി അയ്യമിരന്നവനേ- വീടുതോറും പിച്ച ഇരന്നവനേ. അടി തന്നരുളു- നിൻെറ പാദം തന്ന് എന്നെ അനുഗ്രഹിക്കുക. അരിമക്കൊടിയേ- പ്രിയപ്പെട്ടവനേ. (81) അരുളിൽ- അറിവിൽ (ചിത്തത്തിൽ). ഊന്നിയമർന്നിടും- നശിക്കുന്നതായ. ജഗത്തിരുളു കൊണ്ട്- മായകൊണ്ട്; ഞാൻ മയങ്ങിമയങ്ങി കുഴഞ്ഞത്.കുരളയല്ല- കള്ളമല്ല. കോമളപ്പൊരുള്- സുന്ദരസൽസ്വരൂപിയായ നീ എല്ലാം അറിഞ്ഞിട്ടുണ്ടല്ലോ. (82) വരളുമാറ്- വരട്ടുന്നമാതിരിയുള്ള. ഉരുതാപമതിൽ- വലിയചൂടിൽ (ദുഃഖത്തിൽ).

കരണവൃത്തി കുറച്ചു കരം കുവി-
ച്ചരുണമേനിയിലൻപു കലർത്തി ഞാൻ
മരണമാവതിനുള്ളു ഭവാംബുധി-
ത്തരണമെന്നു കഴിപ്പതു ദൈവമേ! 83

സകലകേവലഭാവമകന്നു ഞാ-
നഖിലനായക! നിമ്പദപങ്കജം
മുകളിൽവച്ചു മുകർന്നു കലർന്നു ചി-
ത്സുഖമഴിഞ്ഞു സുഖിപ്പതുമെന്നഹോ! 84

ജനിമൃതിക്കടലിൽക്കരയെന്നിയേ
ദിനവുമിങ്ങനെ ദണ്ഡമിയന്നു ഞാൻ
ഇനിയുമുള്ളുരുകുന്നതു സങ്കടം
ഘനകൃപാംബുനിധേ! കൃപചെയ്ക നീ. 85

കുടിലകുന്തളവും കുചകുംഭവും
ചടുലവാണികൾ ചഞ്ചലമേനിയും
കടിതടം കളിമാൻമിഴിയാട്ടവും
ചുടുകനൽക്കടലിൽച്ചുഴലിക്കൊലാ. 86

നിടിലലോചന! നിന്തിരുമേനിത-
ന്നടിയൊഴിഞ്ഞവലംബനമില്ല മേ
പിടി പുറപ്പു മരിപ്പുമറുത്തു നീ
നടനമാടുക നമ്മിലനാരതം. 87

വിരളും- ഭയന്നിരിക്കുന്ന. വികൃതിസാരങ്ങൾ- കുററങ്ങൾ. തരളഭാവം- ഭയം. (83) കരണവൃത്തി കുറച്ചു-മനസ്സടക്കി. കരംകുവിച്ച്-കൈകൂപ്പി. അരുണമേനിയിൽ- ചുവന്ന നിൻെറ രൂപത്തിൽ. അമ്പുകലർത്തി- ഭക്തിവെച്ച്. മരണമാവതിനുള്ളു- മരിക്കും മുമ്പ്. ഭവാംബുധിത്തരണം കഴിപ്പതു- സംസാരസമുദ്രം കടക്കുന്നത്. എന്നു- എന്നാണ്. (84) സകലകേവലഭാവം അകന്നു- എല്ലാ പ്രാകൃതരീതിയും വിട്ടു. അഖിലനായക- സർവ്വനാഥനായവനേ! മുകളിൽവെച്ചു മുകർന്നുകലർന്നു- എല്ലാം നിൻമുമ്പിൽവെച്ചു ധ്യാനിച്ചു തന്മയമായി. ചിൽസുഖം അഴിഞ്ഞു- ചിദാനന്ദത്തിൽ ലയിച്ച്. (85) ജനിമൃതിക്കടലിൽ-സംസാരസമുദ്രത്തിൽ. ദണ്ഡം- ദുഃഖം. ഉള്ളുരുകുന്നത്- മനസ്സു സന്തപിക്കുന്നത്. ഘനകൃപാംബുനിധേ- അഗാധദയാസമുദ്രമേ. (86) കുടിലകുന്തളം- (സ്ത്രീകളുടെ) ചുരുണ്ട മുടിയും. കുചകുംഭവും- കുടംപോലുള്ള മുലയും. ചടുലവാണികൾ-സാമർത്ഥ്യമുള്ള വാക്കുകളും. ചഞ്ചലമേനിയും- ലീലയാൽ ഇളകുന്ന ശരീരവും. കടിതടം- അരക്കെട്ടും. കളിമാൻമിഴിയാട്ടവും-കളിക്കുന്ന മാനിൻെറമാതിരിയുള്ള നോട്ടവും. ചുടുകനൽക്കടലിൽ- സന്താപസമുദ്രത്തിൽ. ചുഴലിക്കൊലാ- എന്നെയിട്ടു വട്ടംതിരിക്കാതിരിക്കണേ. (87) നിടിലലോചന!- നെററിക്കണ്ണ! നിന്തിരുമേനിതന്നടിയൊഴിഞ്ഞ്- നിൻെറ അടിയല്ലാതെ. അവലംബനം- ആശ്രയം. പിടി- ബന്ധം. പുറപ്പ്- ജന്മം. മരിപ്പും-മരണവും. അറുത്തു- നശിപ്പിച്ചുകൊണ്ട്. നമ്മിൽ- എന്നിൽ. നടനമാടുക നീ- നീ നൃത്തമാടുക. അനാരതം- എപ്പോഴും.

വിധിയനംഗനുമന്തകനും പരം
ചതിവുചെയ്തുവരുന്നു ജഗത്തിതിൽ
മതിയണിഞ്ഞരുളുന്ന മരുന്നു നീ
പതിയൊരുത്തനനർത്ഥമൊഴിക്കുവാൻ. 88

കരുമനക്കടലിൽക്കുടികൊണ്ട ഞാൻ
കരവതും പറയുന്നതുമൊക്കെയും
കരളിലോർത്തു കനിഞ്ഞിനിയെങ്കിലും
പുരമെരിച്ച പുരാതന! പാഹിമാം 89

ഗരളമുണ്ടമരും ഗഗനാകൃതേ!
ഗിരിവരാലയ! ഗോവതിലേറി നീ
അരികിലെന്നു വരുന്നടിമയ്ക്കു നിൻ-
തിരുനടം കണികാണ്മതിനാഗ്രഹം. 90

കണ്ട പണ്ടമഖിലം കലർന്നഴിയുമിങ്ങു
കണ്ണിലതിൽനിന്നുതാ-
നണ്ഡപിണ്ഡമഖിലം വിരിഞ്ഞുവരുമെന്നു-
മൊന്നുമറിയാതഹോ!
പണ്ടു പണ്ടുപരിചെയ്ത പാപനിര പററി-
നിന്നു പതറിക്കുമി-
ക്കണ്ടകശ്ശനിയൊഴിച്ചു നീ സപദി കാത്തു-
കൊൾക പരദൈവമേ! 91

---

(88) വിധി- ബ്രഹ്മാവ്. അനംഗൻ- കാമൻ. അന്തകൻ- കാലൻ. ഇവർ മൂന്നുപേരും ഈ ലോകത്തിൽ, ചതിവു ചെയ്തുവരുന്നു-അനർത്ഥമുണ്ടാക്കിത്തീർക്കുന്നു, സംസാരചക്രം നടത്തിക്കൊണ്ടുപോകുന്നു എന്നും. മതിയണിഞ്ഞരുളുന്നു- ചന്ദ്രക്കല ധരിച്ചുകൊണ്ട്. അനർത്ഥമൊഴിക്കുവാൻ നീയൊരുത്തൻ പതി(നാഥൻ)യായി അമരുന്നു. മരുന്ന് എന്നും പദച്ഛേദം ചെയ്യാം. അനർത്ഥമൊഴിയുവാനുള്ള മരുന്നു നീയാണെന്ന് അർത്ഥം. (89) കരുമനക്കടൽ- ദുഃഖക്കടൽ. പുരമെരിച്ച- ത്രിപുരദഹനം ചെയ്ത. പുരാതന- പുരാണ പുരുഷാ. പാഹി-രക്ഷിച്ചാലും. മാം- എന്നെ. (90) ഗരളമുണ്ടരുളും- വിഷം ഭക്ഷിച്ചിരിക്കുന്ന. ഗഗനാകൃതേ- ആകാശസ്വരൂപിയായവനേ! ഗിരിവരാലയ- കൈലാസവാസിയായവനേ. ഗോവ്- കാള. തിരുനടം- തിരുനൃത്തം. (91) കണ്ട പണ്ടമഖിലം-ദൃശ്യപ്രപഞ്ചം. കണ്ണിൽ-ചിദ്ദൃഷ്ടിയിൽ. കലർന്നഴിയും-ഒന്നിച്ചു നശിക്കും. അതിൽനിന്നുതാൻ-ആ ചിത്തിൽനിന്നുതന്നെയാണ്. അണ്ഡപിണ്ഡമഖിലം-ബ്രഹ്മാണ്ഡങ്ങളെല്ലാം. വിരിഞ്ഞു വരുമെന്നുമൊന്നുമറിയാതെ- വികസിച്ചുവരുന്നതെന്നുള്ളതൊന്നും അറിയാതെ. പണ്ടു പണ്ടു പരിചെയ്ത- അതീതജന്മങ്ങളിൽ ചെയ്തിട്ടുള്ള. പാപനിര പററിനിന്നു പതറിയും- സഞ്ചിതപാപകർമ്മങ്ങൾ വിഷമപ്പെടുത്തുന്നതായ. ഈ കണ്ടകശ്ശനി-കഷ്ടകാലം. ഒഴിച്ചു-നീക്കി. ഇതെഴുതുന്ന കാലത്തു കവിക്കു ജാതകപ്രകാരം കണ്ടകശ്ശനി ആയിരുന്നെന്നും വരാൻ ഇടയുണ്ട്.

അണ്ഡകോടികളകത്തടക്കിയമരുന്ന-
ഭിന്നനിജശക്തിയാം
പുണ്ഡരീകമിഴിതന്നെ വച്ചുപുലരുന്ന
പൊന്മണിമഹോനിധേ!
പണ്ഡിതപ്രവരരോതിയോതിയറിയാത
നിൻെറ പരമാർത്ഥമി-
ത്തണ്ഡുലത്തരി കുറപ്പതിന്നമരുമേഴ-
യേതുമറിയുന്നതോ. 92

കാരണത്തിലമരുന്നു കാര്യമിതുകാര-
ണം കരകടന്നതെ-
ന്നാരണപ്പറയറഞ്ഞു നിന്നരുളുമാദി-
ദേവ! കരുണാനിധേ!
വാരണക്കലി വലിച്ചുവെച്ചു വെറുതെ വ-
ലച്ചു വിരളിക്കുമീ-
മാരണപ്പിണിയറുന്നതിന്നു മണിമന്ത്ര-
മായ മമ ദൈവമേ! 93

സൂരിവൃന്ദമരുളുന്ന സൂക്തിസുധ ദൂരെ-
നിന്നുരുകുമാറുടൻ
സൂരകോടിയൊരുമിച്ചുയർന്ന സുഷമാഭി-
രാമ സുഖവാരിധേ!
ഘോരദുസ്സഹതമസ്സഴിച്ചു വിലസുന്ന
വിശ്രുതവിലാസക-
ച്ചാരുപാദമലരെന്നു മൗലിയിലലങ്ക-
രിപ്പതടിമയ്ക്കു നീ. 94

---

(92) അണ്ഡകോടികൾ-ബ്രഹ്മാണ്ഡസമൂഹം. അകത്തടക്കി-ഉൾക്കൊണ്ടു. അഭിന്നനിജശക്തിയാം-നിന്നിൽനിന്നു ഭിന്നമല്ലാത്ത നിൻെറ ശക്തിയായ. പുണ്ഡരീകമിഴിതന്നെ-പാർവ്വതിയെ (പ്രകൃതിയെ). വെച്ചുപുലരുന്ന- വെച്ചു പുലർത്തുന്ന. പൊന്മണി മഹോനിധേ-അത്യുൽകൃഷ്ടതേജസ്സിൻെറ നിധിയായുള്ളവനേ. പണ്ഡിതശ്രേഷ്ഠന്മാർ എത്ര വിചാരിച്ചാലും അറിയാൻ സാധിക്കാത്ത നിൻെറ പരമാർത്ഥം. തണ്ഡുലത്തരി കുറപ്പതിന്നമരും- വെറുതെ തിന്നാൻ ജീവിക്കുന്ന. ഈ ഏഴ- ഏഴയായ ഈ ഞാൻ. ഏതുമറിയുന്നതോ- ഒട്ടും അറിയുന്നതല്ല. (93) കാരണത്തിലമരുന്ന കാര്യമിതു- കാര്യമായ പ്രപഞ്ചം അതിൻെറ കാരണത്തിൽത്തന്നെയുള്ളതാണ്. ആ കാരണം കരകടന്നതാണ്, അതീതമായ് നിൽക്കുന്നതാണ് എന്ന്. ആരണപ്പറ- വേദക്കടുംതുടി. അറഞ്ഞു നിന്നരുളും- അടിച്ചുകൊണ്ടു നിൽക്കുന്ന. വാരണക്കലി- തടസ്സമുണ്ടാക്കുന്ന കലി. വിരളിക്കും- പരിഭ്രമിക്കും. മാരണപ്പിണി - മരണദുഃഖം. (94) സൂരിവൃന്ദം- വിദ്വാന്മാർ. അരുളുന്ന- പറയുന്ന. സൂക്തിസുധ- വാഗമൃതം. ദൂരെനിന്നുരുകുമാറ്- അകലെത്തന്നെ നിന്ന് ഉരുകിപ്പോകത്തക്കവിധം. (വിദ്വാന്മാരുടെ വാക്കിനും എത്താൻ കഴിയാത്ത അകലത്തിലിരിക്കുന്നതെന്നു സാരം.) സൂരകോടി- കോടി സൂര്യന്മാർ. ഒരുമിച്ചു ചേർന്ന- ഒന്നിച്ചുദിച്ചതായ. സുഷമാദിരാമസുഖവാരിധേ- ഭംഗിയേറിയ ശോഭ യോടുകൂടിയ ആനന്ദസമുദ്രമേ. ഘോരദുസ്സഹതമസ്സ്- മഹത്തായും പ്രയാസമേ

കണ്ണിമയ്പിലഴിയും പ്രപഞ്ചമിതു കണ്ടു-
കണ്ടു മുഷിയുന്നൊര-
ക്കണ്ണിൽനിന്നു കരകേറിവന്നു കഴലേറി
നിന്നു കളിയാടുവാൻ
കണ്ണുവച്ചു കരയുന്നു വന്നു കലിവേട-
നാടലിടചേരുമ-
ക്കണ്ണിവച്ചു പിടിപെട്ടു തിന്നുകളയാതെ
കാത്തരുൾക ദൈവമേ! 95

നിന്നയേ ശരണമെന്നുറച്ചു നിബിഡാന്ധ-
കാരനിരയാടവി-
ക്കെന്നുമിങ്ങനെ കിടന്നു ഘോരഭയബാധ-
വന്നു കുടികൊണ്ട ഞാൻ
ഇന്നിയെങ്കിലുമിളയ്പകന്നു മരുവീടു-
മാറു വനവേടനായ്
മുന്നമാർന്ന മൃഗയാവിലാസരസികാകൃ-
തേ! കരുണചെയ്ക മേ. 96

നീലകണ്ഠ! നിഖിലേശ! നിർമ്മലനിരാമ-
യ! ത്രിദശനായക!
കാലകാല! കരുണാനിധേ! കമലസായ-
കാന്തക! കലാധരാ!
മൂലകാരണ! മുകുന്ദവന്ദ്യ! മുനിമാന-
സാംബുജദിവാകര!
മാലകററി മതിമേലിരുന്നു നടമാടു-
കെൻെറ പരദൈവമേ! 97

അമ്പിളിക്കലയുമംബരക്കുളവുമമ്പ-
രന്ന മണിനാഗവും
ചെമ്പിരിച്ചിടയിടയ്ക്കണിഞ്ഞു ചെറുമാൻകി-
ടാവു വരദാഭയും

റിയതായുമുള്ള അജ്ഞാനത്തെ. അഴിച്ചു- നശിപ്പിച്ചു. വിശ്രുതവിലാസക ച്ചാരുപാദമലർ- പ്രസിദ്ധവിലാസത്തോടുകൂടിയ മനോഹരമായ നിൻെറ പാദ പുഷ്പം. മൗലിയിൽ- ശിരസ്സിൽ. എന്നാണ് നിൻെറ പാദത്തിൽ സാഷ്ടാംഗം നമ സ്കരിക്കാൻ എനിക്ക് ഇടവരുന്നതെന്നു സാരം. (95) കണ്ണിമയ്പിൽ- നിമിഷത്തിൽ. കണ്ണിൽനിന്നു- കാഴ്ചയിൽനിന്ന്. കണ്ണുവെച്ചു- ലക്ഷ്യംവെച്ച്. കലിവേടൻ -കലിയാകുന്ന വേടൻ. കണ്ണി- വല. (96) നിന്നയേ- നിന്നെത്തന്നെ. നിബിഡാന്ധ കാരനിരയാടവിക്കു- തിങ്ങിയ ഇരുട്ടു നിറഞ്ഞ നരകക്കാട്ടിൽ. ഇളപ്പ്- മനശ്ചാ ഞ്ചല്യം. മൃഗയാ- വേട്ട. (97) ത്രിദശനായക- ദേവനായക. കമലസായകാന്തക- കാമാന്തക! മുകുന്ദവന്ദ്യ- വിഷ്ണുസേവിത. മുനിമാനസാംബുജദിവാകര- മുനി മനസ്സിനെ വികസിപ്പിക്കുന്നവനേ. മതി-മനസ്സ്. (98) അംബരക്കുളം- ഗംഗ. അമ്പരന്ന- ഫണം വിരിച്ച. വരദാഭയും- വരദമുദ്രയും. അരുളംബരത്ത്- ചിദാകാശത്തിൽ.

അമ്പിനോടു കരതാരിലേന്തിയരുളംബ-
രത്തനിശമാടിടും
നിൻപദം കരുതിനിന്നു കേഴുവതു കാൺക
നീ നിഖിലനായക! 98

ആദിമൂലപരിപൂർണ്ണമേനിയിലിരുത്തി
യെന്നെയതിരററിട-
ത്താദിശേഷനുമുരച്ചിടാതനുഭവൈകമാ-
ന സുഖസിന്ധുവിൽ
ആദിയന്തനിലവിട്ടു നീന്തുമവിടത്തി-
ലെത്തിയരുളീടുമെ-
ന്നാദിതേയകുലദൈവമേ! കരുണചെയ്ക
മേ സകല ഭവ്യമേ. 99

വല്ലതും പിഴയിരിക്കിലും വലിയ പാത-
കം പലതു ചെയ്കിലും
മല്ലിബാണനടിവേലചെയ്തു മതി മാലി-
യന്നിനി മയങ്ങിലും
അല്ലിലും പകലിലും കിടന്നു ബത കേഴു-
മേഴയിലിരങ്ങി നീ
വല്ലവാറുമിവിടത്തു വന്നു പരിപാഹി
പാഹി പരദൈവമേ 100

ശിവസുരഭി

ഭൂതേശപാദകമലപ്പൊടി കൈവിടാതെ
ചേതോവിചാരമതു ചെറ്റു പിഴച്ചിടാതെ
കാതിന്നു ചേർന്ന കവനം 'കരുണാ'പ്രവാഹ-
മോതുന്ന ഭാരതിയെയൻപൊടു കുമ്പിടുന്നേൻ. 1

---

(99) അതിരററിടത്തു- അഖണ്ഡസ്ഥാനത്ത്. അനുഭവൈകമാനസുഖസിന്ധുവിൽ- അനുഭവമാത്രവേദ്യമായ സുഖപ്പരപ്പിൽ. (100) മല്ലിബാണനടിവേലചെയ്തു- കാമാധീനനായി.

ശിവസുരഭി-ശിവകാമധേനു. ശിവനെക്കുറിച്ചുള്ളതും അഭീഷ്ടങ്ങളെല്ലാം കൊടുക്കുന്നതുമായ സ്തോത്രമെന്നു സാരം. (1) ഭൂതേശപാദകമലപ്പൊടി-ശിവൻെറ പാദമാകുന്ന താമരപ്പൂവിൻെറ പൊടി. ആ പൊടി വിടാതെ എന്നുവച്ചാൽ ശിവഭക്തി വിടാതെ എന്നു സാരം. കാതിന്നു ചേർന്ന -കേൾക്കാൻ ഇമ്പമുള്ള. ഭാരതി -സരസ്വതി.

വേദം പറഞ്ഞു വിരമിച്ചു വിരിഞ്ഞു ബിന്ദു-
നാദം കടന്നു നിലവിട്ടു നിറഞ്ഞു നിത്യം
ഏതും വിളക്കിയെതിരറ്റെരിയുന്ന ദിവ്യ-
ജ്യോതിർമ്മയം ശിവപദം പറയാവതല്ലേ. 2

ആധാരവേദികളിലാടിയലഞ്ഞവർക്കു-
മാധാരമായഖിലമായവശിഷ്ടമായി
ബാധാന്തമായി ബഹിരന്തരമായ് നിറഞ്ഞ
ബോധാന്തമൗനമവിടം പറയാവതല്ലേ 3

കൂറായിരുന്നു കുശലം കുതുകം പെറും തേ-
നാറായതായതഹമെന്നുമനന്യമായി
മാറാതെഴുന്ന മഹിമാവിനെ മാറിനിന്നു
വേറായെടുത്തു വെളിയിൽ പറയാവതല്ലേ. 4

ഉണ്മൗനമോടിയുണരുന്നുരുകുന്നു ചിത്തം
വിമ്മുന്നു വാണി ബഹുവേപഥുവായിടുന്നു
കൺമൂലവാരി കവിയുന്നതുമൂലമെൻെറ
ജന്മാപഹപ്പൊരുളിനെപ്പറയാവതല്ലേ. 5

ചെറ്റില്ലതിന്നു ഗുണമില്ലൊരു ചിഹ്നമില്ല
മറ്റൊന്നുമില്ല മധുരാമൃതനാമമില്ല
ഉറ്റുള്ളിരുന്നവനുണർന്നുവരുന്ന ബോധ-
പ്പറ്റാണതാണിതതിനാൽ പറയാവതല്ലേ. 6

---

(2) വേദം പറഞ്ഞു വിരമിച്ചു -വേദത്തിനു പറയാൻ സാധിക്കാതായി. വിരിഞ്ഞു -പരപ്പായി. ബിന്ദുനാദം കടന്നു -ബിന്ദുവും നാദവും (രൂപാവസ്ഥയും ശബ്ദാവ സ്ഥയും) കടന്നു. വിളക്കി -പ്രകാശിപ്പിച്ചു. ദിവ്യജ്യോതിർമ്മയം -ദിവ്യജ്യോതിഃസ്വരൂ പമായ. ശിവപദം-ശിവൻെറ പാദം അല്ലെങ്കിൽ സ്ഥാനം. പറയാവതല്ല അവാ ച്യമാണ്. (3) ആധാരവേദികൾ-ഷഡാധാരസ്ഥാനങ്ങൾ. അതുകളിൽ ആടിയലഞ്ഞവർ-യോഗികൾ. അവർക്കും ആധാരമായി-ആശ്രയമായി. അഖിലമായ് -സർവ്വപ്രപഞ്ചവുമായ്. അവശിഷ്ടമായി-പ്രപഞ്ചമില്ലാത്തതെന്നു കാണു മ്പോൾ ശേഷിക്കുന്ന സത്തായ് (പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാശിഷ്യതേ എന്നതു നോക്കുക). ബാധാന്തമായി-ബാധകളറ്റതായ്. ബഹിരന്തരമായ്-പുറവും അകവുമായി (പ്രപഞ്ചവും പരമാത്മവുമായി). അല്ലെങ്കിൽ പുറത്തിൻെറ-പ്രപഞ്ചത്തിൻെറ അകമായ് (സാക്ഷിയായ്). ബോധാന്തമൗനം-ബോധാതീത മായ മൗനാവസ്ഥയായ. അവിടം-ആ സ്ഥാനം (ശിവപദം). (4) കൂറായിരുന്നു -പ്രേമസ്വരൂ പമായിരുന്നു. കുതുകം പെറും-ആനന്ദം ഉണ്ടാക്കുന്ന. തേനാറായത് -തേൻപുഴ യായത്. അഹം-ഞാൻതന്നെയാണ് എന്നും. അനന്യമായി-തന്മാത്ര യായി. മാറാ തെഴുന്ന മഹിമാവിനെ-നിത്യമഹിമാവിനെ. വേറായ് എടുത്തു-വേറേ എടുത്തു പറയാവതല്ല. (5) ഓടി ഉണരുന്നു-പെട്ടെന്ന് ഉണരുന്നു. ഉരുകുന്നു ചിത്തം -മനസ്സ് ലയിക്കുന്നു. വേപഥു-വിറയൽ. ജന്മാപഹപ്പൊരുൾ-ജന്മനാശന മായ വസ്തു. (6) അതിനു ഗുണം ചിഹ്നം (ലക്ഷണം) നാമം (പേര്) ഇതുക ളില്ല. ഉള്ള് ഉറ്റിരുന്നവന്-ധ്യാനനിഷ്ഠനായവന്. ഉണർന്നുവരുന്ന-ഉണർച്ചയോടുകൂടിയുണ്ടാകുന്ന. ബോധപ്പറ്റാണ്-ജ്ഞാനലഹരിയാണ്.

ക്ഷുദ്രാനുഭോഗസുലഭക്ഷുധയറ്റു മുറ്റും
ഭദ്രാനുഭൂതി പരനാം പരമഹംസനെന്നും
ഹൃദ്ദ്രാവകം ഹിമസുധായിതസാരസച്ചി-
ന്മുദ്രാർത്ഥമൗനമധുരം പറയാവതല്ലേ. 7

മാറിത്തിരിഞ്ഞു മതിമോഹമിയന്നിടാതി-
ക്കൂറൊത്ത കോമളസുധാകരസാഗരത്തിൽ
നീറിത്തളർന്നു നിലവിട്ടിനിയെൻെറ നെഞ്ചം
മാറിത്തെളിഞ്ഞഴലകന്നു കലർന്നുകൊള്ളും. 8

എന്തേനിരക്കുമിടമേതുമറിഞ്ഞിടാതെ-
യെന്തേ നിനക്കിവിടെ ഇന്നിയുമിപ്രമാദം
പന്തേ, പറന്ന പടുപമ്പരമാകുമെൻെറ
ചിന്തേ, നിനക്കു ചെറുതും സുഖമില്ലയല്ലോ. 9

സന്താപമാണിതു സമസ്തമതിന്നു സാക്ഷാ-
ലെന്താണു ചെയ്യുമഖിലേശനനാമരൂപൻ
എൻതാപമെങ്ങനെ കൊടുക്കുമടുക്കുമെന്ന
ചിന്താവശേന ചെറുതും ചിതറൊല്ല നെഞ്ചേ. 10

സന്താപശാന്തിയതിനുണ്ടു നിവൃത്തി സർവ്വ-
സന്താനസാധുഗതി സാദരമോതുവാനായ്
അന്താഗമത്തിലുപചാരമുരയ്ക്കിലെൻെറ
ചിന്താമണിക്കു ശിവനെന്നൊരു നാമമുണ്ട്. 11

---

(7) ക്ഷുദ്രാനുഭോഗസുലഭക്ഷുധ -ക്ഷുദ്രമായ ഭോഗേച്ഛ. ഭദ്രാനുഭൂതിപരൻ -ശുഭമായ അനുഭൂതിയിൽ തത്പരൻ. പരമഹംസൻ -സിദ്ധൻ. ഹൃദ്ദ്രാവകം -ഹൃദയത്തെ അലിക്കുന്നത്. ഹിമസുധായിതസാരസച്ചിന്മുദ്രാർത്ഥമൗനമധുരം -ഹിമമായി സുധയായി (ശീതളമധുരമായി) സാരമായ സച്ചിന്മുദ്രയുടെ അർത്ഥമായ മൗനാവസ്ഥയിലുള്ള മാധുര്യം. (8) മാറിത്തിരിഞ്ഞു-വിഷയങ്ങൾതോറും അലഞ്ഞു. മതിമോഹം ഇയന്നിടാതെ-ബുദ്ധിമയക്കം വരാതെ. കൂറൊത്ത-കാരുണ്യമുള്ള. കോമളസുധാകരസാഗരത്തിൽ -മനോഹരമായ കർപ്പൂരസമുദ്രത്തിൽ. (അങ്ങനെയുള്ള ശിവപദത്തിൽ എന്നു സാരം.) സുധാകരം എന്നതിന് അമൃതപൂർണ്ണം എന്നും കർപ്പൂരമെന്നും അർത്ഥമെടുക്കാം. മാറി -മുൻനില വിട്ട്. കലർന്നുകൊള്ളും -ലയിക്കും. (9) എന്തേനിരിക്കും -എൻെറ ആനന്ദം ഇരിക്കുന്ന. ഇടമേതുമറിഞ്ഞിടാതെ -സ്ഥാനം ഒട്ടും അറിയാതെ. എന്തേ ഇന്നിയുമിപ്രമാദം -വീണ്ടും ഈ പ്രമാദം (തെറ്റ്) എന്തുകൊണ്ടാണ്. ചിന്തയെ പന്തിനോടും പമ്പരത്തോടും ഉപമിക്കുന്നു. (ചഞ്ചലമായ ചിന്ത എന്നു സാരം.) (10) സന്താപമാണിതു സമസ്തം-ഈ പ്രപഞ്ചം മുഴുവൻ ദുഃഖമാണ്. അനാമരൂപൻ -നാമരൂപമില്ലാത്ത (നിർഗുണനായ). സാക്ഷാൽ അഖിലേശൻ-സാക്ഷാൽ ഈശ്വരൻ. എന്താണു ചെയ്യും-എന്തു ചെയ്യും. സർവ്വം ദുഃഖം; ഈശ്വരൻ എന്തുചെയ്യും, എങ്ങനെ എൻെറ ദുഃഖം ഇല്ലാതാക്കും, എങ്ങനെ എൻെറ അടുത്തു വരും എന്നെല്ലാമുള്ള വിചാരംകൊണ്ടു ഭ്രമിക്കല്ലേ. അഖിലേശന് എല്ലാം സാധിക്കുമെന്നു വിശ്വസിച്ച് അടങ്ങുക എന്നു സാരം. (11) സർവ്വസന്താനസാധുഗതി -സർവ്വർക്കും അഭീഷ്ടം നൽകുന്ന നല്ല മാർഗ്ഗമായി. സന്താപശാന്തിയതിന്നു-ദുഃഖശമനത്തിനു നിവൃത്തി. ഓതുവാനുണ്ട്-പറയുവാനുണ്ട്. അന്താഗമത്തിൽ-

വാടാതിരുന്നു വളരുന്നിവ വാരിരക്ഷ
കൂടാതെയില്ല കുരുവിന്മുളപോലെയെങ്കിൽ
പാടേ ഭരിപ്പവനു തൽപര ഗംഗ പൊങ്ങും
കോടീരമുണ്ടു കുളിർതിങ്കളുമുണ്ടു നെഞ്ചേ! 12

കാമാദിഭൂതകടുകഷ്ടത കൈയകറ്റും
പ്രേമാവബോധപദപങ്കജമെന്നു കണ്ടാൽ
പൂമാസബന്ധുപൊരിയും പുകയറ്റ പുണ്യ-
ഭ്രൂമദ്ധ്യലോചനവിഭൂതിയുമുണ്ടു നെഞ്ചേ! 13

പുല്ലാദിയായ ഭുവനത്തിനു പുഷ്പപന്മാ-
രല്ലാതെയില്ല ഗതിയക്ഷികൾപോലെയെങ്കിൽ
എല്ലാമുദിച്ചു വിലസിച്ചഴിയാതെവന്നു
ചൊല്ലാർന്നിടും മിഴികൾ ചൊന്നവരാണു നെഞ്ചേ! 14

താനേകബന്ധു സകലത്തിനുമെന്നമൂലം
ദീനാവനൈകദയനീയ കടാക്ഷമുണ്ട്
ജ്ഞാനോദയത്തിനു ജനത്തിനെഴുന്ന വേദ-
ത്തേനൂറിടുന്ന തിരുവായ്മലരുണ്ടു നെഞ്ചേ! 15

പ്രാണപ്രമാണപരശക്തി രാജോവിലാസം
കാണിച്ചു കണ്ടതിനു കരണമാകയാലെ
മാണിക്യമദ്ധ്യമധുരാധരമുണ്ടതിന്റെ
കോണിൽ കുറച്ചു കുതുകസ്മിതമുണ്ടു നെഞ്ചേ! 16

ഈ ഭൗതികധ്വനിയിലിന്ദ്രിയസാക്ഷിയായും
മേ ഭാരതിക്കിഹ മനോഗതിമാർഗ്ഗമായും
ആ ഭാസുരാംഗനഖിലേശനവന്നു താനേ
ശോഭിച്ചൊരശ്രുതിപുടങ്ങളുമുണ്ടു നെഞ്ചേ! 17

അവസാനം വരുമ്പോൾ. ഉപചാരമുരയ്ക്കിൽ -ഉപചാരമായി പറയുകയാണെങ്കിൽ. എന്റെ ചിന്താമണിക്ക് -എന്റെ ചിന്താമണിയായ ദേവന്. ശിവനെന്ന് ഒരു പേരുണ്ട് -ശിവൻ എന്ന പേരുള്ളതുകൊണ്ട് ശുഭമേ അവിടന്നു വരികയുള്ളു എന്നു സാരം. (12) ഇവ -ഈ സർവ്വവും. വാടാതിരുന്നു വളരുന്ന കുരുവിൻ മുളപോലെ. വാരിരക്ഷ (ജലംകൊണ്ടുള്ള രക്ഷ) കൂടാതെ. ഇവ ഇല്ലെങ്കിൽ അതിനും മാർഗ്ഗമുണ്ട്. പാടേ ഭരിപ്പവന്നു -എല്ലാം ഭരിക്കുന്ന ദേവന്. തൽപരഗംഗ പൊങ്ങുന്ന കോടീരം- ജടക്കെട്ട്. തിങ്കൾ -ചന്ദ്രൻ. വെള്ളത്തിനും തണുപ്പിനുമായി ഗംഗയും ചന്ദ്രനും ഉണ്ട് എന്നു സാരം. (13) കാമാദിഭൂതകടുകഷ്ടത - കാമാദികളിൽനിന്നുണ്ടാകുന്ന വലിയ കഷ്ട ങ്ങൾ. കൈയകററും -ഇല്ലാതാക്കും. പൂമാസബന്ധു -കാമൻ. ഭ്രൂമദ്ധ്യലോചനവിഭൂതി -നെററിക്കണ്ണിലെ ഭസ്മം (കാമൻ ദഹിച്ചുണ്ടായത്). (14) അർത്ഥം സ്പഷ്ടമാകുന്നില്ല. (15) ദയനീയം എന്നതിനു ദീനമായത് (ദയ കാണിക്കേണ്ടത്) എന്നാണർത്ഥം. ഇവിടെ അർത്ഥം യോജിക്കയില്ല. അതുകൊണ്ട് കമനീയം എന്നായിരിക്കുമോ പാഠം. ജനത്തിനു ജ്ഞാനോദയത്തിന് എഴുന്ന(ഉള്ളതായ) എന്നന്വയം. (16) അർത്ഥം സ്പഷ്ടമാകുന്നില്ല. (17) ഈ ഭൗതികധ്വനിയിൽ-ബാഹ്യശബ്ദത്തിൽ. ഇന്ദ്രിയസാക്ഷിയായും -ഇന്ദ്രിയത്തിനു സാക്ഷിയായും. മേ ഭാരതിക്കു മനോഗ

ആളുന്നതിന്നുമപരാധമശിപ്പതിന്നു-
മാളല്ല മററപരനെന്നറിയുന്നുവെന്നാൽ
കാളും കടുംഗരളകാളകളായകാന്തി
കാളും കൃപാകലിതകണ്ഠകളംബമുണ്ട്. 18

ചിന്താവ്യതിച്ചികുരനീലിമകോലുമാദി-
സന്താനവല്ലിയുടെ സന്തതസന്ധിമൂലം
എൻതാതനെങ്ങുമെതിരററെരിയുന്ന പാതി-
ച്ചെന്താമരച്ചരവികലർന്ന ശരീരമുണ്ട്. 19

തുള്ളും മനോമൃഗമണഞ്ഞു തമോവനത്തി-
നുള്ളിൽ കളിക്കുകിലപായഭയം ഭവിക്കിൽ
ഉള്ളംകനിഞ്ഞു ശമബോധകദൈവതത്തി-
നുള്ളംകരത്തിലൊരു കുഞ്ഞുകുരംഗമുണ്ട്. 20

ദണ്ഡപ്പെടുത്തുമൊരു സംസൃതിദാരുദേഹ-
ദണ്ഡം തഴച്ചെഴുമഹംകൃതിയായമൂലം
ഖണ്ഡിച്ചെറിഞ്ഞുകളവാൻ കനിവുള്ള കയ്യിൽ
ചണ്ഡപ്രഭാവഭരമാർന്ന കുഠാരമുണ്ട്. 21

ആധാനവും നിധനവും പ്രപഞ്ച-
ബാധാബലം ബഹുലദുഷ്കരമൊന്നകന്നാൽ
ആധാമമൊന്നു നില കണ്ടുവരും ജനത്തി-
ന്നാധാരമാമഭയപാണിസരോജമുണ്ട്. 22

വന്മോഹമൂർച്ഛവിഷയാമിഷവീര്യമേകും
ജന്മാമയൈകജയഭേഷജമെന്നപോലെ
തന്മട്ടെനിക്കു തരുമെന്നരുമക്കൊടിക്കു
ചിന്മുദ്രിതച്ചെറുവിരൽത്തളിരുണ്ടു നെഞ്ചേ! 23

തിമാർഗ്ഗമായും -എൻെറ വാക്കിന് അന്തർഗ്ഗതം അറിയിക്കാനുള്ള മാർഗ്ഗമായും. അഖിലേശനവന്നു -അഖിലേശനായ അവന് (ശിവന്). ശ്രുതിപുടങ്ങൾ-കാതുകൾ. (18) ആളുന്നതിന്നും-രക്ഷിക്കുന്നതിനും. അപരാധം അശിപ്പതിന്നും-ഏററു കൊള്ളുവാനും (പൊറുത്തുകൊള്ളുവാനും). മററപരൻ-വേറെ ആരും. ആളല്ല-ശക്തനല്ല. കാളും കടുംഗരളകാളകളായകാന്തി കാളും-കൊടിയ വിഷത്തിൻെറ കറുകറുത്ത ശോഭയുള്ളതായ. കൃപാകലിത-കൃപാമയമായ. (20) തുള്ളും-ചഞ്ചലമായ. മനോമൃഗം-മനസ്സാകുന്ന മാൻ. തമോവനങ്ങളിൽ-അജ്ഞാനക്കാട്ടിൽ (വിഷയങ്ങളിൽ). കളിക്കിൽ-കളിച്ചാൽ. അപായഭയം ഭവിക്കിൽ-അപകട മുണ്ടെന്നുള്ള ഭയമുണ്ടെങ്കിൽ. ശമബോധകദൈവതത്തിന്നു-ശാന്തിബോധ മുണ്ടാക്കുന്ന ദൈവത്തിന്. ഉള്ളം കനിഞ്ഞു -ഉള്ളലിവോടുകൂടി. കുരംഗമുണ്ട് -മാനുണ്ട്. ശിവൻെറ കരത്തിലുള്ള മാൻപോലെ എൻെറ മനസ്സാകുന്ന മാനിനും ഭയപ്പെടാനില്ല എന്ന ഭാവം. (21) സംസൃതിദാരു -സംസാരവൃക്ഷം. ദേഹദണ്ഡം-ദേഹണ്ണം. അഹംകൃതി - അഹങ്കാരം. മൂലം-ചുവട്. കുഠാരം-ഖണ്ഡപരശു. (22) ആധാനവും നിധനവും - ഉൽപത്തിയും നാശവും. പ്രപഞ്ചബാധാബലം-സംസാരബാധയുടെ ശക്തി. ബഹുലദുഷ്കരം-ഏററവും പ്രയാസമുള്ളത്.

ഭൂതങ്ങളാണു ഭുവനം പരമാണുമൂല-
ജ്യോതിസ്സെരിഞ്ഞു കവിയും ജഡഭൂതജാലം
ജാതം ജഗത്തഖിലമിന്നതുതന്നെ ബാഹ്യ-
ഭൂതിപ്രലിപ്തശിവമേനിയിതാണു നെഞ്ചേ! 24

ഹൃത്താരഖണ്ഡമയവൃത്തിയിലിപ്രപഞ്ച-
വിസ്താരമൊക്കെ വിരവോടു ദഹിച്ചശേഷം
കത്താതതും കനലുമററുകഴിഞ്ഞ ശുദ്ധ-
ചിത്താമയീശിവവിഭൂതിയതാണു നെഞ്ചേ! 25

മാലററിടുന്നതിനു മാർഗ്ഗമുണർത്തി മുററും
പാലിച്ചുകൊള്ളുവതിനായ് പശുവിൻമലത്തെ
മൂലപ്രബോധശിഖി മൂട്ടിയെരിച്ചണിഞ്ഞ
പാലൊത്ത പാശുപതഭസ്മമിതാണു നെഞ്ചേ! 26

മന്ദപ്രബോധമതി മൂടിവരുന്ന കാമ-
സന്ദർഭമാണു സകലാമയമൂലമെന്നാൽ
കന്ദർപ്പവിഗ്രഹമെരിച്ചു ധരിച്ചുകൊള്ളു-
മിന്ദുപ്രകാശശിവഭൂതിയിതാണു നെഞ്ചേ! 27

ഏതാണു ഞാനരുളുമിന്നിയുമെൻെറ വേദ-
മാതാവുരച്ചു മതിയെന്നരുളുന്ന മാർഗ്ഗം
നീതാനറിഞ്ഞിടുക നിൻനയനം തെളിഞ്ഞാ-
ലോതാവതല്ല പുനരുള്ളതെനിക്കു നെഞ്ചേ! 28

---

(24) ഭൂതങ്ങളാണ് -പഞ്ചഭൂതസമൂഹമാണ്. പരമാണുമൂലജ്യോതിസ്സ് - പരമാണുവിനും കാരണമായ ജ്യോതിസ്സ്. എരിഞ്ഞു കവിയും ജഡഭൂതജാലം റ ജഡമായ ഭൂതസമൂഹത്തെ അതിക്രമിച്ചു പ്രകാശിക്കും. ജഗത്തഖിലം, ജാതമാണ് റ ഉണ്ടായതാണ്. ബാഹ്യഭൂതിപ്രലിപ്തശിവമേനിയിതാണ് -ശിവൻെറ ഭസ്മം പൂശിയിരിക്കുന്ന ബാഹ്യരൂപമാണ്. (25) ഹൃത്താർ -മനസ്സ്. അഖണ്ഡമയവൃത്തിയിൽ - ബ്രഹ്മ ധ്യാനത്തിൽ. പ്രപഞ്ചവിസ്താരമൊക്കെ വിരവോടു ദഹിച്ചശേഷം റ പ്രപഞ്ചമെല്ലാം ഇല്ലെന്നു കണ്ടശേഷം. കത്താതതും- കത്താതെ അതും (മനസ്സും). കനലും - മനോവൃത്തിയും. അററ്-ഇല്ലാതായിക്കഴിഞ്ഞ. ശുദ്ധചിത്താമയീ റ ശുദ്ധചിന്മാത്രമായ. (26) മാലററിടുന്നതിന് - ദുഃഖം തീരുന്നതിന്. മാർഗ്ഗം ഉണർത്തി റമാർഗ്ഗം ഉൽബോധിപ്പിച്ച്. പശുവിൻ മലത്തെ-ജീവമലമായ ചാണകത്തെ. മൂലപ്രബോധ ശിഖിമൂട്ടിയെരിച്ചണിഞ്ഞ-ആദിജ്ഞാനവഹ്നി (മൂലാധാരത്തിൽനിന്നു ദീപ്തമായ വഹ്നി എന്നും)കൊണ്ടു ചുട്ടു പൂശിയ. പാലൊത്ത പാശുപതഭസ്മം -ശിവൻെറ വെളുത്ത ഭസ്മം ഇതാണ്. (27) മന്ദപ്രബോധമതി മൂടിവരുന്ന -മന്ദബുദ്ധിയെ മറച്ചുണ്ടാകുന്ന. കാമസന്ദർഭമാണ് -കാമബാധയാണ്. സകലാമയമൂലമെന്നാൽ - സകല ദുഃഖത്തിനും കാരണമെന്നുവരികിൽ. കന്ദർപ്പവിഗ്രഹമെരിച്ചു ധരിച്ചു കൊള്ളും-കാമദേഹം ചുട്ടു പൂശുന്ന. ഇന്ദുപ്രകാശശിവവിഭൂതി-ചന്ദ്രധവളമായ ശിവൻെറ ഭസ്മം. (28) ഞാൻ പറയാൻ എന്താണിരിക്കുന്നത് എൻെറ വേദ മാതാവ്-ജ്ഞാനം. ഉരച്ചു മതിയാക്കിയിരിക്കുന്ന മാർഗ്ഗം നീതാൻ അറിഞ്ഞു കൊള്ളൂ. നിൻെറ കണ്ണ് (ഉൾക്കണ്ണ്) തുറന്നാൽ പിന്നെയുള്ളത് എനിക്കു പറയാവുന്നതല്ല.

കാലത്തിൽനിന്നു കളിയാടിവരുന്ന കഷ്ട-
കാലം കടത്തിവിടുമെൻ 'കരുണ'യ്ക്കു പാർക്കിൽ
കാലന്നുരഃസ്ഥലകവാടതടം തകർത്ത
കാലുണ്ടശേഷകരണങ്ങളുമുണ്ടു നെഞ്ചേ! 29

എന്താകിലെന്തിനിയെനിക്കെതിരററലിഞ്ഞു
ചിന്താവകാശനടനം ചിതറുന്ന ദൈവം
എൻ താതനാണിതിനുശേഷവുമേകനാഥ-
നെന്താണു ചേതമിതിലുള്ളതെനിക്കു നെഞ്ചേ! 30

മിട്ടാൽ കവിഞ്ഞു മറിയും തിരമാല പൊങ്ങി
നട്ടാവി പൊട്ടി നരകാബ്ധിനടുക്കയത്തിൽ
പെട്ടാലുമെൻപ്രിയവിലാസരസം പെറുന്ന
മട്ടാർമലർപ്പദമിതിന്നി മറക്കുമോ ഞാൻ? 31

വിട്ടാകിലും വികൃതിയാകിലുമൊക്കെ വെന്തു
കെട്ടാകിലും കെടുതിയാകിലുമേകഭാവം
തൊട്ടാലുടൻ തുലനവിട്ടലിയുന്ന പാദ-
മൊട്ടാതെകണ്ടൊരുനൊടിക്കുമിരിക്കുമോ ഞാൻ. 32

മുട്ടായി മോഹവല മൂടി മുഖം മറച്ചു
കെട്ടാറുവാനിഹ കരഞ്ഞു തിരിഞ്ഞുമെങ്ങും
കിട്ടാതിരുന്നു കൃപകൊണ്ടു ലഭിച്ച മഞ്ജു-
മട്ടാർമലർപ്പദമതിന്നി മറക്കുമോ ഞാൻ? 33

കെട്ടററ മാലയിഴിയുംപടി കാമബന്ധം
ഞെട്ടററഹംകൃതി നശിച്ചു ജഡാന്ധകാരം
തട്ടിത്തകർത്തു തലവച്ചു തഴച്ച ബോധ-
മുട്ടററ മോഹനവിളക്കു മറക്കുമോ ഞാൻ? 34

---

(29) കാലത്തിൽനിന്നു കളിയാടിവരുന്ന കഷ്ടകാലം-കാലത്തിൻെറ കളിയിൽ നിന്നുണ്ടാകുന്ന കഷ്ടപ്പാട്. കടത്തിവിടുമെൻ കരുണയ്ക്കു പാർക്കിൽ-അതിൽ നിന്നും എന്നെ രക്ഷിക്കുന്നതിനുള്ള ഈശ്വരകൃപയ്ക്ക് ആഗ്രഹിക്കുന്ന പക്ഷം. കാലന്ന് ഉരഃസ്ഥലകവാടം തകർന്നു-കാലൻെറ മാറു തകർന്നു. കാലുണ്ട്, മററു കരണങ്ങളും (അവയവങ്ങളും) ഉണ്ട്. (30) എതിരററലിഞ്ഞു -അന്യാദൃശമായ ദയവു കാണിച്ച്. ചിന്താവകാശനടനം ചിതറുന്ന-ചിന്താവകാശം ഉണ്ടാക്കുന്ന. എൻതാത നാണ്-എൻെറ പിതാവാണ്. ഇതിനുശേഷവും-ഇതിൽപിന്നെയും. ഏക നാഥനാണ്. (31) മിട്ടാൽ-കര, തീരം. നട്ടാവി നംകൂരം. മട്ടാർമലർപ്പദം-പദപങ്കജം. (32) തുലനവിട്ട ലിയുന്ന-അളവററു കാരുണ്യം കാണിക്കുന്ന. പാദമൊട്ടാതെ- പാദത്തിൽ ചേരാതെ. (33) മുട്ടായി-മുട്ടിച്ചു. മോഹവല-അജ്ഞാനവല. കെട്ടാറുവാൻ-ബന്ധമൊഴിയാൻ. കരഞ്ഞുതിരിഞ്ഞും-കരഞ്ഞുവിഷമിച്ചിട്ടും. എങ്ങും കിട്ടാതിരുന്നു-ഒരിടത്തും കിട്ടാതായി. പിന്നെ കൃപകൊണ്ടു-ശിവകൃപകൊണ്ടു. ലഭിച്ച-കിട്ടിയ. മഞ്ജുമട്ടാർമലർപ്പദം-മനോജ്ഞമായ പാദപങ്കജം. (34)കെട്ടററ -കെട്ടു പൊട്ടിയ. മാലയിഴിയുംപടി -മാല വീഴുന്ന മാതിരി. കാമ ബന്ധം ഞെട്ടററു -കാമബന്ധം മാറി. അഹംകൃതി -അഹങ്കാരം. ജഡാന്ധകാരം - ജഡസംബന്ധമായ അജ്ഞാനം. തലവെച്ചു തഴച്ച -മുളച്ചു വളർന്ന. ബോധമുട്ടററ-ബോധത്തിൻെറ പ്രതിബന്ധം മാറിയ. മോഹനവിളക്കു - പ്രകാശരൂപമായ ശിവപാദം.

ഇപ്പിച്ചയാളനു കനിഞ്ഞിവിടത്തിലീശൻ
കല്പിച്ച കല്പകമലർക്കൊടിയെന്നപോലെ
കൈപ്പുണ്യമുള്ള കരുണാകരനെൻെറ മേലി-
ലർപ്പിച്ചോരദ്ഭുതമതിന്നി മറക്കുമോ ഞാൻ? 35

കററാകിലും കല കടന്നു കടന്ന സിദ്ധി
പെററാകിലും പ്രകൃതിയിൽ പതിയുന്നു ലോകം
തെററാതെനിക്കരുളടിത്തളിർ തന്നു ചെന്നു
പററാതിനിപ്പലവഴിക്കു നടക്കുമോ ഞാൻ? 36

ഏതോ വരട്ടെതിരിലെൻെറ ശിവൻെറ നാമ-
മോതീടുകേതുമുലയാതെയുണർന്ന നെഞ്ചേ!
ജാതാദരം ശിവശിവേതി ജപിക്കിലേഴു-
പാതാളമെന്തു പരമേഷ്ടിനിവാസമെന്തേ. 37

വാണന്നുതൊട്ടു വിഷയാമയമായ മായാ-
ബാണങ്ങളാണിവിടെയെങ്ങനെ നാം പൊറുക്കും
പ്രാണേശനോടിതു പറഞ്ഞു കരഞ്ഞു കണ്ണീർ
കാണാതകണ്ടിതിനിനിക്കഴിവില്ല നെഞ്ചേ! 38

ആടാതെ പോയി വിഷയങ്ങളിലങ്ങുമിങ്ങും
വാടാതെ വേണ്ടപരമായ വരം വരിക്കാം
പാടാകവേ പരിതപിച്ചു പറഞ്ഞലിഞ്ഞു
പാടാമിനിപ്പരമപാദമതിന്നു നെഞ്ചേ! 39

ആരംഭമററതിരഴിഞ്ഞനുമാനമററു
പാരം കടന്ന പരബോധനിധാനമായി
ആരും ഭരിക്കുമണുവായഖിലാണ്ഡകോടി-
ഭാരം ഭരിച്ച പദപങ്കജമേ! തൊഴുന്നേൻ. 40

---

(35) ഇപ്പിച്ചയാളനു-ഈ ഇരപ്പാളിയായ എന്നിൽ. കല്പിച്ച-നിശ്ചയിച്ച. അർപ്പിച്ചോരദ്ഭുതം-തന്നതായ അത്ഭുതപദത്തെ. (36) കററാകിലും-പഠിച്ചാലും. കല കടന്നുകടന്ന സിദ്ധി -വിദ്യയുടെ കരകടന്ന മഹാസിദ്ധി. പെററാകിലും - കൈ വന്നാലും. ലോകം പ്രകൃതിയിൽ പതിയുന്നു-വീഴുന്നു. അരുളടിത്തളിർ-ജ്ഞാനസ്വരൂപമായ പാദം. തന്നു-തന്നിട്ട്. ചെന്നു-അതിൽ ചെന്നു. (37) ഏഴു പാതാളമെന്തു-ഏഴു അധോലോകങ്ങളും സാരമില്ല. പരമേഷ്ടിലോകമെന്തേ-ബ്രഹ്മലോകവും സാരമില്ല. (38) വാണന്നുതൊട്ടു-ജനിച്ചന്നുതൊട്ടു. (39) ആടാതെ -അലയാതെ. പാടാകവെ-വിഷമിക്കുന്നവിധം. പാദമതിന്നു പാടാം-പാദത്തെ സ്തോത്രം ചെയ്യാം. (40) ആരംഭമററു-അനാദിയായി. അതിരററു-അഖണ്ഡമായി. അനുമാനമററ്-ഊഹാതീതമായ്. നിധാനം-ഇരിപ്പിടം. ആരും ഭരിക്കുമണുവായ്-സൂക്ഷ്മമായ്.

ആകാശമില്ലതിനകത്തണുവൊന്നുമില്ലൊ-
രാകാരമില്ലതിനു മാതൃകതന്നെയില്ല
ആകാലമദ്ഭുതനിമിത്തമനല്പശില്പ-
മീകാര്യകോടി നടമാടിയ ഗൂഢമൂർത്തേ! 41

കർത്താവുമായഖിലകാരയിതാവുമായി
കൃത്യൈകകാരണവുമായ്ക്കരണങ്ങളായി
കർത്തവ്യകോടികളശേഷവുമായിനിന്നു
നൃത്തം തുടർന്നരുളുമെൻ നടരാജമൂർത്തേ! 42

മൂലത്തെ വിട്ടു മുടിയാതൊരു സത്ത കാര്യ-
ജാലത്തിനില്ലതു ജനിച്ചഴിയുന്നുമില്ല
കാലത്തിലെങ്കിലുമിരുന്നു വരുന്നൊരിന്ദ്ര-
ജാലത്തിനേകപതിയാം ജഗദേകമൂർത്തേ! 43

ആരോപജാലമതിയിന്നപവാദമാർഗ്ഗ-
മാരൂഢയാമമലവൃത്തിയിലററശേഷം
സൂരപ്രഭാനയനസംഗതി തുല്യബോധ-
വാരാശിയായ് വര കടന്നു വളർന്ന മൂർത്തേ! 44

മാനാദിയായ് മതികലർന്നു വരുന്നു ദുഃഖം
ജ്ഞാനൈകശേഷനില കേവലമായ സൗഖ്യം
സ്ഥാനത്തിരുന്നു സകലാമയമററ സച്ചി-
ദാനന്ദകന്ദളിതതുന്ദിലമൂലമൂർത്തേ! 45

പാരാദിയായ പലതും പല ഭേദമായി
നേരേ നടത്തിയരുളും നിഖിലൈകബന്ധോ!
നേരാകുമാറു നിജഭക്തനൊഴിഞ്ഞു നിന്നെ-
യാരാലുമോർത്തറിയുവാനെളുതല്ല ശംഭോ! 46

---

(41) ആകാലം-കാലാവസാനംവരെ. അനല്പശില്പം-വലിയ സൃഷ്ടിയായ. ഈ കാര്യകോടി നടമാടിയ-ഈ പ്രപഞ്ചനാടകം ആടിയ. (42) കർത്താവായി കാരയിതാവായി-കർത്താവിനെ പ്രവർത്തിപ്പിക്കുന്നവനായി. കൃത്യൈകകാരണ വുമായ്-കർമ്മത്തിൻെറ ഏകകാരണമായവനായ്. കരണങ്ങളായ് -കർമ്മേന്ദ്രിയ ങ്ങളായ്. കർത്തവ്യകോടികളശേഷവുമായി -സർവ്വകർമ്മങ്ങളും ആയി. (43) മൂലത്തെ വിട്ടു -കാരണത്തിൽനിന്നു ഭിന്നമായ്. മുടിയാതൊരു സത്ത-നശിക്കാത്തതായ ഒരു നില. കാര്യജാലത്തിനില്ല -കാരണത്തിൽ ഭിന്നമായി കാര്യമില്ല. കാരണംതന്നെ കാര്യം എന്നു സാരം. അങ്ങനെയാണു കാര്യം ഉണ്ടായി നശിക്കുന്നുമില്ല. എങ്കിലും കാലത്തിൽ ഇരുന്നുവരുന്ന ഇന്ദ്രജാലത്തിന്നു-ഇല്ലാത്ത പ്രപഞ്ചമുണ്ടായി എന്നു വരുത്തുന്ന മായയ്ക്ക്. (44) ആരോപജാലമതി -(രജ്ജുവിൽ പന്നഗം കാണുന്നതുപോലെയുള്ള) ഭ്രമബുദ്ധി അപവാദമാർഗ്ഗത്തിൽ പ്രവേശിക്കുന്ന അമലവൃത്തിയിൽ ചെന്നു നശിച്ചശേഷം. വര-അതിർത്തി. (45) മതി-മനസ്സ്. മാനാദിയായ് -അഹംബുദ്ധി തുടങ്ങിയ, ദുഃഖം വരുന്നു. ജ്ഞാനൈകശേഷനില-ജ്ഞാനമാത്രമായിട്ടുള്ള നിലയാണു സൗഖ്യം. സകലാമയമറ്റ -സർവ്വദുഃഖത്തിനും അതീതമായിട്ടുള്ള. കന്ദളിതതുന്ദില-മുളച്ചു വികസിച്ച. (46) അർത്ഥം സ്പഷ്ടം.

വേദങ്ങളോ ബഹുവിധം പറയുന്നു നാനാ-
വാദങ്ങളോ വെളിയിലിട്ടു വിരട്ടിടുന്നു
ഖേദങ്ങളോ കടന്നുവരുന്നു നിൻെറ
പാദങ്ങളെന്നിയിനി മറ്റവലംബമില്ലേ. 47

ദുർവാസനാവശനിവൻ ദുരചെയ്തു ശുദ്ധ
ഗർവ്വായ് നടക്കുകിലുമെൻകൃപ കൈവിടല്ലേ
നിർവ്വാണമെന്നു നിഗമങ്ങളുരയ്ക്കുമെൻെറ-
സർവസ്വമേ സകലദീനദയാപയോധേ! 48

പുണ്ണായിരുന്നു ഹൃദയം പൊളിയുന്നു തുമ്പ-
മുണ്ണാവതല്ലൊരുവിധത്തിലുമുഗ്രമയ്യോ!
എണ്ണാവതല്ലെളിയ നിന്നടിമയ്ക്കിതെൻെറ
കണ്ണേ! കരത്തിനു രുചിച്ച കരുംകരുമ്പേ! 49

ഭദ്രം പഴുത്തു പരിപാകരസം പകർന്ന-
മൃദ്വീകതന്മധുരമേ മമ തമ്പുരാനേ!
ഖദ്യോതകാന്തിവടിവേ കതിരേ കലർന്ന
ഹൃദ്ദീപമേ! ഹൃദയമേ! ഹിതമേ തൊഴുന്നേൻ! 50

ആനന്ദലഹരി

(സംസ്കൃതത്തിൽനിന്നു ഭാഷാന്തരംചെയ്തത്)

നാലാസ്യംപൂണ്ടുമമ്മേ! നളിനനിലയനൻ
പോര നിന്നെ സ്തുതിപ്പാൻ
കാലാരാതിക്കുമഞ്ചാനനകമലമിയ-
ന്നെങ്കിലും ശക്തിയില്ല
ആളല്ലാറാനനംപൂണ്ടറുമുഖനഹിരാ-
ട്ടായിരം പൂണ്ടുമെന്നാ-
ലീലോകത്തന്യനാരോതുകയതിനു സമ-
ർത്ഥൻ സമസ്തേശകാന്തേ! 1

---

(47) വെളിയിലിട്ടു വിരട്ടിടുന്നു-പരമാർത്ഥത്തിനു പുറത്തു നിറുത്തി (പരമാർത്ഥമറിയിക്കാതെ) ഭയപ്പെടുത്തുന്നു. കരകടന്നു വരുന്നു-കര കവിഞ്ഞു വരുന്നു. (48) സ്പഷ്ടം. (49) ഉഗ്രം തുമ്പം-ഉഗ്രമായ ദുഃഖം. ഉണ്ണാവതല്ല-സഹിക്കാവതല്ല. നിൻെറ എളിയ അടിമയ്ക്ക് ഇത് എണ്ണാവതല്ല. കരുത്തിനു-പൊരുളിനു. രുചിച്ച-അനുഭവിച്ച. (50) മൃദ്വീക-മുന്തിരിങ്ങ. മധുരമേ-മാധുര്യമേ. ഖദ്യോതകാന്തിവടിവേ-സൂര്യനെപ്പോലെ പ്രകാശരൂപമായവനേ. കതിരേ-പ്രകാശമേ. കലർന്ന-പ്രകാശിച്ച. ഹൃദയമോഹിതം-ഹൃദയം കൊതിച്ചത്.

(1) നാലാസ്യം പൂണ്ടും-നാലു മുഖത്തോടുകൂടിയിട്ടും. നളിനനിലയനൻ-ബ്രഹ്മാവ്. കാലാരാതി-ശിവൻ. അഞ്ച് ആനനകമലമിയന്നെങ്കിലും-അഞ്ചു മുഖമുണ്ടായിട്ടും കാലാരാതിക്കു ശക്തിയില്ല എന്നന്വയം. ആളല്ല-ശക്തനല്ല. അഹിരാട്ട് -അനന്തൻ. ആയിരം പൂണ്ടു-ആയിരം മുഖം പൂണ്ടും എന്ന് എടുക്കണം. എന്നാൽ-

മാധുര്യം, നെയ്, നറുമ്പാൽ, മധുപരിണതമാം
മുന്തിരിങ്ങയ്ക്കുമേലു-
ന്നേതെല്ലാം വാക്കിൽ വർണ്ണിക്കിലുമതു രസന-
യ്ക്കെന്നി തോന്നുന്നതല്ല
മാതാവേ! നിൻെറ സൗഭാഗ്യവുമറികിൽ മഹേ-
ശൻെറ നേത്രങ്ങളെന്യേ
ബോധിക്കാ പിന്നെനിക്കെങ്ങനെയതു പറയാ-
മാഗമാഗണ്യരൂപേ! 2

സിന്ദൂരം തൊട്ട നെറ്റിത്തടമതുമഴകേ-
റുന്ന മയ്യാർന്ന കണ്ണും
മിന്നും താംബൂലമേലും വദനവുമുരുമു-
ക്താളി ചാർത്തും കഴുത്തും
പൊന്നിൻപൂഞ്ചേല കാഞ്ചീലലിതകടിതടാ-
ഭോഗവുംപൂണ്ടു മേവും
നിന്നെഗ്ഗൗരീ, സദാ ഞാൻ നഗപതിതനയേ!
ദേവി! സേവിച്ചിടുന്നേൻ. 3

മിന്നും മന്ദാരദാരുപ്രഥിതമലർസരം
മാറിൽ മുത്താരമാക്കി-
ത്തന്നത്താൻ വീണ പാടുംപൊഴുതു ചലിതമാം
കാതിൽ നൽക്കമ്മലിട്ടു
സന്നാമംപൂണ്ട പൂമെയ്യൊടുമൊരു പിടിയാ-
നയ്ക്കെഴും യാനഭംഗ്യാ
ധന്യശ്രീയാൾ ജയിക്കുന്നലസകമലലോ-
ലാക്ഷിയാം ത്ര്യക്ഷപത്നീ. 4

പിന്നെ. അതിന്നു -സ്തുതിപ്പാൻ. സമസ്തേശകാന്തേ-സർവ്വത്തിനും ഈശനായ വൻെറ ഭാര്യേ. (2) നെയ്, നറുംപാൽ, മധു (തേൻ), പരിണതമാം (പാകമായ) മുന്തിരിങ്ങ, ഇവയ്ക്കൊപ്പിച്ചുള്ള മാധുര്യം. രസനയ്ക്കെന്നി തോന്നുന്നതല്ല -നാക്കിനുമാത്രമേ അറിയാൻ കഴിയുകയുള്ളു. നിൻെറ സൗഭാഗ്യം (സൗന്ദര്യം) ശിവൻെറ കണ്ണുകൾക്കേ അറിയാൻ കഴിയുകയുള്ളു. ആഗമാഗണ്യരൂപ-ശാസ്ത്രങ്ങൾക്കും ഗണിക്കാൻ കഴിയാത്ത രൂപത്തോടുകൂടിയവൾ. (3) മയ്യാർന്ന-മഷിയുള്ള. ഉരു-വലിയ. മുക്താളി -മുത്തുമാല. പൊന്നിൻപൂഞ്ചേലകാഞ്ചീലലിതകടിതടാഭോഗം-പൂഞ്ചേലയുടെ പൊന്നിൻ കാഞ്ചികൊണ്ടു ശോഭിക്കുന്ന വലിയ അരക്കെട്ട്. നഗപതിതനയ-ഹിമവാൻെറ പുത്രി. (4) മന്ദാരദാരുപ്രഥിതമലർസരം-കല്പക വൃക്ഷത്തിൻെറ പ്രസിദ്ധമായ പൂവുകൊണ്ടുള്ള മാല. മുത്താരമാക്കി-മുത്തുമാലയണിഞ്ഞു. വീണ പാടുംപൊഴുതു-വീണ വായിക്കുമ്പോൾ. തന്നത്താൻ ചലിതമാം-സ്വയമേവ ഇളകുന്നതായ (രസിച്ചു തലയാട്ടുന്നതുകൊണ്ടെന്നു സാരം). സന്നാമം-സന്നതത്വം (സ്തനഭാരം കൊണ്ടുള്ള വളവ്). അലസകമലലോലാക്ഷി-മന്ദമായി ചലിക്കുന്ന താമരക്കണ്ണുകളോടുകൂടിയവൾ. ത്ര്യക്ഷപത്നി-മുക്കണ്ണൻെറ ഭാര്യ.

പുത്തൻ വെയ്ലൊത്ത പൊന്നും നുകയുമണികളായ്
പൂണ്ടു നൽകാന്തികാളും
ഗാത്രശ്രീയാർന്ന പെണ്മാൻചലമിഴി ശിവനെ-
ക്കണ്ടു കൈക്കൊണ്ട ദേവീ!
വിദ്യുദ്ഗൗരാംഗി വാർമെത്തിയ കനക-
ദുകൂലാഭിരാമോരുനാളീ
വർത്തിക്കട്ടെൻെറ മുമ്പിൽ പ്രിയവദനയപ-
ർണ്ണാ സദാനന്ദപൂർണ്ണാ! 5

പ്രാലേയോർവ്വീധരത്തിൽപ്പരിചിലുദിതയാ-
യ്പാണിയാം പല്ലവം ചേ-
ർന്നാലോലം ചേർത്തു മുത്താം മലർ കുറുനിരയാം
വണ്ടതുംപൂണ്ടു മോദാൽ
മേലൽപം കൂർന്നു കൊങ്കക്കനി തടവി ദൃഢം
സ്ഥാണുവിൽച്ചേർന്നു ചെമ്മേ
മാലാർക്കും തീർക്കുമാറുണ്ടൊരു ഗതിമതിയാം
സച്ചിദാനന്ദവല്ലീ. 6

ഏതാനും സദ്ഗുണംപൂണ്ടെഴുമരിയ സപ-
ർണ്ണൈകയാം വല്ലിയർത്ഥി-
ച്ചേതാനുംപേർ ഭജിക്കുന്നതു മനസി രുചി-
ക്കില്ലെനിക്കിന്നു പാർത്താൽ
ഏതും നൽകുന്ന പർണ്ണാലതികയിതിനെയി-
ന്നേവരും സേവചെയ്വിൻ!
ബാധാഹീനം ഫലിപ്പിച്ചിടുമിതു പരനി-
ർവാണമാ 'സ്ഥാണു'വിന്നും. 7

---

(5) പുത്തൻവെയ്ലൊത്ത -ബാലാർക്കപ്രഭയുള്ള. പൊന്നും നുകയും -പൊന്നും രത്നങ്ങളും. അണികളായ് -ആഭരണങ്ങളായ്. പൂണ്ടു -ധരിച്ചു. ഗാത്രശ്രീയാർന്ന -ശരീരശോഭയുള്ള. പെണ്മാൻചലമിഴി -പെൺമാനിൻെറമാതിരിയുള്ള ഇളകുന്ന കണ്ണുള്ളവൾ. കൈക്കൊണ്ടു -വരിച്ചു. വിദ്യുൽഗൗരാംഗി-മിന്നൽപോലെ മഞ്ഞ യായ ശരീരമുള്ളവൾ. വാർമെത്തിയ-ഭംഗിയുള്ള. കനകദുകൂലാഭിരാമോരുനാളീ-പൊൻചേലയോടുകൂടി മനോഹരമായ തുടകളുള്ളവൾ. അപർണ്ണാ-ശ്രീപാർവ്വതി. (6) പ്രാലേയോർവ്വീധരത്തിൽ -ഹിമവാനിൽ. ഉദിതയായ് -ഉദ്ഭവിച്ചതായ്. പാണിയാം പല്ലവം ചേർത്തു-കയ്യാകുന്ന തളിരോടുകൂടി. മുത്താകുന്ന മലർ-പൂവുചേർത്തു, കുറുനിരയാകുന്ന വണ്ടുകളെയും.വഹിച്ചു. കൊങ്കക്കനി തടവി-മുലയാകുന്ന ഫലം വഹിച്ച്. മേൽ അല്പം കൂർന്നു-വളഞ്ഞു. സ്ഥാണുവിൽ-ശിവനാകുന്ന കുറ്റിയിൽ ചേർന്ന്. ഗതിമതിയാം-ജംഗമമായ. ചിദാനന്ദലതികാ -ചിദാനന്ദവള്ളി. വിലസതി -ശോഭിക്കുന്നു. (7) ഏതാനും സദ്ഗുണം പൂണ്ടെഴും-ചില നല്ല ഗുണങ്ങൾ മാത്രമുള്ള. അരിയ സപർണ്ണൈകയാം-ഇലകളുള്ള ശ്രേഷ്ഠമായ ഒരു വല്ലിയെ (കല്പകവല്ലിയെ എന്നു സാരം). രുചിക്കില്ല-പിടിക്കുന്നില്ല. ഏതും നല്കുന്ന-എന്തഭീഷ്ടവും കൊടുക്കുന്ന. അപർണ്ണാലതികയിതിനെ-അപർണ്ണയാകുന്ന (ഇലയില്ലാത്തത് എന്നും ശ്രീപാർവ്വതി എന്നും). ഈ ലതികയെ ആ സ്ഥാണുവിന്നും (കുറ്റിക്കുപോലും ശിവന് എന്നും). പരനിർവ്വാണം-ശ്രേഷ്ഠമായ മോക്ഷം, സുഖം.

നീയല്ലോ ധർമ്മംമൂലം ജനനി! നിഗമജാ-
ലങ്ങൾ നീ ചൊന്നതല്ലോ
നീയർത്ഥം നൽകുമല്ലോ നിരവധി ധനദൻ
ദേവി! നിൻ ഭൃത്യനല്ലോ
നീയാർക്കും ദേവി നീലോൽപലശരജയിനീ
കാമമേകീടുമല്ലോ
നീയല്ലോ മുക്തി നൽകേണ്ടതുമിഹ പരമാ-
ത്മാവുതൻ ജീവനാഥേ! 8

അത്യന്തം ഭക്തി നിന്നിൽച്ചപലമതിയെനി-
ക്കില്ലയെന്നാലുമമ്മേ!
പ്രത്യേകിച്ചൊന്നു സൗഭാഗ്യവതി ഭവതി മാം
നോക്കുകിന്നുൾക്കനിഞ്ഞു
വക്ത്രത്തിൽക്കേണ വേഴാമ്പലിനു ജലകണം
വാരിദം വീഴ്ത്തുമല്ലോ
ചിത്തം മേ നിന്നിൽ നിൽപാൻ കരുണ ചെറുതു നീ
ചെയ്ക വൈകാതെ ദേവീ! 9

നീ വേഗം നൽകുകൻപേറിയ നെടിയ കടാ-
ക്ഷത്തെ നൽ സാധുചര്യേ,
കൈവിട്ടാൽ യുക്തമോ നിൻ കഴലിണ ശരണം
വന്നു പൂകുന്നൊരെന്നെ
സേവിച്ചാൽ കല്പകപ്പൂങ്കൊടി സപദിയഭീ-
ഷ്ടം തരുന്നില്ലയെന്നാ-
ലാവല്ലിക്കെന്തു ഭേദം ജഗതിയിതരമാ-
യില്ലയോ വല്ലിവൃന്ദം? 10

എന്നും വിശ്വാസമെല്ലാം തവ പദമലരിൽ
ത്തന്നെയല്ലോ സമർപ്പി-
ച്ചെന്നല്ലിങ്ങന്യദൈവങ്ങളെയടിയനുമേ-
യാശ്രയിച്ചില്ലയല്ലോ

---

(8) ധർമ്മമൂലം-ധർമ്മത്തിന് അടിസ്ഥാനം. നിഗമജാലങ്ങൾ-ശാസ്ത്രങ്ങൾ. അർത്ഥം-ധനം. നിരവധി-അനവധി. നീലോൽപലശരജയിനീ -കാമനെ ജയിച്ചവൾ. (9) ചപലമതി എനിക്ക് -ചപലബുദ്ധിയുള്ള എനിക്ക്. (10) അൻപൂറിയ-കാരുണ്യം ഒഴുകുന്ന. കടാക്ഷത്തെ നല്കുക എന്ന് അന്വയം. സാധുചര്യേ-നല്ല ചരിതമുള്ളവളേ. കൈവിട്ടാൽ യുക്തമോ-കൈവിടുന്നതു ന്യായമാണോ? വന്നു ശരണംപൂകുന്ന എന്നന്വയം. സേവിച്ചാൽ കല്പകലത ആഗ്രഹം സാധിക്കുന്നില്ലെങ്കിൽ ആ ലതയും മറ്റു ലതകളും തമ്മിൽ എന്തു വ്യത്യാസം. അതുപോലെ സേവിക്കുന്ന എന്നെ അനുഗ്രഹിക്കുന്നില്ലെങ്കിൽ നീയും മറ്റു ദേവതകളും തമ്മിൽ എന്തു വ്യത്യാസമാണുള്ളത്. (11) ഇഭമുഖജനനീ-ഗണപതിയുടെ അമ്മേ.

എന്നാലും ദേവിയെന്നിൽക്കരുണ ഹൃദിയുദി-
യ്ക്കായ്കിൽ ഞാനെന്തു ചെയ്യു-
ന്നിന്നാരെച്ചെന്നിരക്കുന്നിഭമുഖജനനീ-
യോർക്ക പോക്കറ്റു പോം ഞാൻ. 11

പറ്റി 'സ്പർശ'ത്തിലെന്നാൽപ്പെരിയ കരുമിരു-
മ്പന്നു പൊന്നായിടുന്നൂ
തെറ്റെന്നെത്തുന്ന വീഥീജലവുമമലമാ-
ക്കുന്നു ഗംഗാജലങ്ങൾ
മുറ്റും മാലിന്യമേലും മമ മനമതുമി-
ന്നമ്പിൽ നിൻപാദപത്മം
പറ്റിപ്പുൽകുന്നമൂലം പരിചിൽ വിമലമാ-
കാതെ പോകില്ലയമ്മേ! 12

അന്യന്മാർ ദേവരർത്ഥിപ്പവയരുളുവതും
തിട്ടമല്ലൊട്ടുമെന്നാ-
ലെന്നമ്മേ! "നീ കൊതിക്കുന്നതിലുമധികമേകു-
ന്നിരക്കുന്നവർക്കായ്"
എന്നല്ലോ ചൊല്ലിടുന്നാ പ്രതനകമലജ-
പ്രഖ്യരെന്നോർത്തു ചിത്തം
നിന്നിൽത്തങ്ങുന്നു രാവും പകലുമരുളുകി-
ന്നംബ! നീ സമ്മതംപോൽ. 13

മെല്ലെച്ചന്ദ്രൻ ചലിക്കുന്നൊരു മണിമയമാം
കോടിയും മോടികാളും
കല്ലും കണ്ണാടിയും ചേർന്നിഴുകിയ ചുമരും
തന്നിൽനിന്നംഗമെല്ലാം
കല്യേ! ബിംബിച്ച ബിംബങ്ങളുമജമുഖരാം
ഭൃത്യവർഗ്ഗങ്ങളും ചേ-
ർന്നല്ലോ കാണുന്നു നിന്മാളിക ഭുവനമഹാ-
രാജ്യരാജൈകരാജ്ഞി. 14

---

(12) സ്പർശം-ഇരുമ്പിനെ സ്വർണ്ണമാക്കുന്ന ഒരു സാധനം. വീഥീജലം-തെരുവിലെ വെള്ളം. (13) പ്രതനകമലജ പ്രഖ്യർ-ബ്രഹ്മാവു മുതലായ പുരാതനന്മാർ. സമ്മതംപോൽ-ഇഷ്ടംപോലെ. (14) ചന്ദ്രൻ ചലിക്കുന്ന-ചന്ദ്രൻ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന. കോടി-ശിഖരം. അജമുഖർ-ബ്രഹ്മാദികൾ. ത്രിഭുവനമഹാരാജ്യരാജൈകരാജ്ഞി-മൂന്നു ലോകത്തിന്റേയും ഏകരാജാവായ ശിവന്റെ ഭാര്യ. മാളിക രത്നവും കണ്ണാടിയും കൊണ്ടുള്ളതായതുകൊണ്ട് അതിൽ നിന്റെ പ്രതിബിംബങ്ങൾ നിറഞ്ഞിരിക്കുന്നു. ലോകത്തിലുള്ള സർവ്വവും നിന്റെ പ്രതിബിംബങ്ങളാണെന്നും സൂചിപ്പിക്കുന്നു.

വെള്ളിക്കുന്നല്ലി വാസം തവ വിധിമുതൽപേ-
രല്ലി വൈതാളികന്മാ-
രുള്ളംകയ്യല്ലി സിദ്ധിപ്രകരമുലകമീ
മൂന്നുമല്ലീ കുടുംബം
ഉള്ളാളും കാന്തനല്ലീ ഗിരിവരതനയേ-
യീശ്വരൻ പിന്നെയേതാ-
ണെള്ളോളംപോലുമെങ്ങാനൊരുസമതയഹോ
നിൻെറ ഭാഗ്യത്തിനോർത്താൽ. 15

ദിക്കാണത്രേ നിനച്ചാലുടുതുണി, മുതുകാ-
ളപ്പുറത്താണു യാനം,
പൊൽക്കാപ്പോ സർപ്പ, മൂണോ വിഷ, മുപവനമോ
ഹാ പിണക്കാടതത്രേ
ഒക്കെദ്ദേവീ! സ്മാരാരിക്കുലകിലറിയുമാ-
റുള്ളതിക്കണ്ടതല്ലേ
ചൊൽക്കൊള്ളുന്നീശ്വരത്വം തദപി വരികിൽ നിൻ
ഭാഗ്യമല്ലേയതെല്ലാം. 16

ബ്രഹ്മാണ്ഡം ചുട്ടുപൊട്ടിപ്പതിനു സഹജയാം
ബുദ്ധി കൈക്കൊണ്ടു ഭസ്മം
തന്മെയ്യിൽത്തൂകി നിത്യം ചുടലയിൽ മരുവും
ത്ര്യക്ഷനാം രൂക്ഷമൂർത്തി
അമ്മേ! കണ്ഠത്തിലാളുന്നഖിലഭുവനര-
ക്ഷാർത്ഥമാക്കാളകൂടം
ചെമ്മേ നിന്നോടു ചേർന്നുള്ളതിനുടെ ഫലമ-
ത്രേ പവിത്രേയിതെല്ലാം. 17

സർവ്വശ്രീയും ജയിക്കുംപടി തവ തനുവിൽ-
ക്കണ്ടു സൗന്ദര്യഭാരം
നിർവ്വേദം പൂണ്ടു നീരായൊഴുകി നിയതമാ-
ഗ്ഗംഗ ഹേ! മംഗളാംഗീ,

---

(15) ഉള്ളംകയ്യല്ലി സിദ്ധിപ്രകരം -അഷ്ടൈശ്വര്യസിദ്ധികൾ നിൻെറ ഉള്ളംകയ്യിലല്ലേ. നിൻെറ ഭാഗ്യംപോലെയുള്ള ഭാഗ്യം വേറെ എങ്ങും ഇല്ല. (16) ഉടുതുണി -ഉടുക്കുന്ന തുണി. ദിക്കു-ദിക്കു (ആകാശ)മാണ്. യാനം-സഞ്ചാരം, കാളപ്പുറത്താണ്. പൊൽകാപ്പ് -പൊൻകാപ്പ്. (ആഭരണം) സർപ്പമാണ്. ഊണു വിഷമാണ്. ഉപവനം-ഉദ്യാനം. പിണക്കാട്-ശ്മശാനമാണ്. ഇതൊക്കെയാണു പുരാരിക്കു (ശിവനു) ള്ളത്. എന്നിട്ടും. ശിവൻ ഈശ്വരത്വം കൈക്കൊള്ളുന്നു. തദപി -അതും. (17) സഹജയാം-പ്രകൃത്യാ ഉള്ള. ത്ര്യക്ഷൻ -മുക്കണ്ണൻ. രൂക്ഷ മൂർത്തി -ക്രൂരമൂർത്തി. പ്രകൃത്യാ ബ്രഹ്മാണ്ഡം ദഹിപ്പിക്കാനുള്ള വാസന യുള്ള ക്രൂരമൂർത്തിയായ ശിവൻ. അഖിലഭുവനരക്ഷാർത്ഥം-സർവ്വലോക ങ്ങളേയും രക്ഷിക്കാനായ്. കാളകൂടം കണ്ഠത്തിൽ ആളുന്നു-കഴു ത്തിൽ വഹിക്കുന്നു. സംഹാരകർത്താവായ ശിവൻ ഇങ്ങനെ രക്ഷാതത്പര നായത് നിൻെറ ചേർച്ചകൊണ്ടല്ലേ. പവിത്രേ-പാവനേ! (ശുദ്ധിയുണ്ടാക്കുന്നവളേ.)

ഗർവ്വം കൈവിട്ടു കേഴുന്നവളുടെ വദനാം-
ഭോരുഹം പാർത്തു പേർത്തും
ശർവ്വൻ കാരുണ്യമാർന്നാ ശിരസി കുടിയുറ-
പ്പിച്ചു പാർപ്പിച്ചതല്ലേ? 18

മാലേയച്ചാറുമേറും മൃഗമദവുമിടും
മഞ്ജുസിന്ദൂരവും ചേർ-
ന്നോലുന്നോരമ്മ നീരാടിയ സലിലമെടു-
ത്തല്ലയോ മല്ലയോനി
ചാലേ മന്ദം ചലിക്കും ചരണകമലരേ-
ണുക്കളും ചേർത്തു വിണ്ണിൽ-
ക്കാലംതോറും കരിന്താമരമിഴികളെ നി-
ർമ്മിപ്പതമ്മേ, നിനച്ചാൽ. 19

പൂമാസത്തിൽ സ്ഫുരിക്കും പുതുമയൊടുരുവേ
പൂത്ത പൂവല്ലി ചൂഴു-
ന്നോമൽപ്പൊൻതാമരപ്പൂനിരകളിലരയ-
ന്നങ്ങൾ കൂവും കുളത്തിൽ
തൂമക്കാറ്റേറ്റു തുള്ളും ജലമതിൽ മുഴുകി-
ത്തോഴിമാരോടുമാടും
ശ്രീമെത്തും നിന്നെയോർക്കിൽ ജ്വരരുജയഗജേ!
പോയിടുന്നായവന്നു. 20

---

(18) സർവ്വ ശ്രീയും ജയിക്കുംപടി -എല്ലാ ശോഭയേയും ജയിക്കുന്നമാതിരി. തവ തനുവിൽ-നിൻെറ ശരീരത്തിൽ. സൗന്ദര്യഭാരം-സൗന്ദര്യവായ്പ്. കണ്ടു നിർവ്വേദംപൂണ്ടു -ദുഃഖിച്ചു. ഗംഗ -ഗംഗാദേവി. നീരായൊഴുകി -നദിയായ്ത്തീർന്നു. നിൻെറ സൗന്ദര്യം സർവ്വോൽകൃഷ്ടമായി കണ്ടിട്ട് തനിക്കു ശിവനെ വശീകരിക്കാൻ സാധിക്കയില്ലെന്നു തോന്നുകയാൽ ഗംഗ ദുഃഖിച്ചു നീരായ് ഒഴുകി. ഗർവ്വം -ഡംഭുവിട്ടു കരയുന്ന അവളെ കണ്ട് അനുകമ്പകൊണ്ട് ശർവ്വൻ (ശിവൻ) അവളെ എടുത്തു തലയിൽ കുടിവെപ്പിച്ചതല്ലേ. (19) മാലേയച്ചാറ്-ചന്ദനച്ചാറ്. മൃഗമദം-കസ്തൂരി. മഞ്ജു-മനോഹരം. സിന്ദൂരം-കുങ്കുമം. ഇതെല്ലാം ധരിച്ച നീ കുളിച്ച വെള്ളം എടുത്ത്. മല്ലയോനി-ബ്രഹ്മാവ്. ചാലേ മന്ദം ചരിക്കും-ഭംഗിയായി മന്ദം നടക്കുന്ന. ചരണരേണുക്കളും-കാലിൻെറ പൊടികളും ചേർത്ത്. വിണ്ണിൽ-സ്വർഗ്ഗത്തിൽ. കരിന്താമരമിഴികളെ-സുന്ദരിമാരെ. നിർമ്മിപ്പതു -സൃഷ്ടിക്കുന്നു. ദേവസ്ത്രീകളുടെ സൗന്ദര്യം നിൻെറ സൗന്ദര്യത്തിൻെറ ഏറ്റവും താണ ഒരു അംശംമാത്രമാണെന്നു സാരം. (20) ഉരുവെ-മുഴുവനായി. തൂമ-നല്ല. ജ്വരരുജ-ജ്വരരോഗം.

ദേവ്യപരാധക്ഷമാപണസ്തോത്രം

(സംസ്കൃതത്തിൽനിന്ന്)

അമ്മേ! നിന്മന്ത്രമോ, നിന്മഹിമ തടവിടും
യന്ത്രമോ, സ്തോത്രമോ, നിൻ-
സമ്മോദാഹ്വാനമോ, നിൻ സ്തുതികഥകളതോ,
ധ്യാനമോ ഞാനറിഞ്ഞോ?
നിന്മുദ്രാബന്ധമോ നിൻ കഥനസരണിയോ
ഞാനറിഞ്ഞോ മഹേശീ!
നിന്മാർഗ്ഗത്തിങ്കൽ നിന്നാൽ ദുരിതമവനു പോ-
മെന്നു ഞാനൊന്നറിഞ്ഞു. 1

ഓരാഞ്ഞിട്ടോ, ധനത്തിൻ കുറവു, മടിയിവ-
റ്റാലയോ ശക്തി ചെയ്വാൻ
പോരാഞ്ഞിട്ടോ ഭവത്സേവയിലടിയനു കു-
റ്റങ്ങൾ പറ്റാം ഭവാനീ!
സ്വൈരം നീതന്നെയേതാകിലുമതുകൾ പൊറു-
ക്കേണ്ടയോ ലോകധാത്രീ!
പാരിൽ ദുഷ്പുത്രരുണ്ടാം പറക തനയരിൽ
ദുഷ്ടയാമമ്മയുണ്ടോ? 2

യോഗ്യന്മാരുണ്ടു വേണ്ടോളവുമിഹ തനയ-
ന്മാർ നിനക്കൂഴിതന്നിൽ
ഭാഗ്യംകെട്ടോരു ഞാനും ജനനിയവരിലൊ-
ന്നാണു സന്ദേഹമില്ല
നീക്കീനീയെന്നെയേവം നിയതമിതു നിന-
ക്കിന്നു നന്നല്ല ദേവീ!
പാർക്കിൽ ദുഷ്പുത്രരുണ്ടാം പറക തനയരിൽ
ദുഷ്ടയാമമ്മയുണ്ടോ? 3

ദേവ്യ....സ്തോത്രം-ദേവിയോടുള്ള അപരാധത്തിനു മാപ്പുചോദിക്കുന്ന സ്തോത്രം. (1) നിൻമന്ത്രം-നിന്നെക്കുറിച്ചുള്ള മന്ത്രം. മഹിമ തടവിടും-മാഹാത്മ്യമുള്ള. നിൻയന്ത്രം-നിന്നെ ഉദ്ദേശിച്ചുള്ള യന്ത്രം (നിൻെറ മന്ത്രം എഴുതിയിട്ടുള്ള രക്ഷ). സമ്മോദാഹ്വാനം-സന്തോഷത്തോടുകൂടിയുള്ള വിളി. മുദ്രാബന്ധം-അടയാള ബന്ധങ്ങൾ. കഥനസരണി-നിന്നെപ്പറ്റി പറയുന്ന മാർഗ്ഗം, അല്ലെങ്കിൽ നീ പറയുന്നതായ രീതി. ഇതൊന്നും എനിക്കറിഞ്ഞുകൂടാ. നിൻെറ മാർഗ്ഗത്തിൽ ആരു നിൽക്കുന്നുവോ അവനു ദുരിതമില്ലെന്നുമാത്രം എനിക്കറിയാം. (2) ഓരാഞ്ഞിട്ടോ-അറിവില്ലാഞ്ഞിട്ടോ. ധനത്തിൻെറ കുറവ്, മടി ഇതുകളാലോ ചെയ്വാൻ ശക്തി പോരാഞ്ഞിട്ടോ. ഭവൽസേവയിൽ-നിന്നെ സേവിക്കുന്നതിൽ. എനിക്കു കുറ്റങ്ങൾ വന്നിരിക്കാം. ലോകധാത്രി-ലോകത്തിൻെറ അമ്മ. അമ്മയോടു ദുഷ്ടരായ പുത്രന്മാരുണ്ടാകാം. എന്നാൽ മക്കളിൽ ദുഷ്ടയായ അമ്മയില്ല. ഞാൻ എത്ര ചീത്തയായാലും അമ്മയായ നീ ക്ഷമിക്കണം; അതു നിൻെറ ധർമ്മമല്ലേ എന്നു സാരം. (3) സ്പഷ്ടം.

നിൻപാദം സേവചെയ്തില്ലയി ജനനി ജഗ-
ദ്ധാത്രി ഞാൻ നല്ലപോലി-
ങ്ങൻപിൽ കാണിക്കയിട്ടില്ലണുവളവഥവാ
പോന്നു ഞാൻ നിന്നടിക്കായ്
എൻപേരിൽ പ്രേമമെന്നാകിലുമനവധി കാ-
ട്ടുന്നുവല്ലോ ശിവേ! നീ-
യമ്പോ! ദുഷ്പുത്രരുണ്ടാം ജഗതി തനയരിൽ
ദുഷ്ടയാമമ്മയുണ്ടോ? 4

എൺപത്തഞ്ചിന്നു മേലായ് ജനനി മമ വയ-
സ്സന്യദൈവങ്ങളെപ്പോയ്
കുമ്പിട്ടിട്ടില്ലയെന്നാൽ ബഹുവിധപരിച-
ര്യാദിയിൽ ഖേദിയായ് ഞാൻ
എൻപേരിൽ പ്രീതിയിന്നും തവ മനസി വരി-
ല്ലെങ്കിൽ ഞാനെന്തു ചെയ്യു-
ന്നൻപോടാരോടിരക്കുന്നിഭമുഖജനനീ-
യോർക്ക പോക്കറ്റുപോം ഞാൻ. 5

ചണ്ഡാളൻ ചാരുപൂന്തേൻ ചടുലമൊഴി പൊഴി-
ക്കുന്ന വാചാലനാകു-
ന്നുണ്ണാനില്ലാത്തിരപ്പാളിയുമുടനെ ഭരി-
ക്കുന്നു ലക്ഷപ്രഭുത്വം
കർണ്ണത്തിൽ ദേവി! മന്ത്രാക്ഷരമതു തവ പു-
ക്കാലതിൻ കാര്യമേവം
വർണ്ണം വർണ്ണ്യേ ജപിക്കേണ്ടതു ജനനി ജഗ-
ത്താരണീയാരറിഞ്ഞു? 6

സാപ്പിട്ടും കാളകൂടം ചുടലയിൽ മരുവി-
ച്ചാമ്പലുംപൂണ്ടു സർപ്പ-
ക്കോപ്പിട്ടും കൂറകൂടാതുഴറി ജട പിരി-
ച്ചും ചിരിച്ചും മഹേശീ,

---

(4) അഥവാ പോന്നു ഞാൻ അണുവളവു (സ്വല്പമെങ്കിലും) നിന്നടിക്കായ് (നിൻെറ മുമ്പിൽ) കാണിക്കയിട്ടില്ല. അനവധി-അതിരറ്റു. (5) ബഹുവിധപരിചര്യാദിയിൽ ഖേദിയായ് ഞാൻ -നിന്നെ പലവിധത്തിൽ സേവിക്കുന്നതിൽ താത്പര്യമുള്ളവനായതുകൊണ്ട്. ഇഭമുഖജനനി -ഗണപതിയുടെ അമ്മ. പോക്ക് -ഗതി. (6) കർണ്ണത്തിൽ തവ മന്ത്രാക്ഷരം പുക്കാൽ നിൻെറ മന്ത്രാക്ഷരം കേട്ടാൽ. അതിൻ കാര്യമേവം-അതിൻെറ ഫലം മുൻപറഞ്ഞവിധമാണ്. ജഗത്താരണീ-ലോക രക്ഷകേ. വർണ്ണ്യേ -വർണ്ണിക്കപ്പെടേണ്ടവളേ. വർണ്ണം ജപിക്കേണ്ടത്-ജപിക്കേണ്ട മന്ത്രം ഇന്നതാണെന്ന്. ആരറിഞ്ഞു -ആർക്കും അറിഞ്ഞുകൂടാ അഥവാ എനിക്കറിഞ്ഞുകൂടാ. (7) സാപ്പിട്ടും -ഭക്ഷിച്ചും. ചാമ്പൽ-ഭസ്മം. സർപ്പക്കോപ്പു -സർപ്പാഭരണം. കൂറകൂടാതെ -തുണിയില്ലാതെ (ദിഗംബരനായി). ആർപ്പിൽ ഭൂതങ്ങൾ മേയ്ക്കും-ആർപ്പിടുന്ന ഭൂതങ്ങളെ മേയ്ക്കുന്ന.

ആർപ്പിൽ ഭൂതങ്ങൾ മേയ്ക്കും പശുപതി തലയോ-
ടേന്തി സർവ്വേശനായി-
പ്പാർപ്പാൻ ഹാ നിൻെറ പാണിഗ്രഹണമഹിമയ-
ത്രേ പവിത്രേയിതെല്ലാം. 7

വേണ്ടാ മോക്ഷം മഹേശീ! മമ വിഭവമതും
വേണ്ട വേണ്ടാ വിവേകം
വേണ്ടാ വെൺചന്ദ്രബിംബദ്യുതിമുഖി! സുഖഭോ-
ഗങ്ങൾ യാതൊന്നുമെന്നാൽ
"ചണ്ഡീ! രുദ്രാണി! ദാക്ഷായണി! ഭഗവതി! ശ-
ർവ്വാണി! ഗൗരീ" തിയോതി-
ദ്ദണ്ണം കൈവിട്ടു കാലം കഴികിൽ മതിയിതെ-
ന്നത്രതാൻ പ്രാർത്ഥിതം മേ. 8

ആരാധിച്ചില്ല നിന്നെജ്ജനനി! വിവിധമാ-
യാഗമം ചൊന്നപോൽ ഞാൻ
പാരുഷ്യംപൂണ്ടൊരെൻ വാക്കുകൾ തവ ചരിതം
പാവനം പാടിയില്ല
കാരുണ്യം ദേവിയെന്നിൽ സപദി ഭവതി കാ-
ട്ടുന്നുവെന്നാലുമെന്നാൽ
പാരം ശോഭാവഹംതന്നതു തവ നിലയിൽ
ഗോത്രജേയത്രതന്നെ. 9

കഷ്ടം വരുമ്പൊഴിഹ ഞാൻ കരുതുന്നു നിന്നെ
തുഷ്ട്യാ പൊറുക്കയതു ദേവി! കൃപാംബുരാശേ,
ഒട്ടെൻെറ കുറ്റവുമിതല്ലയുമേ! വിശപ്പു
തട്ടുമ്പൊഴേ കരുതുവമ്മയെയർഭകന്മാർ. 10

എന്തിന്നു ചിത്രമതിലീശ്വരിയെന്നിലൻപു-
ചിന്തുന്നു ചേതസി നിനക്കു കനക്കയെങ്കിൽ
എന്തൊക്കെയോ വലിയ കുറ്റമിരിക്കുമെന്നാൽ
തൻ തോകകത്തെയൊരു തള്ള വിടില്ലയല്ലോ. 11

എന്നോടു തുല്യമൊരു പാതകിയെങ്ങുമില്ല
നിന്നോടു തുല്യമൊരു പാവനിതാനുമില്ല
എന്നുള്ളതെൻ ജനനിയുള്ളിൽ നിനയ്ക്കയെന്നി-
ലിന്നേതു യോഗ്യമതു ചെയ്യുക ദേവദേവീ! 12

---

(8) സ്പഷ്ടം (9) ആഗമം-ശാസ്ത്രം. സപദി-ഉടനെ. ശോഭാവഹംതന്നത്-അതു യോജിച്ചതുതന്നെ (10) അർഭകന്മാർ-കുട്ടികൾ. (11) തോകകം -കുട്ടി. (12) സ്പഷ്ടം.

അനുഗ്രഹപരമദശകം

"അ"ടിപ്പൂവേ പാർത്താലരിയ തുണയെ-
ന്നോർത്തു നിയതം
നടപ്പോരെന്മേലിക്കഠിനരുജ ചെ-
യ്യുന്നതഖിലം
വെടിപ്പോ വേദത്തിൻമുടിയിലമരും
ദേവ! ശിവ യി-
ക്കടുപ്പം കാട്ടൊല്ലാ കരുണയരുളീ-
ടേണമധുനാ. 1

"നു"തിക്കീ നീയോർത്താൽ നിഖിലജഗദീ-
ശാ, വിഷയമോ?
മതിക്കും മാനിപ്പാനരുതു തവ രൂ-
പം ശിവ! വിഭോ!
യതിക്കോ നീയല്ലാതൊരുവനൊരുപ-
റ്റില്ല, പരയാം
ഗതിക്കോ നിൻകാലാണറികിലൊരധി-
ഷ്ഠാനമമലം. 2

"ഗ്ര"ഹിക്കേണം നീയിദ്ദുരിതനിരയാം
ഗ്രാഹമതിനാൽ
ഗ്രഹിക്കപ്പെട്ടീടുന്നടിയനെയമ
ധ്വംസന! വിഭോ!
ഗൃഹിക്കും മൂവർക്കും ഗതികളരുളും
രുളും കൽപകതരോ
ഗ്രഹിക്കേണം വേഗാലഗതി പറയും
സങ്കടമഹോ. 3

ഇത് 1073 ധനുവിലെ വിദ്യാവിലാസിനിയിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ഒരു കൃതിയാണ്. കവിക്ക് എന്തോ രോഗം വന്നപ്പോൾ എഴുതിയതാണെന്നു തോന്നുന്നുണ്ട്. അരുവിപ്പുറത്തെപ്പറ്റി പറയുന്നതുകൊണ്ട് അവിടെവച്ച് എഴുതിയതായിരിക്കാം. (1) അടിപ്പൂവേ -അടിപ്പൂമാത്രം. കഠിനരുജ-കഠിനമായ രോഗം. രുജ ചെയ്യുന്നതഖിലം-വേദനയുണ്ടാക്കുന്നതൊക്കെ. വെടിപ്പോ-ഭംഗിയാണോ. വേദത്തിൻമുടിയിലമരും-വേദത്തിൽ പ്രധാനമായി പ്രതിപാദിക്കപ്പെടുന്ന. (2) നുതിക്കു നീ വിഷയമോ-നിന്നെ സ്തുതിക്കാൻ സാദ്ധ്യമാണോ. മതി-ബുദ്ധി. മാനിപ്പാൻ-അളക്കാൻ, അല്ലെങ്കിൽ ബഹുമാനിപ്പാൻ. യതി -മനോനിഗ്രഹംചെയ്ത മുനി. പറ്റ്-സഹായം, ബന്ധു. പരയാം ഗതി-മോക്ഷം. അധിഷ്ഠാനം-ആധാരം. (3) ഗ്രാഹം-മുതല. ഗ്രഹിക്കപ്പെട്ടീടുന്ന അടിയനെ എന്നു പദച്ഛേദം. യമധ്വംസന -കാലനെ കൊന്നവനേ. ഗൃഹിക്കും മൂവർക്കും-ഗൃഹസ്ഥാശ്രമിക്കും ബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി എന്നീ മറ്റു മൂന്നാശ്രമക്കാർക്കും. കൽപകതരു -കല്പവൃക്ഷം.

"ഹ"സിക്കുന്നെന്നാലും ഹരഹര ഭവദ്-
ഭക്തനനിശം
കൊതിക്കുന്നെന്തെല്ലാമതുകളുടനേ
നൽകുമയി നീ
അസുക്കൾക്കാനന്ദം വിളയുമൊരു
കേദാരപദമേ
വദിക്കുന്നില്ലേ നീ പശുപ! ഉമത-
ഉമതന്നാത്മസുഖമേ! 4

"പ"റഞ്ഞാലാകാ നിൻ പെരുമ പെരിയോ-
രൊക്കെയഖിലം
നിറഞ്ഞെങ്ങും തിങ്ങും ഗഗനവയിവാ-
യോതി മുടിയിൽ
അറിഞ്ഞീടാതേഴയ്ക്കതുകളധികം
ധികം ദൂരമതിനാൽ
കരഞ്ഞോതീടുന്നേൻ "കരുണ" പെരുമാ-
റേണമിവനിൽ. 5

"ര"മിക്കേണം നിന്മേൽ മതിയുമയി രോ-
ഗങ്ങളുടനേ
ശമിക്കേണം ശംഭോ! ശശിശകല ചൂ-
ഡാമണിയതും
സുരക്കേണിക്കല്ലോലകളുമെഴുമി-
ത്താപമഖിലം
ഹരിക്കാറാകേണം ശിവശിവ! മഹാ-
ദേവ! ശരണം. 6

---

(4) ഹസിക്കുന്നെന്നാലും-ഞാൻ ആക്ഷേപിക്കുന്നു എങ്കിലും, അല്ലെങ്കിൽ എന്നെ നിസ്സാരമാക്കുന്നു എങ്കിലും. അസുക്കൾ-പ്രാണങ്ങൾ. കേദാരപദം-വയൽ. വദിക്കുന്നില്ലേ നീ-നീ പറയുന്നില്ലേ. (5) പെരിയോരൊക്കെ-മഹത്തുക്കളൊക്കെ. അഖിലം നിറഞ്ഞെങ്ങും തിങ്ങും -എല്ലാം നിറഞ്ഞു സർവ്വത്ര മുറ്റുന്ന. ഗഗനവടിവായ് -ആകാശസദൃശമായ്. ഓതി-പറഞ്ഞു. മുടിയിൽ ആദ്യമേ അറിഞ്ഞീടാത് -അറിഞ്ഞുകൂടാ. ഏഴയ്ക്കു-ഏഴയായ എനിക്ക്. അധികം ദൂരമതിനാൽ -അധികംദൂരെ ആയതുകൊണ്ട്. എന്റെ ബുദ്ധി പ്രാപിക്കാൻ പാടില്ലാത്തവിധം അത്ര അകലത്തിലായതുകൊണ്ട്. പെരുമാറണം-കാണിക്കണം, പ്രയോഗിക്കണം. (6) മതി -ബുദ്ധി. നിന്മേൽ രമിക്കേണം-നിന്നെ ചിന്തിച്ചു സുഖിക്കണം. ശശിശകലചൂഡാമണിയതും-ചന്ദ്രക്കലയാകുന്ന നിന്റെ മുടിയലങ്കാരമായ രത്നവും. സുരക്കേണിക്കല്ലോലകളും-ദേവനദി(ഗംഗ)യിലെ തിരകളും. എഴുമിത്താപം-എഴുന്നതായ (ഉണ്ടായത്, വർദ്ധിച്ചത്) എന്റെ സന്താപം. ഹരിക്കാറാകേണം-നശിപ്പിക്കുമാറാകണം. ചന്ദ്രക്കലയും നദിയും ശീതളങ്ങളാണല്ലോ.

"മ"റത്തുമ്പേ! യമ്പേ! മനസി കുതുനം
നൽകി മതിയിൽ-
പ്പൊറുത്തെൻപേയെല്ലാം പരമസുഖമേ-
കീടുക സദാ
പുറത്തുമ്പക്കമ്പക്കഠിന പരിതാ-
പം കളകരീ-
പ്പുറത്തമ്പും നാഥാ പരമശിവ! മാ-
ണിക്യമലയേ! 7

"ദ"ശാദോഷംപോലും ദയവു തവ വ-
ന്നാകിലുടനേ
ദശാവസ്ഥാം പ്രാപിച്ചിടുമതിനുകി-
ല്ലില്ല ശിവനേ
വിശാലം കാലൻതന്നുടലു പൊടിയാ-
ക്കിപ്പദമതും
ശ്മശാനം മാരന്നും നയനപുടമെ-
ന്നോ തവ വിഭോ! 8

"ശ" കാരിക്കാമല്ലോ ശരണമടയു-
ന്നേഴയെ മനോ-
വികാരം ചേർത്തീടും പിണികളുടലിൽ-
ച്ചെയ്ക മുറയോ?
മകാരത്തിൽത്തങ്ങും മതിധര! ജയി-
ക്കെന്നനിശമി-
പ്രകാരം ചൊല്ലീടാനരുളുക പരാ-
നന്ദപദമേ! 9

"ക" മാനാഥന്മാരും മുടിയുമടിയും
തേടി വെറുതേ
സമാനം മാനംവിട്ടടിയനടി കാ-
ണാവതെളുതോ

---

(7) മറത്തുമ്പേ-വേദപ്രധാനപ്രതിപാദ്യ വിഷയമേ. എൻപേയെല്ലാം-എൻെറ തെറ്റെല്ലാം. പൊറുത്തു-ക്ഷമിച്ചു. പുറത്തുമ്പക്കമ്പക്കഠിനപരിതാപം-പുറത്തെ (സംസാരസംബന്ധമായ) ദുഃഖത്തിൻെറ കമ്പ(ഭ്രമ)ത്താലുള്ള വേദന. അരീപ്പുറത്തമ്പും-അരുവിപ്പുറത്തു വിലസുന്ന. (8) ദശാദോഷംപോലും-വിധിവശാലുള്ള കാലക്കേടുപോലും. തവ ദയവു വന്നാൽ-നിൻെറ ദയവുണ്ടായാൽ. ദശാവസ്ഥ പ്രാപിച്ചിടും-നാശമടയും. കില്ല് -സംശയം. തവ നയനപുടം-നിൻെറ കണ്ണ്. വിശാലം -വലിയ. കാലന്തന്നുടല് -കാലൻെറ ശരീരം. മാരന്നും-കാമനും. ശ്മശാനം പദമതും -ശ്മശാനസ്ഥാനമായി. എന്നോ-എത്രയോ മുമ്പേതന്നെ. (9) ശരണമടയും-ശരണംപ്രാപിക്കുന്ന. ഏഴയെ-ഏഴയായ എന്നെ. ശകാരിക്കാമല്ലോ-ശാസിക്കാമല്ലോ. മനോവികാരം ചേർന്നിടും-മനോവേദനയുണ്ടാക്കുന്ന. പിണികൾ-രോഗങ്ങൾ. ഉടലിൽ ചെയ്ക മുറയോ-ദേഹത്തിൽ ഉണ്ടാക്കുന്നതു ധർമ്മമാണോ. മതിധര-ചന്ദ്രക്കലാധര. പരമാനന്ദപദമേ-പരമാനന്ദസ്ഥാനമേ.

സുമൗനംപൂണ്ടോർക്കോ സുലഭമതിനാ-
ലിന്നതരുളി
പ്രമാണം ദീനം തീർത്തടിയനെയണ-
ച്ചാളുക വിഭോ! 10

കാമിനീഗർഹണം

മണ്ണപ്പുമാരുതമിവറ്റിൽ മുളച്ചെഴുന്ന-
പിണ്ഡത്തിലും പെരുമയെന്തു നമുക്കു പാർത്താൽ
കണ്ണേറുകൊണ്ടു കലുഷക്കടലിൽക്കമഴ്ത്തും
പെണ്ണുങ്ങളും പുഴുവു തിന്നു പൊലിഞ്ഞുപോകും. 1

പൂഞ്ചേലകൊണ്ടു പുതുമേനി പുതച്ചു പാരം
കൊഞ്ചിക്കുഴഞ്ഞു കുഴൽകെട്ടി വരുന്ന പെണ്ണും
പഞ്ചത്വമായ് പെരിയ പേക്കഴുവിൻ മുഴുത്ത
ചഞ്ചൂപുടത്തിനിരയായ്ച്ചമയുന്നു കണ്ടോ? 2

പൊന്താളച്ചെറുകുളിർകൊങ്ക ചേലചുറ്റി-
ച്ചെന്താളിൻപ്രതിയധരങ്ങൾ പൊത്തി മെല്ലേ
പന്തോളം പൊലിമപെറുന്ന കുണ്ഡലത്തിൻ
ചുന്തോളം ചുടുമിഴി ചൂണ്ടിനിന്നു കൊല്ലും. 3

സംസാരാദികരാളഭാവശിഖിയിൽ-
ച്ചാടിച്ചുടുന്നേരമ-
ക്കംസാരാതി കൃപാകടാക്ഷമഴയൊ-
ന്നേവർക്കുമാലംബനം

---

(10) കമാനാഥന്മാരും-കനും മാനാഥനും (ബ്രഹ്മാവും വിഷ്ണുവും). മുടിയും അടിയും തേടി-നിൻെറ ആദ്യവും അന്തവും കണ്ടുപിടിക്കാൻ ശ്രമിച്ചു. സമാനം മാനം വിട്ടു-തുല്യമായി തോറ്റു ലജ്ജിതരായി. പിന്നെ അടിയനു നിൻെറ അടി കാണുവാൻ എളുപ്പമാണോ. സുമൗനംപൂണ്ടോർക്കോ സുലഭം -മുനിമാർക്കത് എളുപ്പമാണ്. അതുകൊണ്ട് അത് -മൗനം. അരുളി -നല്കി. പ്രമാണം ദീനം -വലിയ രോഗം. അണച്ചാളുക -അരികത്താക്കി രക്ഷിക്കുക.

(1) മണ്ണ് -ഭൂമി. അപ്പ് -വെള്ളം. മാരുതം -വായു. ഇവറ്റിൽ മുളച്ചെഴുന്ന-പഞ്ചഭൂതങ്ങളിൽനിന്നുണ്ടായ. കണ്ണേറുകൊണ്ടു-നോട്ടങ്ങൾകൊണ്ട്. കലുഷക്കടലിൽ കമഴ്ത്തും -പാപക്കടലിൽ മുക്കുന്ന. (2) കുഴൽ-മുടി. പഞ്ചത്വമായ് -അഞ്ചു ഭൂതങ്ങളായി പിരിഞ്ഞു. മരിച്ചു എന്നു സാരം. പേക്കഴുക് -പേക്കഴുകൻ. ചഞ്ചുപുടം -കൊക്ക്. (3) പൊന്താളച്ചെറുകുളിർകൊങ്ക -പൊന്താളംപോലെ (അതു പോലെ നിറവും വൃത്തവും ഉള്ള)യുള്ളതും ചെറിയ കുളിരുണ്ടാക്കുന്നതുമായ മുല. ചെന്താളിൻപ്രതിയധരങ്ങൾ -തളിരുപോലുള്ള ചുണ്ടുകൾ. പൊലിമ-വലുപ്പം. പെറുന്ന -ഉള്ള. കുണ്ഡലം -കർണ്ണാഭരണം. ചുടുമിഴി -ചുടുന്ന കണ്ണ്. ചൂണ്ടിനിന്നു കൊല്ലും -കടാക്ഷംകൊണ്ടു കൊല്ലുമെന്നു സാരം. (4) സംസാരാദികരാളഭാവശിഖി -സംസാരം ആദിയായുള്ള കഠിനമായ കാട്ടുതീ (സംസാരമാകുന്ന ആദിശിഖി എന്നും

അംസേ രാഗഭരണേ ബാഹുലതയാ
കെട്ടിപ്പുണർന്നക്രമം
സംസാരിപ്പവരോടു ചേർച്ച സുകൃത-
ച്ചോർച്ചയ്ക്കു നൽക്കാരണം. 4

ഏഴപ്പെണ്ണിലിരങ്ങുമിമ്പമതിലി-
ന്നെന്തിത്ര കാര്യം വൃഥാ
കീഴിൽക്കേവലശീലമിക്കൃമികളും
ക്രീഡിച്ചു കണ്ടീലയോ
താഴത്തുന്നു കരേറിവന്നു തപസാ
സിദ്ധിച്ചൊരിപ്പൗരുഷം
പാഴിൽ കൈവെടിയൊല്ല പാപമതിലേ
പോകൊല്ല പൊന്നുള്ളമേ! 5

ഘോരാകാരാട്ടഹാസപ്രകടിതകലഹം
മൃത്യു വന്നെത്തിനോക്കു-
ന്നേരം നാരീജനാനാം കളികളുമിളിയും
നോക്കുമൂക്കുള്ള വാക്കും
പോരാ പോരിൽത്തടുപ്പാൻ പരമശിവപദാം-
ഭോജരേണുപ്രസാദം
പോരാ പോരും കൃതാന്തപ്രതിഭയമകല-
ത്താക്കുവാനാർക്കുപോലും. 6

പൂന്തേൻവാണികളോടിടഞ്ഞനുദിനം
താന്തോന്നിവാസം പറ-
ഞ്ഞെന്തയ്യോ! മദനാന്തകാരിമനനം-
പോലും മറന്നീവിധം
സന്തോഷിച്ചു തകർത്തിടുന്നു, മുസലം
കൈക്കൊണ്ടു കാലാന്തകൻ
വന്തിട്ടാൽ തകരാറുതന്നെ തകരും
നിന്മേനി നന്മോഹനം. 7

(അപൂർണ്ണം)

എടുക്കാം). കംസാരാതി -വിഷ്ണു. ആലംബനം-ആശ്രയം. അംസേ-തോളിൽ. രാഗഭരേണ-അനുരാഗവായ്പോടുകൂടി. ബാഹുലതയാ-ലതപോലെയുള്ള കൈ കൊണ്ട്. അക്രമം സംസാരിപ്പവരോടു-അന്യായമായ രതിവിഷയം പറയുന്ന തായ സ്ത്രീകളോട്. ചേർച്ച -സംസർഗ്ഗം. സുകൃതച്ചോർച്ച -പുണ്യക്ഷയം. (5) ഏഴ പ്പെണ്ണിൽ-പാവപ്പെട്ട പെണ്ണിൽ. ഇരങ്ങും-കനിയും. ഇമ്പം-സുഖം. കീഴിൽ-താഴെ. കേവലശീലം-സ്വാഭാവികമായി. താഴത്തുന്നു-താഴെയുള്ള ജന്മങ്ങളിൽ നിന്ന്. തപസാ-തപസ്സു കൊണ്ട്. പൗരുഷം-മാനുഷത്വം. ഉള്ളമേ-മനസ്സേ. (6) ഘോരാ കാരാട്ടഹാസപ്രകടിത കലഹം -ഘോരമായ വേഷത്താലും അട്ടഹാസത്താലും വിരോധം പ്രകടിപ്പിക്കുന്ന. മൃത്യു-മരണം (കാലൻ). നാരീജനാനാം -സ്ത്രീകളുടെ. ഊക്കുള്ള -ശക്തിയുള്ള. പോരിൽ -യുദ്ധത്തിൽ (മൃത്യുവിൻെറ യുദ്ധത്തിൽ.) കൃതാ ന്തപ്രതിഭയം-കാല നാകുന്ന ഭയങ്കരനെ. (7) മദനാന്തകാരിമനനം -കാമൻേറയും കാലൻേറയും ശത്രു വായ ശിവനെപ്പറ്റിയുള്ള വിചാരം. തകർന്നിടുന്നു -മദിച്ചിടുന്നു. മുസലം-ദണ്ഡ്. കാലാന്തകൻ-കാലനായ അന്തകൻ. വന്തിട്ടാൽ -വന്നാൽ.

വിഭൂതി

കാരുണ്യംകൊണ്ടു കാണുന്നുലകിടമഖിലം
തീർത്തു കാത്തും കടാക്ഷ-
പ്രാരംഭംപൂണ്ടു ലോകേശ്വരിയൊരുമപെടും
വാമനാം വാമദേവൻ
പാരിൽ ഭൂതേശനെന്നാകിലുമണിയുമുടൻ
ഭൂതിമാനേതുകൊണ്ടും
ഭൂരിക്ഷേമം വളർക്കും പ്രഥിതഭസിതമേ!
നിൻപദം കുമ്പിടുന്നേൻ. 1

നിന്നെക്കൊണ്ടാണു ലോകം നിരവധി വിധമായ്
നീരജാസൻ ചമയ്ക്കു-
ന്നിന്നും നീയാണു നിന്നാലുടനഖിലജഗത്-
പാലകൻ നീലവർണ്ണൻ
നിന്നെ പ്രാപിച്ചു നീയായഴിയുമഖിലവും
നിർമ്മലജ്യോതിരീശൻ
തന്നെച്ചൂഴുന്ന മൂലപ്രഥിതഭസിതമേ!
നിൻപദം കുമ്പിടുന്നേൻ. 2

അൻപിൽക്കൈകൂപ്പിയാമ്നായവുമറിവുപെറു-
ന്നാഗമാഭോഗവുന്നി-
ന്നിമ്പപ്രാചുര്യധുര്യപ്രബലഫണിതികൊ-
ണ്ടെത്രയോ ചിത്രഗാനം
തുമ്പില്ലാതോതിയോതി സ്തുതിമുഖരമുഖം
നിന്നു വാഴ്ത്തുന്ന വന്ദ്യ-
ത്തുമ്പപ്പൂവൊത്ത ശുദ്ധത്രിപുരഭസിതമേ!
നിന്നെ ഞാനുന്നിടുന്നേൻ. 3

പാപാരണ്യത്തിലെത്തിപ്പരിചിനൊടു പിടി-
ക്കുന്ന ഖണ്ഡാവബോധ-
ത്തീ പായുന്നിന്നെയുന്നി ത്രിഭുവനപടലം
വിട്ടു മേൽപോട്ടു പോവാൻ
സോപാനംപോലെ നെറ്റിത്തടമതിലണിയു-

---

(1) വാമൻ-സുന്ദരൻ. വാമദേവൻ-ശിവൻ. ഭൂതി-ഭസ്മം (ഐശ്വര്യമെന്നും). പ്രഥിതം-പ്രശസ്തം. ഭസിതം-ഭസ്മം. (2) നീരജാസൻ-ബ്രഹ്മാവ്. നീയായഴിയും-ഭസ്മമായിത്തീരും. നിർമ്മലജ്യോതിരീശൻ-ശിവൻ. ചൂഴുന്ന-ചുറ്റിയിരിക്കുന്ന (മുഴുകിയിരിക്കുന്ന). (3) ആമ്നായം-വേദം. ആഗമാഭോഗം-ശാസ്ത്രസമ്പത്ത്. ഇമ്പപ്രാചുര്യധുര്യപ്രബലഭണിതി-മനോഹരതയുടെ ആധിക്യത്തെ വഹിക്കുന്ന പ്രബലങ്ങളായ വർണ്ണനകൾ. ചിത്രഗാനം-മനോഹരമായ പാട്ട്. സ്തുതിമുഖരമുഖം-സ്തുതികൾകൊണ്ടു ശബ്ദായമാനമായ മുഖത്തോടുകൂടെ.

ന്നിൻെറ പുണ്യത്രിപുണ്ഡ്ര-
ശ്രീപാദത്തിന്നു നിത്യം ശിരസി കരമെടു-
ത്തമ്പൊടും കുമ്പിടുന്നേൻ. 4

ഭീമാടോപപ്രപഞ്ചഭ്രമണമതിൽ വല-
യ്ക്കുന്ന കന്ദർപ്പഗാത്രം
ധീമാക്ഷജ്യോതിരാവിശ്ശിഖമുനയിലെരി-
ഞ്ഞന്തമായ് വെന്തുനീറി
ഭീമജ്യോത്സ്നാസമാനം സുഷമയൊടവശേ-
ഷിച്ചു ഭൂഷിച്ചു നിത്യം
സോമസ്വാമിപ്രസാദപ്പെരുമ തടവിടും
ഭസ്മമന്തഃസ്മരാമി. 5

പരമപഞ്ചകം

നിരയാ നിരയായ് നിരയായ്
നിരയാംഭോധിക്കു നിയതമകലത്തായ്
വരയാ വരയാ വരയായ്
വരയാറും വിട്ട വരയെ വന്ദിക്കാം. 1

മറവാമറവായ് മറവായ്
മറവാവല്ലാത മണിവിളക്കായി
നിറവാനിറവായ് നിറവായ്
നിറവായമൃതായ നിലയെ വന്ദിക്കാം. 2

---

(4) പാപാരണ്യം-ലോകം. ഖണ്ഡാവബോധം-അപൂർണ്ണജ്ഞാനം. പടലം-സമൂഹം. സോപാനം -പടി. ത്രിപുണ്ഡ്രം-മൂന്നു വരകൾ. (5) ആടോപം-അഹങ്കാരം. കന്ദർപ്പൻ-മന്മഥൻ. ഭീമാക്ഷജ്യോതിസ്സ്-ഭയങ്കരമായ കണ്ണിൽനിന്നു പുറപ്പെട്ട അഗ്നി. ഭീമജ്യോൽസ്നാ-സമ്പൂർണ്ണമായ പൂനിലാവ്. സുഷമ-ശോഭ. ഭൂഷിച്ച് -അലങ്കരിച്ച്. സോമസ്വാമി -ചന്ദ്രൻ.

(1) നിരയാ-നിരക്കാത്ത (ഐകരൂപ്യമില്ലാത്ത). നിരയായ് -നിരപ്പായ് (ഐകരൂപ്യം). നിര-സമൂഹം (പ്രപഞ്ചം). നിരയാംഭോധി -പാപസമുദ്രം. വരയാ-വരയ്ക്കാൻ വയ്യാത്ത (അവർണ്ണനീയമായ). വരയാ-വര (വർണ്ണന)കൊണ്ട് (സന്ദർഭേ സംസ്കൃതീകൃതാ ച). വരയായ് -വർണ്ണിക്കപ്പെടേണ്ടവൾ. വരയാറ് -സ്വാധിഷ്ഠാനാദി ഷഡാധാരങ്ങൾ. വര -അധിഷ്ഠാനദേവത. (2) മറവാമറവായ് -മറന്നു പോകാത്ത മറവിയായ്. മറവ് -ആവരണം. മറവാവല്ലാത -എപ്പോഴും പ്രകാശിക്കുന്ന. നിറവാനിറവായ് -പൂർണ്ണമാകാത്ത പരിപൂർണ്ണതയായി. നിറവായ് -ശോഭയായ്. നിറവായമൃത് -വായ് നിറഞ്ഞിരിക്കുന്ന അമൃത്. നില -അവസ്ഥ.

തിരയാതിരയാ തിരയായ്
തിരയാറീടുന്ന തിരുവരുൾക്കടലായ്
പരയാ പരയാപരയാ
പരയാ പരയായ പദവി വന്ദിക്കാം. 3

തിരിയാതിരിയാതിരിയായ്
തിരിയാദരിയാതയെരിയുമെരിയായി
പിരിയാപിരിയാ പിരിയായ്
പിരിയാതരുളുന്ന പിടിയെ വന്ദിക്കാം. 4

മറയാ മറയാ മറയായ്
മറയാലറിയാത മതിയിലും മതിയായ്
പറയാ പറയാ പറയായ്
പറയാവല്ലാത പദയുഗം പണിയാം. 5

---

(3) തിരയാ-തിരയാൽ. അതിരയാ-വളരെ വേഗമുള്ളത്. തിരയാറീടുന്ന-തിരമാലകൾ ശാന്തമായ. തിരുവരുൾ കടല്-കാരുണ്യസമുദ്രം. പര-ശ്രേഷ്ഠം. പര-അന്യ. അപര-അന്യമല്ലാത്തത്. പര-തത്പര. (4) തിരിയാതിരിയാത-തിരിഞ്ഞു പോകാതിരിക്കാത്ത. ഇരി-ഇരിപ്പ്. തിരിയാദരിയാത-തിരി ആവശ്യമില്ലാത്ത. എരിയുമെരി-എരിവിളക്ക്. പിരിയാപിരിയാ-ഒരിക്കലും പിരിയാത്ത. പിരി-ഉറപ്പ്. പിടി-അവലംബം. (5) മറയാമറയാ-ഒരിക്കലും മറയാത്ത. മറ-മറവ്. മറയാലറിയാത-വേദാഭ്യാസമില്ലാത്ത. മതി-ബുദ്ധി. മതിയായ്-പോരുന്നതായ്. പറയാപറയാ-ഒരിക്കലും പറയാൻ വയ്യാത്ത. പറ-വർണ്ണന. പറയാവല്ലാത-അവർണ്ണ്യമായ.

സൗന്ദര്യലഹരി

1901

അവതരണിക

സൗന്ദര്യലഹരി ലോകഗുരുവായ ശങ്കരാചാര്യസ്വാമികളുടെ കൃതികളിൽവെച്ച് അശേഷം അപ്രധാനം അല്ലാത്ത ഒരു ഗ്രന്ഥവും കൗളസിദ്ധാന്തികൾക്കു വിശേഷിച്ചും ആരാധനീയമായ ഒരു പ്രമാണവും ആകുന്നു. മാന്ത്രികതാന്ത്രികങ്ങളായ വിഷയങ്ങളെ പ്രായേണ അന്തർവഹിച്ചിട്ടാണെങ്കിലും കർണ്ണാനന്ദകരങ്ങളായ സ്തോത്രങ്ങളായി ഗ്രഥിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പ്രബന്ധത്തോളം പ്രചാരത്തിൽ വ്യാപകത്വം ആചാര്യസ്വാമികളുടെ വേദാന്താദിവിഷയങ്ങളായ ഇതര ഗ്രന്ഥങ്ങൾക്കുപോലും ഇല്ലെന്നുള്ള വാസ്തവവും ഇതിനെ വിശേഷിപ്പിക്കുന്നുണ്ട്.

ആസേതുഹിമാചലം സംസ്കൃതഭാഷയിൽ ഈഷദ്ജ്ഞാനം ഉള്ള ഒരുവനും സൗന്ദര്യലഹരിയിൽ പരിശേഷാൽ ഒരു പദ്യമെങ്കിലും വശമായിരിക്കും. ഭാഷാജ്ഞാനം ലേശം ഇല്ലാത്തവർപോലും ചിലപ്പോൾ അതിന്റെ പദാനുപൂർവ്വിയുടെ അതിമോഹനയായ പരിപാടിയാൽ ആകൃഷ്ടന്മാരോ എന്നു തോന്നുമാറ് അപഭ്രംശമായിട്ടെങ്കിലും അതിലെ പദ്യങ്ങളെ ഗാനം ചെയ്ത് ആനന്ദമഗ്നന്മാരായിരിക്കുന്നതും നാം കാണുന്നു. സംസ്കൃതത്തിൽ ബഹുക്കളായ സ്തോത്രപ്രബന്ധങ്ങളിൽനിന്നും ഇതിനുള്ള ഗുണവിശേഷത്തിന് ഇവ സ്ഥൂല നിദർശനങ്ങളാകുന്നു.

ആർത്ഥികമായും ശാബ്ദികമായും ഉള്ള മാധുര്യങ്ങൾ അല്ലെങ്കിൽ സൗന്ദര്യങ്ങൾ സർവ്വത്ര അഭിന്നമായി ഒഴുകിക്കൊണ്ടിരിക്കുന്ന ഈ പ്രബന്ധത്തിനു സ്വതസ്സിദ്ധമായ മനോഹരത്വംകൊണ്ടുതന്നെയാണ് പൂജ്യപാദനായ ഗ്രന്ഥകർത്താവിനാൽ 'സൗന്ദര്യലഹരി' എന്നു നാമകരണം ചെയ്യപ്പെട്ടു എങ്കിൽ അത് എത്ര സമുചിതമായിരിക്കുന്നു.

സ്വഭാഷയിൽ ഗ്രന്ഥനിർമ്മാണത്തിനു സാമാന്യം വാസനയും ശക്തിയും ഉള്ള ഒരുവന് ഇതരഭാഷകളിൽ അത്യന്തം സുഖപ്രദങ്ങളായ ഗ്രന്ഥങ്ങളെ കാണുമ്പോൾ അവയെ സ്വഭാഷയിൽ പരിണമിപ്പിക്കണം എന്നു പ്രായേണ ഒരു മോഹം ഉണ്ടാകുന്നതു സ്വാഭാവികമാണെങ്കിൽ എനിക്കും ഇതിന്റെ ഭാഷാന്തരാനയനത്തിൽ പ്രവർത്തിക്കുന്നതിനു കാരണാന്തരം ഉണ്ടായിരുന്നില്ല.

സൗന്ദര്യലഹരി സമ്പൂർണ്ണം ഭാഷാന്തരംചെയ്ത് അവസാനിച്ചിട്ട് ഇപ്പോൾ സംവത്സരം നാലിൽ അധികമായിരിക്കും. എന്നാൽ 73 -ാമാണ്ടിടയ്ക്ക് ഇത് വിദ്യാവിലാസിനിയിൽ അല്പാല്പമായി പ്രസിദ്ധപ്പെടുത്തി വന്നിരുന്നു. എങ്കിലും ആ മാസിക തൽക്കാലം നിന്നുപോകയാലും എന്റെ ദേശാന്തരനിവാസം നിമിത്തവും മുഴുവൻ അച്ചടിച്ചു പ്രസിദ്ധപ്പെടുത്താൻ ഇപ്പോഴാണു സാധിച്ചത്.

മൂലത്തിലെ ഗഹനങ്ങളും വിശാലങ്ങളും ആയ അർത്ഥങ്ങളെ സമുചിതമായ സന്ദർഭഭംഗിയോടുകൂടെ ഭാഷയിൽ പ്രതിഫലിപ്പിപ്പാൻ ഞാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. എന്നാൽ ചില പദ്യങ്ങൾക്കു ശ്രവണമാത്രത്തിൽ

അർത്ഥബോധം ഉണ്ടാകുന്നില്ല എങ്കിൽ വിഷയവിശേഷോപാധികമായ ആ വിളംബം മൂലത്തിലും അപ്രകാരം ഉള്ളതാണ്. അപൂർവ്വം ചില സാങ്കേതികപദ ങ്ങളെ യഥോക്തമായിത്തന്നെ പ്രയോഗിക്കേണ്ടിവന്നിട്ടുള്ളത് അന്യഥാകരിപ്പാൻ പാടില്ലാത്തവയും ആകുന്നു. ഇതു പണ്ഡിതന്മാരോടു പൂർവ്വനിവേദനം ചെയ്യുന്നതു സാഹസമാണെങ്കിലും മദ്ധ്യമന്മാരെ സംബന്ധിച്ചിടത്തോളം ഇവിടെ പ്രസ്താവിച്ചത് അസന്ദർഭോചിതമായിരിക്കുമെന്നു തോന്നുന്നില്ല.

'ദക്ഷിണം' അല്ലെങ്കിൽ സമയിമതത്തെ അവലംബിക്കുന്ന കേരളകൗളന്മാർക്കും സാധാരണക്കാർക്കും സനാതനിയായ ചിച്ഛക്തിയെ സ്തോത്രം ചെയ്യുന്നതിൽ ഈ 'ഭാഷാസൗന്ദര്യലഹരി' അത്യല്പമായിട്ടെങ്കിലും ഉപയുക്തയാകുന്നപക്ഷം ഏതദ്വിഷയകമായ എന്റെ ശ്രമം സഫലമായെന്നു വിചാരിക്കുകയും വക്തവ്യശേഷത്തിന് ഇതിന്റെ തർജ്ജമ സമാപിച്ച കാല ത്തുതന്നെ ഞാൻ എഴുതീട്ടുണ്ടായിരുന്ന ഒരു സംസ്കൃതപദ്യത്തെ താഴെ ചേർത്തുംകൊണ്ട് ഈ അവതരണികയെ ഇവിടെ അവസാനിപ്പിച്ചുകൊള്ളു കയും ചെയ്യുന്നു.

വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ ശങ്കരഗുരോ-
ർഗ്ഗഭീരാ ഗൂഢാർത്ഥൈർഭുവി ഗഗനഗംഗേവ ജയതി
തദീയേയം ഭാഷാ മമ ഭവതു സൗന്ദര്യലഹരീ
യഥാ ദൈവീ മൂർത്തിഃ പരിണമതി മൃത്സ്നാപ്രതികൃതിഃ.

അരുവിപ്പുറം,
12.6.1901

എൻ. കുമാരനാശാൻ

പൂർവ്വഭാഗം

ചൊല്ലേറും ശക്തിയോടൊത്തിഹ ശിവനഖിലം
ചെയ്യുവാൻ ശക്തനാകു-
ന്നല്ലെന്നാൽ ചെററനങ്ങുന്നതിനുമറികിലാ-
ദ്ദേവനാളല്ലയല്ലോ;
മല്ലാക്ഷൻ ശംഭുമുമ്പാം മഹിതവിബുധരാൽ
മാന്യയാം നിന്നെ വാഴ്ത്തി-
ച്ചൊല്ലാനും കുമ്പിടാനും ജനനി പുനരിതാ-
ക്കാവു പുണ്യം പെറാഞ്ഞാൽ? 1

നിമ്പാദാംഭോരുഹത്തീന്നിളകിയ നിതരാം
സൂക്ഷ്മമാം ധൂളിജാലം
സമ്പാദിച്ചിട്ടു ധാതാവഖിലഭുവനവും
ദേവി! സൃഷ്ടിച്ചിടുന്നു;
അംഭോജാക്ഷൻ പണിപ്പെട്ടതിനെയഥ ശിര-
സ്സായിരംകൊണ്ടുമാളു-
ന്നമ്പിൽ ധൂളീകരിച്ചിട്ടമലഭസിതമാ-
യീശനും പൂശിടുന്നു. 2

ആദിത്യദ്വീപമല്ലോ ഭവതിയിരുളക-
റ്റാനവിദ്യാവശന്നും
ചൈതന്യപ്പൂംകുലയ്ക്കുള്ളൊഴുകിയ ചെറുതേൻ-
കേണിയല്ലോ ജഡന്നും
ഏതാനും സ്വത്തുമില്ലാത്തവനുമരിയ ചി-
ന്താമണിശ്രേണിയല്ലോ
മാതാ ജന്മാബ്ധിയാഴുന്നവനുമിഹ മഹാ-
ദംഷ്ട്രിതൻ ദംഷ്ട്രയല്ലോ. 3

ആമോദംപൂണ്ടു കൈകൊണ്ടമരരഭയമോ-
ടൊത്തഭീഷ്ടം കൊടുക്കും;
നീമാത്രം ദേവി! യെന്നാൽ നലമൊടവയെ ന-
ല്കുന്നതമ്മട്ടിലല്ലാ;
ഭീ മാറ്റിപ്പാലനംചെയ്‌വതിനുമുടനഭീ-
ഷ്ടാധികം നൽകുവാനും
സാമർത്ഥ്യം പൂണ്ടതോർക്കിൽ തവ കഴലിണയാ-
കുന്നു ലോകൈകനാഥേ! 4

പണ്ടംഭോജാക്ഷനാര്യേ! പ്രണതനു ബഹുസൗ-
ഭാഗ്യമേകുന്ന നിന്നെ-
ത്തെണ്ടിസ്ത്രീവേഷമാർന്നാ ത്രിപുരഹരനുമു-
ണ്ടാക്കി പാരം വികാരം;
തണ്ടാരമ്പൻ ഭജിച്ചും രതിയുടെ നയനം
നക്കുവാൻതക്ക മേനി-
ത്തണ്ടാർന്നുംകൊണ്ടു തത്തൻമുനികൾമനമിള-
ക്കാനുമൂക്കാർന്നിടുന്നു. 5

ഒക്കെപ്പൂവാണു വില്ലും, ശരമതു വെറുമ-
ഞ്ചാണു, വണ്ടാണു ഞാണും
തെക്കൻകാറ്റാണു തേരും, സുരഭിസമയമൊ-
ന്നാണു കാണും സുഹൃത്തും;
നിൽക്കട്ടേകാകിയാണെങ്കിലുമയി ഗിരിജേ
നിൻകടാക്ഷത്തിലേതോ
കൈക്കൊണ്ടുംകൊണ്ടനംഗൻ ഭുവനമഖിലവും
നിന്നു വെല്ലുന്നുവല്ലോ. 6

കാഞ്ചീനാദം പൊഴിഞ്ഞും കഠിനകുചഭരം
കൊണ്ടു മെല്ലെക്കുനിഞ്ഞും
ചഞ്ചന്മദ്ധ്യം മെലിഞ്ഞും ചതുരതരശര-
ച്ചന്ദ്രതുണ്ഡം കനിഞ്ഞും
പൂഞ്ചാപം പുഷ്പബാണം ഭുജമതിലഥ പാ-
ശാംകുശം പൂണ്ടുമമ്പാ-
ന്നെഞ്ചാരത്തായ് വരട്ടേ പുരരിപുഭഗവാൻ-
തൻെറ തൻേറടദംഭം. 7

ആ പീയൂഷാർണ്ണവത്തിൻ നടുവിലമരദാ-
രുക്കൾ ചൂഴുന്ന രത്ന-
ദ്വീപത്തിൽ പൂംകടമ്പിന്നിടയിലരിയ ചി-
ന്താശ്മവേശ്മോദരത്തിൽ
ശോഭിക്കും ശൈവമഞ്ചോപരി പരമശിവൻ
തൻെറ പര്യങ്കമേലും
ദീപാനന്ദോർമ്മിയാകും ഭവതിയെ നിയതം
കുമ്പിടും പുണ്യവാന്മാർ. 8

ഒന്നാമാധാരചക്രം നടുവിലവനി ര-
ണ്ടാമതുള്ളഗ്നിതത്ത്വം
മൂന്നാമത്തേതിലംഭസ്സതിനുപരി മരു-
ത്തപ്പുറത്തഭ്രമേവം
പിന്നെ ഭ്രൂമദ്ധ്യമേലും മനമൊടു കുളമാർഗ്ഗ-
ങ്ങളെല്ലാം കടന്നാ-

പ്പൊന്നംഭോജാകരത്തിൽ ഭവതി പതിയൊടും
ഗൂഢമായ് ക്രീഡയല്ലീ? 9

തൃപ്പാദത്തീന്നൊലിക്കുന്നമൃതലഹരികൊ-
ണ്ടൊക്കെ മുക്കി പ്രപഞ്ചം
പിൽപാടും ചന്ദ്രബിംബം പരിചിനൊടു വെടി-
ഞ്ഞിട്ടു കീഴോട്ടിറങ്ങി
അപ്പൂർവ്വസ്ഥാനമെത്തീട്ടവിടെയഹികണ-
ക്കൊട്ടു ചുറ്റീട്ടു രന്ധ്രം
മേൽപൊങ്ങും മൂലകുണ്ഡോപരി ഭവതിയുറ-
ങ്ങുന്നു തങ്ങുന്ന മോദാൽ. 10

ശ്രീകണ്ഠീയങ്ങൾ നാലും ശിവയുടെ പരി-
ഭിന്നങ്ങൾ ചക്രങ്ങളഞ്ചും
സാകം ബ്രഹ്മാണ്ഡമൂലപ്രകൃതിപദമിയ-
ന്നമ്പിടുന്നൊമ്പതോടും
ആകെച്ചേർന്നെട്ടൊടീരെട്ടിതളിതയൊടെഴും
വൃത്തരേഖാത്രയം ചേ-
ന്നാകും നാൽപത്തിനാലാണരിയ വസതിയോ-
ടൊത്ത നിൻ ചിത്രകോണം. 11

ത്വത്സൗന്ദര്യാതിരേകം തുഹിനഗിരിസുതേ!
തുല്യമായൊന്നിനോതി-
സ്സത്സാഹിത്യം ചമപ്പാൻ വിധിമുതൽ വിബുധ-
ന്മാരുമിന്നാരുമാകാ;
ഔൽസുക്യത്താലതല്ലേയമരികളതു കാ-
ണ്മാനലഭ്യത്വമോർക്കാ-
തുത്സാഹിക്കുന്നു കേറുന്നതിനിഹ ശിവസാ-
യുജ്യമാം പൂജ്യമാർഗ്ഗേ. 12

ചന്തം കാഴ്ചയ്ക്കു വേണ്ടാ, ചതുരത ചടുവാ-
ക്കോതുവാൻ വേണ്ട ചെറ്റും,
ചിന്തിച്ചാൽ നിൻ കടാക്ഷം തടവിയ ജരാൻ-
തന്നെയും തന്വി കണ്ടാൽ
കൂന്തൽക്കെട്ടൊട്ടഴിഞ്ഞും കുചകലശദുകൂ-
ലാഞ്ചലം വീണിഴഞ്ഞും
ബന്ധം കാഞ്ചിക്കിഴിഞ്ഞും വിഗതവസനയാ-
യോടിയെത്തീടുമാര്യേ! 13

അമ്പത്താറാകുമർച്ചിസ്സവനിയിലുദകം-
തന്നിലമ്പത്തിരണ്ടാ-

മംഭസ്സിൽ ശത്രുമിത്രങ്ങളിലൊരറുപതും
രണ്ടുമമ്പത്തിനാലും
തൻഭ്രൂമദ്ധ്യാംബരത്തിൽ തരമൊടെഴുപതും
രണ്ടുമുണ്ടൂന്നിനിൽക്കു-
ന്നമ്പുന്നെട്ടെട്ടു ചേതസ്സിതിലുമതിനുമ-
ങ്ങപ്പുറം ത്വൽപദാബ്ജം. 14

തേനോലും വെണ്ണിലാവിൻ ധവളതനുവൊടും
തിങ്കൾ ചൂടും കിരീടം
ധ്യാനിച്ചും തൃക്കരങ്ങൾക്കഭയവരദവി-
ദ്യാക്ഷസൂത്രങ്ങളോർത്തും
നൂനം നിന്നെത്തൊഴാതെങ്ങനെ കവിനിപുണ-
ന്മാർക്കുദിക്കുന്നു വാക്യം
തേനും പാലും നറുംമുന്തിരിയുടെ കനിയും
തോറ്റ ചട്ടറ്റമട്ടിൽ. 15

കത്തും കാന്ത്യാ വിളങ്ങും കവിവരഹൃദയാം-
ഭോജബാലാതപംപോൽ
ചിത്തത്തിൽ ചേർത്തിടുന്നൂ ചിലരുമരുണയാം
നിന്നെയദ്ധന്യരെല്ലാം
മെത്തും വാഗ്ദേവിതന്നുജ്ജ്വലരസലഹരീ-
ചാരുഗംഭീരവാണീ-
നൃത്തത്തിൻ വൈഭവത്താൽ സഹൃദയഹൃദയാ-
ഹ്ലാദനം ചെയ്തിടുന്നൂ. 16

ചേതസ്സിൽ ചന്ദ്രകാന്തോപ്വലദലവിശദ-
ശ്രീനിറഞ്ഞുള്ള ശബ്ദ-
വ്രാതത്തിൻ മാതൃഭാവം കലരുമൊരു വശി-
ന്യാദിയോടൊത്തു നിന്നെ
ബോധിച്ചീടുന്ന മർത്ത്യൻ ബഹുവിധരചനാ-
സ്വാദ്യമാം പദ്യജാലം
ചെയ്തീടും ചാരുവാണീവദനകമലസൗ-
രഭ്യസൗലഭ്യമോടും. 17

ദേവി! ത്വദ്ദേഹകാന്തിപ്രചുരിമ ദിനനാ-
ഥന്റെ ബാലാതപംപോൽ
ദ്യോവും ഭൂവും നിറഞ്ഞുള്ളരുണനിറമൊടും
ഭാവനം ചെയ്വവന്ന്
ആവിർഭീത്യാ വലഞ്ഞോടിയ വനവരിമാൻ
പോലെ വല്ലാത്ത നാണം
താവും കമ്രാക്ഷിമാരുർവശിമുതലെവരും
വശ്യരാം വേശ്യമാരും. 18

ബിന്ദുസ്ഥാനത്തിലാസ്യത്തെയുമഥ കുചയു-
ഗ്മത്തെയും നിന്നെയും നിൻ
കന്ദർപ്പൻതൻെറ ധാമത്തെയുമടിയിൽ മഹാ-
ദേവി! ഭാവിക്കുമെന്നാൽ
അന്നേരത്തുദ്ഭ്രമിക്കുന്നബലകളതു നി-
സ്സാരമാദിത്യചന്ദ്ര-
ദ്വന്ദ്വം വക്ഷോജമാകും ജഗതി മുഴുവനും
സാംപ്രതം സംഭ്രമിക്കും. 19

കായത്തിൻ കാന്തിസന്താനകരസമൊഴുകി-
ച്ചായുമച്ചന്ദ്രകാന്ത-
സ്ഥായിശ്രീ ചേർന്നമട്ടിൽ ഭവതിയുടെ വപു-
സ്സന്തരാ ചിന്തചെയ്താൽ
പായിക്കാം സർപ്പദർപ്പം പെരിയ ഖഗപതി-
ക്കൊത്തുടൻ നേത്രനാഡീ-
പീയൂഷസ്രാവശക്ത്യാ ജ്വരിതപരിഭവം
നോക്കിയും സൗഖ്യമാക്കാം. 20

വിദ്യുത്തോടൊത്ത സൂക്ഷ്മാകൃതിയിൽ മിഹിരച-
ന്ദ്രാഗ്നിരൂപത്തിലെന്നും
വിദ്യോതിക്കും ഷഡാധാരവുമധിഗതമായ്
നിൻെറ തേജോവിശേഷം
ഉദ്യൽപത്മാകരത്തിന്നിടയിലതിനെയു-
ദ്ധൂതമായാമലന്മാർ
വിദ്വാന്മാർ കണ്ടുകൈക്കൊണ്ടിടുമൊരു പരമാ-
നന്ദനിഷ്യന്ദപൂരം. 21

ദാസൻ ഞാൻ ഗൗരി! നീ മാംപ്രതി കരുണകല-
ന്നൊന്നു നോക്കെന്നുരയ്ക്കാ-
നാസംഗപ്പെട്ടൊരുമ്പെട്ടരമൊഴി മമ ഗൗ-
രീതി വാഴ്ത്തും ക്ഷണത്തിൽ
നീ സായുജ്യം കൊടുക്കുന്നവനു ഹരിവിരി-
ഞ്ചാദി ചൂഡാഞ്ചലത്തിൽ
ഭാസിക്കും രത്നദീപാവലി പദകമലാ-
രാധനം ചെയ്തിടുന്നൂ. 22

ചെന്താർബാണാരിമെയ്യിൽ പകുതിയപഹരി-
ച്ചാദ്യമേയദ്യപോരാ-
ഞ്ഞന്തർമ്മോദേന മറ്റേപ്പകുതിയുമഗജേ!
നീ ഹരിച്ചെന്നു തോന്നും
എന്തെന്നാൽ നിൻശരീരം മുഴുവനരുണമായ്
കണ്ണു മൂന്നായി കൊങ്ക-
പ്പന്തിൻ ഭാരേണ കൂന്നും പനിമതിയൊടു ചൂ-
ടുന്ന കോടീരമാർന്നും. 23

സ്രഷ്ടാ സൃഷ്ടിച്ചിടുന്നൂ ഹരിയതു പരിപാ-
ലിച്ചിടുന്നിന്ദുചൂഡൻ
നഷ്ടംചെയ്യുന്നു തന്നോടഖിലമഥ മറ-
യ്ക്കുന്നു ലോകം മഹേശൻ
സൃഷ്ടിപ്പാനായ് സദാ പൂർവ്വകനുപരി ശിവൻ
സ്വീകരിക്കുന്നതും നിൻ-
കഷ്ടാതീതം ഭ്രമിക്കും ഭ്രുകുടിഘടനതൻ
സംജ്ഞയാമാജ്ഞയാലേ. 24

ചിന്തിച്ചാൽ മൂർത്തി മൂന്നായ് ത്രിഗുണമതിലെഴും-
മൂന്നിനും നിന്റെ പാദ-
ച്ചെന്താരിൽ ചെയ്തുകൊള്ളും ചതുരതകലരും
പൂജയേ പൂജയാകൂ
എന്തെന്നാൽ നിന്റെ പാദാവഹനവിഹിതര-
ത്നാസനാസന്നദേശ-
ത്തന്തംകൂടാതെ ഹസ്താഞ്ജലി മുടിയിലണി-
ഞ്ഞമ്പുമീയുമ്പർകോന്മാർ. 25

ബ്രഹ്മാവും വേർപെടുന്നൂ വിധുവുമുപരമി-
ക്കുന്നു വൈവസ്വതന്നും
തൻമൂർത്തിത്വം കെടുന്നൂ ധനദനുമുടനേ-
തന്നെ നാശം വരുന്നു
മേന്മേൽ നിൽക്കും മഹേന്ദ്രാവലിയുമഥ മിഴി-
ക്കുന്നു സംഹാരകാല-
ത്തമ്മട്ടും ക്രീഡയല്ലോ ഭഗവതി സതിയാം
നിന്റെ ഭർത്താവിനോർത്താൽ. 26

സംസാരിക്കുന്നതെല്ലാം ജപമഖിലകര-
ന്യാസവും മുദ്രയേവം
സഞ്ചാരം ദക്ഷിണാവർത്തനവുമശനപാ-
നങ്ങൾ ഹോമങ്ങളും മേ
സംവേശംതന്നെ സാഷ്ടാംഗവുമഖിലസുഖം
താനുമാത്മാർപ്പണത്തിൻ
സംവിത്താൽ നിൻസപര്യാവിധിയിൽ വരിക ഞാൻ
കാട്ടിടും ചേഷ്ടയെല്ലാം. 27

വാർദ്ധക്യം മൃത്യുവെന്നീ വലിയ ഭയമക-
റ്റുന്ന പീയൂഷപാനം
മെത്തും മോദേന ചെയ്തും മൃതരിഹ വിധിമു-
മ്പായിടും വിണ്ണവന്മാർ;
അത്യുഗ്രക്ഷ്വേളഭുക്കാം തവ പതിയറിയു-
ന്നില്ലഹോ കാലഭേദം

കത്തും നിൻ കാതിലോലയ്ക്കുടയ മഹിമയാ-
കുന്നതിൻമൂലമമ്മേ! 28

മാറ്റൂ മല്ലാസനൻതൻ മുടി മധുമഥനൻ-
തൻെറ കോടീരകോടി-
ക്കേറ്റൂ ഹേ! താൻ തടഞ്ഞൂ സുരപതിമകുട-
ത്തെപ്പുറത്തോട്ടു തള്ളൂ
മുറ്റും കുമ്പിട്ടിടുമ്പോളിവർ ഭവതിയെഴീ-
ക്കുമ്പൊളീശൻ വരുമ്പോൾ
തെറ്റെന്നേവം തുടങ്ങുന്നരികിൽ നിജഭടാ-
ലാപകോലാഹലങ്ങൾ. 29

മെത്തും മെയ്യീന്നു പൊങ്ങുന്നണിമ മഹിമയി-
ത്യാദിയൊത്താഭ ചൂഴും
നിത്യേ! നിന്നേ നിരൂപിച്ചഹമിതി നിതരാ-
മേവർ ഭാവിച്ചിടുന്നൂ
തത്താദൃക്കാം ത്രിണേത്രന്നുടയ പടിമയും-
ധിക്കരിക്കുന്നവർക്കായ്
കത്തും കാലാഗ്നി നീരാജനമരുളുവതോ
പാർക്കിലാശ്ചര്യമാര്യേ! 30

ഓരോരോ സിദ്ധിനൽകും പടിയൊരറുപതും
നാലുമുണ്ടാക്കി തന്ത്രം
പാരെല്ലാവും ചതിച്ചപ്പശുപതി പരമാ-
നന്ദമുൾക്കൊണ്ടിരിക്കെ
പാരം നിർബ്ബന്ധമോതിപ്പുനരിഹ പുരുഷാ-
ർത്ഥങ്ങൾ നാലും കൊടുപ്പാൻ
പോരുന്നിത്തന്ത്രമേവം ക്ഷിതിയിലവതരി-
പ്പിച്ചു നീ സ്വച്ഛമാര്യേ! 31

പാരിൽ ക്ലിപ്തം ശിവൻ ശക്തിയുമലർശരനും
ഭൂമിയും പിന്നെയർക്കൻ
താരാധീശൻ സ്മരൻ ഹംസവുമഥ ഹരിയും
പിൻപരാ കാമനിന്ദ്രൻ
ഓരോ ഹ്രീങ്കാരമീ മൂന്നിനുമൊടുവിലുദി-
ക്കുമ്പൊഴീ വർണ്ണജാലം
നേരേ നിൻ നാമധേയത്തിനു ജനനി! പെടു-
ന്നംഗമായ് ഭംഗമെന്യേ. 32

നിത്യേ! നിൻ മന്ത്രരത്നം മുടിയിലലർശരൻ-
തന്നെയും നിന്നെയും ശ്രീ-
തത്ത്വത്തേയും നിനച്ചും സപദി ചില മഹാ-
ഭോഗയോഗോൽസുകന്മാർ

ചിത്തം ചേർക്കുന്നു ചിന്താമണിജപപടമേ-
ന്തിശ്ശിവാവഹ്നിതന്നെ-
ക്കത്തിച്ചക്കാമധുക്കിൻ ഘൃതലഹരി ഹവി-
സ്സാക്കി ഹോമിച്ചിടുന്നു. 33

സോമാർക്കദ്വന്ദ്വമാകും സ്തനയുഗളമെഴും
നീ ശിവൻതൻ ശരീരം
ശ്രീമാനാകും നവാത്മാവതുമിഹ ഭവദാ-
ത്മാവതാം ദേവിയോർത്താൽ
ഈമട്ടിൽ ശേഷശേഷിത്വവുമുരുപരമാ-
നന്ദസംസൃഷ്ടസമ്പദ്-
ധാമത്വം പൂണ്ട നിങ്ങൾക്കിവിടെയുഭയസാ-
മാന്യസംബന്ധമത്രേ. 34

നീയേ ചേതസ്സു നീയേ പവനപദവി നീ-
യേ മരുത്തും മഹസ്സും
നീയാണംഭസ്സു നീയാണവനി വിവൃതയാം
നിന്നെ വിട്ടന്യമില്ലാ
നീയേ നിന്നെജ്ജഗത്തായ് ജനനി പരിണമി-
പ്പിക്കുവാൻ ചിൽസുഖാത്മാ-
വായും തീരുന്നു പാർക്കിൽ പരമശിവനൊടും
പേരെഴും ദാരഭാവാൽ. 35

ഭ്രൂമദ്ധ്യത്തിങ്കലബ്ഭാസ്കരഹിമകരകോ-
ടിപ്രഭാധാടിയോടും
ശ്രീമച്ചിച്ഛക്തി ചേരും തനുവുടയ ശിവൻ-
തൻപദം കുമ്പിടുന്നേൻ
സാമോദം ഹന്ത തത്സേവകനു സകല തേ-
ജസ്സിനും ഭാസ്സിനും മേൽ
സോമസ്തോമപ്രകാശം തവ ജനനി ലഭി-
ക്കുന്നു നിർല്ലോകലോകം. 36

നണ്ണീടുന്നേൻ നഭസ്സിന്നുദയനിലയമായ്
ശുദ്ധിയിൽ ശുദ്ധവെള്ള-
ക്കണ്ണാടിക്കാന്തികാളും ശിവനെയുമതുപോൽ
കേവലം ദേവിയേയും
എണ്ണുമ്പോഴിന്ദുരമ്യദ്യുതിയൊടെതിർപൊരും-
പോലവർക്കുള്ള കാന്ത്യാ
ചണ്ഡാന്തദ്ധ്വാന്തവും പോയ് ജഗതി സുഖമൊട-
മ്പുന്നു ചെമ്പോത്തുപോലെ. 37

ചാലേ പൊങ്ങും ചിദംഭോരുഹമധു നുകരാൻ
ചാരു ചാതുര്യഭാരം

കോലും സന്മാനസത്തിൽ കുടിയെഴുമരയ-
ന്നദ്വയം കുമ്പിടുന്നേൻ
ആലാപംകൊണ്ടതഷ്ടാദശകലകൾ പെറു-
ന്നാവഹിക്കുന്നശേഷം
പാലും പാനീയവും പോൽ പ്രകലിതഗുണഭാ-
വത്തെ ദോഷത്തിൽനിന്നും. 38

സ്വാധിഷ്ഠാനാഗ്നിതന്നിൽ സതതമഭിരമി-
ക്കുന്ന സംവർത്തസംജ്ഞൻ
ഭൂതേശൻതന്നെയും തത്സമയയവളെയും
മാതൃകേ! കൈതൊഴുന്നേൻ
ക്രോധത്തീ കത്തിയെത്തുന്നവനുടെ മിഴി ലോ-
കം ദഹിപ്പിച്ചിടുമ്പോൾ
ജാതപ്രേമാർദ്രദൃഷ്ട്യാ ജഗതിയവളു ചെ-
യ്യുന്നു ശീതോപചാരം. 39

ധാമം തേടുന്ന ശക്ത്യാ തിമിരഭരമക-
റ്റും തടില്ലേഖയോടും
ശ്രീമന്നാനാമണിശ്രേണികളണിതിരളു-
ന്നിന്ദ്രചാപാങ്കമോടും
ശ്യാമശ്യാമാഭയോടും ശിവരവിഹതമാം
വിഷ്ടപംതന്നിൽ വൃഷ്ടി-
സ്തോമം പെയ്യുന്ന ധാരാധരമതു മണിപൂ-
രത്തിൽ ഞാൻ വാഴ്ത്തിടുന്നേൻ. 40

മൂലാധാരത്തിൽ മേവും ഭഗവതി സമയേ
കിം നവാത്മാവതല്ലേ
നീ ലാസ്യം ചെയ്തിടുമ്പോൾ നവരസനടമാ-
ടുന്ന ദേവൻ നടേശൻ
കാലേ കാരുണ്യമോടൊത്തവിടെയരുളിടും
നിങ്ങൾ സൃഷ്ടിക്കയാലി-
ന്നീ ലോകങ്ങൾക്കശേഷം ജനകജനനിമാ-
രുണ്ടഹോ രണ്ടുപേരും. 41

കുന്നിൻമാതേ! ഭവൽകുന്തളമതിൽ മിഹിര-
ശ്രേണിമാണിക്യമായ് സ്വ-
ച്ഛന്ദം ചേർത്തുള്ള ചാമീകരമകുടമെടു-
ത്തെണ്ണി വർണ്ണിച്ചിടുമ്പോൾ
ചന്ദ്രച്ഛേദത്തെയമ്മണ്ഡലകിരണമടി-
ച്ചാശു ചിത്രീഭവിച്ചി-
ട്ടിന്ദ്രൻതൻ ചാപമാണെന്നവനെഴുതുമഭി-
പ്രായമന്യായമാമോ. 42

മുറ്റും തിങ്ങിത്തഴച്ചമ്മിനുമിനുസമതാം
നിന്റെ നീലോൽപലപ്പൂ-
ങ്കറ്റക്കാർകൂന്തലന്തസ്തിമിരഭരമക-
റ്റട്ടെ ഞങ്ങൾക്കു ഭദ്രേ!
ചുറ്റും ചേരുന്നതിൽ പൂനിരകൾ സഹജമാം
തൽസുഗന്ധത്തെ നിത്യം
പറ്റിപ്പോവാൻ വലദ്വേഷിയുടെ മലർവന-
ത്തീന്നു വന്നെന്നപോലെ. 43

ക്ഷേമം നൽകട്ടെ ഞങ്ങൾക്കയി തവ മുഖസൗ-
ന്ദര്യനിര്യന്തവേണി-
ക്കോമൽസ്രോതഃപ്രണാളിക്കുരുസമതപെറും
നിന്റെ സീമന്തമാർഗ്ഗം
കാമം തത്രത്യമാം കുങ്കുമനിരയരിയാം
കുന്തളക്കൂരിരുട്ടി-
ന്നാമത്തിൽ പെട്ടിരിക്കുന്നരുണകരകിശോ-
രങ്ങളാണെന്നു തോന്നും. 44

കുട്ടിക്കാർവണ്ടിനൊക്കും കുടിലകുറുനിര-
ക്കൂട്ടമാളും തവാസ്യം
ചട്ടറ്റീടുന്ന ചെന്താമരയെയുപഹസി-
ക്കുന്നു സുസ്മേരമാര്യേ
മൃഷ്ടം സൗരഭ്യമുണ്ടാ മൃദുഹസിതരുചി-
ത്തൊങ്ങലുണ്ടുന്മദത്താൽ
മട്ടൂറുന്നുണ്ടു മാരാരിയുടെ മിഴികളാ-
കും മിളിന്ദങ്ങൾ മൂന്നും. 45

കത്തും തേജോവിലാസത്തൊടു തവ നിറുക-
ക്കാന്തി കണ്ടാൽ കിരീടം
പ്രത്യാരോപിച്ച മറ്റേപ്പകുതി വിധുവതാ-
ണെന്നു തോന്നുന്നു ഗൗരീ
വ്യത്യസ്തത്വേന വയ്ക്കപ്പെടുമിതു സമമായ്
രണ്ടുമൊന്നിക്കുമെന്നാൽ
പുത്തൻ പൂവെണ്ണിലാവിൻ പുടിക പരിണമി-
ക്കുന്നു പൂർണ്ണേന്ദുവായും. 46

തെറ്റെന്നാ ത്രാസമെല്ലാം ത്രിഭുവനമതിലും
നീക്കുവാൻ വ്യഗ്രയാം നിൻ
ചെറ്റുൾക്കൂനാർന്ന ചില്ലിക്കൊടികൾ ചടുലവ-
ണ്ടൊത്ത കണ്ണാം ഗുണത്താൽ
കുറ്റംകൂടാതിടത്തേക്കരമതിൽ മണിബ-
ന്ധത്തിനാൽ മുഷ്ടിയാലും

മുറ്റും മദ്ധ്യം മറച്ചാ മലർവിശിഖനെടു-
ക്കുന്ന വില്ലെന്നു തോന്നും. 47

അല്ലിത്താർബന്ധുവല്ലോ തവ ജനനി! വലം-
കണ്ണതിന്നാണഹസ്സും
ചൊല്ലേറും ചന്ദ്രനല്ലോ ചടുലമിഴി! യിടം-
കണ്ണതിന്നാണു രാവും
ഫുല്ലത്വം പൂർണ്ണമാകാതൊരു ചെറുതുപുടം
വിട്ട പൊന്താമരപ്പൂ
വെല്ലും ശ്രീയാർന്ന മൂന്നാം തിരുമിഴിയതിലാ-
ണന്തരാ സന്ധ്യതാനും. 48

ചൊല്ലേറീടും വിശാലാ, ചപലകുവലയ-
ത്താലയോദ്ധ്യാ, നിനച്ചാൽ
കല്യാണീ കാൺകിലാ ഭോഗവതി, മധുര ക-
ല്ലോലകാരുണ്യധാരാ
കില്ലെന്യേ മാമവന്തീ, ബഹുപുരവിജയാ
കേവലം വൈഭവത്താ-
ലെല്ലാ നീവൃത്തുകൾക്കുള്ളഭിധയൊടുമിണ-
ങ്ങുന്നു നിൻ ദൃഷ്ടിയാര്യേ! 49

കൊണ്ടാടിക്കാവ്യമോതും കവികളുടെ വചോ-
വല്ലരീസാരഭാരം
തെണ്ടീടും കാതിലെത്തിക്കടമിഴിയിണയാം
രണ്ടു വണ്ടിൻകിടാങ്ങൾ
ഉണ്ടീടുന്നുന്മുഖപ്പെട്ടുരുനവരസമെ-
ന്നുള്ളിലീർഷ്യാസുബന്ധം-
കൊണ്ടാണല്ലീ! ചുവന്നൂ ജനനി! കൊതിയൊടും
ചെറ്റു നിൻനെറ്റിനേത്രം. 50

ഉത്തരഭാഗം

*കാതോളവും മിഴി കരുങ്കമലത്തിനുള്ള
ചേതോഹരപ്രഭ കലർന്നൊരു ചാരുമേനി
ശീതാംശുപൂണ്ട ചികുരാവലിയെന്നിതുള്ള
ഭൂതേശപത്നിയുടെ പാദയുഗം തൊഴുന്നേൻ. 1

* ഇതു ഭാഷാന്തരകർത്താവിൻെറ സ്വന്തമാണെന്നു തോന്നുന്നു. മൂലത്തിൽ കാണുന്നില്ല.

ശൃംഗാരശ്രീവിലേപം ശിവനിതരജന-
ങ്ങൾക്കു ബീഭത്സകുത്സം
ഗംഗാദേവിക്കു രൗദ്രം ഗിരിശനടുമിഴി-
ക്കദ്ഭുതൈകാന്തകാന്തം
അംഗാരാക്ഷാഹികൾക്കാബ്ഭയയുതമരവി-
ന്ദത്തിനാവീരമാളീ-
സംഘത്തിന്നംബ! ഹാസം രസമടിയനു നിൻ
കണ്ണു കാരുണ്യപൂർണ്ണം. 2

കർണ്ണാന്തത്തോളമെത്തുന്നഴകിയ കഴുകൻ-
തൂവലൊത്തക്ഷിരോമം
തിണ്ണംചേരുന്നു സാക്ഷാൽ ത്രിപുരരിപുമന-
ക്കാമ്പിളക്കുന്നിതഗ്രാൽ
കണ്ണേവം നിൻെറതോർക്കിൽ കുലഗിരികുല ചൂ-
ഡാമണേ! കാമദേവൻ
കർണ്ണത്തോളം വലിച്ചേറ്റിയ കണകളതിൻ
കൗതുകം ചെയ്തിടുന്നൂ. 3

ലീലാനീലാഞ്ജനത്താൽ നലമൊടു നിറഭേ-
ദങ്ങൾ മൂന്നും തെളിഞ്ഞി-
ട്ടാലോലം നിൻെറ നേത്രത്രിതയമതഖിലലോ-
കൈകനാഥൈകനാഥേ!
കാലാഗ്നിപ്ളുഷ്ടരാകുന്നജഹരിഹരരേ-
പ്പിന്നെയും സൃഷ്ടിചെയ്‌വാൻ
നീ ലാളിക്കുന്ന സത്ത്വപ്രഭൃതി നിജഗുണം
മൂന്നുമായ് തോന്നുമാര്യേ! 4

ഇക്കണ്ണോർക്കാത്മശുദ്ധിക്കിടയിലിഹ ചുവ-
പ്പും വെളുപ്പും കറുപ്പും
കൈയ്ക്കൊണ്ടാക്കണ്ണുമൂന്നും കനിവൊടുമിയലും
നീ ശിവായത്തചിത്തേ!
ചൊൽക്കൊള്ളും ശോണമാകും നദമരിയമഹാ-
ഗംഗ കാളിന്ദിയെന്നാ-
യിക്കാണും മൂന്നു തീർത്ഥത്തിനുമരുളുകയോ
സംഗമം മംഗളാഢ്യം. 5

ഉന്മീലിപ്പും നിമീലിപ്പതുമുദയലയ-
ങ്ങൾക്കു ഹേതുക്കളെന്നായ്
ചെമ്മേ ശൈലേന്ദ്രകന്യേ ജഗതി സപദി സ-
ത്തുക്കൾ ചൊല്ലുന്നുവല്ലോ
ഉന്മേഷത്തീന്നുദിക്കും ഭുവനമഖിലവും
ഘോരസംഹാരതാപം

തന്മേൽനിന്നുദ്ധരിപ്പാൻ തവ മിഴിയിമവെ-
ട്ടാത്തതാണോർത്തിടുമ്പോൾ. 6

കർണ്ണത്തിൽ പുക്കു നിന്നോടിഹ കുരള കഥി-
ക്കുന്നു കണ്ണെന്നു നീരിൽ
കണ്ണും പൂട്ടാതൊളിക്കുന്നിതു ശരി കരിമീൻ-
പേടമാർ പേടിമൂലം
ചണ്ഡീ! നീലാബ്ജഗർഭച്ഛദമരരമട-
ച്ചാശു കാലത്തിറങ്ങി-
ത്തിണ്ണെന്നെത്തുന്നു രാവിൽ തിരിയെയതു തുറ-
ന്നുള്ളിലാക്കള്ളലക്ഷ്മി. 7

ഫുല്ലിച്ചീടുന്ന നീലാംബുജമുകുളനിറം
പൂണ്ടു നീണ്ടുള്ള കണ്ണാൽ
തെല്ലീ ദൂരസ്ഥനാം ദീനനിലുമലിവു നീ
തൂവണം ദേവദേവി
ഇല്ലല്ലോ ചേതമമ്മയ്ക്കിതിലടിയനുടൻ
ധന്യനായ്ത്തീരുമല്ലോ
തുല്യം തൂവുന്നു ചന്ദ്രൻ കരമടവിയിലും
മോടിയാം മേടമേലും. 8

ആവക്രം നിൻെറ പാളീയിണകളിവകളെ-
ന്നദ്രിരാജന്യകന്യേ!
പൂവമ്പൻപൂണ്ട വില്ലിൻ പുതുമയഭിനയി-
ക്കാത്തതാർക്കാണുരയ്ക്കിൽ
ഏവം തൽകർണ്ണമാർഗ്ഗം വിരവിനൊടു കട-
ന്നീ വിലങ്ങത്തിലേറി-
പ്പോവും പീലിക്കടക്കൺമുനകൾ കണതൊടു-
ക്കുന്നപോൽ തോന്നിടുന്നു. 9

രണ്ടും ബിംബിച്ചു തങ്കക്കവിളിണ വിരവിൽ
തക്കചക്രങ്ങൾ നാലായ്-
തണ്ടാരമ്പൻെറ തേരായ് തവ മുഖകമലം-
തന്നെ ഞാനൂന്നിടുന്നു
ചണ്ഡത്വത്തോടിതേറിജ്ഝടിതി വിരുതിൽ വെ-
ല്ലുന്നു ചന്ദ്രാർക്കചക്രം
പൂണ്ടീടും ഭൂരഥം പൂട്ടിയ പുരഹരനെ-
പ്പോരിൽ നേരിട്ടു മാരൻ. 10

പുത്തൻ പീയൂഷധാരയ്ക്കുടയ പടിമ ക-
യ്ക്കൊണ്ടു വാഗ്ദേവിയോതും
ചിത്രശ്ലോകങ്ങൾ കാതാം കരപുടമതുകൊ-
ണ്ടേറ്റു മുറ്റും നുകർന്നു

ചിത്താഹ്ലാദപ്രയോഗത്തിനു ഭവതി ശിരഃ-
കമ്പനംചെയ്തിടുമ്പോൾ
പ്രത്യാമോദിക്കയല്ലീ ഝണഝണഝണിതം
ചണ്ഡി! നിൻ കുണ്ഡലങ്ങൾ. 11

ചൊൽപൊങ്ങുന്നെൻെറ ശൈലാധിപഭവനപതാ-
കേ! നമുക്കൊക്കെയും നി-
ന്മൂക്കായീടും മുളക്കാമ്പിതു മുഹുരിഹ ന-
ല്കട്ടെ വേണ്ടും വരങ്ങൾ
ഉൾക്കൊണ്ടീടുന്ന മുക്താമണികളധികമായ്
ശീതനിശ്വാസമേറ്റു-
ന്മുക്തീഭൂതങ്ങളത്രേ വെളിയിലതു വഹി-
ക്കുന്ന മുക്താഫലങ്ങൾ. 12

ചോരച്ചെഞ്ചുണ്ടതിൽ തേ സുമുഖി സഹജമാ-
യുള്ള ശോഭയ്ക്കു തുല്യം
പോരും സാദൃശ്യമോതാം പവിഴലതികമേൽ
നല്ല പക്വം ജനിക്കിൽ
പോരാ ബിംബം സമാനം പറവതിനതു ബിം-
ബിച്ചു സിദ്ധിച്ച കാന്ത്യാ
നേരിട്ടാൽ തെല്ലിനോടും ത്രപവരുമധികം
ത്രാസമാം ത്രാസിലേറാൻ. 13

മന്ദസ്മേരാഖ്യമാം നിൻമുഖവിധുവിനെഴും
വെണ്ണിലാവുണ്ടു ചുണ്ടും
മന്ദിച്ചേറ്റം ചെടിച്ചൂ മധുരമധികമാ-
യിച്ചകോരത്തിനെല്ലാം
പിന്നെപ്പാരം പുളിപ്പിൽ പ്രിയമൊടിവ ശശാ-
ങ്കൻെറ പീയൂഷവർഷം
തന്നെസ്സേവിച്ചിടുന്നൂ നിശി നിശി നിയതം
മോടിയായ് കാടിപോലെ. 14

പ്രാണപ്രേയാനെ നിത്യം പലവുരുവു പുക-
ഴ്ത്തുന്ന ജിഹ്വാഞ്ചലം തേ
ചേണൊക്കും ചെമ്പരുത്തിക്കുസുമമൊടു സമം
ദേവി! ശോഭിച്ചിടുന്നൂ
വാണിക്കുള്ളോരു ശുദ്ധസ്ഫടികസദൃശമാ-
യുള്ള വെള്ളശ്ശരീരം
മാണിക്യംപോലെയാകുന്നവിടെ മരുവിടും-
മൂലമക്കാലമെല്ലാം. 15

തോല്പിച്ചാ ദൈത്യയൂഥം സപദി പടകഴി-
ഞ്ഞാത്തലപ്പാവു പൊക്കി-

ക്കുപ്പായത്തോടുമാരാൽ വരുമളവു കുമാ-
രേന്ദ്രനാരായണന്മാർ
ത്വദ്ഭർത്രൂച്ഛിഷ്ടമോർക്കിൽ പ്രമഥനിതി വെറു-
ത്തും മുറുക്കുന്നു വാങ്ങി-
ക്കർപ്പൂരച്ഛേദമോടും തവ കവിളിനക-
ത്തമ്പിടും തമ്പലങ്ങൾ. 16

ചെന്താർബാണാരിചിത്രസ്തുതികൾ പലതുമാ-
വാണി വായിച്ചിടുമ്പോൾ
ചിന്തും മോദേന നീയും ചെറുതു തല കുലു-
ക്കീട്ടു ചൊല്ലാൻ തുടർന്നാൽ
പൈന്തേനിൻവാണി! നിൻവാങ്മധുരിമയതിനാൽ
ശബ്ദമേറായ്കമൂലം
സ്വന്തം കൈവീണതന്നെക്കവിയണയിലെടു-
ത്തിട്ടു കെട്ടുന്നു വേഗം. 17

ഉണ്ണിക്കാലത്തു കൈകൊണ്ടഗപതിയനുമോ-
ദിച്ചതായും സദാ മു-
ക്കണ്ണൻ മോഹാന്ധനായ് വന്നധരമതു കുടി-
പ്പാനുയർത്തുന്നതായും
വർണ്ണിപ്പാൻ വസ്തു കിട്ടാത്തൊരു കരഗതമാം
വാമദേവൻെറ വക്ത്ര-
ക്കണ്ണാടിത്തണ്ടതാം നിൻ ചിബുകമടിയനി-
ന്നോർക്കിലെന്തൊന്നുരയ്ക്കും. 18

കണ്ടീടാം ദേവി! നിത്യം ഹരകരപരിരംഭത്തി-
ലുദ്ധൂതമാം നിൻ
കണ്ഠത്തിൽ കണ്ടകംപൂണ്ടൊരു മുഖകമല-
ത്തിൻെറ തണ്ടിൻെറ ലക്ഷ്മി
ഉണ്ടേവം കാരകിൽച്ചേറുരുവിയഥ കറു-
ത്തും സ്വഗത്യാ വെളുത്തും
തണ്ടിൻതാഴത്തു തണ്ടാർവലയവടിവിലും
ചാരുവാം ഹാരവല്ലി. 19

പണ്ടാ വേളിക്കു ബന്ധിച്ചൊരു ചരടുകൾതൻ
ലഗ്നകംപോൽ കഴുത്തിൽ-
ക്കണ്ടീടും രേഖ മൂന്നും ഗതിഗമകമഹാ
ഗീത ചാതുര്യവാസേ!
കൊണ്ടാടും ശോഭതേടുന്നമിതമധുരമാം
രാഗരത്നാകരത്വം
തെണ്ടും ഗ്രാമത്രയത്തിൻ സ്ഥിതിയെ നിലനിറു-
ത്തുന്ന കാഷ്ഠാത്രയംപോൽ. 20

ലോലത്വംപൂണ്ട തണ്ടാർവലയമൃദുലമാം
നിൻെറ കൈ നാലുമേലും
ലാലിത്യം വാഴ്ത്തിടുന്നൂ നളിനനിലയനൻ
നാലു വക്ത്രങ്ങൾകൊണ്ടും
കാലപ്രദ്ധ്വംസിതൻ കൈനഖനിരയിലലം-
പേടിയായ് ശിഷ്ടശീർഷം
നാലിന്നും ദേവിയൊന്നായഭയകരമുയ-
ർത്തീടുമെന്നൂഢബുദ്ധ്യാ. 21

പുത്തൻ ചെന്താമരപ്പൂനിറമരിയ നഖം-
കൊണ്ടു നിന്ദിച്ചിടും നിൻ-
കൈത്താരിൻ കാന്തി ഞാനെങ്ങനെ പറയുമുമേ
ഹന്ത നീതന്നെ ചൊൽക
നൃത്തംചെയ്യും മഹാലക്ഷ്മിയുടെ കഴലിണ-
യ്ക്കേലുമാലക്തകം പൂ-
ണ്ടത്യർത്ഥം നിൽക്കിലപ്പങ്കജമൊരു ലവലേ-
ശത്തിനോടൊത്തിടട്ടേ. 22

അമ്പൊത്തൊന്നിച്ചു ലംബോദരനുമനുജനും
വന്നു പാലുണ്ടിടും നിൻ
തുമ്പെപ്പോഴും നനഞ്ഞുള്ളൊരു കുചയുഗളം
തീർക്കുമെൻ ദുഃഖമെല്ലാം
മുമ്പിൽ കണ്ടായതിന്നും ദ്വിപവദനനുമേ!
ഹാസ്യമാമ്മാറു മോഹാൽ
തുമ്പിക്കൈകൊണ്ടു തൂർണ്ണം ശിരസി തടവി നോ-
ക്കുന്നു തത്കുംഭയുഗ്മം. 23

മാണിക്യത്തോൽക്കുടംതാനമൃതഭരിതമാ-
കുന്നതാകുന്നു രണ്ടി-
ക്കാണും നിൻകൊങ്ക കുന്നിൻകൊടി!യടിയനിതി-
ന്നില്ല തെല്ലും വിവാദം
ചേണൊക്കുന്നായതുണ്ടിട്ടിഹ ഗണപതിയും
സ്കന്ദനും നാരിമാരെ
ഘ്രാണിച്ചീടാതെയിന്നും തവ മുലകുടി മാ-
റാത്ത കൈത്തോകകങ്ങൾ. 24

ചണ്ഡത്വംപൂണ്ട നാഗാസുരനുടെ തല കീ-
റീട്ടെടുത്തുള്ള മുത്തിൻ-
ഷണ്ഡത്തെക്കോർത്തു കൊങ്കത്തടമതിലണിയും
മുഗ്ദ്ധമുക്താസരം തേ
ചണ്ഡീ! ചെന്തൊണ്ടിതോൽക്കുന്നധരരുചികളാൽ
ചിത്രമായാ പ്രതാപോ-

ദ്ദണ്ഡശ്രീയിൽ കലർന്നീടിന പുരരിപുവിൻ
മൂർത്തയാം കീർത്തിപോലെ. 25

പാലെന്നുള്ളോരു കള്ളത്തൊടുമയി ജനനീ!
വൈഖരീശബ്ദജാല-
പ്പാലംഭോരാശിയല്ലോ തവ ഹൃദയമതീ-
ന്നൂർന്നു പായുന്നതോർത്താൽ
കോലും വാത്സല്യമോടും ദ്രവിഡശിശുവിനായ്
നീ കൊടുത്താസ്വദിച്ചാ
ബാലൻ സംവൃത്തനായാൻ പ്രഥിതകവികളിൽ
ദിവ്യനാം കാവ്യകർത്താ. 26

ദേവൻതൻ ക്രോധമാകും ദഹനശിഖകളിൽ-
ദ്ദേഹമാഹന്ത വെന്താ-
പ്പൂവമ്പൻ വന്നു വീണാൻ ഝടിതി ഭവതിതൻ
നാഭിയാം വാപിതന്നിൽ
ആവിശ്ശ്യാമാഭമപ്പോൾ ചെറിയ പുക പുറ-
പ്പെട്ടു മേല്പോട്ടതിന്നും
ഭാവിച്ചീടുന്നു ലോകം ജനനി ഭവതിതൻ
രോമദാമാഭയെന്നും. 27

കണ്ടാൽ കാളിന്ദിനീരിൻ ചെറിയ ചെറിയ ക-
ല്ലോലകംപോലെയേതാ-
ണ്ടുണ്ടല്ലോ നിൻെറ നാളോദരമതിലഗജേ
ബുദ്ധിമാന്മാർക്കതോർക്കിൽ
കുണ്ഠിച്ചേറ്റം ഞെരുങ്ങും കുചഗിരികളിട-
യ്ക്കുള്ള സൂക്ഷ്മാന്തരീക്ഷം
തെണ്ടും ദിക്കറ്റു നാഭീഗുഹയിൽ വരികയാ-
ണെന്നു തോന്നീടുമാര്യേ. 28

മാറിപ്പോകാത്ത മന്ദാകിനിയുടെ ചുഴിയോ
മൊട്ടു രണ്ടിട്ടു രോമ-
ത്താരൊക്കും തൈലതയ്ക്കുള്ളരിയൊരു തടമോ
താർശരക്കർശനത്തീ
നീറീടും കുണ്ഡമോ നാഭികയിതു രതിതൻ
നിത്യമാം കൂത്തരങ്ങോ
ദ്വാരോ സിദ്ധിക്കു ഗൗരീ ഗിരിശമിഴികൾതൻ
വീക്ഷ്യമാം ലക്ഷ്യമെന്നോ. 29

പണ്ടേ പാരം ക്ഷയിച്ചും പെരിയ കുചഭരം
കൊണ്ടു പിന്നെ ശ്രമിച്ചും
കണ്ടാലാനമ്രയാം നിൻ കടിലതികയൊടി-
ഞ്ഞീടുമിന്നെന്നു തോന്നും

കണ്ടിക്കാർവേണിമൗലേ! നദിയുടെ കരനി-
ൽക്കും മരത്തിൻെറ വേരിൻ
തണ്ടോളം സ്ഥൈര്യമേയുള്ളതിന്നു ധരസുതേ!
നന്മ മേന്മേൽ വരട്ടെ. 30

അപ്പോഴപ്പോൾ വിയർത്തും വിരവിനൊടു വിജൃം-
ഭിച്ചു കക്ഷം കവിഞ്ഞും
കുപ്പായത്തിൻ കുഴഞ്ഞുള്ളൊരു കവിളു മുറി-
ക്കുന്ന കൊങ്കക്കുടങ്ങൾ
കൽപിച്ചിട്ടാശു കാമൻ ജനനി! യൊടിയുമെ-
ന്നോർത്തു നിൻമദ്ധ്യദേശം
കെൽപോടും മൂന്നുവട്ടം ലവലിലതകളാൽ
കെട്ടിനാൻ തിട്ടമാര്യേ. 31

ഭാരം വിസ്താരമെന്നീവകയെ നിജ നിതം-
ബത്തിൽനിന്നദ്രിരാജൻ
വാരിത്തന്നായിരിക്കാം തവ ജനനി വധൂ-
ശുല്കമായുള്ളതെല്ലാം
നേരോർക്കുമ്പോഴതല്ലേയതിവിപുലഭരം
നിൻെറ നൈതംബബിംബം
പാരാകത്താൻ മറയ്ക്കുന്നതിനെ ലഘുവതായ്
ചെയ്കയും ചെയ്തിടുന്നു. 32

തത്തൽകുംഭീന്ദ്രർതേടും കരനിരകളതും
തങ്കവാഴത്തരത്തിൻ
പുത്തൻ കാണ്ഡങ്ങളും പോർതുടകളിവകളാൽ
നിന്നു നീ വെന്നു രണ്ടും
ഭർത്താവിൻ മുമ്പു കുമ്പിട്ടധികപരുഷമാം
വൃത്തജാനുദ്വയത്താൽ
കർത്തവ്യജ്ഞേ! ജയിക്കുന്നമരകരിവരൻ-
കുംഭവും ശംഭുജായേ. 33

യുദ്ധേ തോൽപിച്ചിടേണം ശിവനെ നിയതമെ-
ന്നാശ്ശരശ്രേണിയിപ്പോൾ
പത്താക്കിപ്പഞ്ചബാണൻ ഭവതിയുടെ കണ-
ങ്കാലു തൂണീരമാക്കി
പ്രത്യക്ഷിക്കുന്നിതിൻ കീഴ്നഖരകപടമായ്
പത്തുമസ്ത്രാഗ്രമാര്യേ!
നിത്യം വാനോർകിരീടോപലനികഷമതിൽ
തേച്ചെഴും മൂർച്ചയോടും. 34

വേദങ്ങൾക്കുള്ള മൂർദ്ധാക്കളിൽ മുടികൾസമം
ചേരുമച്ചാരുവാം നിൻ

പാദദ്വന്ദ്വം കനിഞ്ഞെൻ ജനനി! മമ ശിരോ-
ദിക്കിലും വയ്ക്കണം നീ
യാതൊന്നിൻ പാദതീർത്ഥം ഹരനുടെ ജടയിൽ
തങ്ങിടും ഗംഗയല്ലോ
യാതൊന്നിൻ ലാക്ഷ സാക്ഷാൽ നൃഹരിമകുടമാ-
ണിക്യവിഖ്യാതയല്ലോ. 35

നാമിന്നോതാം നമസ്സിൻനിരകൾ നയനര-
മ്യാഭമായ് നല്ലരക്കിൽ
താവും കമ്രാഭിരാമദ്യുതിയധികമെഴും
നിന്നടിത്താരിനാര്യേ!
ഭാവിച്ചീടുന്നതിൻ താഡനരസമിവനെ-
ന്നെന്നുമന്തഃപുരപ്പൂം-
കാവിൽ കാണുന്ന കങ്കേളിയൊടു പശുപതി-
ക്കെപ്പൊഴില്ലഭ്യസൂയ? 36

പേരല്പം മാറിയോതിപ്പുനരടിപണിവാൻ
വന്നുടൻ കള്ളലജ്ജാ-
ഭാരം കാണിച്ചു വീഴും പതിയുടെ നിടിലം-
തന്നിൽ നിൻ ധന്യപാദം
പാരം തല്ലുന്നനേരം ദഹനപരിഭവം
വീണ്ടതെങ്ങും ജയത്താൽ
ചേരും പാദാംഗദത്തിന്നൊലി കിലികിലിതം
ചെയ്കതാം ചൂതബാണൻ. 37

മഞ്ഞിൽപെട്ടെങ്കിൽ മങ്ങും മുഴുവനിരവിലും
നിന്നുറങ്ങും വിശേഷാൽ
കഞ്ജത്താരേകലക്ഷ്മീനിലയമിതു കഴൽ-
ത്താമരത്താരു രണ്ടും
മഞ്ഞേലും കുന്നിലാടും പകലുമിരവിലും
ശോഭ തേടും ഭജിച്ചാൽ
മഞ്ജുശ്രീ വേണ്ടതേകും പുനരിതിനു ജയം
ചിത്രമോ? ഗോത്രകന്യേ! 38

ചൊല്ലിന്നാസ്ഥാനമാം നിൻ ചരണമഴലിന-
സ്ഥാനമാമായതിന്നും
തുല്യം വല്ലാത്തൊരാമപ്പിടയുടെ മുതുകെ-
ന്നോതിയാൽ സാധുവാമോ?
മെല്ലെന്നാ വേളിനാളിൽ പദമലരു കരം
രണ്ടുകൊണ്ടും പിടിച്ചാ-
ക്കല്ലിന്മേൽ വച്ച കാലാരിയുടെ കടുമന-
സ്സിന്നു കാരുണ്യമുണ്ടോ? 39

വാനിൽ തങ്ങുന്ന വാർകേശികൾ കരകമലം
കൂമ്പുമാറമ്പിളിക്കൊ-
ത്തൂനം വിട്ടീ നഖംപൂണ്ടടികളുപഹസി-
ക്കുന്നതാം നന്ദനത്തെ
വാനോർമാത്രം വരിച്ചാൽ കരതളിരതിനാൽ
കല്പകം ഭിക്ഷയേകും
ദീനന്മാർക്കേകിടും നിൻ പദതളിരനിശം
ഭവ്യമാം ദ്രവ്യമാര്യേ! 40

ഭാവം കണ്ടിട്ടു വേണ്ടും പദവി പരവശ-
ന്മാർക്കു ചേർക്കുന്നതായും
താവും സൗന്ദര്യസാരദ്യുതിയെ മധുവൊഴു-
ക്കായൊഴുക്കുന്നതായും
ദേവി! ത്വത്പാദമെന്നുള്ളമരലതികതൻ
പൂംകുലയ്ക്കുള്ളിലിന്നെൻ-
ജീവൻ ജീവിക്കുമാറിന്ദ്രിയമൊടുമറുകാൽ
പൂണ്ടു വണ്ടായ് വരട്ടെ. 41

തെറ്റിപ്പോയിട്ടുപോലും തവ നടയെ മുതി-
ന്നഭ്യസിക്കുന്നപോൽ നിൻ-
മുറ്റത്തുള്ളോരു ഹംസപ്പിടകൾ വെടിയുമാ-
റില്ലഹോ തുല്യയാനം
മറ്റെന്തോതുന്നതോർത്താൽ തവ കഴൽമണിമ-
ഞ്ജീരമഞ്ജുസ്വരത്തിൽ
കുറ്റം കൂടാതവയ്ക്കും ഗതിമുറയുപദേ-
ശിക്കയാം ശ്ലാഘ്യയാനേ! 42

സേവാസന്നദ്ധരാകും ദ്രുഹിണഹരിഹര-
ന്മാർ ഭവന്മഞ്ചമായാർ
മേൽവസ്ത്രം മൂടുകെന്നായതിനു ശിവനുമാ-
സ്വച്ഛകാന്തിച്ഛലത്താൽ
ദേവി! ത്വദ്ദേഹദിവ്യപ്രഭകളുടനതിൽ-
പ്പെട്ടു രക്താഭനായാ-
ദ്ദേവൻ ശൃംഗാരമൂർത്തിദ്യുതിസദൃശമഹോ
കണ്ണിനാനന്ദമായാൻ 43

മല്ലിക്കാർകൂന്തൽതന്നിൽ കുടിലത മൃദുഹാ-
സത്തിലത്യാർജ്ജവം വൻ-
കല്ലിൻദാർഢ്യം കുചത്തിൽ കുസുമസഹജ-
സൗഭാഗ്യമന്തർഗ്ഗതത്തിൽ
സ്ഥൗല്യം ശ്രോണീഭരത്തിൽ സ്ഫുടതരമരയിൽ
സൗക്ഷ്മ്യമേവം ജഗത്തി-

ന്നെല്ലാമാലംബമാകും ശിവകരുണ ജയി-
ക്കുന്നു ശോണാഭിരാമാ. 44

അങ്കം കസ്തൂരിയാണങ്ങതിധവളകലാ-
രാശി കർപ്പൂരമാണാ-
ത്തിങ്കൾബിംബം ജലാഢ്യം മരതകമരവി-
ത്തട്ടമാണിട്ടുവയ്പാൻ
ശങ്കിപ്പാനില്ലതിങ്കൽ ഭവതിയതുപയോ-
ഗിച്ചു പാത്രം വെടിഞ്ഞാൽ
സങ്കേതിക്കുന്നു വീണ്ടും വിധിയതിലഖിലം
ദേവി! നിൻ സേവനാർത്ഥം. 45

അമ്പോടോർക്കുമ്പൊഴാര്യേ! ഭഗവതി പുരഭി-
ത്തിൻെറയന്തഃപുരം നീ
നിൻപൂജാവൃത്തി പിന്നീയനിയതകരണ-
ന്മാർക്കു സിദ്ധിക്കുമോവാൻ
ജംഭാരിപ്രഖ്യരാകും വലിയ വിബുധരും
തുല്യമില്ലാത്ത സിദ്ധ്യാ
സമ്പന്നന്മാരതായിട്ടണിമമുതലൊടും
ദ്വാരചാരത്തിലല്ലേ? 46

ധാതാവിൻ പത്നിതന്നെക്കവികളനുഭവി-
ക്കാത്തതാരാണുരയ്ക്കിൽ
ശ്രീദേവിക്കും നിനച്ചാലിഹ പതിയെവനാ-
കില്ലരക്കാശിരിക്കിൽ
ഭൂതേശൻതന്നെ വിട്ടെൻഭഗവതി സതികൾ-
ക്കുത്തമോത്തംസമേ നീ
ചൂതേലും കൊങ്കചേരാൻ കുരവകതരുവും
ഗോത്രജേ പാത്രമല്ലാ. 47

പാലോലും വാണി പദ്മാസനനു രമണിയാ-
പ്പദ്മനാഭന്നു പദ്മാ
ഫാലാക്ഷൻപത്നിയാൾ പാർവ്വതിയിതി പറയു-
ന്നുണ്ടഹോ പണ്ഡിതന്മാർ
നാലാമത്തേതിതേതാണ്ടവിദിതമഹിമാ
ഹാ മഹാമായ ഹാ നി-
ർവ്വേലാ വിശ്വം ഭ്രമിപ്പിപ്പവൾ ഭവതി പര-
ബ്രഹ്മപട്ടാഭിഷിക്ത 48

എപ്പോഴാണംബ ലാക്ഷാരസകലിതമതാം
നിൻെറ പൊൻതാമരപ്പൂം-
തൃപ്പാദക്ഷാളതീർത്ഥോദകമരുൾക കുടി-
ക്കുന്ന വിദ്യാർത്ഥിയായ് ഞാൻ

ഉൽപത്യാ മൂകനും നിന്നുരുകവിത പൊഴി-
പ്പിക്കുമത്തീർത്ഥമേന്തു-
ന്നെപ്പോഴാണംബ വാണീവദനകമലതാം-
ബൂലലീലാരസത്വം. 49

ബ്രഹ്മാണിക്കും രമയ്ക്കും വിധിഹരിസമനായ്
തന്നെ വാണുല്ലസിക്കും
രമ്യം സൗഭാഗ്യമാർന്നാ രതിയുടയ സതീ-
നിഷ്ഠയും ഭ്രഷ്ടയാക്കും
ചെമ്മേ ജീവിച്ചിരിക്കും ചിരമിഹ പശുപാ-
ശങ്ങളെല്ലാമറുക്കും
ബ്രഹ്മാനന്ദാഭിധാനം രസവുമനുഭവി-
ക്കും ഭവദ്ഭക്തനാര്യേ! 50

ദീപത്തിൻ ജ്വാലതന്നാൽ ദിനകരനു സമാ-
രാധനം ദേവി, യിന്ദു-
ഗ്രാവത്തിൻ ശീകരത്താൽ ഹിമകരനു വിധി-
ക്കുന്ന പൂജാവിധാനം
ആപം തൻേറതെടുത്തംബുധിയതിനരുളും
തർപ്പണംതന്നെ നിന്നെ-
ബ്ഭാവിച്ചീ നിൻെറ വാക്കാൽ ജനനി! ലിപിമയീ!
തീർത്തൊരിസ്തോത്രജാലം. 51

ശ്രീ സൗന്ദര്യലഹരി ഭാഷ സമാപ്തം